# മരണാനന്തരാവസ്ഥ

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# മരണാനന്തരാവസ്ഥ

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24

Email: meringraphics@gmail.com

●

*copy right reserved*

●

## ആമുഖം

ചുരുങ്ങിയ കാലത്തിനുള്ളിൽ അഞ്ചുമരണം നടന്ന ഭവനമാണ് എന്റെ വീട്. ഞാൻ ജനിക്കുന്നതിനുമുമ്പ് എന്റെ അമ്മ പ്രസവിച്ച മൂന്ന് കുഞ്ഞുങ്ങൾ മരിച്ചുപോയി എന്ന് അമ്മ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ഞാൻ ജനിച്ച് എനിക്ക് ഒരു വയസ്സും പതിനൊന്നു ദിവസവും പ്രായമുള്ളപ്പോൾ എന്റെ അപ്പൻ മരിച്ചു. എനിക്ക് രണ്ടുവയസ്സായപ്പോൾ എന്റെ ചേട്ടനും മരിച്ചു.

മരണത്തിന്റെ ഗന്ധമുള്ള ഒരു വീട്. മൂകത തളം കെട്ടിയ ഒരു ഭവനം. ശോകം മുറ്റിയ ഒരന്തരീക്ഷം. മുപ്പതാമത്തെ വയസ്സിൽ വിധവയായ എന്റെ അമ്മയുടെ തോരാക്കണ്ണീരു കണ്ട് ഞാൻ വളർന്നു. ഞാനും പലപ്പോഴും കരഞ്ഞു തളർന്നിട്ടുണ്ട്. മ്ലാനതയും വിഷാദവും അപകർഷതാബോധവും എന്നെ വലയം ചെയ്തിരുന്നു.

പതിനേഴാമത്തെ വയസ്സിൽ യേശുക്രിസ്തു മനസ്സലിഞ്ഞ് എന്റെ ഹൃദയത്തിലേക്ക് നടന്നു കയറി എന്നെ കീഴ്പ്പെടുത്തിയതോടെ എന്റെ മുഖവും മനവും തെളിഞ്ഞു. മരണത്തെക്കുറിച്ച് കൂടുതൽ അറിയണമെന്നും തിരുവചനത്തിൽ

മരണമെന്ന ഭീകരശത്രുവിനെക്കുറിച്ച് എന്താണ് പറയുന്ന തെന്നും അറിയാൻ ഞാൻ ശ്രമിച്ചു. അങ്ങനെയാണ് ബില്ലി ഗ്രഹാമിന്റെ "മരണാനന്തരം എവിടെ?", ഡോ. മോറിസ് റവ്ലിംഗ്സിന്റെ "Beyond Death's Door'', ഡോ. റെയ്മണ്ട് മൂഡി യുടെ "Life after Life'', ബസ്ലിയഷ്ലിങ്കിന്റെ "What comes after death'', റോബർട്ട് ഇർവിൻ ഹോയുടെ "The Christian after death'', Spiros Zodhiates ന്റെ "Life after Death'', Alice Motyer ന്റെ "After Death'', Orion T. Rhodes ന്റെ "The End'', Maurice Rawlings ന്റെ "Before death comes'', "To Hell and Back'', Ian Barclay യുടെ "Death and the life to come'', Mary K. Baxter ന്റെ "A Divine revelation of Hell'', David Winter ന്റെ "What happens after Death'', Rev. T.K. George എഴുതിയ "മനുഷ്യൻ മരിച്ചാൽ", അച്ചൻ കുഞ്ഞ് ഇലന്തൂരിന്റെ "മരണവാതിലിനപ്പുറം, ഡോ. ജോസഫ് പടി ഞ്ഞാറെക്കരയുടെ "മൃത്യോർമാ" മുതലായ ഒട്ടനവധി ഗ്രന്ഥ ങ്ങൾ ഞാൻ വായിച്ചത്.

ഈ പുസ്തകങ്ങളിൽ നിന്ന് നേടിയ അറിവും അനുഭ വവും മരണാനന്തരാവസ്ഥയെക്കുറിച്ച് തിരുവചനാടിസ്ഥാന ത്തിൽ ഒരു ഗ്രന്ഥം രചിക്കണമെന്ന ആഗ്രഹം എന്നിലുളവാ ക്കി. അതാണ് ഈ പുസ്തകത്തിന്റെ രചനയുടെ പിന്നിലുള്ള പ്രേരണ.

ഒരു നിത്യതയുണ്ട് എന്നും ആ നിത്യത സ്വർഗ്ഗ സൗഭാ ഗ്യമോ അല്ലെങ്കിൽ നരകയാതനയോ ആണെന്നുമുള്ള അറിവ് ഇന്ന് അനേകമാളുകൾക്കുമില്ല. നിത്യദണ്ഡനത്തെക്കുറിച്ച് പലരും അജ്ഞരോ അവിശ്വാസികളോ ആകാൻ കാരണം മനുഷ്യന് ആത്മാവ് ഉണ്ടെന്ന സത്യം അറിയുന്നില്ല എന്നതാ ണ്, ആത്മാവിന്റെ അനശ്വരതയിൽ വിശ്വസിക്കുവാനും നിത്യ സ്വർഗ്ഗസൗഭാഗ്യത്തിനുവേണ്ടി ഒരുങ്ങുവാനും ഏവരേയും പ്രബോധിപ്പിക്കുക എന്നതാണ് ഈ പുസ്തകം എഴുതിയ തിന്റെ ലക്ഷ്യം. അനുവാചകരേവരും ആ പ്രയോജനം നേടി യെടുത്താൽ ഞാൻ കൃതാർത്ഥനായി.

ഈ ഗ്രന്ഥത്തിന്റെ രചനയിലും പ്രൂഫ് റീഡിങ്ങിലും എഡിറ്റിങ്ങിലും വിശ്രമരഹിതമായി അദ്ധ്വാനിച്ച് എന്നെ സഹായിച്ച എന്റെ ജീവിതപങ്കാളിയായ ആലീസിനോടുള്ള കൃതജ്ഞത ഞാനിവിടെ പ്രകാശിപ്പിക്കുകയാണ്. വായനയുടെ ആദ്യപാഠങ്ങൾ എനിക്ക് തരുവാൻ മാതൃക കാണിച്ച് എന്നെ പ്രോത്സാഹിപ്പിച്ച എന്റെ പ്രിയപ്പെട്ട അമ്മയോടും എന്റെ പ്രിയ സഹോദരി ഏലിയാമ്മ ബേബിയോടും എന്റെ കടപ്പാടും നന്ദിയും ഞാൻ പ്രകാശിപ്പിക്കുകയും യേശുനാഥന്റെ രണ്ടാമത്തെ വരവിൽ അവരെ ക്രിസ്തുവിന്റെ പാദത്തിൽ കണ്ടുമുട്ടാമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

വിവിധ തലങ്ങളിൽ എന്നെ സഹായിച്ച എന്റെ ആത്മീയ സഹോദരങ്ങളോടുള്ള എന്റെ ആദരവും സ്നേഹവും ഞാൻ പ്രത്യേകം എടുത്തുപറഞ്ഞുകൊള്ളട്ടെ. ഏവരുടേയും സ്നേഹവും സഹകരണവും എനിക്കിനിയും ലഭിക്കുമെന്നുള്ള ആശയോടെ ഈ പുസ്തകം നിങ്ങളേവരുടേയും കരങ്ങളിലേക്ക് ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

കടയിരുപ്പ്,

25-12-2011

## ഒന്ന്

എന്റെ അഭിവന്ദ്യ ഗുരുഭൂതനായ ഡോ. സുകുമാർ അഴീക്കോട് ഒരിക്കൽ ക്ലാസ്സിൽ പറഞ്ഞു: "ജനനം എന്ന മൂന്നക്ഷരം കൊണ്ട് ആരംഭിച്ച്, മരണം എന്ന മൂന്നക്ഷരത്തിൽ അവസാനിക്കുന്നതല്ല ജീവിതം എന്ന മൂന്നക്ഷരം. ജീവിതം ജീവിക്കാനുള്ളതാണ്. കളയാനുള്ളതല്ല." ജീവിതം കളയാതിരിക്കണമെങ്കിൽ ശാശ്വതമൂല്ല്യങ്ങൾ കൈവരിക്കണം.

ഏതു മനുഷ്യനും മരണം സുനിശ്ചിതമാണ്. മരണാനന്തരം ആത്മാവ് നിത്യതയിലേക്ക് മാറ്റപ്പെടും. ദേഹി ദേഹത്തെ വിട്ടാൽ ആത്മാവ് നിത്യതയിലേക്ക് പോകും. നിത്യത ഒന്നുകിൽ സ്വർഗ്ഗം, അല്ലെങ്കിൽ നരകം. തൊണ്ണൂറോ നൂറോ വർഷം ജീവിച്ചുകഴിഞ്ഞാൽ നിത്യതയിൽ കടക്കുകയാണ്. ഒരു മഹാസമുദ്രത്തിലെ ഒരു തുള്ളി വെള്ളത്തോട് ഭൗമികായുസ്സിനെ സാദൃശ്യവൽക്കരിച്ചാൽ നിത്യത മഹാസമുദ്രമാണ്. എത്ര തുള്ളി എടുത്താലും മഹാസമുദ്രത്തിലെ വെള്ളം തീരുകയില്ലല്ലോ. അതുപോലെയാണ് നിത്യത.

നിത്യത സ്വർഗ്ഗത്തിൽ കഴിയണമോ നരകത്തിന്റെ ഭീകരതയിൽ കഴിയണമോ എന്ന് തീരുമാനിക്കുന്നത് അവരവരാ

ണ്. അതിൽ മറ്റൊരാൾക്കും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. നിത്യത സ്വർഗ്ഗത്തിൽ എത്തുന്നത് ക്രിസ്തുവിന്റെ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്താലുള്ള വീണ്ടെടുപ്പുമൂലമാണ്. യേശുക്രിസ്തുവിന്റെ ആത്മാവിനാൽ വീണ്ടും ജനനവും വിശുദ്ധീകരണവും അനുഭവിക്കുന്നവർ മാത്രമേ ദൈവരാജ്യ ത്തിൽ കടക്കുകയുള്ളൂ. അല്ലാത്തവരെല്ലാം നിത്യനരകദണ്ഡ നത്തിൽ പ്രവേശിക്കും. അതുകൊണ്ട് നമ്മുടെ ഭൗതികജീ വിതകാലത്തുതന്നെ നിത്യ ജീവൻ സ്വന്തമാക്കേണ്ടതാണ്. ഇല്ലെങ്കിൽ തീരാനഷ്ടമാണ്. നികത്താനാവാത്ത കെടുതിയാ ണ്.

അനേകമാളുകളും ആത്മാവുണ്ടെന്നോ നിത്യസ്വർഗം, നിത്യനരകം എന്നിവ ഉണ്ടെന്നോ വിശ്വസിക്കുന്നില്ല. അങ്ങനെയുള്ള ഒരാളായിരുന്നു സുപ്രസിദ്ധ ഹൃദ്രോഗവിദ ഗ്ധനായ ഡോ. മോറിസ് റവ്‌ലിംഗ്സ് (Dr. Maurice Rawlings) അദ്ദേഹം Beyond Death's Door (മരണവാതിലിനപ്പുറം) എന്ന പുസ്തകത്തിൽ പറയുന്നത് ശ്രദ്ധേയമായ ഒരാശയമാണ്.

"I was resuscitating a terrified patient who told me he was actually in hell. He begged me to get him out of hell and not to let him die. When I fully realized how genuinely and extremely frightened he was I too became frightened. Now I feel assured that there is life after death and not all of it good.''

ഹൃദയസ്തംഭനം മൂലമോ മസ്തിഷ്ക്കാഘാതം മൂലമോ മരണമടഞ്ഞ രോഗിക്ക് കൃത്രിമശ്വാസോച്ഛ്വാസം (resuscitation) നൽകുമ്പോൾ ചിലർ ജീവൻ തിരികെ പ്രാപിക്കാറുണ്ട്. അങ്ങ നെയുള്ള ഒരാൾ ജീവൻ പ്രാപിച്ചപ്പോൾ വളരെ ഭയവിഹ്വല നായി കാണപ്പെട്ടു. എന്നെ ഇനി മരിക്കാൻ വിടല്ലേ എന്ന് ദയനീയമായി യാചിച്ചു. മരണാനന്തരാവസ്ഥയിലെ യാത നയും ഭയങ്കര ദണ്ഡനവും അനുഭവിച്ചതുകൊണ്ടാണ് അയാൾ അത്ര ആത്മാർത്ഥമായും ഭയപ്പാടോടെയും നിലവി ളിച്ചത് എന്ന് ഡോക്ടർ മനസ്സിലാക്കി. മരണത്തിനുശേഷം

ഒരു ജീവിതമുണ്ട് എന്ന് ഡോക്ടർ വിശ്വസിക്കാൻ അതുകാരണമായി.

1572-ൽ കടന്നുപോയ ജോൺ നോക്സ് പറഞ്ഞു: "Live in Christ, Live In Christ and the flesh need not fear death.'' മരണത്തെ ഭയപ്പെടാതിരിക്കണമെങ്കിൽ ക്രിസ്തുവിൽ ജീവിക്കണം. ക്രിസ്തുവിൽ ജീവിക്കുന്നവർ വീണ്ടും ജനനം പ്രാപിച്ച് പുതിയ സൃഷ്ടികളായിത്തീർന്നവരാണ്. അതുകൊണ്ടാണ് സെന്റ്. പോൾ പറയുന്നത്.

> "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു."
>
> 2 കൊരി. 5:17

> "ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല."
>
> റോമർ 8:1

അവർ മരിക്കുമ്പോൾ നിത്യജീവനിൽ പ്രവേശിക്കുന്നു. അവരെക്കുറിച്ച് വെളിപ്പാടുപുസ്തകത്തിൽ പറയുന്നു:

> "ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം കേട്ടു. അത് പറഞ്ഞത്: എഴുതുക, ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്ന് വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവ് പറയുന്നു."
>
> വെളി. 14:13

മരണാനന്തരാനുഭവങ്ങളെപ്പറ്റി വിശദമായ പഠനങ്ങളും ഗവേഷണങ്ങളും നടത്തിയ റെയ്മണ്ട് എ. മൂഡി (Raymond A. Moody JR) "Life after Life'' എന്ന ഗ്രന്ഥത്തിൽ മരണശേഷം സംഭവിക്കുന്നത് എന്ത് എന്ന് പറയുന്നു.

"A man is dying and as he reaches the point of greatest physical distress he hears himself pronounced dead by his doctor. He begins to hear an uncomfortable noise, a loud ringing and buzzing and at the same time feels himself moving very rapidly through a long dark tunnel. After this he suddenly finds himself, outside his own physical body but still in the immediate physical environment and he see his own body from a distance as though he is a spectator. He watches the resuscitation attempt from this vantage point and is in the state unusual of loving upheaval emotional.

After a while he collects himself and becomes more accustomed to his odd condition. He notices that he still has a body but one of a very different nature and with very different powers from the physical body as he has left behind. Soon other things begin to happen. Others come to meet and to help him. He glimpses the spirits of relatives and friends who have already died, and warm, spirit of a kind he has never encountered before, a beam of light appears before him. This being asks him a question nonverbally to make him evaluate his life and help him along by showing him a panoramic instantaneous play back of the major events of his life. At some point he finds himself approaching some sort of barrier or border, apparently representing the limit between earthly life and the next life. Yet, he finds that he must go back to the earth and the time for this death has not yet come. At this point, he resists, for by now he is taken up with his experiences in the afterlife and does not want to return. He is overwhelmed by intense feelings of joy, love and peace. Despite his attitude, through, he is somehow reunites with his physical body and lives.

Later he tries to tell others, but he has trouble doing so. In the first place, he can find no human words adequate to describe these unearthly episodes. He also finds that others scoff, so he stops telling other people. Still, the experience effects his life profoundly, especially, his views about death and its relationships to life.

ഒരു വിശ്വാസിയുടെ ഭാഗ്യകരമായ മരണത്തിനുശേഷം Resuscitation മൂലം ജീവൻ പ്രാപിച്ച ഒരനുഭവത്തിന്റെ വിവ

രണമാണ് ഇവിടെ നമുക്ക് ലഭിച്ചിരിക്കുന്നത്. എന്നാൽ ബഹു ഭൂരിപക്ഷം മരണങ്ങളും നിരാശയിലേക്കും യാതനകളുടെ ഭീക രതയിലേക്കും നയിക്കുന്നവയാണ് എന്നത്രേ. Beyond Death's Door, Before Death Comes എന്ന ഗ്രന്ഥങ്ങളിൽ Dr. Maurice Rawlings പറയുന്നത്:

To Hell and Back എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു:

മരണമുണ്ടെന്ന സത്യം ചിന്തിക്കുന്ന ഒരേ ഒരു ജീവി മനുഷ്യൻ മാത്രമാണ്. എങ്കിലും അവൻ മരണത്തിനൊരു ങ്ങാത്തതുകൊണ്ട് മരണത്തെക്കുറിച്ച് ഓർക്കുവാൻ തയ്യാറാ കുന്നില്ല. ഒരുങ്ങാനുള്ള ദിവസം ഇന്നുതന്നെയാണ്. ഇപ്പോൾതന്നെ ഹൃദയം തുറന്ന് ക്രിസ്തുവിനെ ഹൃദയത്തി ലേക്ക് എതിരേല്ക്കൂ. പറയൂ: കർത്താവായ യേശുവേ, അവി ടുന്ന് ദൈവത്തിന്റെ ഏകജാതനാണെന്ന് ഞാൻ വിശ്വസിക്കു ന്നു. ഞാൻ നിന്നിൽ നിന്ന് ഒളിച്ചുനിൽക്കുകയായിരുന്നു. ഞാൻ തിരുസന്നിധിയിൽ വൃത്തിഹീനനും അശുദ്ധനുമായി രുന്നു. ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കു ന്നു. എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞാൽ പാപങ്ങൾ ക്ഷമിച്ചു തരാമെന്ന് അവിടുന്ന് അരുളിച്ചെയ്തത് ഞാൻ വിശ്വസിക്കു ന്നു. അവിടുന്ന് എന്റെ ഹൃദയവാതിൽക്കൽ നിന്ന് മുട്ടിക്കൊ ണ്ടിരിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനിതാ എന്റെ ഹൃദയം അവിടത്തേക്കായി തുറന്നുതന്ന് എന്നെ മുഴുവനായി തിരുമുമ്പിൽ സമർപ്പിക്കുന്നു,

ഇങ്ങനെ പ്രാർത്ഥിച്ച് ജീവിതം സമർപ്പിക്കുവാൻ ഇത് വായിക്കുമ്പോൾത്തന്നെ താങ്കൾ തയ്യാറാകുവിൻ. അതിനു തക്കവണ്ണം മരണാനന്തരജീവിതത്തെക്കുറിച്ച് വ്യക്തമായ ധാര ണകൾ തരുന്ന തിരുവചന സത്യങ്ങൾ തുടർന്ന് വായിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## രണ്ട്

മരണാനന്തരാവസ്ഥയെക്കുറിച്ചറിയാനുള്ള ജിജ്ഞാസ എക്കാലത്തും മനുഷ്യ ഹൃദയങ്ങളിലുണ്ടായിട്ടുണ്ട്. മൺമറഞ്ഞുപോയവരുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഇനി എന്നെങ്കിലും എനിക്കവരെ കാണാൻ കഴിയുമോ? അവർ എന്നെങ്കിലും ജീവിക്കുമോ? അവരുടെഭാവി എന്താണ്? എന്നിങ്ങനെയുള്ള അനവധി ചോദ്യങ്ങൾ പലപ്പോഴും ഉള്ളിലുദിക്കാറുണ്ട്. അതുപോലുള്ള ചോദ്യങ്ങൾ വി. ബൈബിളിൽ നാം കാണുന്നു. അവ താഴെപ്പറയുന്നവയാണ്.

"മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ?

ഇയ്യോബ്. 14 : 10

മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ.....?

ഇയ്യോബ്. 14 : 14

"ജീവിച്ചിരുന്ന് മരണം കാണാതെയിരിക്കുന്ന മനുഷ്യൻ ആര്?."

സങ്കീ. 89 : 48

"തന്റെ പ്രാണനെ പാതാളത്തിന്റെ കയ്യിൽ നിന്ന് വിടുവിക്കുന്നവനും ആരുള്ളൂ?

സങ്കീ. 89 : 48

"നീ മരിച്ചവർക്ക് അത്ഭുതങ്ങൾ കാണിച്ചു കൊടുക്കുമോ...?

സങ്കീ. 88 : 10

"മൃതന്മാർ എഴുന്നേറ്റ് നിന്നെ സ്തുതിക്കുമോ?"

സങ്കീ. 88 : 10

"ഈ മരണത്തിനധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?"

റോമർ 7 : 24

മനുഷ്യൻ പ്രാണനെ വിട്ടാൽ അവൻ എവിടെ? മരിച്ചതിനുശേഷം അവൻ എവിടെയാണ് ചെല്ലുന്നത്? മരണശേഷമുള്ള ജീവിതം എന്താണ്?

ഇയ്യോബ് തന്നെ വീണ്ടും ചോദിക്കുന്നുണ്ട്, മർത്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?

ഇയ്യോബിന്റെ മനസ്സിൽ മാത്രമല്ല അനേകമനേകം പ്രാവശ്യം നമ്മിൽ പലരുടെയും മനസ്സിൽക്കൂടി ഈ ചിന്തകൾ പോയിട്ടുണ്ടാകും. എന്താണ് മരണത്തിന് ശേഷമുള്ള അവസ്ഥ? നാം എവിടെയാണ് ചെല്ലുക? പിന്നീട് ഒരു ജീവിതം ഉണ്ടോ?

ഈ ശരീരത്തിനുള്ളിൽ ഒരു ആത്മാവ് ഉണ്ടോ? ശരീരം മരിച്ച് മൺമറഞ്ഞ് കഴിഞ്ഞാൽ ആത്മാവ് ഉണ്ടെങ്കിൽ ആ ആത്മാവ് എങ്ങോട്ടാണ് പോകുന്നത്?

നമുക്ക് പലർക്കും അറിഞ്ഞു കൂടാത്ത വിഷയമാണ്. വ്യക്തമായിട്ടൊരു ഉത്തരം പറയാൻ ഭൂമിയിൽ ശാസ്ത്ര

ത്തിനു കഴിയുകയില്ല. മനുഷ്യ മനീഷയ്ക്ക് സാധിക്കയില്ല. മനുഷ്യന്റെ ശക്തിക്കും യുക്തിക്കും സാധ്യമല്ല. എന്നാൽ ഇതിനെല്ലാം ഉള്ള മറുപടി ദൈവത്തിന്റെ സന്നിധിയിൽ ഉണ്ട്, തിരുവചനത്തിലുണ്ട്.

സർവ്വജഗന്നിയന്താവായ നിത്യനായ, ദൈവത്തിന്റെ സന്നിധിയിൽ ഇതിനുള്ള മറുപടിയുണ്ട്.

ഇങ്ങനെയുള്ള അനേകമനേകം കാര്യങ്ങൾ നമ്മെ അറിയിക്കുവാൻ ദൈവത്തിനുള്ള ഒരു വഴിയാണ്, The Holy Bible – സത്യവേദപുസ്തകം.

നിത്യനായ ദൈവത്തിന്റെ വിശുദ്ധ വചനമാണ് സത്യവേദപുസ്തകം.

മരണത്തിന് ശേഷം ഉള്ള അവസ്ഥയെക്കുറിച്ച് കർത്താവ് പറഞ്ഞകാര്യങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവചനം വായിക്കുമ്പോൾ ഈ മഹാരഹസ്യങ്ങൾ നമുക്ക് വെളിപ്പെട്ട് കിട്ടുന്നു.

കോഴിമുട്ടയ്ക്കകത്ത് കോഴിക്കുഞ്ഞ് രൂപപ്പെടുന്നുണ്ട്. കോഴിമുട്ടയ്ക്കകത്തിരിക്കുന്ന കോഴിക്കുഞ്ഞ് രൂപപ്പെട്ടുവരുവാൻ തള്ളക്കോഴി അതിന്റെമീതെ പൊരുന്നി ഇരിക്കുന്നു. തള്ളക്കോഴി അട ഇരിക്കുമ്പോൾ കോഴിക്കുഞ്ഞിനോട് പറയുന്നു.

“കുഞ്ഞേ, ഏതാനും ദിവസം കഴിഞ്ഞാൽ മതി, നീയൊരു പുതിയ ലോകത്തേക്ക് വരും.”

“അമ്മ വെറുതേ പറയുന്നതല്ലേ, ഇതല്ലേ ലോകം. ഇതിനപ്പുറത്ത് ഒരുലോകം ഉണ്ട് എന്നതിന് എന്താ തെളിവ്? എന്ത് മണ്ടത്തരമാണ് അമ്മ പറയുന്നത്.”

“കുഞ്ഞേ, നീ തെറ്റിദ്ധരിക്കേണ്ട, ഈ മുട്ടത്തോട്,

പൊട്ടും, ഇതിനകത്തുനിന്ന് നീ ചലിച്ച് ചലിച്ച് സഞ്ചരിക്കുന്ന ഒരു പക്ഷിയായി പുറത്ത് വരും.”

“അമ്മ വിഡ്ഢിത്തമല്ലേ ഈ പറയുന്നത്? ഞാൻ സഞ്ചരിക്കുകയോ? ഞാൻ ഇതിനകത്ത് ഒതുങ്ങിക്കൂടി ഇരിക്കുക അല്ലേ, ഇതല്ലേ എന്റെ ലോകം?”

“കുഞ്ഞേ നീ സഞ്ചരിക്കുക മാത്രമല്ല പറക്കുകയും ചെയ്യും.”

“ഇതെല്ലാം എനിക്ക് വിശ്വസിക്കാൻ പറ്റില്ല .” കുഞ്ഞ് പറയുകയാണ്. തള്ളക്കോഴി പറയുന്നു. “കുഞ്ഞേ, ഞാൻ പറഞ്ഞു തരാം. നിന്റെ ശരീരത്തിൽ രൂപപ്പെട്ടുവരുന്ന ആ ചില മുളകൾ പോലെ കാണുന്നില്ലേ? അത് തൂവലുകളായി തീരും. ആ തൂവലുകൾ വളർന്ന് വളർന്ന് വലുതായി തീരും. തൂവലുകളുടെ ചെറിയ മുളകളുമായിട്ടാണ് നീ ഭൂമിയിലേക്കു വരുന്നത്.”

വെളിയിൽ നീ വന്നു കഴിയുമ്പോൾ നീ ഈ ചെറിയ ലോകത്തു നിന്ന് നിനക്ക് എത്തിപ്പെടാൻ കഴിയാത്ത വിശാലമായ ലോകത്തേക്ക് കടന്നുവരും.

“ആ വിശാലമായ ലോകത്തിൽ നിനക്ക് പുതിയ കാഴ്ചകൾ കാണാം. അതിൽ മനോഹരമായ പുഷ്പങ്ങൾ ഉണ്ട്, നല്ല ചെടികൾ ഉണ്ട്, നല്ല വൃക്ഷങ്ങൾ ഉണ്ട്, നല്ല വീടുകൾ ഉണ്ട്. നിനക്ക് ഇപ്പോൾ ഇതിനകത്ത് ഭക്ഷണം ഉണ്ട്. അതല്ല നിനക്ക് ഭൂമിയിൽ പുതിയ പുതിയ ഭക്ഷണങ്ങൾ കിട്ടും.”

“അമ്മ ഇതെല്ലാം വെറുതേ പറയുകയാണ്. വെറുതേ എന്നെ വ്യാമോഹിപ്പിക്കാൻ പറയുകയാണ്.”

“അല്ല കുഞ്ഞേ, നീ ഇതെല്ലാം നേരിട്ട് അനുഭവിക്കും ഏതാനും ദിവസം ഒന്ന് കഴിഞ്ഞോട്ടെ.”

എന്താണീ ഉദാഹരണത്തിന്റെ അർത്ഥം എന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ പറ്റി. നമ്മുടെ ഈ ശരീരത്തിന്റെ പുറംതോട് പൊട്ടിക്കഴിഞ്ഞ് ഉള്ളിലുള്ള ആത്മാവ് അതിരില്ലാത്ത അനന്തതയിലേക്ക് നീങ്ങും.

അതിരില്ലാത്ത അനന്തത! ഒരിക്കലും നാം വിഭാവനം ചെയ്തിട്ടില്ലാത്ത, സങ്കല്പിക്കാൻ പോലും സാധ്യമല്ലാത്ത, അനന്ത വിശാലമായ ഒരാത്മലോകത്തേക്ക് നാം പ്രവേശിക്കും.

ആത്മ ലോകത്ത് നാം എത്തുമ്പോൾ മനസ്സിലാകും അവിടെ എത്താനുള്ള ചെറിയ ചെറിയ മുളകൾ ഉണ്ടായിരുന്നല്ലോ എന്ന്. "ദൈവമേ" എന്ന് വിളിക്കാനുള്ള ബോധം ലഭിച്ചത്. പ്രയാസം വരുമ്പോൾ അയ്യോ, എന്റെ ദൈവമേ എന്ന് വിളിച്ചുപോയത്, പ്രാർത്ഥിക്കുവാൻ ഒരു താല്പര്യം വന്നത്, ദൈവത്തെക്കുറിച്ചുള്ളതായ ഒരു വാഞ്ഛ ഹൃദയത്തിൽ മൊട്ടിട്ടു വന്നത്, എല്ലാം നിത്യലോകത്തേക്ക് കടന്നുവരുവാനുള്ള മുളകളായിരുന്നു.

ശരീരത്തിൽ ജീവിച്ചപ്പോൾ ഉണ്ടായ കൂട്ടായ്മകൾ, ദൈവവചന ശുശ്രൂഷകൾ, കർത്താവിന്റെ തിരുവചന കേൾവികൾ, എല്ലാം വേറൊരു ലോകത്തിൽ ജീവിക്കാനുള്ള തയ്യാറെടുപ്പുകളുടെ ചെറിയ ചെറിയ മുളകളായിരുന്നു. ഒരു നാൾ നാം ഒരിക്കലും കണ്ടിട്ടില്ലാത്ത ലോകത്തിലേക്ക് കടന്ന് ചെല്ലും.

പൂമ്പാറ്റകൾ പറന്ന് നടക്കുന്നത് കണ്ടിട്ടുണ്ടല്ലോ.

ചിത്രശലഭങ്ങൾ അങ്ങനെ തന്നെ പിറക്കുന്നവയല്ല. ഒരു ചെറിയ മുട്ടയായിട്ടാണ് പൂമ്പാറ്റയുടെ ആരംഭം. കുറച്ചു കഴിഞ്ഞു മുട്ടയുടെ തോട് പൊട്ടി പുഴുവായി. പുഴു ഇലത്തലപ്പുകൾ തിന്നും കൊറിച്ചും ഇഴഞ്ഞും നടക്കുന്നു.

ഏതാനും നാളുകൾ കഴിഞ്ഞു ചുറ്റും ഒരു കൂടുണ്ടാ

ക്കുന്നു. ആ ആവരണത്തിന്റെ ഉള്ളിൽ സമാധി ദശയിൽ കഴിയുകയാണ്. അതിന് പ്യൂപ്പാ സ്റ്റേജ് എന്ന് പറയുന്നു.

കുറെ കഴിഞ്ഞ് അനക്കമറ്റു കിടന്ന ആ തോട്പൊട്ടുന്നു. അതാ വരുന്നു, വർണ ശബളിമയാർന്ന ചിത്രപ്പകിട്ടുള്ള ചിറകുകൾ വിരിച്ച് പറക്കുന്ന ഒന്നാന്തരം പൂമ്പാറ്റ! ആ ചെറു ജീവി പറന്നുല്ലസിച്ച് വാനവിരവിലൂടെ സഞ്ചരിക്കുന്നത് നാം കാണുന്നുണ്ട്.

ചെറിയ പുഴുവായി സഞ്ചരിച്ചപ്പോൾ ആ പുഴുവിനോട് പറഞ്ഞാൽ മനസ്സിലാവുമോ നീ ഒരു പൂമ്പാറ്റ ആകാൻ പോകുന്നു എന്ന്? നീ പറക്കും എന്ന് ചിന്തിക്കുവാൻ പറ്റുമോ?

മനുഷ്യജീവിതം ഇതുപോലെയാണ്. ശരീരം എന്ന ഈ കുടുസ്സുമുറിക്കുള്ളിൽ നമ്മുടെ ആത്മാവ് കുടികൊണ്ട് കിടക്കുകയാണ്.

ദേഹം ഉണ്ട്, ദേഹി ഉണ്ട്, ആത്മാവ് ഉണ്ട്. ശരീരത്തിൽ നിന്ന് പ്രാണൻ പോയാൽ, ആത്മാവ് അനന്തതയിലേക്ക് പറക്കും.

നിത്യത എന്നത് എവിടെയാണ്? എന്താണ് ഈ നിത്യത? എങ്ങനെ അറിയാം? ദൈവത്തിന്റെ തിരുവചനം വിശ്വസിച്ചാൽ മാത്രമേ മനസ്സിലാക്കാൻ പറ്റുകയുള്ളൂ. ബുദ്ധിയ്ക്ക് വിധേയപ്പെടുക ഇല്ല. യുക്തി ചിന്തയ്ക്ക് വശംവദമാകുകയില്ല. മനുഷ്യ ചേതനയിൽ ഒതുങ്ങുന്നതല്ല.

നേരിട്ട് കാണാതെ ഞാൻ വിശ്വസിക്കുക ഇല്ല എന്ന് പറയുന്നവർ ഉണ്ട്. വെറുതെ കണ്ണടച്ചങ്ങ് വിശ്വസിക്കുന്നതെങ്ങനെ, നേരിട്ട് കാണണം എന്ന് ചിന്തിക്കുന്നവർ ഉണ്ട്.

പ്ലാസ്സിയുദ്ധം 1857-ൽ നടന്നു എന്ന് ചരിത്രത്തിൽ വായിക്കുന്നു. അന്ന് നാം ഉണ്ടായിരുന്നോ?

1947 ആഗസ്റ്റ് 15-ാം തീയതിയാണ് ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടിയത് എന്ന് പഠിക്കുന്നു. നിനക്ക് വിശ്വാസം ഉണ്ട്. നീ അന്ന് ജീവിച്ചിരുന്നോ?

ഈസ്റ്റ് ഇൻഡ്യാ കമ്പനി ആരംഭിച്ച് ഇൻഡ്യയിൽ വന്നു. ബ്രിട്ടീഷുകാർ ഇൻഡ്യയിൽ ആധിപത്യം നടത്തി. അത് കഴിഞ്ഞ് ഇൻഡ്യയെ ഭരിച്ചു. എന്നൊക്കെയുള്ള കാര്യങ്ങൾ നമ്മൾ ആരെങ്കിലും നേരിട്ട് കണ്ടതാണോ?

പണ്ട് രാജാക്കന്മാർ ഭരിച്ചിരുന്നു എന്ന് നാം ആരെങ്കിലും നേരിട്ട് കണ്ടതാണോ? ചരിത്ര വസ്തുതകൾ അറിയാവുന്നവർ എഴുതി വെച്ചത് നാം വിശ്വസിക്കുന്നു.

വിദ്യുച്ഛക്തി എന്താണ്? ഞാനത് കണ്ടാലേ വിശ്വസിക്കൂ എന്നൊരാൾ ശാഠ്യം പിടിച്ചാൽ കേവലം വിഡ്ഢിത്തമല്ലേ? അത് അനുഭവിച്ചാണ് ഗ്രഹിക്കുന്നത്. അറിയാവുന്നവർ പറയുന്നത് നാം വിശ്വസിക്കുന്നു.

അറിയാവുന്നവർ എഴുതിവെച്ചതിൽ പോലും തെറ്റുകൾ വരാം. എന്നാൽ തെറ്റുവരാത്ത ഒരു അത്ഭുത പുരുഷനുണ്ട്, അതാണ് കർത്താവായ യേശുക്രിസ്തു.

യേശു ക്രിസ്തുവിന് തെറ്റുപറ്റുകയില്ല. ജീവനുള്ള ക്രിസ്തു തന്റെ വചനത്തിൽ കൂടി നമുക്ക് സത്യം മനസ്സിലാക്കിത്തരുന്നു.

മൂന്നു ലോകങ്ങൾ ഉണ്ട്.

ഒന്ന് : സുരലോകം - സ്വർഗ്ഗം
രണ്ട് : അസുരലോകം - നരകം
മൂന്ന് : ഭൂലോകം - മനുഷ്യലോകം

മനുഷ്യനു സുരതുല്യനായി ജീവിക്കാം; അസുരതുല്യനായും ജീവിക്കാം.

അസുരതുല്യനായി ജീവിച്ച് അന്ധകാരാവൃതമായ ഭീകര നരകപ്പൊയ്കയിലേയ്ക്ക് ആരും പോകാൻ നിത്യനായ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങി വന്ന് കേവലം മനുഷ്യനെപ്പോലെ ഒരു തെറ്റുംപറ്റാത്തവനായി ജീവിച്ചത്. അവിടന്ന് ക്രൂശിൽ നമുക്ക് വേണ്ടി ജീവൻ വെടിഞ്ഞത്. അതാണ് കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശാരോഹണം.

ഹൈന്ദവ തത്വശാസ്ത്രം പറയും; നാല് വേദങ്ങൾ ഉണ്ട് എന്ന്.

| | | |
|---|---|---|
| ഒന്ന് | : | ഋഗ്വേദം |
| രണ്ട് | : | യജുർവേദം |
| മൂന്ന് | : | സാമവേദം |
| നാല് | : | അഥർവ്വവേദം |

ഓരോ വേദത്തിനും നാലു ഉപവിഭാഗങ്ങൾ ഉണ്ട്, അതിൽ ഒരു ഉപവിഭാഗമാണ് ഉപനിഷത്ത്. മാമുനി ശ്രേഷ്ഠൻമാർ താത്വീകാവബോധം ഉള്ള ദാർശനികന്മാരായിരുന്നു. അവർ ഭാരത വർഷത്തിലെ പൂർവ്വരാം ഋഷീന്ദ്രന്മാരാണ്. പാരിനുള്ള അടിക്കല്ലു പാർത്തുകണ്ട് അറിഞ്ഞവരാണ്. ഭോഗനിസ്പൃഹരാണ്, പരിത്യാഗൈക ദ്രവിണന്മാരാണ്. അവരെക്കുറിച്ച് മഹാകവി വള്ളത്തോൾ പാടിയിട്ടുണ്ട്.

“ഭാരതവർഷത്തിലെ പൂർവ്വരാം ഋഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാർത്തു കണ്ടറിഞ്ഞവർ.
യോഗൈക നിരതന്മാർ, ഭോഗനിസപൃഹർ, പരി–
ത്യാഗൈക ദ്രവിണന്മാർ അവർ തൻ വാസങ്ങളോ
പൊട്ടപ്പുല്ലുകൾ കൊണ്ടും ശുഷ്കപത്രൗഘം കൊണ്ടും
കെട്ടി മേഞ്ഞവയായ പാഴ് കുടിലുകളത്രേ.
എങ്കിലും അവയിൽ നിന്നിങ്ങു കിട്ടിയ മണി–
ത്തങ്കങ്ങൾ. മഹാർഘങ്ങൾ, മറ്റെങ്ങുമലഭ്യങ്ങൾ.”

മറ്റൊരിടത്തും കിട്ടാത്ത മണിത്തങ്കങ്ങൾ, രത്നങ്ങളാണ് പുരാണങ്ങളിൽ നിന്നു കിട്ടിയത് എന്നാണ് മഹാകവി വള്ളത്തോൾ പാടിയത്.

വേദങ്ങളിൽ കഠോപനിഷത്ത് എന്ന് പറയുന്ന ഒരു ഉപനിഷത്തുണ്ട്. കഠോപനിഷത്തിൽ ഒരു മാമുനി ശ്രേഷ്ഠനുണ്ട്. അദ്ദേഹത്തിന്റെ പേര് വജ്രസ്രവാസൻ എന്നാണ്. വജ്രസ്രവാസന് ഒരു ആശ. മോക്ഷം പ്രാപിക്കണം. എന്താണ് മോക്ഷം? സാലോക്യം, സാമീപ്യം സാരുപ്യം, സായൂജ്യം ഇതാണ് മോക്ഷം.

സാലോക്യം – ദൈവത്തിന്റെലോകത്തിൽ എത്തിച്ചേരുക.

സാമീപ്യം - ദൈവത്തിന്റെ സമീപത്ത് എത്തിച്ചേരുക.

സാരൂപ്യം - ദൈവത്തിന്റെ സ്വരൂപം ആയിത്തീരുക.

സായൂജ്യം - ദൈവത്തിൽ അലിഞ്ഞ് ചേരുക.

സാലോക്യ, സാമീപ്യ, സാരൂപ്യ, സായൂജ്യങ്ങളായ മോക്ഷം പ്രാപിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിന് വേണ്ടി അദ്ദേഹം യാഗങ്ങൾ നടത്തി. യാഗങ്ങൾ നടത്തിയപ്പോൾ സർവ്വേശ്വരൻ പ്രസാദിച്ചു. അദ്ദേഹത്തിന്റെ മകനായ നചികേതൻ എന്ന മുനിക്ക് ചില വരങ്ങൾ കൊടുത്തു.

മൂന്ന് വരങ്ങളാണ് ആവശ്യപ്പെട്ടത്. അതിൽ ഒന്ന്: മരണത്തിന് ശേഷമുള്ള അവസ്ഥ മനസ്സിലാക്കിത്തരണം എന്നതായിരുന്നു.

പണ്ടത്തെ മാമുനിമാർ പ്രാതഃസ്നാന മന്ത്രത്തിൽ പാടി.

“പാപോഹം, പാപകർമ്മോഹം,
പാപാത്മാപാപസംഭവഃ
ത്രാഹിമാം പുണ്ഡരീകാക്ഷഃ
സർവ്വയജ്ഞേശ്വരോഹരിഃ”

സർവ്വേശ്വരാ, എനിക്ക് രക്ഷതരണമേ, പാപോഹം. ഞാൻ പാപിയാണ്. പാപകർമ്മോഹം – ഞാൻ പാപകർമ്മ ങ്ങൾ ചെയ്യുന്നവനാണ്. പാപസംഭവഃ – ഞാൻ പാപ ത്തിൽ ജനിച്ചവനാണ്.

ത്രാഹിമാം. മാം – എന്നെ രക്ഷിക്കണമേ, സർവ്വേശ്വരാ എന്നെ രക്ഷിക്കണമേ. എന്തിന്?

മോക്ഷപ്രാപ്തിയിൽ എത്തുവാൻ എന്നെ രക്ഷിക്ക ണമേ എന്ന് പ്രാർത്ഥിച്ച മാമുനി ശ്രേഷ്ഠന്മാരുടെ നാടാണ് നമ്മുടെ ഭാരത ഭൂമി.

നിത്യതയെക്കുറിച്ചുള്ള സങ്കല്പം എക്കാലത്തും ബുദ്ധിജീവികളുടെ ഹൃദയത്തിൽ ഉണ്ടായിരുന്നതാണ്. അനേകർ ആ ഭാവനയിലും ചിന്തയിലും മുന്നോട്ട് പോയി. എത്തേണ്ടിടത്ത് എത്തുവാൻ മനുഷ്യനെ യോഗ്യനാക്കു ന്നതിന് കർത്താവായ യേശുക്രിസ്തു ഭൂമിയിലേക്ക് ഇറങ്ങി വന്നു.

സാക്ഷാൽ ദൈവം ഭൂമിയിൽ മനുഷ്യനായി അവത രിച്ചു. അവിടന്ന് നമ്മെ പോലെ ഈ ഭൂമിയിൽ ഭക്ഷണം കഴിച്ചു. സഞ്ചരിച്ചു. ജീവിച്ചു.

പക്ഷെ നമ്മെപ്പോലെ പാപം ചെയ്തില്ല. പാപത്തിന്റെ കണിക ഏശാതെ നിത്യനായ ദൈവപുത്രൻ ഈ ഭൂമി യിൽ ജീവിച്ചു. എല്ലാവരും നിത്യസൗഭാഗ്യം കരസ്ഥമാ ക്കുവാനായി, അവിടുന്ന് നമുക്ക് വേണ്ടി ക്രൂശിന്മേൽ മരിച്ചു.

രണ്ട് കൊള്ളക്കാരുടെ മധ്യത്തിൽ, രണ്ട് കൊലയാളി കളുടെ മധ്യത്തിൽ, ക്രൂശിക്കപ്പെട്ടു. ശാപഗ്രസ്തനെപ്പോലെ യേശുക്രിസ്തു ക്രൂശിന്മേൽ കിടന്നു. അവൻ ക്രൂശിൽ തന്റെ ജീവൻ വെടിഞ്ഞു.

എന്തിന്? പാപിയായ എന്നെ, പാപത്തിൽ പിറന്ന എന്നെ, രക്ഷിപ്പാൻ, പാപകർമ്മം മാത്രം ചെയ്തവനായ എന്നെ വീണ്ടെടുക്കാൻ. സ്നേഹിതാ, പാപം മാത്രമായ നിന്നെ വീണ്ടെടുത്ത് സ്വർഗ്ഗത്തിന്റെ അവകാശിയാക്കുവാൻ അവൻ നിനക്കുവേണ്ടി ക്രൂശിൽ മരിച്ചു. ഈ യേശുവിനെ അറിയുന്നതാണ് സാക്ഷാലുള്ള ക്രിസ്തീയ ജീവിതം. യേശുക്രിസ്തുവിനെ സ്നേഹിച്ച്, ആരാധിക്കുന്നതാണ് ജീവിതത്തിന്റെ പരമസൗഭാഗ്യം.

അതിന് നിങ്ങൾ സഭ മാറണ്ട, സമുദായം മാറണ്ട. നിങ്ങളുടെ ഹൃദയം മാറ്റുന്ന ക്രിസ്തുവിന്റെ മുമ്പിൽ ജീവിതം സമർപ്പിച്ചാൽ മതി.

നാഥാ എന്റെ ജീവിതം നിനക്ക് ഞാൻ തരുന്നു. ഇതെല്ലാം മായയാണെന്ന് എനിക്ക് മനസ്സിലാവുന്നു. എല്ലാം താല്ക്കാലികം ആണെന്ന് ഞാൻ അറിയുന്നു. ഉടയവനേ, എനിക്ക് നിത്യശോഭന തീരത്ത് എത്തണം. നിത്യ സ്വർഗ്ഗീയ സൗഭാഗ്യത്തിൽ എത്തണം. ഒരു ദിവസം ഞാൻ കണ്ണടയും. അന്ന് നിത്യ സ്വർഗ്ഗത്തിൽ എത്തുവാൻ എന്റെ നാഥാ, നിന്റെ തൃക്കരം എന്റെ നേരെ ഒന്ന് നീട്ടണം. ആണിപ്പാടുള്ള കരം ഇപ്പോൾ എന്നെ ഒന്ന് പിടിക്കണം. ആ കുറ്റമില്ലാത്ത രക്തം ചിന്തിയകരം എന്നെ ഒന്ന് പിടിച്ച് ഈ പാപത്തിന്റെ ചേറ്റുകുഴിയിൽ നിന്ന് ഉയർത്തി എടുക്കണം.

നാഥാ എന്നെ ഉയർത്താനാണല്ലോ നീ താണുവന്നത്. എന്നെ കരേറ്റാനാണല്ലോ നീ ഇറങ്ങി വന്നത്. പാപാന്ധകാരം ഉള്ള ഈ അവസ്ഥയിൽ നിന്ന് എന്നെ ഉദ്ധരിച്ച് സത്യപ്രകാശം ആയ ശോഭനമായ സ്വർഗ്ഗീയ തീരത്ത് എത്തിയ്ക്കുവാനാണല്ലോ നീ എനിക്കു വേണ്ടി ക്രൂശിൽ മരിച്ചത്. ഞാൻ വിശ്വസിക്കുന്നു. എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു.

അങ്ങനെ നിങ്ങളെത്തന്നെ ഏല്പിക്കുമ്പോൾ ആണ് നിങ്ങളുടെ ജീവിതം അർത്ഥവത്തായി തീരുന്നത്. നിങ്ങളുടെ ജീവിതം പ്രയോജനകരമായി തീരുന്നത്.

നിങ്ങളുടെ മുന്നിൽ കൈനീട്ടി നിൽക്കുന്ന ക്രിസ്തുവിനെ നിങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്, അവഗണിച്ചു കളയരുത്. നിങ്ങളെ പേർചൊല്ലി വിളിക്കുന്ന ക്രിസ്തുവിനെ നിങ്ങൾ ഉപേക്ഷിച്ചു കളയരുതേ.

# മൂന്ന്

"മനുഷ്യൻ പ്രാണനെ വിട്ടാൽ അവൻ എവിടെ?"

ഇയ്യോബ് 14 : 10

ഞാനൊരു സംഭവകഥ വായിച്ചു. ഒരു മനുഷ്യൻ രോഗിയായി കിടക്കുകയാണ്. വളരെ അവശനിലയിൽ ആയി. പെട്ടെന്നാണ് രോഗം വന്നത്. രോഗം വർദ്ധിച്ചു. ആശുപത്രിയിൽ കൊണ്ടുപോകാൻ സാധിക്കാത്ത സ്ഥിതി യിലായി. ഡോക്ടറെ വിളിച്ചു. അദ്ദേഹത്തിന്റെ സ്വന്തം കാറിൽ അദ്ദേഹം വീട്ടിൽ എത്തി. രോഗിയുടെ മുറിയി ലേക്ക് കടന്നു. ഡോക്ടർ വാതിൽ അടച്ചു. ഡോക്ടർ രോഗിയോട് സംസാരിക്കാൻ തുടങ്ങി. എന്തൊക്കെയാണ് രോഗവിവരങ്ങൾ? എല്ലാം ഓരോന്നോരോന്നായി ചോദി ച്ചു. രോഗിക്ക് സംസാരിക്കാം.

അപ്പോൾ രോഗി ചോദിച്ചു: ഡോക്ടറേ, എനിക്ക് ആശയ്ക്ക് വക ഇല്ല എന്ന് തോന്നുന്നു. മരിക്കും എന്ന് തോന്നുന്നു.

ഞാൻ മരിച്ചു കഴിഞ്ഞാൽ പിന്നെ എന്റെ ആത്മാവ് എവിടെപ്പോകും? ഡോക്ടറൊന്ന് പറഞ്ഞുതരാമോ?

ഡോക്ടറൊന്ന് അമ്പരന്നു. കാരണം ഡോക്ടർക്ക് അറിഞ്ഞു കൂടാ. ഡോക്ടർക്ക് ചികിത്സിക്കാൻ അറിയാം. എന്നാൽ മരിച്ചതിന് ശേഷം ഈ ആത്മാവ് എവിടെപ്പോ കുന്നു എന്ന് പറഞ്ഞുകൊടുക്കാൻ അറിയാൻ പാടില്ല. ഡോക്ടർ ആലോചിച്ചു, എന്തു പറയും?

അദ്ദേഹം ഒന്നാലോചിച്ചു. എന്താണ് പറഞ്ഞ് കൊടു ക്കേണ്ടത്? എന്ത് പറഞ്ഞാൽ ഇദ്ദേഹത്തിന് മനസ്സിലാകും?

ആലോചിച്ചു. അപ്പോൾ വാതിൽക്കൽ എന്തോ മുട്ടു ന്നത് പോലെയോ, തട്ടുന്നത് പോലെയോ, മാന്തുന്നത് പോലെയോ ഒക്കെ ശബ്ദം.

ഡോക്ടർക്ക് മനസ്സിലായി. അത് ഡോക്ടറുടെ പട്ടി യാണ്. ഡോക്ടർ പോന്നപ്പോൾ ഓമനിച്ച് വളർത്തുന്ന പട്ടി കാറിൽ ചാടിക്കയറിയിട്ടുണ്ടായിരുന്നു.

സാധാരണ ഡോക്ടർ പോകുമ്പോൾ കാറിൽ ആ പട്ടിയും പോകാറുണ്ട്. ഡോക്ടർ ഇറങ്ങിയപ്പോൾ പട്ടിയും പുറത്തിറങ്ങി. പക്ഷെ ഡോക്ടർ മുറിയിലേക്ക് കടന്ന പ്പോൾ വാതിൽ അടച്ചു. പട്ടി പുറത്തായി. കുറേനേരം ആയിട്ടും ഡോക്ടറെ കാണുന്നില്ല. ഉടമസ്ഥനെ കാണാതാ യപ്പോൾ പട്ടി വാതിൽക്കൽ മാന്തുകയാണ്. ഉടൻ ഡോക്ടർക്ക് മനസ്സിലേക്ക് ഒരു ചിന്ത കടന്നു വന്നു.

“നിങ്ങൾ ഒരു ശബ്ദം കേട്ടോ?” ഡോക്ടർ രോഗി യോട് ചോദിച്ചു. “ഉവ്വ്”. “എന്താണെന്ന് മനസ്സിലായോ?” “എന്തോ മാന്തുന്നത് പോലെയോ, മുട്ടുന്നത് പോലെയോ ഒക്കെ ശബ്ദം.” “അത് എന്റെ നായ ആണ്. എന്റെ നായ അവിടെ മുട്ടിക്കൊണ്ട് ഇരിക്കുകയാണ്. അവന്റെ ഉടമ സ്ഥൻ ഇതിനകത്ത് ഉണ്ടെന്ന് അവനറിയാം.”

ഇതിനകത്ത് എന്തൊക്കെയുണ്ടെന്ന് നായയ്ക്കറിഞ്ഞു കൂടാ, ഇതിനകത്ത് മേശയുണ്ടോ, ഇതിനകത്ത് കസേരയു ണ്ടോ, ഇതിനകത്ത് മരുന്ന് ഒഴിച്ചു കൊടുക്കാനുള്ള ഗ്ലാസ് ഉണ്ടോ, ഇതൊന്നും നായയ്ക്കറിഞ്ഞു കൂടാ. പക്ഷേ നായയ്ക്ക് ഒരു കാര്യം അറിയാം. അവന്റെ ഉടമസ്ഥൻ ഇതിനകത്ത് ഉണ്ട് എന്ന്. അവന്റെ യജമാനൻ ഇതിന കത്ത് ഉണ്ട് എന്ന്.

ഡോക്ടർ രോഗിയോട് പറഞ്ഞു. നിങ്ങൾക്ക് ഒരു ഉറപ്പ് ഉണ്ടായാൽ മതി. നിങ്ങൾ കടന്ന് ചെല്ലുന്നത് – യജ മാനൻ ഉള്ളേടത്തേയ്ക്കാണെന്നുള്ള ഉറപ്പ് നിങ്ങൾ പ്രാപി ക്കണം.

ക്രിസ്തു ഉള്ളേടത്തേയ്ക്കാണ് നിങ്ങൾ പോകുന്നത് എന്നുള്ള ഉറപ്പ് നിങ്ങൾ പ്രാപിക്കണം. ആ ഉറപ്പ് ഇവിടെ വെച്ച് നിങ്ങൾ പ്രാപിക്കണം. ഇപ്പോൾ തന്നെ പ്രാപിക്കണം.

ഡോക്ടർ പറഞ്ഞു: എന്റെ ജീവിതം ഞാൻ ക്രിസ്തു വിന് കൊടുത്തതാണ്. എനിക്ക് വേദപുസ്തകത്തിൽ വലിയ ജ്ഞാനം ഒന്നും ഇല്ല. പക്ഷേ എനിക്കറിയാം ഞാൻ കടന്ന് പോയാൽ ക്രിസ്തുവിന്റെ അരികത്ത് എത്തു മെന്ന്. എനിക്ക് ആ ഉറപ്പ് ഉണ്ട്. നിങ്ങൾക്ക് ആ ഉറപ്പ് ഉണ്ടോ?

ഉടനെ ആ മനുഷ്യൻ പറഞ്ഞു ഡോക്ടറേ, എനിക്ക് അങ്ങനെയൊരു ഉറപ്പൊന്നും കിട്ടിയിട്ടില്ല. എനിക്ക് ആ കാര്യങ്ങളെക്കുറിച്ചുള്ള ഗ്രാഹ്യം കിട്ടാനുള്ള അവസരവും ഉണ്ടായിട്ടില്ല. ആരും പറഞ്ഞു തരാനും ഉണ്ടായിരുന്നില്ല.

ഡോക്ടർ പറഞ്ഞു: എനിക്ക് കൂടുതലൊന്നും പറഞ്ഞ് തരാൻ അറിയാൻ പാടില്ല. പക്ഷേ എനിക്ക് ഒരു കാര്യം അറിയാം.

നിങ്ങൾ ചിന്തിക്കണം, ഞാൻ ഒരു പാപിയാണ്. ഈ പാപത്തിൽ നിന്ന് രക്ഷപ്പെടാൻ ഞാൻ നോക്കിയാൽ സാധിക്കുകയില്ല. എന്നാൽ എന്നെ രക്ഷപ്പെടുത്താൻ കഴിവുള്ള ഒരാളുണ്ട്. അത് കർത്താവായ യേശുക്രിസ്തുവാണ്.

യേശുക്രിസ്തുവിൽ വിശ്വസിച്ച് ആശ്രയിച്ചാൽ, ക്രിസ്തുവിനെ വിളിച്ച് അപേക്ഷിച്ചാൽ ക്രിസ്തു എന്നെ പാപത്തിൽ നിന്ന് കരേറ്റും. എന്നെ ക്രിസ്തുവിന്റെ രാജ്യത്തേക്ക് സ്വീകരിക്കും.

രണ്ട് കാര്യങ്ങൾ നിങ്ങൾ വിശ്വസിച്ചാൽ മതി. ഒന്ന്, ഞാൻ പാപിയാണ്. രണ്ട്, ക്രിസ്തു എന്റെ പാപത്തിന്റെ പരിഹാരത്തിനു വേണ്ടി ക്രൂശിൽ മരിച്ചു. ഇത്രയും നിങ്ങൾ വിശ്വസിച്ച് പിന്നെ നിങ്ങളുടെ ഹൃദയത്തിൽ നിങ്ങൾ പറയണം യേശുവേ, എനിക്ക് ആയുസ്സുള്ള കാലം ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. ഈ തീരുമാനമെടുക്കാൻ നിങ്ങൾക്ക് സാധിക്കുമോ?

എന്നാൽ നിങ്ങൾക്ക് ദൈവരാജ്യത്തിൽ എത്താം. ക്രിസ്തു ഉള്ളേടത്ത് എത്താം. ഉടമസ്ഥൻ ഉള്ളേടത്ത് നിങ്ങൾക്ക് എത്താം.

നമ്മുടെ ജീവിതത്തിൽ ആ ഉറപ്പ് പ്രാപിക്കണം. ക്രിസ്തു ഉള്ളേടത്ത് എനിക്ക് ചെല്ലണം. സ്വർഗ്ഗം എങ്ങനെയിരിക്കും? സ്വർഗ്ഗത്തിൽ എന്തെല്ലാം ഉണ്ടായിരിക്കും? അറിഞ്ഞുകൂടാ.

പക്ഷേ അവിടെ എന്റെ യേശു ഉണ്ട്. എനിക്ക് വേണ്ടി ജീവൻ ത്യജിച്ച എന്റെ യേശു അവിടെ ഉണ്ട്. ഈ ഉറപ്പ് നമുക്ക് ഉണ്ടായിരിക്കണം. ഞാൻ ചെല്ലുന്നത് എന്റെ യേശുവിന്റെ സന്നിധിയിലേക്കാണ്.

Christianity is the religion of the heart. അത് ഹൃദയ

ത്തിന്റെ മതം ആണ്. ഹൃദയത്തിൽ മാറ്റം വരും. ക്രിസ്തു എന്ന അദൃശ്യപുരുഷൻ നമ്മുടെ ഹൃദയത്തിൽ വന്ന് വസിക്കും. അങ്ങനെയുള്ള ഹൃദയത്തിൽ എപ്പോഴും പാപബോധത്തിന്റെ എളിമയുണ്ടായിരിക്കും.

അതാണ് പരിശുദ്ധന്മാരായ പിതാക്കന്മാർ സൂത്താറ നമസ്ക്കാരത്തിൽ പാടിയത്. കർത്താവേ ഞാൻ ഇന്ന് രാത്രി കടന്ന് പോയാൽ, നിത്യതയിൽ നീയും നിന്റെ പരിശുദ്ധൻമാരും വാഴുന്ന നിത്യസ്വർഗ്ഗീയ തീരത്ത് എത്തുന്നതിന് തടസ്സമായി എന്റെ ജീവിതത്തിൽ പാപങ്ങൾ ഉണ്ടല്ലോ, ഞാൻ അവയെ ഓർത്ത് പേടിക്കുന്നു.

എന്നാണ് പിതാക്കന്മാർ പാടിയത്:

"ഞാനഞ്ചുന്നെൻ പാപത്താൽ,
ശുദ്ധർക്കേകും - മോദപ്പൂങ്കാവിൽ
വേലിയ്ക്കൊത്തെന്നെ നാഥാ!
എൻ പാപം രോധിക്കല്ലേ,
രക്ഷിച്ചെന്നെ നരകത്തീ -
ന്നേകുകവാസം - തിരുഹിതമാം സ്ഥാനേ."

ഞാനഞ്ചുന്നു - ഞാൻ പേടിച്ചു പോകുന്നു. ഞാൻ ഭയന്നു പോകുന്നല്ലോ. ഈ രാത്രി ഉറക്കത്തിൽ ഞാൻ മരിച്ചു പോകുമോ? ഈ രാത്രി ഉറക്കത്തിൽ ഞാൻ കടന്ന് പോയാൽ എന്റെ പാപം വേലിപോലെ തടുത്തു നിൽക്കുന്നു.

വിശുദ്ധന്മാർക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ പറുദീസയിലേക്ക് കടന്ന് വരാൻ പറ്റാത്ത വിധത്തിൽ എന്റെ പാപങ്ങൾ വേലിപോലെ തടുക്കുന്നല്ലോ. കൃംതാ നമസ്ക്കാരത്തിൽ "വേലിക്കൊപ്പം നേർക്കുന്നെൻ കടം ഓർത്തുണ്ടു ഭയം നാഥാ." എന്നാണ് പാടുന്നത്.

നാം എല്ലാവരും അവിടെ ചെല്ലേണ്ടതാണ്. ആ നിത്യത യെക്കുറിച്ച് അറിയാവുന്നത് കൊണ്ടാണ് പേപ്പട്ടി വിഷ ത്തിന് വാക്സിൻ കണ്ടുപിടിച്ച മഹാവലിയ ശാസ്ത്രജ്ഞ നായിരുന്ന ലൂയി പാസ്റ്റർ മരണാനന്തരാവസ്ഥയെക്കുറിച്ച് പറഞ്ഞത്:

അദ്ദേഹത്തിന്റെ മകൾ മരിച്ചുപോയി. ലൂയി പാസ്റ്ററുടെ ഓമനമകൾ മരിച്ചപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ കേൾക്കൂ: "ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ള സത്യങ്ങൾ മാത്രമാണ് എനിക്ക് പരിചയം ഉള്ളത്. എന്നാൽ ഇപ്പോ ഴാകട്ടെ ഞാൻ വിശ്വസിക്കാൻ ആഗ്രഹിക്കുന്നതും വിശ്വ സിക്കയല്ലാതെ ഗത്യന്തരമില്ലാത്തതുമായ ഒരു കാര്യം ഞാനി പ്പോൾ വിശ്വസിക്കയാണ്. എന്റെ കുഞ്ഞിനെ വേറൊരു ലോകത്ത് വെച്ച് കാണാം എന്ന് ഞാൻ ആശിക്കുന്നു."

ഇംഗ്ലണ്ടിൽ Queen Mary യുടെ ഭരണകാലത്ത് Arch ക്രാൻമറുടെ ചാപ്ലെയിനും, ഹാഡ്‌ലെ ഇടവകയുടെ റെക്ടറു മായിരുന്ന റോളണ്ട് ടെയ്‌ലർ ഹാഡ്‌ലെ ചന്തയിൽ വെന്തെ രിഞ്ഞാണ് മരിച്ചത്. അദ്ദേഹം രക്തസാക്ഷിയെപ്പോലെ മരിക്കാനായിട്ട് പോകുകയായിരുന്നു. ഒരു കുന്നിൻ മുക ളിൽ നിന്ന് താഴോട്ട് ഇറങ്ങിച്ചെന്ന് വധസ്ഥലത്തേക്ക് പോവുകയാണ്.

താഴ്‌വരയിലെ കൊലക്കളം നോക്കിക്കൊണ്ട് ആ കുന്നിൻ മുകളിൽ നിന്നുകൊണ്ട് കൂടെയുള്ള പടയാളിക ളോട് അദ്ദേഹം പറഞ്ഞു: "ഇനിയും രണ്ട് മൈൽകൂടി നട ന്നാൽ മതി എനിക്ക് എന്റെ ഭവനത്തിൽ എത്താൻ." അങ്ങനെ പറയാൻ കാരണം, നിത്യനായ രാജാധിരാജന്റെ കൊട്ടാരത്തിൽ എത്തും എന്നുള്ള പ്രത്യാശ അദ്ദേഹത്തെ ഭരിച്ചിരുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്ത് ഹിറ്റ്ലറുടെ നാസി ഭരണത്തിന് എതിരായി ശക്തമായി പറയുകയും പ്രതിക

രിക്കുകയും ചെയ്ത ജോൺ ബോൺഹോഫർ ഭക്തനായ ദൈവദാസൻ ആയിരുന്നു.

പടയാളികൾ അദ്ദേഹത്തെ കൊല്ലുവാൻ കൂട്ടിക്കൊണ്ട് പോവുകയാണ്. വധിക്കുവാനുള്ള സ്ഥലത്തേയ്ക്ക് നടന്ന് നീങ്ങുമ്പോൾ അദ്ദേഹം പറഞ്ഞു:

“നിങ്ങളുടെ കാഴ്ചയിൽ ഇതൊരു അന്ത്യം, എന്നാൽ എനിക്ക് ആകട്ടെ, ഇതൊരു മഹത്തായ ആരംഭം മാത്രം.” നിത്യതയിലേക്കുള്ള ആരംഭം. നിത്യസ്വർഗ്ഗീയ സമാധാന തീരത്തേയ്ക്ക് എത്താനുള്ള ആരംഭം.

പ്രാചീന ചരിത്രകാരനായ ലൂസ്സിയൻ നീറോചക്രവർത്തിയുടെ കാലത്തെ പീഡകളെക്കുറിച്ചെല്ലാം വിവരിക്കുന്നത് നോക്കൂ! അദ്ദേഹം ദൈവവിശ്വാസി ആയിരുന്നില്ല. മരണാനന്തരാനുഭവത്തിൽ വിശ്വാസം ഉള്ള ആളായിരുന്നില്ല. അദ്ദേഹം എഴുതി:

“ഹതഭാഗ്യരായ ക്രിസ്ത്യാനികൾ മരിച്ചാലും ജീവിക്കും എന്നുള്ള മിഥ്യാ സങ്കല്പത്തിന് സ്വയം വിധേയരാക്കിയതിനാലാണ് ഇങ്ങനെ മരിക്കാൻ തയ്യാറാവുന്നത്. ഈ മണ്ടന്മാർ മരിച്ച് കഴിഞ്ഞാൽ പിന്നെ ജീവിക്കും എന്നൊക്കെ ഉള്ള ധാരണവെച്ചു കൊണ്ട് ഇവർ മരിക്കാൻ തയ്യാറാവുകയാണ്.”

ഒരു പരമസത്യം ഉണ്ട്. മരണത്തിന് ശേഷം ഒരു അനന്തമായ നിത്യത ഉണ്ട്. അത് ഒന്നുകിൽ സ്വർഗ്ഗം – അല്ലെങ്കിൽ നരകം.

സ്വർഗ്ഗത്തിൽ എത്തുവാനാണ് നമ്മെ ദൈവം വിളിക്കുന്നത്. തീരാത്തകാലം കർത്താവായ യേശുക്രിസ്തുവാഴുന്ന സ്വർഗ്ഗത്തിൽ നാം വസിക്കണം. എന്നുള്ളതാണ് നമ്മുടെ കർത്താവിന് നമ്മെക്കുറിച്ചുള്ള ആശ.

ജോസഫ് സ്റ്റാലിൻ എന്ന റഷ്യൻ ഭരണകർത്താവിനെക്കുറിച്ച് നിങ്ങൾ കേട്ടുകാണും. കിരാത ഹൃദയം ഉള്ള, കാട്ടാള മനസ്സുള്ള നിഷ്ഠൂരനായ Joseph Stalin മരണനേരത്ത് കാണിച്ച ഭീകരമായ അനുഭവങ്ങൾ, ആക്രോശങ്ങൾ, അദ്ദേഹം വെറിളിപൂണ്ടു പറഞ്ഞ വാക്കുകൾ എല്ലാം അദ്ദേഹത്തിന്റെ മകൾ സ്വറ്റ്ലാന സ്റ്റാലിൻ എഴുതി വെച്ചിട്ടുണ്ട്.

ആ ഗ്രന്ഥത്തിന്റെ പേര് Twenty letters to a friend എന്നാണ്.

അതിലിങ്ങനെ പറയുകയാണ്. "Father died, a difficult and terrible death'' എന്റെ അപ്പൻ വളരെ പ്രയാസപൂർണ്ണവും വളരെ ഭയങ്കരവുമായ ഒരു മരണം ആണ് മരിച്ചത്. The death was horrible അത് ഭയങ്കരമായിരുന്നു, അത് അസഹ്യമായിരുന്നു.

He literally choked to death as we were watching. ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം മരിക്കാൻ ശ്വാസംമുട്ടിക്കൊണ്ടിരിക്കുന്നത് കണ്ടു.

At what seemed like the last moment he suddenly opened his eyes. അവസാന നിമിഷങ്ങളോട് അടുക്കുന്നുവെന്ന് തോന്നി. പെട്ടെന്ന് അദ്ദേഹം കണ്ണ് നല്ലതുപോലെ തുറന്നു.

It was a terrible glance insane അത് ഒരു ഭയങ്കര നോട്ടം ആയിരുന്നു. ഭയങ്കരമായ നോട്ടം. ഒരു ഭ്രാന്തന്റെ ഭയാനാകമായ നോട്ടം പോലെ ആയിരുന്നു. It was a terrible glance insane or perhaps angry and full of fear of death. ഭയങ്കരമായ കോപം മുഖത്ത് സ്ഫുരിച്ചു. നിറഞ്ഞ മരണഭയവും ആ മുഖത്ത് നിഴലിട്ടു.

Then he suddenly lifted his left hand as though he was

pointing something about എന്തോ മുകളിലേക്ക് ചൂണ്ടിക്കാണിക്കുന്നത് പോലെ അദ്ദേഹം ഇടംകൈ ഉയർത്തി.

കൈ താഴോട്ട് എറിഞ്ഞിട്ട് അദ്ദേഹം ഞങ്ങളുടെ നേരെ ശപിച്ചുകൊണ്ട് എന്തോ പറഞ്ഞു. അവസാന നിമിഷങ്ങൾ ഭയങ്കരം ആയിരുന്നു. വെപ്രാളപ്പെട്ടുകൊണ്ട് ആക്രോശിക്കുകയും ഞരങ്ങുകയും മൂളുകയും ഉച്ചത്തിൽ അട്ടഹസിക്കുകയും ഗർജ്ജിക്കുകയും ചെയ്തുകൊണ്ടിരുന്നു.

മരണനേരം ശാന്തം ആകണമെങ്കിൽ, യേശുക്രിസ്തു ഹൃദയത്തിൽ ഉണ്ടായിരിക്കണം.

മരിക്കുന്ന സമയത്ത് നമുക്ക് സമാധാനത്തോടെ കടന്ന് പോകണം. ഇവിടെ എന്ത് നേടി എന്നുള്ളതല്ല, ഇവിടെ എന്തുമാത്രം സ്വത്ത് ഉണ്ട് എന്നുള്ളതല്ല, എത്ര ഉയർന്ന ഡിഗ്രികൾ കരസ്ഥമാക്കി എന്നുള്ളതല്ല, നിത്യസ്വത്തായ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം എന്നതാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്.

യേശുക്രിസ്തു ഹൃദയത്തിൽ ഉണ്ടെങ്കിൽ അതിൽപ്പരം ഭാഗ്യം മറ്റെന്തുണ്ട്! യേശു പോയ വഴിയിലൂടെ പോകാൻ കുരിശിന്റെ പാതയിലൂടെ പോകാൻ നിങ്ങൾക്ക് താല്പര്യം ഉണ്ടോ?

എങ്കിൽ നിങ്ങൾക്ക് യേശുവിനോട് ഒരുവാക്ക് പറയാം. കർത്താവേ, നിത്യ സ്വർഗ്ഗരാജ്യത്തിൽ എത്തുവാൻ, എന്റെ പാപക്കറകൾ കഴുകണമേ എന്ന്. പാപങ്ങൾ എല്ലാം കഴുകപ്പെടുന്നത് മഹാഭാഗ്യം ആണ്.

> “അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ, അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ, നീതിമാൻ ഇനിയും നീതി ചെയ്യട്ടെ, വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീ

കരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു, ഓരോത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ഞാൻ അല്ഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും, ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്ത് തന്നേ.”

വെളി. 22 : 11 – 15

ചിലർ പുറത്ത്, ചിലർ അകത്ത്. അകത്ത് കടക്കണം. എങ്കിൽ വസ്ത്രം അലക്കി കൊള്ളണം. വസ്ത്രം അലക്കുന്നത് എങ്ങനെ? ശുദ്ധീകരണം പ്രാപിക്കണം. പാപം വിട്ടൊഴിഞ്ഞ് നിരന്തരം പാപത്തോടും പിശാചിനോടും പോരാടി ജയിച്ച് പുതിയ ജീവിതം നയിക്കണം.

ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടി സ്വർഗ്ഗീയ ഊർശ്ലേം നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്ത് തന്നേ.

പാപത്തിൽ കഴിയുന്നവരെല്ലാം പുറത്ത് നിന്ന് കര

യേണ്ടി വരും. അപ്പോഴാണറിയുന്നത് ഞാൻ എത്തേണ്ടിടത്ത് എത്തിയില്ലല്ലോ എന്ന്.

ഒരിക്കലും തിരുത്താനാവാത്ത നഷ്ടം വരുന്നതിന് മുമ്പ് ഇന്ന് ഈ വാക്കുകളെ വായിക്കുമ്പോൾത്തന്നെ എന്റെ സ്നേഹിതരെ, നിങ്ങളുടെ ഹൃദയ വാതിൽക്കൽ വന്ന് മുട്ടുന്ന ക്രിസ്തുവിനെ ഹൃദയത്തിലേക്ക് കൈക്കൊൾവിൻ.

ക്രിസ്തുവിനായി നിങ്ങളുടെ ഉള്ള് തുറക്കുവിൻ. ക്രിസ്തുവിനോട് വാക്കു പറയുവിൻ.

നാഥാ, ഇന്നു വരെ ഞാൻ നരകാവകാശി ആയി ജീവിച്ചു. ഇന്നു വരെ പാപത്തിന് അടിമയായി ഞാൻ ജീവിച്ചു. ഇന്ന് വരെ പാപത്തിന്റെ അധിപതിയായ പിശാചിന്റെ അടിമയായി ജീവിച്ചു. എന്റെ ദൈവമേ, ഇന്നു മുതൽ, ഞാൻ ക്രിസ്തുവുള്ളവനായി ജീവിപ്പാൻ ഇതാ എന്നെത്തന്നെ നിന്റെ പാദപീഠത്തിൽ സമർപ്പിക്കുന്നു.

എന്റെ ഈ നിസ്സാര ജീവിതം, അല്പ്പായുസ്സ് ഉടയവനേ, നിന്റെ തൃക്കരങ്ങളിലേക്ക് ഞാനിതാ ഏല്പിക്കുന്നു. നാഥാ എന്റെ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണമായി നിന്റെ കരങ്ങളിലേക്ക് തരുന്നു. ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി ആയിരിക്കും.

ഇതുവരെ വന്നതെല്ലാം നിന്റെ തിരുരക്തത്താൽ കഴുകണമേ. എന്നെ കഴുകി വെടിപ്പാക്കണമേ. അതിനൊന്നും പ്രായശ്ചിത്തം ചെയ്യാൻ എനിക്ക് വകയില്ല. എന്നോട് കരുണതോന്നണമേ.

## നാല്

“അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചു പോകാതെ പൂർണ്ണധൈര്യം പൂണ്ടു ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ, മരണത്താൽ ആകട്ടെ, എപ്പോഴും എന്ന പോലെ ഇപ്പോഴും മഹിമപ്പെടുകേയുള്ളൂ എന്ന് പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നതു നിങ്ങൾ നിമിത്തം ഏറെ ആവശ്യം. ഇങ്ങനെ ഉറച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും

> സന്തോഷത്തിനുമായി തന്നേ ഞാൻ ജീവ
> നോടിരിക്കും എന്നും നിങ്ങളോടു എല്ലാവ
> രോടുംകൂടെ ഇരിക്കും എന്നും അറിയുന്നു."
>
> ഫിലിപ്പ്യർ 1 : 20–25

കർത്താവായ യേശുക്രിസ്തുവിന്റെ ശ്രേഷ്ഠ അപ്പോസ്തലനായ പൗലോസ് ശ്ലീഹാ സ്വന്തം ജീവിതത്തിന്റെ കാതലായ ചിന്താഗതി വിളിച്ചറിയിക്കുന്ന വാക്യമാണിത്.

ജീവിക്കുന്നത് ക്രിസ്തു, ക്രിസ്തുവിന് വേണ്ടി, ക്രിസ്തുവിന്റെ മഹത്വത്തിന് വേണ്ടി, ക്രിസ്തു മാത്രം. ക്രിസ്തുമയം.

ഞാൻ കടന്ന് പോകുന്നത് എനിക്ക് ലാഭമാണ്. കാരണം, ഈ ശരീരത്തിൽ നിന്ന് വിട്ട് പിരിഞ്ഞാൽ എന്റെ ആത്മാവ് ക്രിസ്തുവിനോട് കൂടെ ആയിരിക്കും. വിട്ട് പിരിഞ്ഞ് ക്രിസ്തുവിനോട് കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്. അതാണ് എന്റെ ആഗ്രഹം. അതാണ് അത്യുത്തമമായ കാര്യം.

> "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാ
> രിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാര
> മില്ല എന്നു ഞാൻ എണ്ണുന്നു."
>
> റോമർ 8 : 18

കഷ്ടതയുണ്ട്; ഞെരുക്കങ്ങൾ ഉണ്ട്; രോഗം ഉണ്ട്; ബന്ധനം ഉണ്ട്; ജയിൽ വാസം ഉണ്ട്; ആപത്തുകൾ ഉണ്ട്; അനർത്ഥങ്ങൾ ഉണ്ട്; എതിർപ്പുകൾ ഉണ്ട്; പോരാട്ടങ്ങൾ ഉണ്ട്; കുത്തിത്തിരിപ്പുകൾ ഉണ്ട്; മത്സരങ്ങൾ ഉണ്ട്; ജീവിതത്തിൽ ഏറെയേറെ യാതനകളും വേദനകളും അനുഭവിക്കേണ്ടി വരുന്നുണ്ട്.

എന്നാൽ അപ്പോസ്തലനായ പൗലോസ് പറയുക

യാണ്: ഇതെല്ലാം എത്ര ക്ഷണികം! എത്ര നിസ്സാരം! ഈ ലോകജീവിതത്തിലെ താല്ക്കാലികമായ ദുരിതങ്ങൾ മാത്രം.

എന്നാൽ എനിക്ക് ഒരു കാര്യം ഉറപ്പുണ്ട് എന്നാണ് അപ്പോസ്തലൻ പറയുന്നത്. നമ്മിൽ വലിയോരു തേജസ്സ് വെളിപ്പെടാനിരിക്കുന്നു. "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു."

സാരമില്ല ഇവിടെയുള്ള കഷ്ടങ്ങൾ ഇവിടെയുള്ള നഷ്ടങ്ങൾ, ഇവിടെയുള്ള ദുരിതങ്ങൾ, ഇവിടെയുള്ള വേദ നകൾ, ഇവിടെയുള്ള രോഗങ്ങൾ, യാതന നിറഞ്ഞതായ അനുഭവങ്ങൾ. എല്ലാം നിസ്സാരം.

"എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു." വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട് കൂടെ ഇരിപ്പാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. അത് അത്യുത്തമമല്ലോ. ഉത്തമമായ കാര്യം അതാണ്. ക്രിസ്തു വിനോടു കൂടെ ഇരിക്കുക.

അപ്പോസ്തലനായ പൗലോസ് കോരിന്ത്യർക്ക് ലേഖനം എഴുതിയപ്പോൾ ഇങ്ങനെയാണ് പറഞ്ഞത്:

"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടു ള്ളത് കണ്ണ് കണ്ടിട്ടില്ല. ചെവി കേട്ടിട്ടില്ല. ഒരു മനുഷ്യ ന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." വലിയോരു തേജസ്സ് നമുക്ക് ഒരുക്കി വെച്ചിരിക്കുന്നു. 1 കൊരി. 2:9

കണ്ണിന് കാണാൻ കഴിയാത്തതും ചെവിക്ക് കേൾക്കാൻ കഴിയാത്തതും ഒരു മനുഷ്യന്റെയും ഹൃദയ ത്തിന് ഊഹിക്കുകയോ, നിരൂപിക്കുകയോ ചെയ്യാൻ കഴി യാത്തതുമായ വലിയോരു ഭാഗ്യം നമുക്ക് വേണ്ടി കരുതി വെച്ചിരിക്കുന്നു.

അപ്പോസ്തലനായ പൗലോസിന്റെ ആ ദാർശനികമായ ആശയത്തിന്റെ പൊരുൾ ആണ് തന്റെ സുവിശേഷ വേല യുടെയും തന്റെ ലേഖനങ്ങളുടേയും എല്ലാം പിന്നിൽ നിറ ഞ്ഞുനിന്നിരുന്നത്. എന്തു വലിയ അഭിമാനത്തോടും ആദ രവോടും കൂടിയാണ് അപ്പോസ്തലൻ കർത്താവിന്റെ വേല ചെയ്തത്!

ഈ ലോകജീവിതം താല്ക്കാലികം ആണ്. അതിന് ശേഷമുള്ള നിത്യത ക്രിസ്തുവിനോടു കൂടെ ഇരിക്കുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം.

ഇന്ന് ലോകത്തിന് വേണ്ടിയാണ് നാം ജീവിക്കുന്നത്. ജീവിക്കാൻവേണ്ടി ജീവിക്കുന്നു.

ഒരു ദൈവദാസൻ നടന്നു പോവുകയായിരുന്നു. കുട്ടികൾ സ്കൂളിലേക്ക് പോകുന്നു. അപ്പോൾ ദൈവദാ സൻ അവരോട് ചേർന്ന് നടന്നു. അദ്ദേഹം ചോദിച്ചു.

കുഞ്ഞുങ്ങളേ, നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്?

അവർ പറഞ്ഞു: കാണരുതോ, ഞങ്ങൾ സ്കൂളി ലേക്ക് പോവുകയാണ്.

സ്കൂളിൽ ചെന്നിട്ട് നിങ്ങൾ എന്താ ചെയ്യാൻ പോകു ന്നത്?

ഞങ്ങൾ പഠിക്കാൻ പോകുന്നു.

പഠിച്ചു കഴിഞ്ഞാൽ പിന്നെ എന്തു ചെയ്യും?

പഠിച്ചു കഴിഞ്ഞാൽ പിന്നെയും ഞങ്ങൾ പഠിക്കും. പഠിച്ചു കഴിഞ്ഞാൽ? ഈ സ്കൂളിൽ നിന്ന് പഠിച്ചു കഴി ഞ്ഞാൽ കുറേക്കൂടി ഉയർന്ന ക്ലാസ്സിൽ പഠിക്കും.

പിന്നെ എന്തു ചെയ്യും?

പിന്നെ ഞങ്ങൾ കോളേജിൽ പോകും.

കോളേജിൽ പോയികഴിഞ്ഞാൽ പിന്നെ എന്തു ചെയ്യും?

പിന്നെ ഞങ്ങൾ ഡിഗ്രി എടുക്കും.

മോനേ, നീ പഠിച്ചു കഴിഞ്ഞാൽ പിന്നെ എന്താണ് നിന്റെ ഉദ്ദേശം?

അതിൽ ഒരു കുട്ടി പറഞ്ഞു. സാറേ, എന്താണങ്ങനെ ചോദിക്കുന്നത്? പഠിച്ചു കഴിഞ്ഞാൽ പിന്നെ ഒരു ജോലി കിട്ടാൻ നോക്കും.

ജോലി കിട്ടിക്കഴിഞ്ഞാൽ പിന്നെ എന്തു ചെയ്യും?

പിന്നെ - പിന്നെ അവൻ അല്പനേരം ഒന്നു മടിച്ചു നിന്നു. പിന്നെ ഞാനൊരു കല്യാണം കഴിക്കും.

അത് കഴിഞ്ഞാൽ പിന്നെ എന്ത് ചെയ്യും?

അവൻ പറഞ്ഞു. പിന്നെ അങ്ങനെ ജീവിക്കും.

അതു കഴിഞ്ഞ് പിന്നെ എന്തു ചെയ്യും?

പിന്നെ പ്രായമാകും.

മോനെ പിന്നെ നീ എന്ത് ചെയ്യും?

പിന്നെ ഞാനങ്ങ് മരിക്കും.

മരിച്ചു കഴിഞ്ഞാൽ പിന്നെ നീ എന്ത് ചെയ്യും?

അത്രയും നേരം ഈ കുട്ടിക്ക് മറുപടി പറയാൻ ഉണ്ട്. പക്ഷേ മരിച്ച് കഴിഞ്ഞാൽ പിന്നെ എന്ത്? അതിനെക്കുറിച്ച് വ്യക്തമായ മറുപടി പറയാൻ ആ കുട്ടികൾക്ക് സാധിച്ചില്ല.

പിന്നെ എന്ത്? എന്തിന് വേണ്ടിയാണ് ജീവിക്കുന്നത്?

ജീവിക്കാൻ വേണ്ടി ജീവിക്കുന്നു. എന്തിനാണ് ജീവിക്കുന്നത്? ജീവിക്കാൻ വേണ്ടി. അതിനപ്പുറം അറിഞ്ഞു കൂടാ.

ഈ താല്ക്കാലിക ജീവിതം എല്ലാം എങ്ങിനെയെങ്കിലും ജീവിച്ചങ്ങ് തീർക്കുക. സുഖമായി ജീവിക്കണം. സന്തോഷമായി ജീവിക്കണം. സമാധാനമായി ജീവിക്കണം. അത്രമാത്രം.

അതിൽ അപാകത ഒന്നും ഇല്ല. തീർച്ചയായും അങ്ങനെ തന്നെ വേണം. സമാധാനമായി തന്നെയാണ് ജീവിക്കേണ്ടത്. സന്തോഷം ഉണ്ടായിരിക്കണം. ജീവിതത്തിൽ ഒരു സംതൃപ്തിയും സമാധാനവും തീർച്ചയായിട്ടും കൈവരിക്കണം.

പക്ഷേ ഇതിനപ്പുറം എന്ത്? പലപ്പോഴും നാം ചിന്തിക്കാറില്ല. ദൈവത്തിന്റെ തിരുവചനം ഇങ്ങനെയാണ് പറയുന്നത്.

> "ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ
> നിത്യജീവങ്കലേക്കും പോകും."
>
> മത്തായി 25 : 46

ഒരു ഭാഗം ആളുകൾ നിത്യ ജീവങ്കലേക്ക് പോകും, വേറൊരു ഭാഗം ആളുകൾ നിത്യദണ്ഡനത്തിലേക്ക് പോകും.

നിത്യദണ്ഡനം. (Eternal torture) എന്ന ഒന്നുണ്ടോ?

സ്നേഹവാനായ ദൈവം മനുഷ്യനെ ശിക്ഷിക്കുമോ? ദൈവം സ്നേഹം ആകുന്നു എന്ന് തിരുവചനം പറയുന്നു. സ്നേഹവാനായ ദൈവം നിത്യമായ നരകം തരുമോ? നിത്യമായ നരകം ഉണ്ടോ?

വേദശാസ്ത്രജ്ഞന്മാർ എന്ന് അറിയപ്പെടുന്നവരിൽ ചിലർ നിത്യനരകം ഇല്ലെന്ന് പറയുന്നുണ്ട്.

എന്നാൽ യേശുക്രിസ്തു സ്വന്തം നാവുകൊണ്ട് പറഞ്ഞത് എന്താണ്?

"ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും."

നിത്യദണ്ഡനം ഉണ്ട്, നിത്യജീവനുമുണ്ട്.

നിത്യമായ ജീവൻ ഒരിക്കലും തീരാത്ത ജീവനാണ്. സ്വർഗ്ഗീയമായ സമാധാനമാണ്.

ഒരിക്കലും തീരാത്ത നരകമാണ് നിത്യദണ്ഡനം. അത് നിത്യമായ യാതനയാണ്.

അതിനെക്കുറിച്ചാണ് തിരുവചനത്തിൽ ആവർത്തിച്ചു പറയുന്നത്. "കരച്ചിലും പല്ലുകടിയും ഉണ്ടാകും" എന്ന്.

> "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും, നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്ന് അവനോടു പറഞ്ഞു."
>
> മത്തായി 25 : 23

> "എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ, അവിടെ കരച്ചിലും പല്ലു കടിയും ഉണ്ടാകും."
>
> മത്തായി 25 : 30

യാതനയുടെ തീരാത്ത കരച്ചിൽ, നിരാശയുടെ പല്ലുകടി. ഇനി രക്ഷപ്രാപിപ്പാൻ സാധിക്കുകയില്ലല്ലോ. നല്ല നല്ല അവസരങ്ങൾ പാഴാക്കിക്കളഞ്ഞല്ലോ എന്നറിയുമ്പോഴുണ്ടാ

കുന്ന ഒടുങ്ങാത്ത നിരാശ.

എന്നാൽ മറ്റൊരു ഭാഗം ആളുകൾ “നല്ലവനും വിശ്വസ്തനുമായ ദാസനേ” എന്നുള്ള വിളികേൾക്കുന്നു. “നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. അധികത്തിന് ഞാൻ നിന്നെ വിചാരനാക്കും.” എന്നാണവിടെ കേൾക്കുന്നത്.

സ്വർഗ്ഗത്തിലെ നിത്യനായ യജമാനൻ കല്പിക്കുന്നത് അങ്ങനെയാണ്. ‘നല്ലവനും വിശ്വസ്തനും ആയ ദാസൻ.’ എന്നാൽ മറ്റേ ദാസനെ കുറിച്ച് പറയുന്നത് അങ്ങനെയല്ല. ‘ദുഷ്ടനും മടിയനുമായ ദാസൻ’, ‘കൊള്ളരുതാത്ത ദാസൻ’ മത്തായി 25 : 26

“ദുഷ്ടനും മടിയനുമായ ദാസനേ” എന്ന് വിളിച്ചിട്ട് പറയുകയാണ് : “കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.”

മരണത്തിന് ശേഷം എന്ത്? മനുഷ്യൻ മരിച്ചാൽ എവിടെ? സ്ഥായിയായ ഈ ചോദ്യത്തിന് മറുപടി തിരുവചനത്തിൽ നമുക്ക് കാണാൻ സാധിക്കുന്നു.

ഒന്നുകിൽ നിത്യജീവനിൽ അല്ലെങ്കിൽ നിത്യ നരകത്തിൽ, ഒന്നുകിൽ നിത്യസ്വർഗ്ഗത്തിൽ അല്ലെങ്കിൽ നിത്യയാതനയിൽ. ഒന്നുകിൽ നിത്യ സന്തോഷത്തിൽ അല്ലെങ്കിൽ നിത്യദുരിതത്തിൽ. ഇതിനെക്കുറിച്ച് ദാനിയേൽ പ്രവാചകൻ പറയുന്നു.

> “നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും.”
>
> ദാനിയേൽ 12 : 2

മനുഷ്യൻ, ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും, നിലത്തിലെ പൊടിയിൽ നിദ്രകൊള്ളും. മണ്ണിൽ മറയും. മൺമറഞ്ഞു പോകുന്ന മനുഷ്യൻ ഒരുനാൾ ഉയിർത്തെഴുന്നേൽക്കും.

നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായി ഉണരും. ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും. ഇതിനെക്കുറിച്ച് ലൂക്കോസിന്റെ സുവിശേഷത്തിൽ നമ്മുടെ കർത്താവ് പറഞ്ഞു:

> "അവനോ: നിങ്ങൾ എവിടെ നിന്നു എന്ന് ഞാൻ അറിയുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു, അനീതി പ്രവർത്തിക്കുന്ന ഏവരുമായുള്ളോരെ, എന്നെ വിട്ടു പോകുവിൻ എന്നു പറയും. അവിടെ അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും."
>
> ലൂക്കോസ് 13 : 27 - 28

ഒരുഭാഗം ആളുകൾക്ക് നിരാശയും ദുഃഖത്തിന്റെ വിലാപവും ഉണ്ടാകും. മറ്റൊരുവിഭാഗം ആളുകൾ നിത്യജീവനിൽ സന്തോഷിക്കുന്നു.

വിശുദ്ധന്മാർ നിത്യജീവനിൽ സന്തോഷിക്കുന്നത് യാതനയുടെ വേദനയിൽ പുളഞ്ഞു കൊണ്ടിരിക്കുന്നവർ കാണും. അയ്യോ ഞാൻ എന്നെന്നേക്കുമായി ഉപേക്ഷിക്കപ്പെട്ടല്ലോ എന്നുള്ള നിരാശയിലും സങ്കടഭാരത്തിലും ഏറ്റവും ഭയങ്കരമായ വേദനയിലും പൊരിഞ്ഞുകൊണ്ട് അവർ കാണും. അപ്പോഴാണ് കരച്ചിലും പല്ലുകടിയും ഉണ്ടാകുന്നത്.

> "അവിടെ അബ്രഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവ രാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറത്ത് തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും."
>
> ലൂക്കോസ് 13:28

തുടർന്ന് പറയുന്നു.

> "കിഴക്കുനിന്നും പടിഞ്ഞാറു നിന്നും തെക്കു നിന്നും വടക്കു നിന്നും അനേകർ വന്നു ദൈവരാജ്യത്തിൽ പന്തിയിലിരിക്കും. മുമ്പ ന്മാരായിത്തീരുന്ന പിമ്പന്മാരുണ്ട്. പിമ്പന്മാ രായിത്തീരുന്ന മുമ്പന്മാരും ഉണ്ട്."
>
> ലൂക്കോസ് 13:29-30

പിമ്പന്മാരായിരുന്നു, എന്നാൽ ദൈവകൃപയാൽ മാന സാന്തരപ്പെട്ട് ക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുപ്പ് അനുഭവിച്ചു. അവർ സ്വർഗ്ഗരാജ്യത്തിൽ പന്തിയിൽ ഇരിക്കും.

എന്നാൽ മറ്റൊരു ഭാഗം ആളുകൾ കരച്ചിലും പല്ലു കടിയും ആയി തീരാത്ത യാതനയിൽ പൊരിഞ്ഞ് വലഞ്ഞു കൊണ്ടിരിക്കും.

> "അവൻ പട്ടണം തോറും ഗ്രാമംതോറും സഞ്ചരിച്ചു യെരൂശലേമിലേക്കു യാത്ര ചെയ്തു. അപ്പോൾ ഒരുത്തൻ അവനോടു: കർത്താവേ, രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ എന്നു ചോദിച്ചതിനു അവനോടു പറഞ്ഞ തു: ഇടുക്കുവാതിലൂടെ കടപ്പാൻ പോരാടു വിൻ. പലരും കടപ്പാൻ നോക്കും കഴികയി ല്ലതാനും."
>
> ലൂക്കോസ് 13 : 22

ഒരാൾ വന്ന് ചോദിച്ചു, കർത്താവേ, യഹൂദമത ത്തിലെ പുരോഹിതന്മാരും മറ്റും പറഞ്ഞ് ഞങ്ങൾ മനസ്സി ലാക്കിയിട്ടുള്ളത്, യാഗം കഴിച്ചാൽ മതി, രക്ഷപ്പെടാം എന്നുള്ളതാണ്.

ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത് പള്ളിയിലേക്ക് വഴി പാട് കൊടുത്താൽ മതി, രക്ഷപ്പെടും എന്നാണ്. ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത് യെരുശലേം ദേവാലയത്തിലെ മൂന്ന് പ്രധാന പെരുന്നാളുകളിൽ സംബന്ധിച്ചാൽ മതി, രക്ഷ പ്പെടാം എന്നാണ്. ഞങ്ങൾ അങ്ങനെയൊക്കെയാണ് ധരിച്ചു വെച്ചിരുന്നത്.

എന്നാൽ നീ ഒരു പുതിയ ഉപദേശം കൊണ്ടു വരു ന്നതായിട്ട് തോന്നുന്നുവല്ലോ? സ്വർഗ്ഗരാജ്യത്തിൽ എത്തു വാൻ പ്രയാസം ആണെന്ന് തോന്നുന്നുവല്ലോ?

എന്താണ് നീ പറയുന്നത്? രക്ഷപ്പെടുന്നവർ ചുരുക്ക മാണോ?

ഞങ്ങൾ ധരിച്ചു വെച്ചിരിക്കുന്നത് യഹോവയായ ദൈവത്തെ വിശ്വസിക്കുന്നു എന്ന് പറഞ്ഞ് യെരുശലേം ദൈവാലയത്തിൽ പോവുകയും യെരുശലേം ദേവാലയ ത്തിലെ പെരുന്നാളുകളിൽ സംബന്ധിക്കുകയും യെരു ശലേം ദേവാലയത്തിൽ വഴിപാട് ഇടുകയും ചെയ്താൽ സ്വർഗ്ഗരാജ്യത്തിൽ പോകാം എന്നായിരുന്നു. യെരൂശലേം ദേവാലയത്തിൽ യാഗങ്ങൾ നടത്തുകയും മഹാപുരോഹി തന്മാരെ പ്രസാദിപ്പിക്കുകയും ചെയ്താൽ രക്ഷപ്പെടും എന്നാണ് ഞങ്ങൾ ധരിച്ചുവെച്ചിരുന്നത്.

എന്നാൽ ഇപ്പോൾ നീ പറയുന്നത് കേട്ടപ്പോൾ ഞങ്ങൾക്ക് മനസ്സിലാകുന്നു. അനേകരും രക്ഷപ്പെടുക യില്ല. പലരും ദൈവരാജ്യത്തിൽ എത്തുകയില്ല എന്നാണ് നീ ഉദ്ദേശിക്കുന്നതെന്ന്.

രക്ഷിക്കപ്പെടുന്നവർ ചുരുക്കം ആണോ? എന്ന് അയാൾ ചോദിച്ചതിന് അവനോട് കർത്താവ് ചുരുക്കം എന്നല്ല പറഞ്ഞത്, "ഇടുക്കുവാതിലിലൂടെ കടപ്പാൻ പോരാടുവിൻ; പലരും കടപ്പാൻ നോക്കും കഴികയില്ലതാനും" എന്നാണ്.

കടക്കണം എന്ന് പലർക്കും ആഗ്രഹം ഉണ്ട്. ദൈവ രാജ്യത്തിൽ എത്തണം എന്ന് പലർക്കും ആഗ്രഹം ഉണ്ട്. പലരും കടക്കാൻ നോക്കും. ശ്രമിക്കും. പലരും ദൈവരാ ജ്യത്തിൽ എത്താൻ വളരെ അദ്ധ്വാനിക്കും, കഷ്ടപ്പെടും പക്ഷേ കഴിയുകയില്ല താനും.

സാധ്യം അല്ല എന്നാണ് കർത്താവ് പറഞ്ഞത്. രക്ഷി ക്കപ്പെടുന്നവർ ചുരുക്കം എന്നല്ല കർത്താവ് പറഞ്ഞത്. ശ്രമിച്ചാലും സാധ്യം അല്ല. രക്ഷിക്കപ്പെടുന്നവർ ചുരു ക്കമോ എന്ന് ചോദിച്ചതിന് അവനോട് പറഞ്ഞത്.

> "ഇടുക്കു വാതിലിലൂടെ കടപ്പാൻ പോരാടു വിൻ പലരും കടപ്പാൻ നോക്കും കഴികയി ല്ലതാനും എന്നു ഞാൻ നിങ്ങളോടു പറയു ന്നു. വീട്ടുടയവൻ എഴുന്നേറ്റു കതകു അട ച്ചശേഷം നിങ്ങൾ പുറത്തു നിന്നു: കർത്താ വേ, തുറന്നു തരേണമേ എന്നു പറഞ്ഞു കൊണ്ടു കതകിന്നു മുട്ടിത്തുടങ്ങുമ്പോൾ: നിങ്ങൾ എവിടെ നിന്നു എന്നു ഞാൻ അറി യുന്നില്ല, എന്ന് അവൻ ഉത്തരം പറയും. അന്നേരം, നിങ്ങൾ നിന്റെ മുമ്പിൽ ഞങ്ങൾ തിന്നുകയും കുടിക്കുകയും ഞങ്ങളുടെ തെരു ക്കളിൽ നീ പഠിപ്പിക്കുകയും ചെയ്തുവല്ലോ എന്നു പറഞ്ഞു തുടങ്ങും. അവനോ: നിങ്ങൾ എവിടെ നിന്നു എന്നു ഞാൻ അറിയുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു, അനീതി പ്രവർത്തിക്കുന്ന ഏവരുമായുള്ളോരേ,

എന്നെവിട്ടു പോകുവിൻ എന്നു പറയും.”

ലൂക്കോസ് 13:24-27

അനീതി മാറിയില്ല നിങ്ങൾ വലിയ പരിചയം പറഞ്ഞുകൊണ്ട് വരുന്നുണ്ട്.കർത്താവേ, നീ ഞങ്ങളുടെ തെരുക്കളിൽ വന്ന് പഠിപ്പിച്ചില്ലേ? നമുക്ക് പരിചയം ഉണ്ടല്ലോ. ഇപ്പോൾ എന്താണ് അറിയുന്നില്ല എന്ന് പറയുന്നത്?

നമ്മൾ ഒരുമിച്ച് ഭക്ഷണം കഴിച്ചിട്ടില്ലേ? നമ്മൾ ഒരുമിച്ച് തിന്നുകയും കുടിക്കുകയും ചെയ്തിട്ടില്ലേ? നമ്മൾ ഒരുമിച്ച് യാത്ര ചെയ്തിട്ടില്ലേ? എന്നിട്ട് നീ എന്താണ് ഇപ്പോൾ അറിയില്ല എന്നു പറയുന്നത്?

കർത്താവ് പറയും : അനീതി മാറിയില്ല. ജീവിതം മാറിയില്ല. അനീതി പ്രവർത്തിക്കുന്ന ഏവരും ആയുള്ളോരെ എന്നെ വിട്ട് പോകുവിൻ എന്ന് ഞാൻ അവരോട് തീർത്തു പറയും.

ഇന്ന് ഈ വാക്കുകളെ നിങ്ങൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ വ്യക്തമായി ഒരുകാര്യം ഗ്രഹിക്കൂ. ജീവിതത്തിലെ പാപം മാറിയാലല്ലാതെ പരിശുദ്ധന്മാർക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ പൂങ്കാവനത്തിൽ പ്രവേശിക്കുകയില്ല.

അകൃത്യത്തിന്റെ വേലി എങ്ങനെ മാറും? അതിനാണ് നീതിസൂര്യനായ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ ഉദിക്കുന്നത്. പൂർവ്വകാല മനീഷികൾ പാടി. നാഥാ ഞങ്ങളെ വെളിച്ചത്തിലേക്ക് നയിക്കണമേ. എന്ന്.

ഇന്ന് ഈ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ വെളിച്ചത്തിന് വേണ്ടി കൊതിപ്പിൻ. സത്യവെളിച്ചം ഒന്നേ ഉള്ളൂ. അത് കർത്താവായ യേശുക്രിസ്തുവാണ്. ആ ജീവപ്രദമായ വെളിച്ചത്തിലേക്ക് നിങ്ങൾ

ഓടി വരുവിൻ. അന്ധകാര ശക്തികളോട് യാത്ര പറയുവിൻ. പൈശാചിക സേനകളോട് യാത്ര പറയുവിൻ. പാപത്തെ വിട്ട് തിരിയുവിൻ. പാപക്കറകൾ കഴുകിമാറ്റുന്ന ക്രൂശിൻ തിരുരക്തത്തിൽ ആശ്രയിപ്പിൻ.

ഗോഗുൽത്തായിൽ ചിന്തിയ തിരുരക്തത്തിന്റെ അത്ഭുതശക്തിയിൽ നിങ്ങൾ ശരണപ്പെടുവിൻ. ക്രിസ്തുവിനെ നിങ്ങളുടെ നാഥനായി സ്വീകരിപ്പിൻ.

യേശുക്രിസ്തു ഇതാ നിങ്ങളുടെ അരികത്ത് വന്ന് നിൽക്കുകയാണ്. ഈ വാക്കുകളെ നിങ്ങൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നിങ്ങളുടെ അരികത്തേക്ക് യേശു വരുന്നു എന്ന് നിങ്ങൾ ധ്യാനിപ്പിൻ.

മോനെ, നിത്യനരകത്തിലേക്ക് നീ പോകണ്ട എന്ന് യേശു നിങ്ങളോട് പറയുകയാണ്. മോളെ, നീ നിത്യനരകത്തിന്റെ ഭീകരാഗ്നിയിലേക്ക് നീങ്ങണ്ട എന്ന് യേശു പറയുകയാണ്. നിനക്ക് നിത്യജീവൻ തരാമെന്ന് കർത്താവ് വാഗ്ദത്തം ചെയ്യുന്നു.

## അഞ്ച്

"അപ്പോൾ യഹോവ: മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല, അവൻ ജഡം തന്നേയല്ലോ, എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്ന് അരുളിച്ചെയ്തു."

ഉല്പത്തി 6 : 3

"My spirit must not for ever be disgraced in man. Wholly evil as he is. I will give him one twenty years to mend his ways."

മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല. എന്ന് ദൈവം അരുളിച്ചെയ്യുന്നു. എന്തിനാണ് വാദിക്കുന്നത്? നാം സ്വർഗ്ഗീയ മഹത്വത്തിൽ പ്രവേശിക്കാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

അത് ശരിയായി തർജ്ജിമ ചെയ്താൽ, എന്റെ ആത്മാവ് മനുഷ്യന്റെ മുമ്പിൽ കെഞ്ചി Plead ചെയ്ത് നിന്നിട്ട് മനുഷ്യൻ നിരസിച്ചുകളയുന്നതു കൊണ്ടു ഇനി

മേൽ എന്റെ ആത്മാവ് അപമാനിതനായി തിരിച്ചു പോരാൻ ഞാൻ സമ്മതിക്കുകയില്ല. എന്റെ ആത്മാവിന് അപമാനം വരത്തക്കവണ്ണം അവനിൽ തിന്മയുണ്ട്. മനുഷ്യൻ മുഴുവൻ തിന്മയാണ്.

മലയാളവേദ പുസ്തകത്തിൽ അവൻ ജഡം തന്നെയല്ലോ എന്നേ ഉള്ളൂ. മുഴുവനും തിന്മയാണ് മനുഷ്യൻ. എന്നാൽ തിന്മ മാറ്റാൻ അവന് ഒരു ആയുഷ്ക്കാലം ഞാൻ കൊടുക്കുന്നു എന്നാണ് ദൈവം അരുളിച്ചെയ്യുന്നത്.

"I will give him one twenty years to mend his ways."

അവന്റെ വഴികളൊക്കെ ഒന്ന് ക്രമീകരിപ്പാൻ ഞാൻ അവന് ഒരു നിശ്ചിത കാലയളവ് നൽകുകയാണ്. 120 വർഷം ഞാൻ കൊടുക്കുകയാണ്.

നമുക്കോരോരുത്തർക്കും നിശ്ചിത കാലയളവ് തന്നിട്ടുണ്ട്. ആ നിശ്ചിത കാലയളവു കൊണ്ട് നാം നിത്യജീവന്റെ അവകാശം പ്രാപിക്കേണ്ടതാണ്. ഈ നിശ്ചിതമായ കാലയളവ് എന്ന് തീരുമെന്ന് അറിയാൻ വയ്യാത്തതു കൊണ്ട് ഇന്നു തന്നെ നാം നിത്യജീവന്റെ അവകാശം കൈവശമാക്കേണ്ടതാണ്.

ഭക്തന്മാരും ശ്രേഷ്ഠന്മാരുമായ താപസന്മാർ ഈശാവാസ്യോപനിഷത്തിൽ പറഞ്ഞു:

അസുരനാമതേലോകഃ<br>
അന്ധേന തമസാവൃതാ<br>
താംസ്തേ പ്രത്യഭിഗച്ഛന്തേ<br>
ഏകോ ചാത്മഹതോ ജനാഃ

ശ്രേഷ്ഠമായ മനുഷ്യജന്മം കിട്ടിയിട്ടും ആത്മമോക്ഷത്തിന് വേണ്ടി ശ്രമിക്കാത്ത ജനങ്ങൾ മരണശേഷം അജ്ഞാനമാകുന്ന കൂരിരുട്ടു കൊണ്ട് മൂടപ്പെട്ട് അസുര

ലോകങ്ങളെ പ്രാപിക്കുന്നു, ഭീകരമായ നരക ദുരിതത്തിൽ നിപതിക്കുന്നു.

ഈ ലോകജീവിതത്തിൽ വെച്ച് മോക്ഷം പ്രാപിക്കാൻ കിട്ടുന്ന അവസരം മനുഷ്യൻ നഷ്ടപ്പെടുത്തിയാൽ നിത്യനരകയാതനയിൽ പോകുന്നു. അതുകൊണ്ടാണ് ബൃഹദാരണ്യകോപനിഷത്തിൽ പറഞ്ഞിരിക്കുന്നത്.

“അസതോ മാ സത്ഗമയ.
തമസോ മാ ജ്യോതിർഗമയ.
മൃത്യോർ മാ അമൃതംഗമയ.”

എന്നെ തിന്മയിൽ നിന്ന് നന്മയിലേക്ക്, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്, മരണത്തിൽ നിന്നും മരണം ഇല്ലാത്ത അവസ്ഥയിലേക്ക് നയിക്കണമേ.

തോമസ് ഗ്രേ എന്ന സുപ്രസിദ്ധകവി ശ്മശാനത്തിൽ ഇരുന്നുകൊണ്ട് ഒരു കവിത എഴുതി. ആ കവിതയിൽ,

The host of heraldry
The pomp of power
and all that beauty and wealth ever gave
Await the inevitable hour of death
The paths of glory but lead to the grave.

പൈതൃകത്തിന്റെ അഹന്തകൾ, പൈതൃകത്തിന്റെ വമ്പുകൾ. പൂർവ്വകാല പിതാക്കന്മാരെക്കുറിച്ചുള്ളതായ അഭിമാനങ്ങൾ.

The host of heraldry
The pomp of power

പൈതൃകത്തിന്റെ വമ്പുകളും അധികാരത്തിന്റെ ഉന്മത്തതയും

And all that beauty and wealth ever gave

സൗന്ദര്യവും സമ്പത്തുമെന്ന സൗഭാഗ്യങ്ങൾ എല്ലാം.

Await the inevitable hour of death

ആർക്കും നീക്കുപോക്കു വരുത്തുവാൻ വയ്യാത്ത മരണത്തിന്റെ നിമിഷത്തിലേക്ക് കാത്തിരിക്കയാണ്. മരണം എന്ന അനിവാര്യതയ്ക്ക് കാത്തിരിക്കുന്നു.

The paths of glory but lead to the grave

ഈ ലോകമഹത്വങ്ങളുടെ പാതകൾ എല്ലാം എത്തിച്ചേരുന്നത് ശ്മശാനത്തിലേക്ക് തന്നെയാണ്. ശവക്കുഴിയിലേക്ക് തന്നെയാണ്.

ഇവിടെ നല്ല മഹത്വപ്രതാപങ്ങൾ നേടി. എന്നാൽ എല്ലാ പ്രതാപങ്ങളും തീരും.

തീരാത്ത പ്രതാപം ഉണ്ട്. തീരാത്ത വെളിച്ചം ഉണ്ട്. കെട്ടുപോകാത്ത ദീപം ഉണ്ട്.

അണയാത്ത ദീപമാണ് കർത്താവായ യേശുക്രിസ്തു.

“ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു” എന്ന് പറഞ്ഞ കർത്താവായ യേശുക്രിസ്തു ആണ് സത്യവെളിച്ചം. സമൂഹം അന്ധകാരത്തിൽ ആണ്ട് കിടക്കുകയായിരുന്നു. അന്ധവിശ്വാസങ്ങളിൽ മുങ്ങിയിരിക്കുകയായിരുന്നു. അബദ്ധാചാരങ്ങളിൽ കുടുങ്ങിക്കിടക്കുകയായിരുന്നു.

ദുഷ്ടമായ വഴിയിലൂടെ നയിക്കപ്പെടുകയായിരുന്നു. വ്യർത്ഥമായ അനുഷ്ഠാനങ്ങളും, മാമൂലുകളും ആചാരങ്ങളും മനുഷ്യനെ വീർപ്പുമുട്ടിക്കുകയായിരുന്നു.

അവരെ നോക്കിയാണ് യേശു പറഞ്ഞത്: “ഞാനാണ് ലോകത്തിന്റെ വെളിച്ചം” എന്ന്. അരക്കാശിനു മുതലില്ലാത്തവനായി, പാട്ടുകാരൻ പാടുന്നതുപോലെ, തലചായ്പ്പാൻ

ഇടമില്ലാത്തവനായി ജീവിച്ച കർത്താവായ യേശുക്രിസ്തു പറയുന്നു. “ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു” എന്ന്.

അന്നത്തെ സമൂഹം അത് മുഴുവനായി ഉൾക്കൊണ്ടില്ല. പക്ഷേ ഓരോ കാലയളവിലും സത്യവെളിച്ചമായ ക്രിസ്തുവിനെ ഉൾക്കൊണ്ട് അന്ധകാരം മാറിയ ജനലക്ഷങ്ങളാണ് ഇന്ന് ലോകത്തിന്റെ ദീപ്തിക്കും അനുഗ്രഹത്തിനും മുഖാന്തിരമായി നിലകൊള്ളുന്നത്.

എന്റെ കർത്താവേ, ഇരുളടഞ്ഞ ഈ ലോകത്ത് ഒരു ചെറുദീപമായി കത്തിനിൽക്കാൻ എനിക്ക് നീ, ഭാഗ്യം തരുമോ? അന്ധകാരം നിറഞ്ഞ എന്റെ ഭവനത്തിൽ ഒരു ചെറുദീപമായി കത്തി നിൽക്കാൻ എനിക്കുനീ കൃപ തരുമോ?

എന്റെ കർത്താവേ പാപമലീമസമായ ഈ ലോക ജീവിതത്തിൽ ഒരു കെടാദീപം ആയി നിൽക്കാൻ എനിക്ക് നീ കൃപ തരുമോ?

എന്നിൽ ഉള്ള അന്ധകാരം ഞാൻ കഴുകിക്കളഞ്ഞാൽ പോവില്ല. ഞാൻ തൂത്തുകളഞ്ഞാൽ പോവില്ല. ഞാൻ ഊതിക്കളഞ്ഞാൽ പോവില്ല. ശക്തമായി പമ്പ് ചെയ്താൽ പോവില്ല. എന്റെ ഹൃദയത്തിന്റെ കൂരിരുട്ട് മാറാൻ സത്യവെളിച്ചം ഉദിച്ചാലേ പറ്റൂ. വിളക്ക് തെളിയണം. സത്യവെളിച്ചം ആയ യേശു ഹൃദയത്തിലേക്ക് വരണം.

ഇവിടെവെച്ച് വിളക്ക് കൈവശം ഉള്ളവരായി നാം തീരണം.

“വിളക്ക് കൈവശം ഉള്ളവനെന്നും
വിശ്വം ദീപമയം.”

എന്ന് മഹാകവി ഉള്ളൂർ പ്രേമസംഗീതത്തിൽ പാടിയിട്ടുണ്ട്.

ഈ ലോകത്തെ വെളിച്ചം ഉള്ളതാക്കി തീർക്കണമെങ്കിൽ നമ്മുടെ കൈവശം വിളക്ക് ഉണ്ടായിരിക്കണം.

സത്യവെളിച്ചം ഒന്നേ ഉള്ളൂ. അത് കർത്താവായ യേശുക്രിസ്തുവാണ്. അന്ധവിശ്വാസം നടമാടിയ കാലത്ത് യേശുക്രിസ്തു ഗലീലാ നാടുകളിൽ, കൂടി സഞ്ചരിച്ചു. യഹൂദമതം അന്ന് അന്ധതയിലേക്ക് നീങ്ങുകയും റോമൻ സർക്കാർ സാധു ജനതയെ പീഡിപ്പിക്കുകയും കഠോരയാതനയിൽ പെടുത്തി വലയ്ക്കുകയും ചെയ്ത കാലയളവായിരുന്നു. മനുഷ്യൻ അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്ത കാലയളവായിരുന്നു. കർത്താവായ യേശുക്രിസ്തു എഴുന്നേറ്റ് നിന്നു പറഞ്ഞു:

> "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും"
>
> മത്തായി. 11:28

അരക്കാശിന് മുതൽ ഇല്ലാത്തവനെങ്ങനെ അദ്ധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയും ആശ്വസിപ്പിക്കും? അന്നത്തെ സമൂഹത്തിന് അത് മനസ്സിലായില്ല. എന്നാൽ അപൂർവ്വം പേർക്ക് മനസ്സിലായി; സാധുക്കൾക്ക് മനസ്സിലായി; അനാഥർക്ക് മനസ്സിലായി; എട്ടുംപൊട്ടും തിരിയാത്തവർക്ക് മനസ്സിലായി.

അവർ പാവപ്പെട്ട മുക്കുവത്തൊഴിലാളികൾ ആയിരുന്നു. സമൂഹത്തിൽ ഒറ്റപ്പെട്ടവർ ആയിരുന്നു. എന്നാൽ അവർ യേശുവിന്റെ ഈ വാക്കുകളിൽ നിന്ന് ആവേശമുൾക്കൊണ്ടു.

അവർ തുരുതുരാ ഓടി എത്താൻ തുടങ്ങി. ബെത്സയ്ദായിലെ മലഞ്ചെരുവിൽ അയ്യായിരങ്ങൾ വന്നു

ചേർന്നു.

യേശുക്രിസ്തു മൂലം സഭയ്ക്ക് ഹാനിവരുമെന്ന് അന്നത്തെ മഹാപുരോഹിതന്മാർ തെറ്റിദ്ധരിച്ചു പോയി. യഹൂദ മതത്തിന് കേടുവരുമെന്നാണ് അവർ ധരിച്ചത്. യേശു സമൂഹത്തിന് ഭീഷണിയാണെന്ന് അവർ പ്രചരിപ്പിച്ചു. യഹൂദ മതത്തിനും യെരുശലേം ദേവാലയത്തിനും യേശു ഭീഷണിയാണ് എന്ന് അവർ ധരിച്ചുപോയി.

അതുകൊണ്ട് അവർ അന്നത്തെ സർക്കാരിന്റെ സഹായം തേടി. അന്നത്തെ റോമർ സർക്കാരിന്റെ അനുമതിയോടെ യേശുവിനെ ക്രൂശിക്കാൻ വട്ടംകൂട്ടി.

അവർ ധരിച്ചു യേശുക്രിസ്തു ക്രൂശിക്കപ്പെട്ടതോടെ തീർന്നു എന്ന്. ശല്യം തീർന്നല്ലോ. ഈ നസ്രായന്റെ കാര്യം ഒതുങ്ങിയല്ലോ. ഇവന്റ കഥ കഴിഞ്ഞല്ലോ എന്നവർ ആശ്വസിച്ചു.

യേശു ജീവൻ ത്യജിച്ചു. തീർന്നില്ല മൂന്നാം നാൾ യേശു ഉയർത്തെഴുന്നേറ്റു.

നിങ്ങൾ അദ്ധ്വാനിച്ചു കൊണ്ടിരിക്കുന്നവരാണോ? മനസ്സ് നൊന്തു കഴിയുന്നവരാണോ? ജീവിത യാതനകളിൽ പെട്ട് ഉഴന്നു കൊണ്ടിരിക്കുന്നവരാണോ? രോഗത്താൽ ദുഃഖിതരാണോ? കടത്തിൽ വീർപ്പു മുട്ടി കഴിയുന്നവരാണോ?

നിങ്ങളെ ആശ്വസിപ്പിക്കാൻ യേശു വരുന്നു. “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.” മത്തായി. 11:28

ഒരു മതത്തിലേക്ക് വരുവാൻ യേശു പറഞ്ഞില്ല. ഒരു ഫെല്ലോഷിപ്പിലേക്ക് വരുവാൻ യേശു വിളിച്ചില്ല. ഒരു

സഭയിലേക്കോ, സമുദായത്തിലേക്കോ വരുവാൻ യേശു വിളിച്ചില്ല.

യേശു പറഞ്ഞത് എന്റെ അടുക്കലേക്ക് വരുവിൻ എന്നാണ്. ആരാണ്? സാക്ഷാൽ ദൈവം ആയ യേശുക്രിസ്തുവിന്റെ അരികിലേക്ക് 0മനുഷ്യന് വേണ്ടി ക്രൂശിൽ മരിച്ച രക്ഷകനായ ക്രിസ്തുവിന്റെ അരികിലേക്ക് വരുവാൻ യേശുക്രിസ്തു വിളിക്കുകയാണ്.

ഒരാൾ കെട്ടപ്പെട്ട് കിടക്കുകയാണ്. വരൂ, വരൂ എന്ന് വിളിച്ചു. വരാൻ പറ്റുമോ? എന്ത് ചെയ്യും? ആളെ കെട്ടിയിട്ടിരിക്കുകയാണ് കെട്ടഴിയണം. കെട്ടഴിയാതെ വരാൻ പറ്റില്ല.

മഹാകവി എൻ. കുമാരനാശാൻ എഴുതിയ ഒരു കവിതയാണ്, "ഒരു സിംഹപ്രസവം."

വനത്തിൽ നിന്ന് ഒരു സിംഹിയെ കൊണ്ടുവന്ന് ഒരു ഇരുമ്പ് കൂട്ടിനകത്ത് ഇട്ടു.

അറിഞ്ഞില്ല, ആ സിംഹി ഗർഭിണിയായിരുന്നു എന്ന്. സിംഹി ആ കൂട്ടിൽ പ്രസവിച്ചു. നല്ലൊരു സിംഹക്കുട്ടി.

ഏതാനും ദിവസങ്ങൾക്കകം ഈ സിംഹക്കുട്ടി ഓടി നടക്കാൻ തുടങ്ങി. പക്ഷേ ഇരുമ്പ് കൂട്ടിനകത്തല്ലേ ഓടാൻ പറ്റൂ. ഇരുമ്പ് കൂടിനകത്തുകൂടി ഓടി നടക്കും. ചാടും അമ്മയോടൊത്ത് കളിക്കും.

പക്ഷേ അമ്മ സിംഹിയുടെ മുഖം വിഷാദഭരിതമാണ്. ഒരു ദിവസം അമ്മ സിംഹക്കുട്ടിയെ ഇരുമ്പഴിയുടെ അടുത്തുകൊണ്ടുപോയി നിർത്തി. എന്നിട്ട് ഈ സിംഹകുട്ടിയോട് പറയുകയാണ്:

മോനെ, നീ ഈ കൂട്ടിനകത്ത് കഴിയേണ്ടവനല്ല. അങ്ങ് ദൂരെ വിശാലമായ കാനനം ഉണ്ട്. നിന്റെ അമ്മയായ

ഞാനുണ്ടല്ലോ അവിടെയാണ് ഓടി നടന്നത്. അന്ന് നിന്റെ അച്ഛൻ അവിടെ രാജാവായിരുന്നു. മറ്റു മൃഗങ്ങളെല്ലാം നിന്റെ അച്ഛനേയും എന്നേയും ഭയന്നിരുന്നു. മറ്റ മൃഗങ്ങ ളെല്ലാം ഞങ്ങളെ കാണുമ്പോൾ ഓടി അകന്നിരുന്നു.

മോനേ, എന്നാൽ ഈ ദുഷ്ടമനുഷ്യർ എന്നെ പിടിച്ച് കൊണ്ടുവന്നു. ഞാൻ നിന്നെ ഈ കൂട്ടിൽ പ്രസവിച്ചതാ ണ്. കുഞ്ഞേ നീ ഒരുകാര്യം ഓർത്തുകൊള്ളണം, ഈ സിംഹക്കൂട്ടിൽ നിന്ന് രക്ഷപ്പെട്ട് ആ വിശാലമായ കാന നത്തിലേക്ക് നീ ഓടിച്ചെല്ലണം. അവിടെ നീ രാജാവായി വാഴണം.

മോനേ, ഇതല്ല നിന്റെ പാർപ്പിടം. ഇതാകാൻ പാടില്ല നിന്റെ പാർപ്പിടം. ഈ കൂട് തകരണം. ഈ കൂടിന്റെ ഇരു മ്പഴികൾ ഒടിയണം. ഇതെല്ലാം തകർത്തുലച്ച് കളഞ്ഞിട്ട് ഒരുനാൾ നീ പുറത്തേക്ക് ഓടണം. നിന്റെ അമ്മയ്ക്കതുകാ ണാൻ കൊതിയാണ്. നിന്റെ അച്ഛൻ അവിടെ ഇന്നും രാജാവായി വാഴുന്നുണ്ട്. അച്ഛനെ പിടികൂടാൻ അവർക്ക് കഴിഞ്ഞിട്ടില്ല.

മോനേ, നീ അങ്ങോട്ട് ഓടി ചെല്ലേണ്ടവനാണ്. അവിടെ നീ ഓടി നടന്ന് കാടിനെ കിടുക്കി കഴിയേണ്ട വനാണ്.

സുന്ദരമായ ഒരു ഭാവനയാണ് ഈ കവിത.

നാം ഓരോരുത്തരും ഈ ചെറിയ ചട്ടക്കൂടിനുള്ളിൽ പാപത്തിന്റെ മായാവലയത്തിൽ പെട്ട് ഉലഞ്ഞ് ജീവിച്ച് പോകേണ്ടവരല്ല. നിത്യശോഭന തീരത്തേയ്ക്ക് പറക്കേണ്ട വരാണ്. വിശാലമായ സ്വർഗ്ഗസോപാനങ്ങളിലേക്ക് പറന്ന് എത്തേണ്ടവരാണ്.

ഒരുനാൾ നാം കണ്ണ് അടയില്ലേ? അന്ന് നിത്യശോഭന തീരത്ത് എത്തണം. നിത്യ ശുഭ തുറമുഖത്ത് എത്തണം.

“Pilgrims Progress” (പരദേശിമോക്ഷയാത്ര) എന്ന പുസ്തകത്തിൽ ജോൺ ബനിയൻ പറയുന്നു. ബയൂലാ നാട്ടിൽ പ്രിയൻ കാത്ത് നിൽക്കുന്നു. യോർദ്ദാന്റെ അപ്പുറത്ത്, മരണക്കടലിന്റെ അപ്പുറത്ത്, രാജകുമാരൻ കാത്ത് നിൽക്കുന്നു. അങ്ങോട്ട് പോകാനായി മരണം എന്ന കടൽ കടക്കുകയാണ്.

അങ്ങ് ദൂരെ ദൂരെ യേശുരാജൻ കരം നീട്ടി നിൽക്കുന്നു. അത് നാം കാണണം. അവിടെ എത്താൻ നാം കൊതിക്കണം. അവിടെ എത്തുന്നതിന് വേണ്ടി മാത്രം നാം യത്നിക്കണം. അത് അറിയാവുന്നത് കൊണ്ടാണ് ലോഡ് ടെനിസൺ എന്ന ആംഗ്ലേയ കവി മനോഹരമായ ഒരു കവിതയിൽ പറഞ്ഞത്:

Death, be not proud
A short sleep,
And I will wake up again eternally,
A short voyage,
And I will meet my maker face to face.

മരണമേ, നീ അധികം അഹങ്കരിക്കേണ്ട.

ഒരു ചെറിയ ഉറക്കം മാത്രം. ഞാൻ വീണ്ടും നിത്യമായി ഉണരും.

ഒരു ചെറിയ കപ്പൽയാത്ര. ഒരു ചെറിയ കടൽ യാത്ര, ഇത് കഴിഞ്ഞ് ഞാൻ അക്കരെ തീരത്ത്. എന്റെ സ്രഷ്ടാവിനെ മുഖാമുഖം കാണും.

ഇത് നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ യാഥാർത്ഥ്യമായിത്തീരട്ടെ.

അജ്ഞാതനാമാവായ ഒരു ചിന്തകൻ പറഞ്ഞു.

“Yesterday is a history,

Tomorrow is a mystery,
and today is a gift'

ഇന്നലത്തേത് ഒരു ചരിത്രം ആണ്.

നാളെ എന്താണെന്നറിഞ്ഞുകൂടാ. അതൊരു രഹസ്യം ആണ്.

ഇന്ന് എന്നൊരു ദിവസം നമുക്ക് കിട്ടിയിട്ടുണ്ട്. നമുക്ക് ദാനമായി കിട്ടിയിട്ടുണ്ട്. നാളത്തേത് എന്താണെന്നറിഞ്ഞു കൂടാ. നാളെ അത് ചരിത്രം ആയിത്തീരാനിരിക്കുന്നു.

ഇന്ന് എന്നൊരു ദിവസം കർത്താവ് തന്നിരിക്കുകയാണ്. നാളത്തേത് എനിക്കുള്ളതല്ല. നാളെ എന്ത് എന്ന് എനിക്കറിഞ്ഞു കൂടാ, നിങ്ങൾക്കുമറിഞ്ഞുകൂടാ.

നാളെ ഞാനീ ഭൂമുഖത്താണോ, എനിക്കറിഞ്ഞുകൂടാ, ഈ ഭൂമിയുടെ മീതെയാണോ, അതോ ഭൂമിയുടെ അടിയിലാണോ എന്റെ ശരീരം. ഉടയതമ്പുരാനേ, നീ മാത്രം അറിയുന്നു.

എന്നാൽ ഇവിടെ നിന്ന് കടന്നു പോകുന്നതിന് മുമ്പ് സത്യവെളിച്ചമായ ക്രിസ്തു, നിത്യ ജീവനായ ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് വരട്ടെ. അതിനല്ലേ കരുണയുള്ള കർത്താവ് ക്രൂശിൽ മരിച്ചത്.

പാപിയായ മനുഷ്യന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരാനല്ലേ യേശുക്രൂശിൽ തലചായ്ച്ചത്. ഇപ്പോൾ ക്രിസ്തുവിനോട് പറയൂ, കർത്താവേ, രണ്ടായിരം വർഷം മുമ്പ് അങ്ങ് കുരിശിൽ തലചായ്ച്ചു. ഉണങ്ങിയ രണ്ട് മരക്കഷണത്തിൽ അല്ല അവിടുന്ന് തലചായ്ക്കേണ്ടത്. മനുഷ്യന്റെ ചങ്കിലാണ് നീ വിശ്രമിക്കേണ്ടത്. എന്റെ ഈ ഹൃദയത്തിലാണ് നീ വിശ്രമിക്കേണ്ടത്.

രണ്ടായിരം വർഷം മുമ്പ് റോമൻ സർക്കാര് കൊടുത്ത

രണ്ട് മരക്കഷണത്തിൽ, കുരിശിൽ, അവിടുന്ന് തലചായ്ച്ച് ജീവൻ വെടിഞ്ഞു.

ഞാൻ എളിമയോടെ പറയുകയാണ്. ഉടയവനേ, ജീവനുള്ള ക്രിസ്തു എനിക്ക് ആയുസ്സ് തന്നു. എനിക്ക് ആരോഗ്യം തന്നു. എനിക്ക് ഇത്രത്തോളം സൗഭാഗ്യങ്ങൾ തന്നു. ഞാൻ നിന്റെ കൃപയാൽ ഇന്നീ ഭൂമിയിൽ ജീവിക്കുന്നു.

ഇന്ന് നീ എന്റെ ചങ്കിലേക്ക് എഴുന്നള്ളി വരണമേ, എന്റെ ചങ്കിൽ നീ തല ചായ്ക്കണമേ. എന്റെ ഹൃദയത്തിൽ നീ വസിക്കണമേ. എന്നിലേക്ക് നീ കടന്നു വരണമേ. എന്നെ നീ സമൂലം മാറ്റണമേ. എന്റെ സ്വാഭാവം മാറ്റണമേ. എന്റെ ചിന്താഗതി മാറ്റണമേ. എന്റെ മനോഭാവം മാറ്റണമേ. എന്നെ യേശുമയമാക്കിത്തീർക്കണമേ.

യേശുവിന്റെ തിരുരക്തത്താൽ എന്നെ കഴുകണമെ. കഴിഞ്ഞകാല പാപങ്ങൾ എല്ലാം ക്ഷമിക്കണമെ. അറിഞ്ഞും അറിയാതെയും വന്നുപോയ സകല തിന്മകളും ക്ഷമിച്ച് തിരുരക്തത്താൽ കഴുകി വെണ്മയാക്കി ഇന്നു മുതൽ പുതിയ ജീവിതം നയിപ്പാൻ എനിക്ക് ഭാഗ്യം തരണമെ.

നിങ്ങൾ പ്രാർത്ഥിപ്പിൻ. ദൈവത്തോട് യാചിപ്പിൻ.

## ആറ്

"പുരുഷനോ മരിച്ചാൽ ദ്രവിച്ചു പോകുന്നു, മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ?"

ഇയ്യോബ് 14 : 10

"മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?"

ഇയ്യോബ്. 14:14

കാതലായ രണ്ട് ചോദ്യങ്ങളാണ് ഇയ്യോബ് ഇവിടെ ചോദിക്കുന്നത്. നീതിമാനായ ഇയ്യോബിന്റെ ഹൃദയത്തിൽ നിറഞ്ഞു വന്ന ചിന്തകൾ വാഗ്‌രൂപേണ പുറത്തു വരികയാണ്.

മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ?

മരണത്തിന് ശേഷം ഉള്ള അവസ്ഥ എന്ത്? ശരീരം മണ്ണിൽ ലയിക്കും. മണ്ണിൽ ചേരും. പൊടിയായി തീരും. അസ്ഥികൾ പോലും ദ്രവിച്ചു എന്ന് വരും. പക്ഷേ ഈ ശരീരത്തിനുള്ളിൽ കുടികൊള്ളുന്ന ആത്മാവ് എവിടെ?

മരിച്ചതിനുശേഷം മനുഷ്യനെ പിന്നെ എന്നെങ്കിലും കാണാൻ പറ്റുമോ? പിന്നെ ആർക്കെങ്കിലും കാണാൻ പറ്റുമോ? മനുഷ്യൻ വീണ്ടും ജീവിക്കുമോ?

ബുദ്ധിജീവികൾ ആലോചിച്ചിട്ടുണ്ട്. വലിയ പണ്ഡിതന്മാർ മാത്രമല്ല തീരെ പാമരന്മാർപോലും ചിലപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ട്. മരിച്ചതിനുശേഷം ഞാൻ എവിടെ ചെല്ലും?

മരിച്ചതിനുശേഷം ഈ ഭൂമിയിലുള്ളവർക്ക് എന്നെ കാണാൻ പറ്റുമോ? എന്റെ പ്രിയപ്പെട്ടവർ, കടന്നു പോയവരെ എനിക്കിനി എന്നെങ്കിലും കാണാൻ പറ്റുമോ? നിങ്ങളുടെ പലരുടേയും ഹൃദയത്തിൽ ഇമ്മാതിരിയുള്ള ചോദ്യങ്ങൾ ചിലപ്പോഴെങ്കിലും പൊന്തി വരാറുണ്ട്. സ്വാഭാവികം ആണത്.

മരണം എന്ന ഒരു യാഥാർത്ഥ്യത്തെ നേരിടും എന്നുള്ളത് ഉറപ്പാണെന്നുള്ളത് കൊണ്ട് മരിച്ചതിനു ശേഷം ഉള്ള അവസ്ഥ എന്ത് എന്ന് ചിന്തിക്കുന്നത് പ്രസക്തമാണ്. തിരുവചനം എന്ത് പറയുന്നു എന്നുള്ളതാണ് ആധികാരികമായ മറുപടി.

Wordsworth ന്റെ ഒരു കവിതയുടെ ഏതാണ്ടൊരു പരിഭാഷ ഇങ്ങനെയാണ്.

കവി ഒരു കുട്ടിയോട് ചോദിക്കുകയാണ്?

കുഞ്ഞേ, നിങ്ങൾ കുട്ടികൾ എത്രപേരുണ്ട്? ഉടനെ ആ കുട്ടി പറയുന്നു. ഞങ്ങളോ, ഞങ്ങൾ ഏഴ് പേരാണ്.

മോനെ? അവരെല്ലാം എവിടെയാണെന്ന് ഒന്ന് പറയാമോ?

പറയാം. ഞങ്ങൾ ഏഴ് പേര് ഉള്ളതിൽ രണ്ട് പേർ

കോൺവേ എന്ന സ്ഥലത്താണ്. രണ്ട് പേർ കടലിൽ കപ്പലിൽ കഴിയുന്നു. രണ്ട് പേർ പള്ളി മുറ്റത്ത് കുഴിയിൽ കിടക്കുന്നു. ഞാനും അമ്മയും അടുത്ത വീട്ടിലും പാർക്കുന്നു. എത്ര നിഷ്കളങ്കമായ ഒരു മറുപടിയാണ് ആ കുട്ടി പറയുന്നത്.

മരണശേഷം ഉള്ള ജീവിതം എന്നത് യാഥാർത്ഥ്യമായി Wordsworth കണ്ടിരുന്നു. കവി അത് അറിഞ്ഞിരുന്നു.

Shakespeare പറയുന്നു, തന്റെ മരണ പത്രികയിൽ: "ഞാൻ നിത്യജീവന് അവകാശിയാകും എന്നുള്ള പ്രത്യാശയോടു കൂടി എന്റെ ആത്മാവിനെ ദൈവത്തിന്റെ കരങ്ങളിൽ ഭരമേല്പിക്കുന്നു."

ജോൺ ബനിയൻ "പരദേശി മോക്ഷയാത്ര" യിൽ മരണം എന്താണെന്ന് പറയുന്നു.

"ശത്രുക്കളുടെ മധ്യത്തിൽ നിന്ന് മിത്രങ്ങളുടെ സംഘത്തിലേക്കും നിന്ദയിൽ നിന്ന് നിത്യമഹത്വത്തിലേക്കും കടത്തിവിടുന്ന വാതായനം ആണ് എനിക്ക് മരണം."

ഒരു വാതിൽ ആണ് മരണം. ഈ വാതിൽ ശത്രുക്കളുടെ മധ്യത്തിൽ നിന്ന് മിത്രങ്ങളുടെ സംഘത്തിലേക്ക് എന്നെ കടത്തി വിടുന്നു.

ബെഞ്ചമിൻ ഫ്രാങ്ക്ളിൻ സുപ്രസിദ്ധ രാജ്യതന്ത്രജ്ഞനായിരുന്നു. പുസ്തക പ്രസാധകൻ, ഗ്രന്ഥകാരൻ, ഭരണകർത്താവ് എന്നീ കാര്യങ്ങളിൽ പ്രശസ്തനായിരുന്നു ബെഞ്ചമിൻ ഫ്രാങ്ക്ളിൻ.

അദ്ദേഹത്തിന്റെ 50–ാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ സഹോദരനായ ജോസഫ് മരിച്ചു. അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവർ ദുഃഖ വിവശരായിരിക്കുമ്പോൾ അവർക്കൊരു കത്തെഴുതി. അമർത്യരുടെ ഇടയിൽ ഒരു ശിശു ജനിച്ചി

രിക്കുകയാൽ വിലപിപ്പാൻ എന്തുള്ളൂ."

അമർത്യരുടെ ഇടയിൽ എന്ന് പറഞ്ഞാൽ മനുഷ്യർ അല്ലാത്തവരുടെ ഇടയിൽ എന്നാണർത്ഥം. പരലോകത്തിൽ ഒരു ശിശുപിറക്കുന്ന അനുഭവമാണ് മരണം എന്നാണദ്ദേഹം അർത്ഥമാക്കിയത്.

ബെഞ്ചമിൻ ഫ്രാങ്ക്ളിൻ 22-ാമത്തെ വയസ്സിൽ എഴുതി വെച്ചു:

ഞാൻ മരിച്ചു കഴിയുമ്പോൾ എന്റെ ശവകുടീരത്തിൽ ഇങ്ങനെ ആലേഖനം ചെയ്തിരിക്കണം.

"പ്രിന്ററും പ്രസാധകനുമായ ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ പുറം ചട്ടയായ ശരീരം ഇവിടെ കിടക്കുന്നു. കർത്താവ് പരിഷ്കരിച്ച ഒരു പുതിയ പതിപ്പാക്കി അത് പ്രസിദ്ധീകരിക്കും."

ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അതിന്റെ കാലം കഴിഞ്ഞു. ഒരു പുതിയ പതിപ്പ് പ്രസിദ്ധീകരിക്കും എന്ന്. അത് പരിഷ്ക്കരിച്ച പതിപ്പായിരിക്കും. ഒരു പരിഷ്കരിച്ച പതിപ്പായി ഇനിയും ഈ പുസ്തകം ജനം കാണും എന്ന്.

'ലാമിറാബ്ളെ' എന്ന് ഫ്രഞ്ച് ഭാഷയിൽ വിക്ടർ യുഗോ എഴുതിയ 'Less Miserables' എന്ന ഇംഗ്ലീഷ്ഗ്രന്ഥത്തിന്റെ മലയാളപരിഭാഷയാണ് "പാവങ്ങൾ". അത് എഴുതിയത് വിക്ടർ യൂഗോ ആണ്.

വിക്ടർ യൂഗോ വളരെ പ്രസിദ്ധനായ ഒരു സാഹിത്യകാരനായിരുന്നു. വിക്ടർ യൂഗോ പറഞ്ഞു: "എന്റെ കല്ലറ അതിൽ തന്നെ അവസാനിക്കുന്ന ഒരു ഇടനാഴി അല്ല; അതൊരു രാജവീഥിയുടെ തുടക്കം മാത്രം."

ഇവരെല്ലാം മഹാന്മാരായിരുന്നു. ചിന്തകന്മാർ ആയിരുന്നു. ബുദ്ധിജീവികൾ ആയിരുന്നു.

ജർമൻ സാഹിത്യത്തിന്റെ രജതശില്പി എന്ന് പറയാവുന്ന ആളാണ് ഗെഥേ (Goethe). ഗെഥേ 18-ാം നൂറ്റാണ്ടിൽ ജർമൻ സാഹിത്യത്തിൽ പ്രശോഭിച്ച ഒരു സാഹിത്യകാരനാണ്.

അദ്ദേഹം പറയുകയാണ് : "മരണത്തെപ്പറ്റിയുള്ള വിചാരം എന്നിൽ പൂർണശാന്തി നൽകാൻ കാരണം, മനുഷ്യാത്മാവ് അനശ്വരം ആണെന്ന ഉറപ്പാണ്."

മനുഷ്യന്റെ ആത്മാവ് തീർന്നു പോകുന്നില്ല. അത് അനശ്വരം ആണെന്നുള്ള ഉറപ്പാണ് അദ്ദേഹത്തിന്. അതുകൊണ്ടാണ് അദ്ദേഹത്തിന് മരണത്തെ പറ്റിയുള്ള വിചാരം പൂർണ്ണശാന്തി നൽകുന്നത്.

അദ്ദേഹം പറയുന്നു: ആത്മ തത്വം സൂര്യന് സദൃശം ആണ്. അസ്തമിക്കുന്നു എന്ന് തോന്നുമ്പോഴും പ്രകാശ ധോരണി അന്യത്ര പരത്തുകയാണ്.

സൂര്യനെ നാം കാണുന്നു, വൈകുന്നേരം സൂര്യൻ അസ്തമിക്കുന്നു. സൂര്യൻ അസ്തമിച്ചിട്ടില്ല. ഈ ഭൂമിയിൽ ഒരു ഭാഗത്ത് സൂര്യൻ അസ്തമിച്ചു എന്നേ ഉള്ളൂ. ഭൂമിയുടെ മറ്റൊരു ഭാഗത്ത് സൂര്യൻ പ്രശോഭിക്കുകയാണ്. സൂര്യൻ അസ്തമിക്കുന്നില്ല. നാം കാണുന്ന ഈ പ്രതലത്തിൽ സൂര്യൻ അസ്തമിച്ചു എന്നേയുള്ളൂ.

അന്യത്ര (വേറൊരിടത്ത്) പ്രശോഭിക്കുകയാണ്. അവിടെ തിളങ്ങി നിൽക്കുകയാണ്. ഇന്ത്യയിൽ ഉള്ളവർക്ക് രാത്രിയായിരിക്കുമ്പോൾ അപ്പുറത്ത് അമേരിക്കയിൽ ഉള്ളവർക്ക് പകലാണ്.

സോക്രട്ടീസ് ജനത്തെ വഴി തെറ്റിക്കുന്നു എന്നു പറഞ്ഞ് അദ്ദേഹത്തിന് അന്നത്തെ സർക്കാർ വിഷം കൊടുത്തു കൊല്ലാൻ തീരുമാനിച്ചു. വിഷത്തിന്റെ പേര്

ഹെംലോക്ക്. കഴിച്ചാൽ ഉടൻ മരിക്കും.

ആതൻസിന്റെ തെരുകോണുകളിൽ നിന്നുകൊണ്ട് അനേകം യുവാക്കൾക്ക് സന്മാർഗത്തിന്റെയും സൗശീല്യത്തിന്റെയും സൻമാതൃകകൾ കൊടുത്ത് പഠിപ്പിച്ച്, പരിശീലിപ്പിച്ച് ആതൻസിലെ ബുദ്ധിജീവികളെ വിലപ്പെട്ടവരാക്കിത്തീർക്കാൻ അദ്ധ്വാനിച്ച മഹാനുഭാവനായ സോക്രട്ടീസിന് വിഷം കൊടുക്കുമെന്ന് ഉറപ്പായി. വിഷം കുടിച്ച് മരിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ ശിഷ്യനായ സിമ്മിയാസ് ചോദിച്ചു.

ഗുരോ, അങ്ങ് വിഷം കഴിച്ച് മരിക്കുന്നതിന് മുമ്പ് ഇത്രയും സന്തോഷഭരിതനായിരിക്കുന്നത് എങ്ങനെയാണ്? എന്തൊരു സന്തോഷം അങ്ങേയ്ക്ക്, ഒരു കൂസലും ഇല്ലാതെ എന്താണിങ്ങനെ ഇരിക്കുന്നത്? ഉടനെ അദ്ദേഹം പറഞ്ഞു.

അദ്ദേഹം പറഞ്ഞത് പ്ലേറ്റോ ആണ് പിൽക്കാലത്ത് രേഖപ്പെടുത്തിയത്.

“മനുഷ്യ സത്തമന്മാരോടു കൂടി മാത്രം അല്ല ദൈവത്തോടു കൂടിയും ജീവിക്കുന്നതിനാണ് ഞാൻ പോകുന്നതെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു.”

യേശുക്രിസ്തു ജനിക്കുന്നതിന് നാലു നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ച സോക്രട്ടീസ് പറയുന്നു : ഞാനവിടെ ചെല്ലുമ്പോൾ ശ്രേഷ്ഠരായ വിശുദ്ധന്മാരോടു കൂടെ മാത്രം അല്ല ജീവിക്കുന്നത്. ദൈവത്തോടു കൂടെയും ജീവിക്കും. അതാണ് എനിക്ക് സന്തോഷം നൽകുന്ന ദൃഢമായ വിശ്വാസം.

മനുഷ്യ ജീവിതത്തിൽ മരണത്തിന് ശേഷം ഒരു നിത്യതയുണ്ട്. ഇത് അനേകർ വിശ്വസിച്ചിരുന്നു.

തിരുവചനം എന്ത് പറയുന്നു എന്ന് നോക്കാം.

> "അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചു പോകാതെ പൂർണ്ണധൈര്യം പൂണ്ടു ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകേയുള്ളൂ എന്നു പ്രതീക്ഷിക്കയും പ്രത്യാശിക്കുകയും ചെയ്യുന്നു."
>
> ഫിലിപ്പിയർ 1 : 20

അപ്പൊ. പൗലോസിന്റെ ദൃഢമായ വിശ്വാസം ഇവിടെ കാണാം.

ജീവൻ വിട്ടാലും ജീവനോടെ ഇരുന്നാലും ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടുകയേയുള്ളൂ എന്നു ഞാൻ പ്രതീക്ഷിക്കുന്നു. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല.

ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. ജീവിച്ചിരിക്കുകയാണോ വേണ്ടത് അതോ മരിക്കുകയാണോ വേണ്ടത്. രണ്ടിനാലും ഞാൻ ഞെരുങ്ങുകയാണ്. കാരണം വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ.

വിട്ടുപിരിഞ്ഞാൽ ഞാൻ ക്രിസ്തുവിന്റെ കൂടെ വാഴും. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യമാണ്.

അതുകൊണ്ട് ജഡത്തിൽ വസിക്കുന്നതിനും ഞാൻ

തയ്യാറാണ്. രണ്ടിനും എനിക്ക് സമ്മതം ആണ്. എനിക്ക് ജീവിക്കുന്നത് ക്രിസ്തു. മരിച്ചാൽ ലാഭം.

എന്തുകൊണ്ടാണ് അപ്പോസ്തലന് ഇത് പറയാൻ ധൈര്യം കിട്ടിയത്. നല്ല ഉറച്ച പ്രത്യാശ. എങ്ങോട്ടാണ് ചെല്ലുന്നത് എന്നുള്ള ഉറപ്പ്. ആരുടെ അരികിലേക്കാണ് ചെല്ലുന്നത് എന്നുള്ള ഉറപ്പ്. ആരാണ് എന്നെ സ്വീകരിക്കാൻ കരം നീട്ടി നിൽക്കുന്നത് എന്നുള്ള ഉറപ്പ്.

നല്ല പ്രത്യാശ. അതിനു കാരണം ഉണ്ട്. മരിക്കും എന്ന് ചില സൂചനകൾ കിട്ടി. ചില പ്രവചനങ്ങൾ തന്നേ ലഭിക്കുകയുണ്ടായി. ദൈവീക അരുളപ്പാടുകൾ ചില ദൈവമക്കൾ പറഞ്ഞ് ഓർമ്മപ്പെടുത്തി. യെരുശലേമിൽ പോകരുത് എന്ന് ആത്മാവിനാൽ അരുളപ്പാടുകൾ ലഭിച്ചു.

പക്ഷേ അപ്പോസ്തലൻ പറയുകയാണ്: "ഇതാ ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരുശലേമിലേക്ക് പോകുന്നു. (പരിശുദ്ധാത്മാവ് എന്നെ വലിച്ചുകൊണ്ട് പോകുന്നു.)"

"ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണം തോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്ക് നേരിടുവാനുള്ളത് ഒന്നും ഞാൻ അറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്ക് ഉള്ളൂ."

അപ്പോസ്തല പ്രവൃത്തികൾ 20-ാം അധ്യായം വായിക്കുമ്പോൾ കാണാം, ആസ്യയിലെ മൂപ്പൻമാരെ വിളിച്ചുകൂട്ടി, അവരോട് പറയുന്ന വാക്കുകൾ:

എന്നെ തടുക്കാനാവാത്ത ശക്തിയോടെ പരിശുദ്ധാത്മാവ് വലിച്ചുകൊണ്ടുപോവുകയാണ്. ഇതാ ഞാൻ പരിശുദ്ധാത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരുശലേമിലേക്ക് പോകുന്നു. I am drawn out irresistibly by the Holy Spirit. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്നു പരിശുദ്ധാത്മാവു പട്ടണം തോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ളത് ഒന്നും ഞാൻ അറിയുന്നില്ല.

എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളൂ.

എന്തൊരു പ്രാഗൽഭ്യം! വേറെ ലക്ഷ്യം ഇല്ല. നമ്മുടെ ജീവിതത്തിൽ പ്രാഗൽഭ്യം കിട്ടണമെങ്കിൽ, നമ്മുടെ സമർപ്പണം ആഴത്തിലാകണം. രോഗവും കഷ്ടതയും യാതനയും വേദനയും ദു:ഖവും മുറവിളിയുമായി വലയുന്ന ഈ ലോകജീവിതത്തിൽ നാം നല്ല ധൈര്യം നേടണം. കടത്തിന്റെ ഞെരുക്കം ഒരു വശത്ത്; മക്കളുടെ സൈ്വരക്കേട് വേറൊരു വശത്ത്, ഉഴപ്പുകയും പഠിക്കാതെയിരിക്കുകയും അലസരായി പെരുമാറുകയും ചെയ്യുന്ന മക്കളുടെ കോപാവേശം ഒരു വശത്ത്, പലതരത്തിൽ ഉള്ള വിഘ്നങ്ങളും കേടുകളും കെടുതികളും പ്രശ്നങ്ങളും പ്രതിസന്ധികളും വേറൊരു വശത്ത്, ജീവിതം ആകെ ദുരിതങ്ങളുടെ മധ്യത്തിൽ നട്ടംതിരിയുമ്പോൾ സമാധാനത്തോടെ, പ്രത്യാശയോടെ, പ്രസന്നതയോടെ നിൽക്കാൻ കഴിയണം എങ്കിൽ എന്തു വേണം?

എനിക്ക് ഒരു ലക്ഷ്യമേ ഉള്ളൂ എന്നുള്ള വ്യക്തമായ കാഴ്ചപ്പാട് കൈവരണം. എനിക്കൊരു ലക്ഷ്യമേ ഉള്ളൂ. എന്റെ ഓട്ടം തികയ്ക്കണം. യേശു തമ്പുരാൻ തന്ന

ശുശ്രൂഷ തികയ്ക്കണം.

ഓട്ടം തികച്ചു, വിശ്വാസം കാത്തു, നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു എന്ന് ഒടുവിലത്തെ ലേഖനത്തിൽ സെ.പോൾ തീമോത്തിയോസിനോട് പറഞ്ഞു:

> "ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു."
>
> 2 തീമോത്തിയോസ് 4:7-8

ഈ പ്രാഗൽഭ്യം നേടുന്നതാണ് വാസ്തവത്തിൽ സൗഭാഗ്യ സമ്പത്ത്.

ഈ സമ്പത്ത് നിങ്ങൾ നേടിയോ? എന്റെ ഓട്ടം തികച്ചു; എന്നെ ഏൽപ്പിച്ച ശുശ്രൂഷ തികച്ചു എന്നുള്ള ഉറപ്പ് നിങ്ങൾ നേടിയോ?

ഞാനൊരു വിശുദ്ധനായി തീരാനുള്ള എന്റെ കർത്താവിന്റെ ആഗ്രഹം നിറവേറ്റാൻ ഞാൻ ഒരു ചുവടെങ്കിലും മുന്നോട്ട് വെച്ചോ? സ്നേഹത്തിന്റെ പാതയിൽ, യേശു പോയ അതേ കാൽചുവടിൽ കൂടെ ഞാൻ മുന്നോട്ട് പോവുകയാണൊ? ഞാൻ ജയിച്ച് മുന്നേറുകയാണോ?

ചിന്തിക്കൂ, എല്ലാം മായയല്ലോ, എല്ലാം താല്ക്കാലികം അല്ലോ, എല്ലാം ക്ഷണികം അല്ലോ, എല്ലാം നശ്വരം അല്ലോ.

എല്ലാം എല്ലാം മാറി മറയും പ്രിയപ്പെട്ടവർ വിട്ടു പോകും. സ്നേഹിതരും കൂട്ടാളികളും അകന്ന് പോകും, ഇന്ന് സഹായിക്കുന്നവർ മാറി നിന്നു എന്ന് വരും. ഇന്ന് ഉപദ്രവിക്കുന്നവർ സ്നേഹിതരാകാൻ വെമ്പൽകൂട്ടി എന്ന് വരും.

മനുഷ്യൻ മാറും, ലോകം മാറും, കാലം മാറും, കാലാവസ്ഥ മാറും, സാഹചര്യങ്ങൾ മാറും, ആരോഗ്യം മാറും, സമ്പത്ത് മാറും, വീട് മാറും, സ്നേഹിതർ മാറും, എല്ലാം മാറും. പക്ഷേ മാറാതെ നിൽക്കുന്ന ഒരുവനുണ്ട്. അവനത്രെ കർത്താവായ യേശുക്രിസ്തു. ക്രിസ്തുവിനെ മുറുകെ പിടിക്കൂ.

Jesus Christ the same yesterday today and forever.

ഇന്നലേയും ഇന്നും എന്നന്നേക്കും അനന്യനായ യേശുവിനെ ഇന്ന് രക്ഷകനായി സ്വീകരിപ്പിൻ. അവനെ ഹൃദയത്തിന്റെ നാഥനായി അംഗീകരിപ്പിൻ. അവനോട് വാക്ക് പറയുവിൻ

യേശുവേ, നീ എനിക്ക് വേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

# ഏഴ്

> "ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു, പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തുനിന്നു അബ്രാഹാമിനേയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു."
>
> ലൂക്കോസ് 16 : 22 - 23

കർത്താവായ യേശുക്രിസ്തു പറഞ്ഞ ഈ സംഭവ ചിത്രീകരണത്തിൽ മരിച്ചതിന് ശേഷം ആത്മാവ് എവിടെ എന്നതിനുള്ള വ്യക്തമായ ചില മറുപടികൾ നമുക്ക് ലഭിക്കുന്നുണ്ട്. മരിച്ചതിന് ശേഷം ആത്മാവ് എവിടെ?

കർത്താവ് പറഞ്ഞ ഒരു ഉപമയല്ല ധനവാനായ മനുഷ്യന്റേയും ലാസറിന്റേയും സംഭവം. അതൊരു സംഭവം തന്നെയാണ്. അത് ഉണ്ടായ കാര്യം ആണ്. ഉപമപോലെ ഒരു കഥയല്ല. ഉപമകളിൽ ഒരിടത്തും പേര് പറഞ്ഞിട്ടില്ല. ഇവിടെ വ്യക്തമായി ലാസർ എന്ന് പേര് പറഞ്ഞിട്ടുണ്ട്.

യേശു ഇത് പറയുമ്പോൾ കേട്ട ആളുകൾക്ക് ഈ ലാസറിനെ അറിയാം. ലാസർ മരിച്ചുപോയ കാര്യം അറിയാം. മാത്രമല്ല ധനവാനെ അറിയാം. ധനവാനും മരിച്ചു വലിയോരു ശവസംസ്ക്കാരം നടന്ന കാര്യം അറിയാം.

ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി ധനവാനും മരിച്ചു അടക്കപ്പെട്ടു, ധനവാന്റെ ആത്മാവ് എത്തിയത് പാതാളത്തിൽ യാതനാസ്ഥലത്താണ്.

വ്യക്തമായി കർത്താവ് പറഞ്ഞു: ഈ ഭൂമിയിൽ നിന്ന് വാങ്ങി പോകുന്നവർ രണ്ട് ഇടത്തേക്ക് തിരിയുകയാണ്. മരിച്ച് കഴിഞ്ഞാൽ മനുഷ്യാത്മാവ് ഒന്നുകിൽ പറുദീസയിൽ പരിശുദ്ധന്മാരുടെ നിരയിൽ അല്ലെങ്കിൽ പാതാളത്തിൽ യാതനാസ്ഥലത്ത്.

പാതാളം എന്നതിന് എബ്രായ ഭാഷയിൽ 'ഷിയോൾ' എന്നും, ഗ്രീക്ക് ഭാഷയിൽ 'ഹെയ്ഡ്സ്' എന്നുമാണ് നൽകിയിരിക്കുന്ന പേര്.

ഷിയോളിൽ രണ്ട് തട്ടുകൾ ഉണ്ട്.

ഷിയോളിന്റെ മുകളിലത്തെ തട്ടിൽ നിന്ന് താഴത്തെ തട്ടിലേക്ക് പോകാൻ പറ്റില്ല. രണ്ടിന്റേയും ഇടയിൽ വലിയോരു പിളർപ്പ് ഉണ്ട്. വലിയോരു gulf -പിളർപ്പ് -ഉണ്ടാക്കിയിരിക്കുന്നു.

ഇവിടെ നിന്ന് നിങ്ങളുടെ അടുക്കൽ കടന്നു വരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല; അവിടെ നിന്നു ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല എന്ന് അബ്രാഹാം പിതാവ് പറയുന്നുണ്ട്.

ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയോരു പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു. 'ഞങ്ങളും നിങ്ങളും' രണ്ട് ഭാഗ

മായി തിരിയുകയാണ്.

ഒന്ന് അബ്രാഹാം പിതാവിന്റെ മടി എന്ന് പറയുന്ന പറുദീസ. പാതാളത്തിന്റെ മുകൾതട്ട്. സ്വർഗ്ഗം അല്ല . സ്വർഗ്ഗവും നരകവും വേറെയാണ്.

ഇത് മനസ്സിലാക്കാൻ അല്പം പ്രയാസം ഉണ്ട്. പാതാളം നരകം ആണ് എന്ന് ധരിക്കുന്ന ആളുകൾ ഉണ്ട്. എന്നാൽ തിരുവചനം വ്യക്തമായി പഠിക്കുമ്പോഴാണ്, അത് നമുക്ക് കൂടുതൽ മനസ്സിലാകുന്നത്.

ഈ സംഭവവിവരണം വായിക്കുമ്പോൾ നാം ഓർത്തുകൊള്ളണം. കർത്താവേ, ഒരു ദിവസം ഞാൻ കണ്ണടയുമല്ലോ. എന്റെ ദൈവമേ, ഞാനും ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുമല്ലൊ.

നാമെല്ലാവരും ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും. ഇവിടം നമുക്ക് ശാശ്വതമല്ല. നാം പരദേശവാസികൾ ആണ്. പാട്ടുകാരൻ പാടുന്നത്.

"സീയോൻ സഞ്ചാരി ഞാൻ
യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ"

കുരിശിന്റെ വഴിയിലൂടെ നാം പോവുകയാണ്. മോക്ഷയാത്രയാണിത്. ഒരു തീർത്ഥയാത്രയാണിത്.

"മോക്ഷയാത്രയാണിതു ഞാൻ നടപ്പതു
കാഴ്ചയാലെയല്ല വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നിടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങീടും"

ഈ മോക്ഷ യാത്ര എന്നോ ഒരിക്കൽ തീരും. എന്നാണെന്ന് നമുക്കറിഞ്ഞുകൂടാ. ഈ ഭൂമിയിൽ നിന്ന് നാം മാറ്റപ്പെടും. ശരീരം മണ്ണോട് മണ്ണ് ചേരും. ശരീരത്തിൽ

നിന്ന് പ്രാണൻ വേർപ്പെടുന്നതോടുകൂടി ആത്മാവ് നിത്യതയിലേക്ക് പറക്കും. ആ നിത്യതയുടെ ആരംഭം ഒന്നുകിൽ യാതനാസ്ഥലം. പാതാളത്തിൽ യാതനാസ്ഥലം. അല്ലെങ്കിൽ അബ്രാഹാമിന്റെ മടി എന്നുപറയുന്ന പറുദീസ . വിശുദ്ധന്മാർ അബ്രാഹാമിന്റെ മടി എന്നുപറയുന്ന പറുദീസയിൽ എത്തിച്ചേരും.

ഈ ഭൂമിയിൽ ദരിദ്രനായിരിക്കാം. ശരീരം ആസകലം വ്രണം ആയിരിക്കാം. ജീവിക്കാൻ മാർഗ്ഗം ഇല്ലാത്തവൻ ആയിരിക്കാം. നായ്ക്കൾ വന്ന് വ്രണം നക്കിയാൽ പോലും ഒന്ന് ആട്ടിയകറ്റാൻ കഴിവില്ലാത്തവനായിരിക്കാം. നിസ്സഹായനായിരിക്കാം. ആരും തിരിഞ്ഞുനോക്കാത്തവനായിരിക്കാം. ദുരിതം നിറഞ്ഞ ജീവിതം നയിക്കുന്നവനായിരിക്കാം.

കടത്തിൽ മുങ്ങി വലയുന്നവൻ ആയിരിക്കാം. ആഹാരത്തിന് മാർഗ്ഗം ഇല്ലാത്തവൻ ആയിരിക്കാം. പലതരത്തിലുള്ള ഒറ്റപ്പെടുത്തലുകളും നിന്ദനങ്ങളും അപമാനങ്ങളും വഹിക്കേണ്ടി വന്നവൻ ആയിരിക്കാം. എന്നാൽ കടന്ന് ചെല്ലുന്ന ദേശത്ത് അബ്രാഹാം പിതാവിന്റെ മടിയിൽ, വിശുദ്ധൻമാരുടെ നിരയിൽ എത്തിച്ചേരുകയാണ്.

അബ്രാഹാമിന്റെ മടി എന്ന് പറയുമ്പോൾ നാം ആരും ധരിച്ചു പോകരുത്, അബ്രാഹാം പിതാവ് അവിടെ ഒരിടത്ത് ഇരിക്കുന്നു എന്ന്. പഴയനിയമത്തിലെ ഏറ്റവും വലിയ വിശ്വാസവീരനായിരുന്നു അബ്രാഹാം. ദൈവത്തിന്റെ വചനം കേട്ട് സകലവും ത്യജിച്ച് ഇറങ്ങി പുറപ്പെട്ട അബ്രാഹാം വിശ്വാസികളുടെ പിതാവ് എന്ന് അറിയപ്പെടുന്നു. ദൈവത്തിന്റെ സ്നേഹിതൻ എന്ന് വിളിക്കപ്പെടുന്ന വിശ്വാസവീരനത്രേ അബ്രാഹാം. ആ പിതാവ് ഇരിക്കുന്ന പറുദീസായിൽ എത്തിച്ചേരും എന്നാണ് അതിന്റെ അർത്ഥം.

പിതാക്കന്മാർ പണ്ട് പാടി അബ്രാഹാമിന്റേയും യിസഹാക്കിന്റേയും യാക്കോബിന്റേയും മടിയിൽ ഞങ്ങളുടെ വാങ്ങിപ്പോയവരെ പാർപ്പിക്കണമെ എന്ന്. പക്ഷേ അവിടെത്തന്നെ പിതാക്കന്മാർ ഒരു കാര്യം പ്രത്യേകം പറഞ്ഞു. അത് പലപ്പോഴും പലരും ഓർക്കാറില്ല.

കർത്താവേ, നിന്നിൽ ശരണത്താൽ നിദ്രയിലായി നിന്റെ വരവിനു കാത്തീടും മൃതരിൽ കനിയണമെ. അവരെ അബ്രാഹാമിന്റേയും യിസഹാക്കിന്റേയും യാക്കോബിന്റേയും മടിയിൽ പാർപ്പിക്കണം എന്നേ പ്രാർത്ഥിച്ചുള്ളൂ പിതാക്കന്മാർ.

പിതാക്കന്മാരുടെ വിശ്വാസം സനാതനം ആണ് സത്യം ആണ്.

“കരുണ നിറഞ്ഞവനേ!
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ -

നിന്നിൽ ശരണത്താൽ
നിദ്രയിലായ് നിന്റെ
വരവിനു കാത്തിടും
മൃതരിൽ കനിയണമെ-

അവരബ്രാഹത്തി-
ന്റെയുമിസഹാക്കുടെയും
യാക്കോബിന്നുടെയും
മടിയിൽ പാർക്കണമെ-

വന്നവനും വരുവോ-
നും മൃതർതന്നുയിരും
സ്തുതനെന്നു ശരീരാ-
ത്മാക്കൾ പാടണമെ.”

എത്ര അർത്ഥവത്താണ് ആ ഗീതം! കരുണ നിറഞ്ഞവനേ, ഉയർത്തെഴുന്നേല്പിന്റെ ദിവസത്തിൽ, പുനരുത്ഥാന ദിവസത്തിൽ ഞങ്ങളുടെ വാങ്ങിപ്പോയവരെ നീ ചേർത്തു കൊള്ളണമെ. എങ്ങനെയുള്ളവർ? നിന്നിൽ ശരണത്താൽ നിദ്രയിലായി നിന്റെ വരവിനു കാത്തിടും മൃതരിൽ നീ കനിയണമെ. കർത്താവെ, നിന്നിൽ ശരണപ്പെട്ട്, സത്യമായി ഒരു മാനസാന്തരം അനുഭവിച്ച് ക്രിസ്തുവിന്റെ ക്രൂശിലെ തിരുരക്തത്തിൽ ശരണപ്പെട്ട്, ക്രിസ്തുവിന്റെ കൃപയിൽ ശരണപ്പെട്ട്, നിന്നിൽ ശരണത്താൽ നിദ്രയിലായി വാങ്ങിപ്പോയവർ, യേശുക്രിസ്തു വീണ്ടും വരുമെന്ന് വിശ്വസിച്ച് കാത്തുനിൽക്കുന്ന, വിശ്വാസികൾ ആയ ഞങ്ങളുടെ വാങ്ങിപ്പോയവരിൽ കനിയണമെ.

കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ. ക്രിസ്തുവിൽ ശരണപ്പെട്ട്, ജീവിതം ക്രിസ്തുവിന് സമർപ്പിച്ച്, ക്രിസ്തുവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്ന വിശുദ്ധന്മാരിൽ കനിയണമെ.

അവരെ മഹത്വത്തിന്റെ പറുദീസായിൽ ചേർത്തുകൊള്ളണമെ. അബ്രാഹാമിന്റേയും യിസഹാക്കിന്റേയും യാക്കോബിന്റേയും മടിയിൽ അവരെ സ്വീകരിക്കണമെ.

വന്നവനും വരുവോനും സ്തുതനാണെന്ന് അവരുടെ ശരീരാത്മദേഹികൾ പ്രകീർത്തിച്ചുകൊണ്ടിരിക്കണമെ. വന്നവനും വരുവോനും, വന്നവനും വരുവാനിരിക്കുന്നവനും ആയവൻ പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതിയെന്ന് അവർ നിരന്തരം പാടി കീർത്തനം ചെയ്തു കൊണ്ടിരിക്കണമെ.

വിശുദ്ധപിതാക്കന്മാർ വിഭാവനം ചെയ്ത വിശുദ്ധിയുടെ സൻമാതൃക പിന്തുടരുവാനുള്ള ഭാഗധേയം ആണ് പിൽക്കാല തലമുറയിലുള്ള നമുക്ക് ദൈവം തന്നിരിക്കു

ന്നത്. എന്നാൽ നാം മൂഢ സ്വർഗ്ഗത്തിൽ ആയിപ്പോകരുത്.

ക്രിസ്തുവിൽ ശരണപ്പെടാതെ, ഒന്നു കുരിശു വരച്ച് കടന്നുപോയി എന്നുള്ളതു കൊണ്ട് പരിശുദ്ധന്മാരുടെ നിരയിലെത്തുകയില്ല. ക്രിസ്തുവിൽ ശരണപ്പെടാതെ, സത്യ മാനസാന്തരം അനുഭവിക്കാതെ, ക്രിസ്തുവിന്റെ തിരുരക്ത ത്താലുള്ള വീണ്ടെടുപ്പ് അനുഭവിക്കാതെ, ഈ ഭൂമിയിൽ നിന്ന് കടന്നു പോയാൽ അക്കരെ പരിശുദ്ധന്മാരുടെ നിര യിൽ എത്തുകയില്ല.

ശരീരത്തിൽ ഇരിക്കുമ്പോൾ ഓരോരുത്തരും രക്ഷ അനുഭവിച്ചിരിക്കണം. ക്രിസ്തുവിന്റെ കൃപയിൽ ശരണ പ്പെടണം. കൃപയിൽ ശരണപ്പെടുക എന്നുള്ളത് ഒരുദാഹരണം കൊണ്ട് വ്യക്തമാക്കാം. കാന്തം ഇരുമ്പിനെ ആകർഷിക്കും. മണൽ, തുകൽ, പ്ലാസ്റ്റിക്ക്, റബ്ബർ എന്നിവയൊന്നും കാന്ത ത്തിൽ ചാടിപ്പിടിക്കുകയില്ല. ഇരുമ്പ് കാന്തത്തോടെന്നപോലെ ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ശക്തിയാൽ ആകർഷി ക്കപ്പെട്ട് മാനസാന്തരപ്പെടുന്നവരാണ് ക്രിസ്തുവിന്റെ കൃപയി ലാകുന്നത്. അവർക്ക് ആത്മാവിൽ സജീവബന്ധവും സംസർഗ്ഗവും ക്രിസ്തുവിനോടുണ്ടായിരിക്കും.

കൃപയിലാവുക, രക്ഷിക്കപ്പെടുക, വീണ്ടും ജനനം പ്രാപി ക്കുക, മാനസാന്തരപ്പെടുക, വീണ്ടെടുപ്പ് പ്രാപിക്കുക, വിടു തൽ പ്രാപിക്കുക എന്ന് പറയപ്പെടുന്നതെല്ലാം ഈ ഒരനുഭവ മാണ്. അതാണ് ക്രിസ്തുവിലാകുക എന്ന അനുഭവം. അവർ പുതിയ സൃഷ്ടിയായിരിക്കും. അവരാണ് ക്രിസ്തുവിന്റെ രാജ്യത്തിന്റെ അവകാശികളാകുന്നത്.

“ശരണത്താലേ നിൻ കൃപയിൽ മരണമടഞ്ഞൊരു ദാസർ”, “നിന്നിൽ ശരണത്താൽ നിദ്രയിലായി, നിന്റെ വര വിന് കാത്തീടും മൃതർ”, “നിൻ ശരണേ മൃതരാം താതസഹോ ദരർ” എന്നിങ്ങനെ പിതാക്കന്മാർ പാടിയതെല്ലാം ഈ ആശ യത്തെ പ്രകാശിപ്പിക്കുന്നു.

ക്രിസ്തുവിനായി ജീവിതം സമർപ്പിക്കണം. ക്രിസ്തുവിന്റെ ആളത്വം പ്രാപിക്കണം. ക്രിസ്തുവിന്റെ വരവിനു വേണ്ടി കാത്തിരിക്കണം.

അങ്ങനെയുള്ള വിശുദ്ധന്മാരെയാണ് അബ്രാഹാമിന്റേയും യിസഹാക്കിന്റേയും യാക്കോബിന്റേയും മടിയിലേക്ക് ചേർക്കുന്നത്.

ഓരോന്നിനും വചനം എന്ത് പറയുന്നു. പിതാക്കന്മാർ എന്ത് പറയുന്നു എന്നാണ് നാം നോക്കേണ്ടത്.

വന്നവനും വരുവാനിരിക്കുന്നവനും ആയവനാണ് സ്തുതികൾക്ക് യോഗ്യൻ. വന്നവനും വരുവോനും മൃതർ തന്നുയിരും ആയവൻ (മരിച്ചവരുടെ ഉയർത്തെഴുന്നേൽപ്പും ആയവൻ) സ്തുതൻ. അവനാണ് സ്തുതിക്കപ്പെടുന്നവൻ എന്ന് ശരീരാത്മദേഹികൾ ഉച്ചത്തിൽ അട്ടഹസിച്ച് പറയുമാറാകണമെ.

ആ സ്തുതി ഈ ഭൂമിയിൽ വെച്ച് നമ്മെ അഭ്യസിപ്പിക്കാനാണ് മേൽപ്പട്ടക്കാരേയും പട്ടക്കാരേയും ശെമ്മാശ്ശന്മാരേയും സഭയിൽ ഏർപ്പാടാക്കിയത്.

'മേല്പ്പട്ടക്കാർ - പട്ടക്കാരൊടു-ശെമ്മാശ്ശന്മാർ
ഏർപ്പാടാക്കീ-കർത്താവിവരെ-ഭൂമിയിതിങ്കൽ
അണിയിച്ചാരിവ-രനിശംതന്നുടെ-സഭയേയിവിടെ
അനവരതം ചെ-യ്തേറ്റിവസിക്കും-സ്തുതികളതാലെ."

മേല്പട്ടക്കാരേയും പട്ടക്കാരെയും ശെമ്മാശ്ശന്മാരേയും ഇവിടെ സ്വർഗ്ഗത്തിലെ ദൈവം ഏർപ്പാടാക്കിയത് - നിയോഗിച്ചത്, എന്തിനുവേണ്ടിയാണ്?

ഇവിടെ ഈ ഭൂമിയിലുള്ള ക്രിസ്തുവിന്റെ സഭയെ അവർ സ്തുതി അണിയിക്കുന്നു, എല്ലായ്പ്പോഴും സ്തുതി അണിയിക്കുന്നു.

അനിശം, എല്ലായ്പ്പോഴും. നിരന്തരം സ്തുതിക്കുന്ന സ്തുതികളതാലെ സഭയെ അണിയിക്കണം. സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും ഇടവിടാതെ കരേറ്റുവാൻ യോഗ്യരായിത്തീർന്ന വിശുദ്ധ പിതാക്കന്മാർ ഈ കാര്യം ഭരമേല്പിച്ചു തന്നു.

എന്തിന്? സഭയുടെ മക്കളെ സ്തുതി അഭ്യസിപ്പിക്കാൻ. സ്തുതി അണിയിക്കാൻ, സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതം ആണ്. ഭയത്തോടുകൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാണ്. സ്തുതിയിൽകൂടി തേജോമയനായ ദൈവം ഭൂമിയിലേക്ക് ഇറങ്ങി വരും.

ആത്മാവിന്റെ ആരാധന, ആത്മാവിന്റെ സ്തുതി, പരിശുദ്ധാത്മാവിൽ, വിശുദ്ധിയിൽ നിറഞ്ഞു നിന്നുകൊണ്ടുള്ള സ്തുതി വരുമ്പോൾ, ദൈവതേജസ്സ് ഇറങ്ങുന്നു. സ്തുതികളിന്മേൽ അധിവസിക്കുന്നവൻ, ആകാശവും ഭൂമിയും തന്റെ സ്തുതികൾ കൊണ്ട് നിറഞ്ഞിരിക്കുന്ന മേൽപ്പെട്ട ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ താഴെ ഭൂമിയിൽ ബലഹീനരും പാപികളുമായ ഞങ്ങളും നിന്നെ സ്തുതിക്കുന്നു എന്നല്ലേ നാം പ്രാർത്ഥിക്കുന്നത്?

യേശുക്രിസ്തുവിനെ അനുഭവിക്കുന്ന ദൈവമക്കൾ സ്തുതിക്കും. ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ ശക്തി അറിഞ്ഞ ദൈവമക്കൾ സ്തോത്രം ചെയ്യും. യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾക്ക് സ്തുതിയും സ്തോത്രവും നാവിന്മേൽ നൃത്തം ചെയ്യും.

അവർ ''നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ ഞാൻ നിർത്തരുതേ'' എന്ന് പാടുക മാത്രമല്ല

നിർത്താതെ എപ്പോഴും അവരുടെ ഹൃദയത്തിൽ സ്തുതി അനുരണനം ചെയ്തുകൊണ്ടിരിക്കും.

കടന്നു ചെല്ലുമ്പോൾ ഒന്ന്, പരിശുദ്ധന്മാരുടെ നിര അത് സ്വർഗ്ഗമല്ല. മറ്റൊന്ന്, പാതാളത്തിൽ യാതനാസ്ഥലം.

> "ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനമ്പ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ളോരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു ധനവാന്റെ മേശയിൽ നിന്നു വീഴുന്നതു തിന്നു വിശപ്പടക്കുവാൻ ആഗ്രഹിച്ചു. നായ്ക്കളും വന്നു അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ."
>
> ലൂക്കോസ് 16 : 19 – 23

ഞാൻ നിത്യതയിൽ എവിടെ ചെല്ലണമെന്ന് ഞാനാണ് തീരുമാനിക്കേണ്ടത്. എന്റെ ഭാര്യ തീരുമാനിച്ചാൽ പോരാ. ഭർത്താവ് തീരുമാനിച്ചാൽ പോരാ, മക്കൾ തീരുമാനിച്ചാൽ പോരാ, മാതാപിതാക്കൾ തീരുമാനിച്ചാൽ പോരാ, അവനവനാണ് തീരുമാനിക്കേണ്ടത്.

അത് തീരുമാനിക്കാനുള്ള കാലം ഈ ശരീരത്തിൽ ഇരിക്കുമ്പോഴാണ്. ജീവൻ ശരീരത്തിൽ തുടിയ്ക്കുമ്പോൾ, തീരുമാനം എടുക്കൂ. ഇവിടെ വെച്ച് ദൈവത്തെ കണ്ടെത്തൂ. ഇവിടെ വെച്ച് ക്രൂശിൽ മരിച്ച രക്ഷകനെ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കൂ.

ക്രൂശിൽ ജീവൻ ത്യജിച്ച രക്ഷകൻ നിങ്ങളെ വിശുദ്ധന്മാരുടെ നിരയിൽ നിർത്താൻ ആഗ്രഹിച്ചുകൊണ്ട് കടന്നു വന്നിരിക്കുന്നു. അവൻ നിങ്ങളുടെ അരികത്ത് വന്ന് നിൽക്കുന്നു. മകനേ, നീ നരകത്തിന്റെ ഭീകരതയിലേക്ക് പോകണ്ട. പാതാളത്തിന്റെ യാതനാസ്ഥലത്തേക്ക് പോകണ്ട.

ജീവിതം നശിപ്പിച്ചു കളയണ്ട. ഇരുളടഞ്ഞു പോകുന്ന യാതനാസ്ഥലത്തിന്റെ ഭീകരതയിലേക്ക് പോവണ്ട. മകനേ, നിന്റെ ജീവിതം നീ നശിപ്പിക്കണ്ട. ഇന്ന് നിനക്ക് പുതിയ ജീവിതം തരാമെന്ന് പറഞ്ഞുകൊണ്ട് യേശുവന്ന് ഹൃദയ വാതിലിൽ മുട്ടുന്നു. മകനെ നിന്റെ ഹൃദയം തുറക്കൂ. മകളെ നിന്റെ ഹൃദയം തുറക്കൂ.

ഒരു ദിവസം നീ മരിക്കും. ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും അന്ന് ദൈവരാജ്യത്തിൽ എത്തുവാൻ ഇന്ന് തന്നെ നിന്റെ ഹൃദയം തുറന്ന് ക്രിസ്തുവിനായി നിന്റെ ജീവിതം സമർപ്പിക്കൂ. ക്രിസ്തു നിനക്കു വേണ്ടി ക്രൂശിൽ മരിച്ചു. നിന്റെ സകലപാപങ്ങളും ക്ഷമിച്ചു തരുന്നു എന്ന് വിശ്വസിക്കൂ. ഇതുവരെ വന്നുപോയ സകല പാപങ്ങളും ക്ഷമിക്കുവാൻ ക്രിസ്തുവിന്റെ തിരുരക്തം മതിയായതാണ്. ഇന്ന് ഒന്ന് എന്ന് ആരംഭിക്കൂ.

യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് സ്വീകരിക്കൂ. യേശുവിനോട് വാക്ക് പറയൂ. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

യേശുവേ, നീ എന്റെ പാപം വഹിച്ച് ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ പാപം ഇല്ലാത്ത ജീവിതം നയിക്കും. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക.

# എട്ട്

"മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ?"

ഇയ്യോബ്. 14:10

മരണത്തിന് ശേഷം ഉള്ള അവസ്ഥ എന്ത് എന്നതിനെക്കുറിച്ചുള്ള കാതലായ ചോദ്യം ആണ് നീതിമാനായ ഇയ്യോബ് ചോദിക്കുന്നത്.

ഈ ശരീരം ദ്രവിച്ചുപോകും. ഈ ശരീരം മണ്ണോട് മണ്ണ് ചേരും. മനുഷ്യൻ പൊടിയിലേക്ക് തിരികെ ചേരും.

മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? എന്നാണ് ഇയ്യോബ് വീണ്ടും ചോദിക്കുന്നത്.

നാം ഓരോരുത്തരും ഈ ലോകത്തിന്റെ കെട്ടുപാടിൽ പെട്ട് ഉഴലുന്നവരാണ്. നമുക്ക് കഷ്ടപ്പാടുകൾ ഉണ്ട്. നമുക്ക് ജോലിത്തിരക്കുകൾ ഉണ്ട്, നമുക്ക് ബദ്ധപ്പാടുകൾ ഉണ്ട്, നമുക്ക് പലതരത്തിലുള്ളതായ ക്ലേശങ്ങൾ ഉണ്ട്; പ്രതിസന്ധികൾ ഉണ്ട്; പ്രശ്നങ്ങൾ ഉണ്ട്. ഏതെല്ലാം വൈതരണികളെ കടന്നാണ് നാം ഓരോ ദിവസവും

കഴിഞ്ഞു പോകുന്നത്! ഏതെല്ലാം കടമ്പകൾ ചാടിച്ചാടി കടന്നാണ് നാം ഇത്രത്തോളം എത്തിയത്.

ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ഈ ലോക ചിന്ത കൾ വിട്ട് പോകുവാൻ സാധ്യമല്ല. ഈ ലോകത്തിൽ ജീവിക്കുമ്പോൾ ലോകത്തിലെ പലപല കാര്യങ്ങളിൽ ബന്ധിതരായി നാം കഴിയുന്നതുകൊണ്ട് പലപ്പോഴും നമുക്ക് ആകുലങ്ങൾ വരുന്നു. ആവലാതികൾ വരുന്നു; ദുരിത ങ്ങൾ വരുന്നു; താങ്ങാനാവാത്തതായ യാതനകളിലൂടെ നാം കടന്നു പോകേണ്ടി വരുന്നു.

Earnest Hemingway വിശ്രുതനായ ഒരു സാഹിത്യകാ രനായിരുന്നു. അദ്ദേഹത്തിന്റെ വളരെ പ്രസിദ്ധമായ നോവൽ ആണ് "The Old man and the Sea" “കിഴവനും കടലും” എന്ന പേരിൽ അത് മലയാളത്തിലേക്ക് തർജ്ജിമ ചെയ്തിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ ഒരു മീൻ പിടുത്തക്കാ രനായ ഒരു കഥാപാത്രമുണ്ട്. മീൻപിടിക്കാൻ വള്ളത്തിൽ കടലിൽ പോകുന്ന ഒരു വൃദ്ധനായ മുക്കുവൻ.

ഈ വൃദ്ധനായ മനുഷ്യന്റെ വലയിൽ ഒരു വലിയ മീൻ കുടുങ്ങി.

മീനിന്റെ കരുത്തും വലിപ്പവും കൊണ്ട് അതിനെ വലിച്ച് അടുപ്പിക്കാൻ പറ്റുന്നില്ല. മീൻ അദ്ദേഹത്തെ വലി ച്ചുകൊണ്ട് പോവുകയാണ്. ആഴക്കടലിലേക്ക്.

മീനെ വിടാൻ പറ്റുന്നില്ല. മീനെ വേണം എന്നുണ്ട്. പക്ഷേ ആയുസ്സിന് അപകടം വരുന്നു. എന്തുവേണ്ടു വളരെ പ്രയാസം സഹിക്കുകയാണ്. വളരെ വിഷമം നേരിടുകയാണ് വിട്ടു കളയാൻ സാധിക്കില്ല. വലി യോരു മീനാണ്. പക്ഷേ ആ മീനെ പിടിക്കാൻ നോക്കി യാൽ അപകടം സംഭവിക്കുകയും ചെയ്യും മല്ലടിക്കുക യാണ്.

ആ നോവലിൽ Earnest Heming way സൂചിപ്പിക്കുന്നത് മനുഷ്യൻ ഈ ജീവിതക്കടലിൽ പോരാടുന്നതിനെയാണ്. ജീവിതം ആകുന്ന ഈ മഹാസാഗരത്തിൽ ഉഴലുന്ന മനുഷ്യൻ, കഷ്ടപ്പാടിലും ദു:ഖത്തിലും മുഴുകി അലയുന്ന മനുഷ്യൻ ലോകത്തിന്റെ കെട്ടുപാടിൽപ്പെട്ട് അഴലുകയും ഉഴലുകയും ചെയ്തുകൊണ്ട് വലയുന്നതിനെ കുറിച്ചാണ് ആ സാഹിത്യകാരൻ ചിത്രീകരിച്ചിരിക്കുന്നത്. സാമാന്യ മനുഷ്യരുടെ ചിത്രം ആണ് അത്.

നാം ഈ ലോകത്തിന്റെ കെട്ടുപാടിൽപെട്ട് ഉഴന്നു കൊണ്ടിരിക്കുന്നു. അതിനപ്പുറം ഉള്ളതായ ജീവിതത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ നേരം ഉണ്ടാകുന്നില്ല. നിത്യത എന്ന് പറഞ്ഞ ഒന്ന് ഉണ്ടോ? അത് എങ്ങനെ ആയിരിക്കും? നമുക്ക് പലപ്പോഴും ചിന്തിക്കാൻ അതൊരു വിഷയം ആകാറില്ല.

അതിനപ്പുറം ഒട്ടേറെ പ്രശ്നങ്ങളിൽപ്പെട്ട് നാം നട്ടം തിരിയുകയാണ്. യാതനയേറ്റ് നാം പിടയുകയാണ്. ദുരിതം ഏറ്റ് നാം വലയുകയാണ്. നാം വിയർത്തൊലിച്ച് കിതയ്ക്കുകയാണ്. ജീവിതം തന്നെ ഒരു കിതപ്പല്ലെ? ഒരു നല്ല സാഹിത്യകാരൻ ഒരു പുസ്തകത്തിന് പേര് കൊടുത്തത് തന്നെ "കുതിപ്പും കിതപ്പും" എന്നാണ്.

കുതിയ്ക്കുന്നുണ്ട്, കിതയ്ക്കുന്നും ഉണ്ട്. പലരുടേയും ജീവിതം അങ്ങനെയാണ്. കുതിയ്ക്കും പക്ഷേ കിതയ്ക്കും. ജീവിതം ദുരിതപൂരിതം ആണ്.

എന്നാൽ ഈ ഐഹീകജീവിതത്തിനപ്പുറം ഉള്ള പാരത്രിക ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ നമുക്ക് സാധിക്കുന്നത് ഒരു വലിയ ഭാഗ്യം ആണ്.

ഞാനിന്ന് കടന്നു പോയാൽ എവിടെ ചെല്ലും? ഇന്ന് ഞാനീ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടാൽ എന്റെ ആത്മാവ്

എവിടെയാണ് ചെല്ലുന്നത്? ഇനി ഞാനൊരിക്കൽ ഈ ഭൂമിയിലേക്ക് തിരികെ വരുമോ? എന്റെ സ്വന്തപ്പെട്ടവരെ, വാങ്ങിപ്പോയവരെ ഞാൻ എന്നെങ്കിലും ഇനി കാണുമോ?

എന്റെ അപ്പൻ മരിച്ചുപോയി. അപ്പനെ ഇനി കാണുമോ? എന്റെ അമ്മ മരിച്ചുപോയി. അമ്മയെ ഇനി കാണുമോ? എന്റെ ഭർത്താവ് മരിച്ചുപോയി. ഭർത്താവിനെ ഇനി കാണാൻ കിട്ടുമോ? പ്രിയപ്പെട്ട എന്റെ സഹോദരങ്ങൾ മരിച്ചുപോയി. അവരെ ഇനി കാണാൻ കിട്ടുമോ? ഈ ആശയും ഉദ്വേഗവും നമ്മുടെ ഹൃദയത്തിൽ അലതല്ലുന്നുണ്ട്.

ബൈബിളിൽ കർത്താവായ യേശുക്രിസ്തു നിത്യതയെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

ലൂക്കോസ് എഴുതിയ സുവിശേഷം 16-ാം അദ്ധ്യായം വായിക്കുമ്പോൾ നാം കാണുന്നത് ഒരു ധനവാനായ മനുഷ്യനെക്കുറിച്ചും ഒരു ദരിദ്രനായ മനുഷ്യനെക്കുറിച്ചും ആണ്. ധനവാന്റെ പേര് പറഞ്ഞിട്ടില്ല. ദരിദ്രന്റെ പേര് പറഞ്ഞിട്ടുണ്ട്. ഇങ്ങനെയാണ് നാം വായിക്കുന്നത്.

> "ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനമ്പ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ളോരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു ധനവാന്റെ മേശയിൽ നിന്നു വീഴുന്നതു തിന്നു വിശപ്പടക്കുവാൻ ആഗ്രഹിച്ചു; നായ്ക്കളും വന്നു അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു, പാതാളത്തിൽ യാതന അനുഭവിക്കു

> ബോൾ മേലോട്ടുനോക്കി ദൂരത്തുനിന്നു അബ്രാഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു. അബ്രാഹാം പിതാവേ, എന്നോടു കനിവുണ്ടാകേണമേ, ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിനു അവനെ അയക്കേണമെ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു."

ലൂക്കോസ് 16 :19-24

ലാസർ ദരിദ്രനാണ്. ലാസർ രോഗിയാണ്. ലാസർ ശരീരമാസകലം വ്രണം നിറഞ്ഞവനാണ്. ലാസർ അഗതിയാണ്. ലാസർ കിടപ്പാടം ഇല്ലാത്തവനാണ്. ലാസർ ഉടുതുണിക്ക് മറുതുണി ഇല്ലാത്തവനാണ്.

ധനവാൻ അങ്ങനെ അല്ല, പട്ടും ധൂമ്ര വസ്ത്രവും ധരിക്കുന്നവനാണ്. ദിനമ്പ്രതി വസ്ത്രം മാറിമാറി ധരിക്കത്തക്കവണ്ണം ആഡംബരത്തിന്റെ പ്രൗഢിയിൽ കഴിയുന്നവനാണ്. നല്ല സാമ്പത്തികനിലവാരം ഉള്ളവനാണ്. ധനവാൻ എന്ന് തന്നെയാണ് പറയുന്നത്. ഇത് ഒരു സംഭവം ആണ്. ഒരു ഉപമ അല്ല എന്ന് വ്യക്തം.

കാരണം കർത്താവ് പറഞ്ഞ ഉപമയിൽ ഒരിടത്തും വ്യക്തികളുടെയും പേര് പറഞ്ഞിട്ടില്ല. ഇവിടെ ലാസറിന്റെ പേര് പറഞ്ഞിട്ടുണ്ട്.

വിതക്കാരന്റെ ഉപമയിൽ പേര് പറഞ്ഞിട്ടില്ല. അത് ഉപമയാണ്. ദ്രഹ്മ നഷ്ടപ്പെട്ട സ്ത്രീയുടെ കാര്യത്തിൽ ആ സ്ത്രീയുടെ പേര് പറഞ്ഞിട്ടില്ല, ഉപമയാണ്. ധൂർത്ത പുത്രൻ അല്ലെങ്കിൽ മുടിയൻ പുത്രന്റെ ഉപമയിൽ പേര് പറഞ്ഞിട്ടില്ല. അതൊരു ഉപമയാണ്. നല്ല ശമര്യാക്കാരന്റെ പേര്

പറഞ്ഞിട്ടില്ല. അതൊരു ഉപമയാണ്. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ വേലക്കാരെ വിളിച്ചാക്കാൻ പുറപ്പെട്ട ഉപമയിൽ ആ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥന്റെ പേര് പറഞ്ഞിട്ടില്ല ഉപമയാണ്. എന്നാൽ ഇവിടെ പേര് പറഞ്ഞിട്ടുണ്ട്.

ലാസർ എന്ന് പേരുള്ള ഒരു ദരിദ്രൻ. വ്രണം നിറഞ്ഞവനായി ധനവാന്റെ പടിപ്പുരയ്ക്കൽ കിടക്കുന്നു. ധനവാന്റെ വീട്ടിലെ ഊണുമേശയിൽ നിന്ന് തൂത്തുവാരി എറിയുന്ന എച്ചിൽക്കഷണങ്ങൾ പെറുക്കി തിന്നാൻ കൊതിച്ചു കിടക്കുന്ന ദരിദ്രനായോരു മനുഷ്യൻ!

ധനവാന്റെ പേര് പറഞ്ഞിട്ടില്ല. എന്തായിരിക്കും ധനവാന്റെ പേര് പറയാത്തത്?

ജീവപുസ്തകത്തിൽ പേരുള്ളവരുടെ പേരാണ് കർത്താവ് ഉച്ചരിക്കുന്നത്. കർത്താവ് ലാസറിന്റെ പേര് പറയാൻ കാരണം ലാസറിന്റെ പേര് ദൈവസന്നിധിയിൽ ജീവന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. ധനവാന്റെ പേര് അതിൽ ഇല്ല. ധനവാൻ ദൈവസന്നിധിയിൽ അറിയപ്പെടുന്നില്ല. ദൈവസന്നിധിയിൽ കടന്നു ചെല്ലാൻ യോഗ്യനല്ല.

"ജീവന്റെ പുസ്തകത്തിൽ പേര് എഴുതികാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും" എന്ന് വെളിപ്പാട് പുസ്തകം 20-ാം അദ്ധ്യായം 15-ാം വാകൃത്തിൽ കാണുന്നു.

അന്തിമന്യായവിധിയുടെ സമയത്ത് രണ്ട് ചേരിയായി ജനങ്ങൾ മാറ്റപ്പെടുമെന്നും ജീവന്റെ പുസ്തകത്തിൽ പേരുള്ളവർ മാത്രം ദൈവസന്നിധിയിൽ എണ്ണപ്പെടുമെന്നും മറ്റെല്ലാവരും ജീവപുസ്തകത്തിൽ പേരില്ലാത്തവരാകയാൽ നിത്യനരക തീപ്പൊയ്കയിലേക്ക് തള്ളപ്പെടുമെന്നും വ്യക്ത

മായി രേഖപ്പെടുത്തിയിരിക്കുകയാണ്.

> "ജീവന്റെ പുസ്തകത്തിൽ പേരെഴുതി ക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും?"
>
> വെളി 20:15

ജീവന്റെ പുസ്തകത്തിൽ പേരില്ലെങ്കിൽ കർത്താവിന് ആ പേര് പരിചിതം അല്ല. ജീവന്റെ പുസ്തകത്തിൽ പേരുണ്ടെങ്കിൽ മാത്രമേ നിത്യനായ ദൈവത്തിന് ആ വ്യക്തിയെ പരിചയം ഉള്ളൂ.

ഒന്നു ചിന്തിക്കണേ, എന്നെ ദൈവത്തിന് പരിചയം ഉണ്ടോ? ദൈവരാജ്യത്തിന് ഞാൻ അന്യനാണോ? ദൈവ രാജ്യത്തിനു ഞാൻ അപരിചിതനാണോ? സ്വർഗ്ഗരാജ്യത്തിൽ എത്തുവാൻ ഞാൻ അർഹത നേടിയിട്ടുണ്ടോ?

ധനവാൻ മരിച്ചു. അടക്കപ്പെട്ടു. നല്ല ശവസംസ്ക്കാരം ആയിരുന്നു. നല്ല ആഡംബരപൂർണമായ ശവസംസ്ക്കാ രം. എന്തു വലിയ ജനക്കൂട്ടം ആയിരുന്നിരിക്കും! എത്ര എത്ര ആളുകൾ അവിടെ വന്നിരിക്കും! എന്തുമാത്രം ആളുകൾ അനുശോചന പ്രസംഗങ്ങൾ നടത്തിയിരിക്കും! അനുശോചന യോഗങ്ങൾ എത്ര നടന്നിരിക്കും!

ദു:ഖത്തിൽ ഇരിക്കുന്നവരെ ആശ്വസിപ്പിച്ചു കൊണ്ട് പ്രസംഗിച്ചിരിക്കും! പരേതന്റെ ആത്മാവ് ഇപ്പോൾ ദൈവ സന്നിധിയിൽ എത്തി ഇരിക്കുകയാണ്. കർത്താവായ യേശുക്രിസ്തുവിന്റെ മാറിൽ ചാരി ഇരിക്കുകയാണ് എന്തെല്ലാം ഇമ്പകരമായ വാക്കുകൾ പറഞ്ഞിരിക്കും!

വലിയോരു വിലാപയാത്ര ആയിരുന്നിരിക്കും. ഒരു പക്ഷേ ശോകഗാനങ്ങൾ ആലപിക്കുന്നതായ ബാന്റ് സംഗീ തങ്ങൾ മുഴങ്ങിയിരിക്കും. അന്ന് പള്ളിയിലെ മുത്തുക്കു

ടകളും കറുത്തകൊടികളും എല്ലാം കൊണ്ടു വന്നിരിക്കും. ആ പള്ളിയിലേത് പോരാഞ്ഞിട്ട് അടുത്ത പള്ളികളിൽ നിന്നും കൊണ്ടുവന്നു കാണുമായിരിക്കും.

അന്ന് പള്ളിയിലെ കുരിശും മുത്തുക്കുടയും ഉണ്ടെന്നല്ല, ഇന്നത്തെ സ്ഥിതിയിൽ നമുക്ക് മനസ്സിലാക്കാൻ വേണ്ടി ആഡംബരത്തിന്റെ കാര്യങ്ങൾ പറഞ്ഞു എന്നേ ഉള്ളൂ.

എന്നാൽ നാം വായിക്കുന്നത് ധനവാൻ മരിച്ചു അടക്കപ്പെട്ടു "പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ" എന്നാണ്.

പാതാളത്തിലെ യാതനയിലേക്കാണ് പോയത്. ദുരിതത്തിലേക്കാണ് പോയത്. ഒരിക്കലും തീരാത്തവറുതിയിലേക്കാണ് പോയത്. ഒരിറ്റു വെള്ളത്തിനു വേണ്ടിയുള്ള ദാഹം!

ധനവാൻ കരയുകയാണ്. മേലോട്ട് നോക്കുന്നു. അപ്പോൾ അബ്രാഹാം പിതാവിരിക്കുന്ന വിശുദ്ധന്മാരുടെ പറുദീസാ കാണുന്നു എന്നു പറയുന്നതുകൊണ്ട് പറുദീസ മുകളിലാണ് എന്ന് നമുക്ക് മനസ്സിലാക്കാം. ധനവാന് പരിശുദ്ധന്മാരെ പരിചയം ഉണ്ട്. അബ്രഹാം പിതാവിനെ പരിചയം ഉണ്ട്. പക്ഷേ ദൈവത്തെ പരിചയം ഇല്ല.

ഇന്ന് പരിശുദ്ധന്മാരെ പരിചയം ഉണ്ടെങ്കിലും ദൈവത്തെ പരിചയം ഇല്ലാത്ത അനേകം ആളുകൾ ഉണ്ട്. പരിശുദ്ധന്മാരുടെ കബറിടം പരിചയം ഉണ്ട്. പക്ഷേ ക്രിസ്തുവിനെ പരിചയം ഇല്ല. പരിശുദ്ധന്മാരുടെ കബറിടത്തിലേക്ക് തീർത്ഥയാത്ര പോകുന്നുണ്ട്. പക്ഷേ ക്രിസ്തുവിന്റെ കുരിശ് ജീവിതത്തിൽ അന്വർത്ഥമാക്കുന്നില്ല.

പരിശുദ്ധന്മാരെ പരിചയം ഉണ്ട് എന്നുള്ളതുകൊണ്ട് മാത്രം ദൈവരാജ്യത്തിൽ എത്തുകയില്ല. ദൈവരാജ്യത്തിൽ എത്തണമെങ്കിൽ ചില വ്യക്തമായ വ്യവസ്ഥകളുണ്ട്.

ലാസർ മരിച്ചപ്പോൾ അവനെ ദൈവത്തിന്റെ മാലാഖമാർവന്ന് എതിരേറ്റു കൊണ്ടുപോയി അബ്രഹാം പിതാവിന്റെ മടിയിൽ എത്തിച്ചു. ഇവിടെ വ്രണം നിറഞ്ഞവനായി ജീവിച്ചവനാണ്. പക്ഷേ അവൻ മരിച്ചപ്പോൾ മാലാഖമാർ അവനെ അബ്രഹാമിന്റെ മടിയിലേക്ക് കൊണ്ടുപോയി.

അബ്രഹാമിന്റെ മടി എന്നു പറയുന്ന ശ്രേഷ്ഠമായ സ്ഥലം പരിശുദ്ധന്മാരുടെ നിരയാണ്. അത് നിത്യപിതാവിനെയും ജീവനുള്ള ക്രിസ്തുവിനേയും ജീവനുള്ള പരിശുദ്ധാത്മാവിനേയും ആരാധിക്കുന്ന വിശുദ്ധന്മാരുടെ സമൂഹം ആണ്. അബ്രഹാം വിശ്വാസികളുടെ പിതാവായിരുന്നു. വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ നിരയിൽ എത്തുക! ഒരു വിശ്വാസിക്ക് മാത്രമേ അവിടെ എത്തുവാൻ സാധിക്കൂ. ഈ സംഭവത്തിന്റെ ഒടുവിലത്തെ വാക്യങ്ങൾ വായിക്കുമ്പോഴാണ് അത് കാണാൻ സാധിക്കുക.

കർത്താവെ, ഞാനിന്ന് കടന്നു പോയാൽ എനിക്ക് വിശുദ്ധന്മാർ പാർക്കുന്ന സ്വർഗ്ഗീയ മഹത്വഭൂവിൽ എത്തണം എന്നതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. അല്പകാലം മാത്രം ഈ ഭൂവിലെ വാസം. സ്വർഗ്ഗീയ വാസസ്ഥാനത്ത് എത്തുവാൻ നാഥാ എനിക്ക് യോഗ്യത തരണം. ഇതായിരിക്കട്ടെ നമ്മുടെ വാഞ്ഛയും നമ്മുടെ പ്രാർത്ഥനയും.

നാം ദൈവത്തിന്റെ വചനം നിരന്തരം കേൾക്കുന്നു. ദൈവത്തിന്റെ വചനം നാം ധ്യാനിക്കുന്നു. ദൈവത്തിന്റെ വചനം നാം പഠിക്കുന്നു. നാം തനിയെ ഇരുന്നു പ്രാർത്ഥിക്കുന്നു. നമുക്ക് കുടുംബ നമസ്ക്കാരങ്ങളുണ്ട്, കുടുംബ പ്രാർത്ഥനകളുണ്ട്, നമുക്ക് പള്ളി ആരാധനകളുണ്ട്, അനുഷ്ഠാനങ്ങളുണ്ട് എല്ലാം നല്ലത്.

പക്ഷേ അവസാനം ഞാൻ എത്തേണ്ടിടത്ത് എത്തിയില്ലെങ്കിൽ നഷ്ടം അല്ലേ? നിത്യസ്വർഗ്ഗരാജ്യത്തിൽ ഞാൻ

എത്തിയില്ലെങ്കിൽ ഏറ്റവും കൊടിയ നഷ്ടം അല്ലേ? തീരാനഷ്ടം അല്ലേ?

ഓർത്തുകൊള്ളൂ, അബ്രാഹാമിന്റേയും യിസഹാക്കിന്റേയും യാക്കോബിന്റേയും മടിയിൽ അവരെ പാർപ്പിക്കണമേ എന്ന് പിതാക്കന്മാർ പ്രാർത്ഥിച്ചതായ പ്രാർത്ഥന നാം ചൊല്ലുന്നുണ്ട് എങ്കിലും, പരിശുദ്ധന്മാരുടെ നിരയിൽ എത്തുവാനുള്ള ഒരുക്കം നമുക്ക് ഉണ്ടോ?

പരിശുദ്ധന്മാരുടെ നിരയിൽ എത്തുവാൻ നാം ഇവിടെവച്ച് നേടേണ്ടത് നേടിയിട്ടുണ്ടോ എന്ന് ഈ സമയം നിങ്ങൾ ചിന്തിക്കൂ. നേടേണ്ടത് എന്താണ്? നേടേണ്ടത് ഒന്നേ ഒന്നുമാത്രം. നേടേണ്ടത് കർത്താവായ യേശുക്രിസ്തു മാത്രം.

പരിശുദ്ധന്മാർ മാറിപ്പോകും. സഭകൾ മാറിപ്പോകും. സമുദായങ്ങൾ മാറിപ്പോകും. പള്ളികൾ മാറിപ്പോകും, മനുഷ്യ ജീവിതങ്ങൾ മാറിപ്പോകും, പ്രിയപ്പെട്ടവർ മാറിപ്പോകും, മാതാപിതാക്കൾ മാറിപ്പോകും. സ്നേഹിതന്മാരും കൂട്ടാളികളും മാറിപ്പോകും. മാറാതെ നിൽക്കുന്നവൻ ഒരുവൻ മാത്രം. അത് കർത്താവായ യേശുക്രിസ്തു മാത്രം.

“മാറിടും മനുജരെല്ലാം
മറന്നിടും സ്നേഹിതരും,
മാറ്റമില്ലാത്തവൻ എൻമനുവേൽ,
മഹിമയിൽ വാഴുന്നു ഇന്നും എനിക്കായ്”

Jesus christ the same yesterday today and for ever.

യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നന്നേക്കും മാറ്റം ഇല്ലാത്തവൻ തന്നെ. അവൻ അനന്യനാണ്, അവനെ നിങ്ങളുടെ നാഥനായി സ്വീകരിക്കൂ.

നിങ്ങളുടെ അരികത്തേക്ക് അവൻ വന്നിട്ടുണ്ട്. നിങ്ങൾ ഈ വാക്കുകളെ വായിച്ചു കൊണ്ടിരിക്കുന്നയിടത്ത് അവൻ വരുന്നുണ്ട്. അവൻ നിങ്ങൾക്ക് സമീപസ്ഥനാണ്. ഇന്ന് അവൻ ദൂരസ്ഥൻ അല്ല.

അവൻ തന്നെത്തന്നെ നിങ്ങൾക്കായി കുരിശിൽ തന്നിരിക്കുന്നു. അവൻ എനിക്കായി അവനെ തന്നെ കുരിശിൽ തന്നു. നിങ്ങൾക്കായി ക്രിസ്തു അവനെത്തന്നെ ക്രൂശിൽ തന്നു. അവന്റെ ദിവ്യജീവൻ നമുക്ക് തന്നു. അവനെ നിങ്ങൾ സ്വീകരിപ്പിൻ. അവനോട് നിങ്ങൾ വാക്ക് പറയുവിൻ.

നാഥാ, ഇന്നു മുതൽ യേശുവേ, ഞാൻ നിന്റെ വക. യേശുവേ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി. യേശുവേ, ഇതുവരെ ജീവിച്ചതുപോലെ അല്ല, ഇന്നുമുതൽ അവിടന്ന് പ്രസാദിക്കുന്നത് പോലെ ഒരു സംശുദ്ധ ജീവിതം ഞാൻ നയിക്കും.

## ഒമ്പത്

"ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തുനിന്നു അബ്രാഹാമിനെയും അവന്റെ മടിയിൽ ലാസരിനെയും കണ്ടു : അബ്രാഹാം പിതാവേ, എന്നോടു കനിവുണ്ടാകേണമേ. ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു."

ലൂക്കോസ് 16 : 22, 24

ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നാണ് ധനവാൻ പറയുന്നത്. അവിടം ജ്വാലയാണ്, അവിടം യാതനയാണ്. അവിടെ തീപ്പൊള്ളലാണ്. ഒരിക്കലും കെടാത്ത തീയാണ്, ഒരിക്കലും അടങ്ങാത്ത ജ്വാല

യാണ്.

ഞാൻ ഈ ജ്വാലയിൽ കിടന്ന് വേദന അനുഭവി ക്കുന്നു. അബ്രാഹാം പിതാവേ, എന്നോടു കനിവുണ്ടാകേ ണമേ.

മരണത്തിന് ശേഷം ഉള്ള പ്രാർത്ഥനകൾ നിഷ്ഫലം ആണ്. സമയം കഴിഞ്ഞുള്ള പ്രാർത്ഥനകൾ പ്രയോജന രഹിതമാണ്. പ്രാർത്ഥന ഉണ്ട്. വിശുദ്ധന്മാരെ പരിചയം ഉണ്ട്. പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന ഉണ്ട്. പക്ഷേ നിഷ്പ്രയോജനം ആയിപ്പോയി.

അബ്രഹാം പിതാവേ, ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയക്കേണമേ. ഞാനീ ജ്വാലയിൽ കിടന്ന് വേദന അനുഭവിക്കുന്നു എന്ന് വിളിച്ചു പറഞ്ഞു.

അബ്രാഹാം പിതാവേ, അങ്ങയുടെ മടിയിൽ ഇരി ക്കുന്ന ആ ലാസർ എന്റെ വീടിന്റെ പടിപ്പുരയ്ക്കൽ കിടന്ന വനാണ്.

എനിക്ക് പരിചയം ഉള്ള ആളാണ്. ലാസരിന് എന്നേയും പരിചയം ആണ്. ഞാൻ എന്റെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോകുമ്പോഴും, എന്റെ അഞ്ച് സഹോദരന്മാർ ഒരു മിച്ച് ഞങ്ങൾ ബിസിനസ്സ് കാര്യങ്ങൾക്ക് ബദ്ധപ്പെട്ട് ഓടു മ്പോഴും, ഞങ്ങൾ വളരെ തിരക്ക് പിടിച്ച ജോലിത്തിര ക്കിൽ യാത്രചെയ്യുമ്പോഴും, ഈ ലാസർ കിടക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. ലാസർ ഞങ്ങളേയും കണ്ടിട്ടുണ്ട്. പരിചയം ഉണ്ട്.

ആ ലാസരിനെ ഇങ്ങോട്ട് അയച്ചാൽ ലാസർ അവന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ ഒന്ന് തണുപ്പിക്കുമല്ലോ. ഒരു ചെറിയ തണുപ്പ് കിട്ടുമല്ലോ അല്പം തണുപ്പ്!

അയ്യോ ഞാനീ ജ്വാലയിൽ കിടന്ന് പൊള്ളുന്നു വല്ലോ; ഉരുകുന്നല്ലോ, പൊരിയുന്നുവല്ലോ. അബ്രാഹാം പിതാവേ, എന്നോടു കനിവു തോന്നേണമെ. എന്ന് നിലവി ളിക്കുകയാണ്.

എന്നാൽ ആ നിലവിളി നിഷ്പ്രയോജനം ആയിപ്പോ യി. എന്തുകൊണ്ടാണത്? അബ്രാഹാം പിതാവ് പറയുക യാണ് :

> "മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവണ്ണം തിന്മയും പ്രാപിച്ചു എന്ന് ഓർക്ക. ഇപ്പോൾ അവനിവിടെ ആശ്വസി ക്കുന്നു. നീയോ, വേദന അനുഭവിക്കുന്നു. അത്രയും അല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയോരു പിളർപ്പ് ഉണ്ടാക്കിയിരി ക്കുന്നു. ഇവിടെ നിന്ന് നിങ്ങളുടെ അടു ക്കൽ കടന്ന് വരുവാൻ ഇച്ഛിക്കുന്നവർക്ക് കഴിവില്ല. അവിടെ നിന്ന് ഞങ്ങളുടെ അടു ക്കൽ കടന്ന് വരുവാനും പാടില്ലാ എന്നു പറഞ്ഞു."
>
> ലൂക്കോസ് 16:25

വലിയോരു പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു. ഉണ്ട് എന്ന ല്ല, ഉണ്ടാക്കിയിരിക്കുന്നു വലിയോരു പിളർപ്പ്, ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയോരു പിളർപ്പ്. ഞങ്ങളും നിങ്ങളും രണ്ട് ചേരിയായി കഴിഞ്ഞു. രണ്ട് സ്ഥലത്ത് ആയി കഴിഞ്ഞു.

ഭൂമിയിൽ ജീവിച്ചപ്പോൾ ഒരു സ്ഥലത്തു തന്നെയാണ് ലാസറും ധനവാനും. ഇപ്പോൾ ഞങ്ങളും നിങ്ങളും എന്ന് പറയത്തക്കവണ്ണം രണ്ട് സ്ഥലത്ത് ആയിക്കഴിഞ്ഞു.

ഞങ്ങൾക്കും നിങ്ങൾക്കും നടുവിൽ വലിയോരു

പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു. വലിയോരു gulf ഉണ്ടാക്കിയിരിക്കുന്നു.

ഈ പിളർപ്പ് അവിടെ ഉള്ളതു കൊണ്ട് ഇവിടെനിന്ന് അങ്ങോട്ട് വരാൻ പാടില്ല, ഇങ്ങോട്ട് വരാനും സാധ്യമല്ല.

വളരെ ഗൗരവം ആണത്. വലിയോരു പിളർപ്പ് അവിടെ ഉണ്ട്. പരസ്പരം കാണാം. മൺമറഞ്ഞ് കടന്ന് പോകുന്നവർക്ക് പരസ്പരം കാണാൻ പറ്റുന്നു. പക്ഷേ പരസ്പരം ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് കടന്ന് പോകാൻ പാടില്ല. എത്ര ദയനീയമാണ്. വേദനാകരമായ കാര്യം!

അയ്യോ! എന്റെ ആയുസ്സിൽ സ്വർഗ്ഗത്തിലെ ദൈവം പ്രസാദിക്കുമാറ് ഞാൻ ജീവിച്ചിരുന്നെങ്കിൽ എനിക്കും ഇപ്പോൾ സൗഭാഗ്യദേശത്ത് കഴിയാമായിരുന്നല്ലോ എന്ന് ചിന്തവരുന്ന സമയം അല്ലേ അത്?

അതാണ് പല്ലുകടി. ആ യാതനയുടെ വേദനകൊണ്ട് പുളയുന്നതാണ് കരച്ചിൽ. അതാണ് കരച്ചിലും പല്ലുകടിയും. യാതനയുടേയും വേദനയുടേയും കരച്ചിലും നിരാശയുടെ പല്ലുകടിയും.

ഇനി ഒരു കാലത്തും രക്ഷപ്പെടാൻ സാദ്ധ്യമല്ലല്ലോ എന്നുള്ള തിരിച്ചറിവ് വരുമ്പോഴാണ് നിരാശ വരുന്നത്.

ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയോരു പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു. ഇവിടെ നിന്ന് നിങ്ങളുടെ അടുക്കൽ കടന്ന് വരുവാൻ ഇച്ഛിക്കുന്നവർക്ക് കഴിവില്ല. അവിടെനിന്ന് ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല എന്നു പറഞ്ഞു.

അതിന്നു അവൻ:

> “എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയയ്ക്കേണമെന്നു ഞാൻ

അപേക്ഷിക്കുന്നു.”

ലൂക്കോസ് 16:27

ഇങ്ങോട്ടല്ലേ വരാൻ പറ്റാതുള്ളൂ. ഭൂമിയിൽ എന്റെ അപ്പന്റെ വീട്ടിൽ എനിക്ക് അഞ്ച് സഹോദരന്മാർ ഉണ്ട്. ഇപ്പോഴത്തെ സ്ഥിതിയിൽ ആണ് അവർ ജീവിക്കുന്നതെങ്കിൽ അവർ മരിക്കുമ്പോൾ ഇപ്പോൾ ഞാനീ കിടക്കുന്ന യാതനാസ്ഥലത്ത് തന്നെ അവരും വരും.

ഇപ്പോൾ അവർക്ക് അതൊന്നും അറിയാൻ പാടില്ല. നിത്യയാതനയിലേക്കാണ് ചെല്ലാൻ പോകുന്നത് എന്ന് അവർക്ക് ഇപ്പോൾ അറിഞ്ഞുകൂടാ.

അവർ ഭൂമിയിൽ ആഘോഷത്തോടെ ശവസംസ്കാരമെല്ലാം കഴിഞ്ഞ്, വിശ്രമിക്കുകയായിരിക്കും. എന്റെ ആത്മാവ് ഇവിടെ പൊരിയുകയാണ് എന്ന് അവരുണ്ടോ അറിയുന്നു!

ലാസറിനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഈ ലാസർ ചെന്ന് ഒരു സാക്ഷ്യം പറയട്ടെ.

ഭൂമിയിൽ ജീവിച്ചകാലത്ത് സാക്ഷ്യം പറയുക എന്ന് കേൾക്കുന്നത് അലർജി ആയിരുന്നു. സാക്ഷ്യം പറയുക എന്നത് സുറിയാനി സഭയിൽ ഉള്ളവർക്ക് ചേർന്നതാണോ? സ്തുതിക്കുക, സാക്ഷ്യം പറയുക - അതൊക്കെ പുരാതന പൗരസ്ത്യ സഭകളിൽ ഉള്ളവർക്ക് ചേർന്നതാണോ? എന്നൊക്കെ ചിന്തിക്കുന്ന ആളുകൾ ഇന്നും ഉണ്ടല്ലോ.

യാതനാസ്ഥലത്ത് എത്തി എരിപൊരികൊള്ളുമ്പോൾ ധനവാൻ പറയുന്നത് ലാസർ ഒരു സാക്ഷ്യം പറയട്ടെ എന്നാണ്. എനിക്കോ കഴിഞ്ഞില്ല. എന്റെ സഹോദരന്മാരെങ്കിലും സാക്ഷ്യം കേൾക്കട്ടെ.

ലാസർ പറയട്ടെ: നിങ്ങളുടെ സഹോദരൻ മരിച്ചില്ലേ.

ഇപ്പോൾ യാതനയിൽ ആണ്. ഞാൻ നേരിട്ട് കണ്ടിട്ടാണ് വരുന്നത്. ഇപ്പോൾ എരിപൊരി കൊള്ളുകയാണ്. ഒരിറ്റു വെള്ളത്തിനുവേണ്ടി കൊതിക്കുകയാണ്. കിട്ടാൻ സാധിക്കില്ല.

അബ്രാഹാം പിതാവിനോട് യാചിച്ചു നോക്കി. എന്നെ അങ്ങോട്ട് അയക്കാൻ അപേക്ഷിച്ചു നോക്കി. എന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി നാവിനെ തണുപ്പിക്കേണ്ടതിന് ഒന്ന് അയക്കണം എന്ന് അപേക്ഷിച്ചു നോക്കി.

നിങ്ങൾക്ക് എന്നെ പരിചയം ഇല്ലേ? ഞാനീ പടിപ്പുരയ്ക്കൽ കിടന്നവൻ അല്ലേ? വ്രണം നിറഞ്ഞ് കിടന്നവനല്ലേ? നിങ്ങളുടെ സഹോദരനായ ധനവാനും അതുപോലെ തന്നെ പരിചയം ഉള്ള ആളല്ലേ. ഒരിക്കൽ എന്റെ വ്രണം നിറഞ്ഞിരുന്ന കൈകൊണ്ട് വെള്ളം നാവിൽ വെച്ചു കൊടുക്കണം എന്ന് അദ്ദേഹം പറയുമ്പോൾ അദ്ദേഹത്തിന്റെ വറുതി നിങ്ങൾ ഒന്ന് ഊഹിച്ചു നോക്കൂ.

ഇപ്പോൾ എന്റെ കൈയ്യിൽ വ്രണം ഒന്നും ഇല്ല, ശരി. എങ്കിലും അന്നത്തെ ആ കൈയ്യ് കണ്ടിട്ടുള്ള ആൾക്ക് അറപ്പ് തോന്നുകയില്ലേ എന്റെ കൈ വെള്ളത്തിൽ മുക്കി വായിൽ തൊട്ടുകൊടുക്കുക എന്നത്. എന്തുകൊണ്ട് അങ്ങനെ പറയാൻ സാധിച്ചു? അത്രമാത്രം എരിപൊരി കൊള്ളുകയാണ്.

ഞാൻ നേരിട്ടു കണ്ടിട്ടാണ് വരുന്നത്. അയ്യോ, നിങ്ങളും യാതനാസ്ഥലത്ത് പോകാതിരിപ്പാൻ നിങ്ങൾ കരുതികൊള്ളണമേ.

> "അവരും ഈ യാതനാ സ്ഥലത്ത് വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ എന്ന് പറഞ്ഞു."
>
> ലൂക്കോസ് 16:28

അബ്രഹാം അവരോട് "അവർക്ക് മോശയും പ്രവാചകന്മാരും ഉണ്ടല്ലോ. അവരുടെ വാക്ക് അവർ കേൾക്കട്ടെ" എന്ന് പറഞ്ഞു.

അബ്രഹാം പിതാവ് പറഞ്ഞു. വേണ്ട, വേണ്ട അവിടെ ദൈവത്തിന്റെ വചനം പറയാൻ മോശയും പ്രവാചകന്മാരുമുണ്ട്.

ദൈവത്തിന്റെ തിരുവചനം നാവിൽ ലഭിച്ച്, സമർപ്പണം ഉള്ളവരും ദൈവനിയോഗം ഉള്ളവരും ആയ പ്രവാചകന്മാർ ഭൂമിയിൽ ഉണ്ട്. അവരുടെ വാക്കല്ലേ നിന്റെ അഞ്ച് സഹോദരന്മാർ കേൾക്കേണ്ടത് ?

ഉടനെ അവൻ: "അല്ലല്ല; അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്നുവെങ്കിൽ അവർ മാനസാന്തരപ്പെടും" എന്ന് പറഞ്ഞു.

അവിടെയുള്ള പ്രവാചകന്മാരുടെ വാക്ക് കേട്ടാലൊന്നും മനസ്സലിയുന്നവരല്ല എന്റെ സഹോദരന്മാർ. മരിച്ചവരിൽ നിന്ന് ഒരാൾ എഴുന്നേറ്റ് ചെന്ന് ഒരു അത്ഭുതം കണ്ടാൽ മാത്രമേ അവർ മനം തിരിയൂ.

അവർ മനം തിരിയാൻ അത്ര എളുപ്പമല്ല. മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റ് ചെന്ന് അനുഭവസാക്ഷ്യം പറഞ്ഞാൽ മാത്രമേ അവർ മനംതിരിയൂ. പ്രവചനം കേട്ടാലോ പ്രസംഗം കേട്ടാലോ മനം തിരിയില്ല. അതെല്ലാം പാവപ്പെട്ട സുവിശേഷകരുടെ ഉപജീവനത്തിനുള്ള മാർഗ്ഗമാണ് എന്നേ അവർ ചിന്തിക്കൂ.

എന്നാൽ മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റ് ചെന്ന് സാക്ഷ്യം പറഞ്ഞാൽ അവർ മാനസാന്തരപ്പെടും എന്ന് പറഞ്ഞു.

എന്താണ് ധനവാനും അവന്റെ അഞ്ച് സഹോദര ന്മാർക്കും പറ്റിയ അപകടം? എന്തുകൊണ്ടാണ് അവർ യാതനാസ്ഥലത്ത് പോയത്?

മാനസാന്തരപ്പെട്ടില്ല. “അല്ലല്ല, അബ്രാഹാം പിതാവേ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റ് അവരുടെ അടു ക്കൽ ചെല്ലുമെങ്കിൽ അവർ മാനസാന്തരപ്പെടും എന്ന് പറ ഞ്ഞു. ആ ധനവാനായ മനുഷ്യൻ സമ്പന്നൻ ആണ് എന്നുള്ളത് കൊണ്ടല്ല യാതനാസ്ഥലത്ത് പോയത്. പണ ക്കാർ യാതനാസ്ഥലത്ത് പോകും എന്ന് അർത്ഥമില്ല. പണം ഉണ്ട് എന്നുള്ളത് ഒരു അയോഗ്യത അല്ല. ധനികൻ ആണ് എന്നുള്ളത് ദൈവരാജ്യത്തിൽ പോകുന്നതിന് തടസ്സം അല്ല.

ദരിദ്രൻമാർ മാത്രമേ ദൈവരാജ്യത്തിൽ പോകൂ എന്നി ല്ല. അനേകർ തെറ്റിദ്ധരിച്ചിരിക്കയാണ്. ഒരിക്കൽ ധനാഢ്യ നായ യുവാവ് വന്ന് കർത്താവിനോട് നിത്യജീവനെ പ്രാപി പ്പാൻ ഞാൻ എന്താണ് ചെയ്യേണ്ടത് എന്ന് ചോദിച്ചപ്പോൾ നിനക്കുള്ളത് ഒക്കെയും വിറ്റ് ദരിദ്രർക്ക് കൊടുക്കുക, പിന്നെ വന്ന് എന്നെ അനുഗമിക്ക എന്ന് പറഞ്ഞു.

അത് മത്തായിയുടെ സുവിശേഷം പത്തൊൻപതാം അദ്ധ്യായത്തിൽ കാണാം. അന്ന് ആ യുവാവിനോട് ക്രിസ്തു പറഞ്ഞത് എന്താണ്? നിനക്കുള്ളത് ഒക്കെയും വിറ്റ് ദരിദ്രർക്ക് കൊടുക്കുക. പിന്നെ വന്ന് എന്നെ അനു ഗമിക്ക എന്നാണ്.

കല്പനകൾ എല്ലാം പാലിക്കുന്നവനാണ്. ദൈവവ ചനം പ്രമാണിക്കുന്നവനാണ്. പത്ത് കല്പനകളും അച്ച ട്ടായി പാലിക്കുന്നവനാണ്. പക്ഷേ അവന് ഒരു ബന്ധനം ഉണ്ടായിരുന്നു. അവന് പണത്തോട് ഒരു attachment ഉണ്ടാ യിരുന്നു.

പണം അവന്റെ ജീവിതത്തിലെ ബന്ധനം ആയിരുന്നു. അതുകൊണ്ട് അവൻ നിരാശയോടെ പോയി. അവൻ ദു:ഖിതനായി പോകുന്നത് കണ്ടിട്ട് ശിഷ്യന്മാരോട് കർത്താവ് പറഞ്ഞു.

“ധനവാൻ ദൈവരാജ്യത്തിൽ പോകുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാകുന്നു എളുപ്പം” എന്നാൽ ശിഷ്യന്മാർ അമ്പരുന്നു. എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്കുകഴിയും എന്ന് ശിഷ്യന്മാർ ചോദിച്ചു. ഉടനെ കർത്താവ് പറയുകയാണ് മക്കളേ, സമ്പന്നരായി എന്നുള്ളത് കൊണ്ടല്ല, ദൈവരാജ്യത്തിൽ പോകുകയില്ല എന്ന് പറഞ്ഞത്, സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കയില്ല.

മർക്കോസിന്റെ സുവിശേഷവും ലൂക്കോസിന്റെ സുവിശേഷവും മത്തായുടെ സുവിശേഷവും ഒരുമിച്ച് ഈ ഭാഗം വായിക്കുമ്പോൾ കാണാം; വ്യക്തമായി നമ്മുടെ കർത്താവ് പറയുന്നു. സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കയില്ല എന്ന്. മത്തായി 19:16–30, മർക്കോസ് 10:24, ലൂക്കോസ് 18:24–27

ധനം ഉണ്ട് എന്നുള്ളത് ദൈവരാജ്യത്തിൽ പോകുന്നതിന് തടസ്സമല്ല. പക്ഷേ സമ്പത്തിൽ ആശ്രയിച്ചാൽ അത് ദൈവരാജ്യത്തിൽ പോകുന്നതിന് തടസ്സം ആയിത്തീരും. എന്തിലാണോ എന്റെ ആശ്രയം അത് എന്റെ വിഗ്രഹം ആണ്.

എന്റെ ഭാര്യയിലാണോ എന്റെ ആശ്രയം ? ഭാര്യ എന്റെ വിഗ്രഹം ആകും. എന്റെ തൊഴിലിലാണോ, എന്റെ ജോലിയിലാണോ, എന്റെ വരുമാനത്തിലാണോ, എന്റെ ശമ്പളത്തിലാണോ എന്റെ ആശ്രയം ? അത് എന്റെ വിഗ്രഹം ആയിത്തീരും. എന്റെ വീടിലാണോ എന്റെ ആശ്രയം ? അത് എന്റെ വിഗ്രഹം ആയിത്തീരും. എന്റെ മക്കളി

ലാണോ എന്റെ ആശ്രയം ? മക്കൾ വിഗ്രഹം ആയിത്തീരും. ഒന്നും വിഗ്രഹം ആകരുത്. ഒന്നിലും ആശ്രയിച്ചു പോകരുത്.

എനിക്ക് ആശ്രയിപ്പാൻ ഒരേ ഒരു സ്ഥലം മാത്രം. അത് ഗോഗുൽത്തായിലെ തിരുവിലാവ് മാത്രം. അത് കരുണയുള്ള കർത്താവിന്റെ തൃപ്പാദം മാത്രം. അത് യേശുവിന്റെ ജയമുള്ള സ്ലീബായുടെ ചുവടു മാത്രം.

മറ്റൊരിടത്തും ആശ്രയിച്ചു പോകരുത്. മറ്റാരേയും ആശ്രയിച്ച് പോകരുത്.

> "മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്."
>
> സങ്കീ. 118:8

ഇവിടെ ധനികനായി എന്നുള്ളതല്ല അവന്റെ തടസ്സം ആയത് അവൻ മാനസാന്തരപ്പെട്ടില്ല എന്നുള്ളതാണ്.

മാനസാന്തരപ്പെട്ടില്ലെങ്കിൽ നശിച്ചുപോകും എന്ന് തിരുവചനം പറയുന്നു.

> "മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചു പോകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു"
>
> ലൂക്കോസ് 13 –3, 13– 5.

നമ്മുടെ കർത്താവ് പറഞ്ഞതാണ് മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചു പോകും.

“എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു.”

അപ്പോ. 17 : 30

എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണം എന്ന് ദൈവം മനുഷ്യരോടു കല്പിക്കുന്നു. മാനസാന്തരപ്പെടുക എന്നുള്ളത് ദൈവത്തിന്റെ മാറ്റമില്ലാത്ത കല്പനയാണ്.

ദൈവം ആജ്ഞാപിക്കുന്നു. എന്താണ് ആജ്ഞാപിക്കുന്നത്? എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണം എന്ന് ദൈവം മനുഷ്യരോട് കല്പിക്കുന്നു.

ഈ വിഷയം നമുക്ക് വിശദമായി ചിന്തിക്കേണ്ടതുണ്ട്. എല്ലാവരും മാനസാന്തരപ്പെടേണം.

മാനസാന്തരം, Repentance എന്നാണ് English ൽ പറഞ്ഞിരിക്കുന്നത്. അതിന്റെ ശരിയായ അർഥം മനസ്സ് പരിവർത്തനം പ്രാപിക്കുകയെന്നാണ്. To change the mind, to change the heart. മനസ്സ് മാറുക, ഹൃദയം മാറുക എന്നാണ്.

അതിന് ഗ്രീക്ക് ഭാഷയിൽ മൂലത്തിൽ ഉള്ള വാക്ക് metanos എന്നാണ്. metanos എന്ന് പറഞ്ഞാൽ "to have another mind'' എന്നതാണർത്ഥം. മറ്റൊരു മനസ്സുള്ളവനായിത്തീരുക. വേറൊരു ഹൃദയം ഉള്ളവനായിത്തീരുക.

തമിഴ്നാടിനെ ഞെട്ടിപ്പിച്ച ഒരു ഭീകരനായിരുന്നു ജംബുലിംഗനാടാർ. അക്കാലത്ത് തമിഴ്നാടിന്റെ തെക്കൻ പ്രദേശങ്ങൾ ഈ ജംബുലിംഗനാടാരുടെ പേരു കേൾക്കുമ്പോൾ ഞെട്ടിയിരുന്നു.

എത്രയോ കൊലപാതകങ്ങളാണ് ഭീകരനായ ആ

കൊള്ളത്തലവൻ നടത്തിയത്. ആൾമാറാട്ടം നടത്തിയിരുന്നു. വലിയകൊള്ളകൾ നടത്തിയിരുന്നു. അനേകം പേരെ കൊന്നിരുന്നു. അനേകം സ്ത്രീകളുടെ ചാരിത്ര്യം നശിപ്പിച്ചിരുന്നു.

ഭീകരനായ കൊള്ളത്തലവനെ പിടിക്കാൻ അന്നത്തെ തമിഴ്നാട് സർക്കാർ നോക്കിയിട്ട് സാധിച്ചില്ല. ജംബുലിംഗനാടാരെ പിടിച്ചുകൊടുക്കുന്നവർക്ക് വലിയ തുക സമ്മാനം നൽകുന്നതാണ് എന്ന് പത്രത്തിൽ പരസ്യങ്ങൾ കൊടുക്കുകയുണ്ടായി. പക്ഷേ നടന്നില്ല. അന്നത്തെ പോലീസ് ഉദ്യോഗസ്ഥർ പോലും അവനെ ഭയന്ന് കഴിഞ്ഞിരുന്നു.

എന്നാൽ ആ കാലത്ത് ഏമികാർമേക്കിൾ ഒരു ദൈവദാസി വിദേശത്തുനിന്ന് വന്ന് തമിഴ്നാടിൽ താമസിച്ച് വേലചെയ്യുന്നുണ്ടായിരുന്നു.

ആ ദൈവദാസിയുടെ കൂടെ കുറെ ദൈവമക്കളും ഉണ്ടായിരുന്നു. എല്ലാവരും സിസ്റ്റേർസ് ആണ്. എല്ലാവരും ദൈവവേലക്കാരാണ്. അവിവാഹിതരായ ആ സ്ത്രീജനങ്ങൾ ഒരു വാടകവീട്ടിൽ താമസിച്ചുകൊണ്ട് ഭവനങ്ങൾ സന്ദർശിക്കും, സാധുക്കൾക്ക് സഹായം കൊടുക്കും. രോഗികളെ ശുശ്രൂഷിക്കും. വളരെ കഷ്ടപ്പെട്ട് കർത്താവിന്റെ വേല ചെയ്ത് അവിടെ താമസിക്കുന്ന കാലം.

ഒരു ദിവസം പകലത്തെ ശുശ്രൂഷ എല്ലാം കഴിഞ്ഞ് ഗ്രാമങ്ങൾ സന്ദർശിച്ച് തളർന്ന് താമസിക്കുന്നയിടത്ത് ഏമികാർമേക്കൾ മദാമ്മയും കൂട്ടുകാരും വന്നു. ഭക്ഷണം തയ്യാറാക്കുന്നതിന് മുൻപ് അല്പനേരം പ്രാർത്ഥിക്കാമെന്ന് വിചാരിച്ച് അവർ മുറിയിൽ ഇരുന്നു പാട്ടുപാടി, സ്തോത്രം ചെയ്തു; അവർ തിരുവചനം വായിച്ചു, പ്രാർത്ഥിക്കാൻ ആരംഭിച്ചു.

അന്നത്തെ പത്രത്തിൽ ജംബുലിംഗനാടാരെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്ന കഥകൾ ഉണ്ടായിരുന്നു. ജംബുലിംഗനാടാരെ പിടിച്ചുകൊടുക്കുന്നവർക്ക് വലിയതുക സമ്മാനം കൊടുക്കുന്നതാണ് എന്നുള്ള വാർത്തയും വന്നിരുന്നു.

ഏമികാർമേക്കിൾ പ്രാർത്ഥിച്ചപ്പോൾ പറഞ്ഞു. കർത്താവേ, ജംബുലിംഗനാടാരെ നീ സ്നേഹിക്കുന്നുവല്ലോ, ആ കൊള്ളത്തലവനേയും നീ സ്നേഹിക്കുന്നുവല്ലോ. അവനൊരു മാനസാന്തരം നൽകണമെ, അവനൊരു പശ്ചാത്താപം നൽകണമെ.

എല്ലാവരും കണ്ണടച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. പെട്ടെന്നിതാ ഒരു ഞെട്ടിപ്പിക്കുന്ന ശബ്ദം! മുകളിൽ നിന്ന് ആരോ താഴോട്ട് ചാടി. മുകളിൽ പലകകൾ കൂട്ടിയിട്ടിട്ടുണ്ട്. പലക ഒന്ന് നീക്കിയിട്ട് ഒരാൾ താഴോട്ട് ചാടി. നോക്കിയപ്പോൾ ജംബുലിംഗനാടാർ! എല്ലാവരും ഞെട്ടിപ്പിടഞ്ഞ് എഴുന്നേറ്റു. ഭയന്ന് വിറച്ച്കൊണ്ട് നിന്നു.

അവൻ പറഞ്ഞു: 'ഞാൻ ജംബുലിംഗനാടാരാണ്.' അവർ ഭയന്ന് മിണ്ടാൻ വയ്യാതെ സ്തംഭിച്ച് നിൽക്കുകയാണ്. "ഞാൻ ഇപ്പോൾ വന്നത് നിങ്ങളെ കൊല്ലാനല്ല. ഉപദ്രവിക്കാനുമല്ല. ഇവിടെ സുന്ദരികൾ ആയ യുവതികൾ ഉണ്ട് എന്ന് മനസ്സിലായി അവരെ നശിപ്പിക്കണം. നിങ്ങൾക്ക് വിദേശത്ത് നിന്നുവന്ന രൂപയുണ്ട് എന്ന് മനസ്സിലായി. അത് കവർന്നുകൊണ്ടു പോകണം അതിനായിട്ടാണ് ഞാൻ വന്നത്.

ഞാനിവിടെ മുകളിൽ ഇരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ ആരോ എന്റെ പേര് പറഞ്ഞു. എന്നെ ആരോ സ്നേഹിക്കുന്ന കാര്യം പറഞ്ഞു. ആരാണ് എന്നെ സ്നേഹിക്കുന്നത്? എന്നെ സ്നേഹിക്കാൻ ആരെങ്കിലും ഉണ്ടോ?

മദാമ്മ പറഞ്ഞു – യേശു നിന്നെ സ്നേഹിക്കുന്നു.

ആരാണ് ഈ യേശു?

യേശു-ജീവനുള്ള ദൈവത്തിന്റെ ഏകജാതനായ പുത്രൻ തമ്പുരാനാണ്.

ഈ യേശു എവിടെയുണ്ട്?

യേശുക്രിസ്തു ക്രൂശിൽ മരിച്ചു, പക്ഷെ ജീവിക്കുന്നു. യേശു ഇപ്പോൾ ഈ മുറിയിൽ ഉണ്ട്.

ഈ മുറിയിൽ ഞാൻ കാണുന്നില്ലല്ലോ.

ഉണ്ട്, ഇവിടെയുണ്ട്. ഞങ്ങൾ ആ യേശുവിനോട് ചേർന്നാണ് നിൽക്കുന്നത്. ആ യേശുവിനെക്കുറിച്ച് പറയാനും യേശുവിന്റെ സ്നേഹം എല്ലാവർക്കും കൊടുക്കാനും ആണ് ഞങ്ങൾ വിദേശത്ത് നിന്നും ഇവിടെ വന്ന് താമസിക്കുന്നത്.

ആ മനുഷ്യൻ അവിടെ ഇരുന്നു. മദാമ്മ അവനോട് സുവിശേഷം പറഞ്ഞു. ഏതാനും സമയം യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ച് തിരുരക്തത്തിന്റെ അത്ഭുതശക്തിയെക്കുറിച്ച്, പാപിയുടെ രൂപാന്തരത്തിനു വേണ്ടി അദ്ധ്വാനിക്കുന്ന ദൈവസ്നേഹത്തെക്കുറിച്ച്, ക്രൂശിൽ ചൊരിഞ്ഞ തിരുരക്തം സകലപാപവും പോക്കി ശുദ്ധീകരിക്കും എന്നതിനെക്കുറിച്ചെല്ലാം സംസാരിച്ചു.

മദാമ്മ ദൈവത്തിന്റെ ആത്മാവിന്റെ നിറവിൽ സുവിശേഷത്തിന്റെ സത്യങ്ങൾ ആ കൊള്ളത്തലവനു പറഞ്ഞു കൊടുത്തു.

കുറെനേരം കഴിഞ്ഞു. “അവൻ ഏങ്ങലടിച്ച് കരയാൻ തുടങ്ങി എന്നെ സ്നേഹിക്കുന്ന ക്രിസ്തു! എന്നെ സ്നേഹിക്കുന്ന ക്രിസ്തു! എന്നേയും ക്രിസ്തു സ്നേഹിക്കുന്നു!” അവൻ ഏങ്ങലടിച്ച് കരയാൻ തുടങ്ങി.

അവൻ കരഞ്ഞു കൊണ്ടിരിക്കുമ്പോൾ മദാമ്മ അവന് പ്രാർത്ഥന ചൊല്ലിക്കൊടുത്തു. അവന്റെ ജീവിതം ക്രിസ്തുവിന്റെ കൈകളിലേക്ക് കൊടുത്തുകൊണ്ടുള്ള സമർപ്പണപ്രാർത്ഥന. അവൻ ഏങ്ങലടിച്ച് കരഞ്ഞ്കൊണ്ട് പ്രാർത്ഥിച്ചു. അന്ന് അവൻ സമാധാനത്തോടെ അവിടെനിന്ന് ഇറങ്ങിപ്പോയി.

പിറ്റേന്ന് പോലീസ് സ്റ്റേഷനിൽ അവൻ ഹാജരായി. പോലീസുകാർ അവനെക്കണ്ട് ഞെട്ടിവിറച്ചു. പോലീസ് സ്റ്റേഷൻ ആക്രമിക്കാൻ വന്നതാണ് എന്ന് വിചാരിച്ചു.

അവൻ പറഞ്ഞു : "ഞാൻ നിങ്ങളെ ആക്രമിക്കാൻ വന്നതല്ല. ഉപദ്രവിക്കാൻ വന്നതല്ല. ഇന്നലെ രാത്രി പതിനൊന്നു മണിക്ക് എന്റെ പഴയമനുഷ്യൻ മരിച്ചു. ഞാനൊരു പുതിയ മനുഷ്യനാണ്.

ഞാനിപ്പോൾ വന്നത് എന്നെ നിങ്ങൾക്ക് തരാനാണ്. നിങ്ങൾക്ക് എന്റെ കൈയ്യിൽ ആമം വെയ്ക്കാം. നിങ്ങൾക്ക് എന്നെ വിസ്തരിക്കാം. നിങ്ങൾക്കെന്നെ ശിക്ഷിക്കാം. എന്നാൽ ഇപ്പോൾ എന്റെ ഹൃദയത്തിൽ യേശുവുണ്ട്.

ഇതാണ് മാനസാന്തരം. പഴയത് മരിച്ചു. പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേല്ക്കുന്നു. നിങ്ങൾക്ക് ഈ അനുഭവം ഉണ്ടോ?

> "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണം എന്ന് ദൈവം മനുഷ്യരോട് കല്പിക്കുന്നു."
>
> അപ്പോ. പ്രവൃ. 17:30

ദൈവത്തിന്റെ കല്പന അതാണ്. എല്ലാവരും മാനസാന്തരപ്പെടുവിൻ.

അതിന് നിങ്ങൾ സഭമാറണ്ട, സമുദായം മാറണ്ട, പള്ളി മാറണ്ട, ഇടവക മാറണ്ട.

നിങ്ങളുടെ ജീവിതത്തിൽ ഒന്നേ ഒന്നു മാത്രം. ഹൃദയം മാറും. ക്രിസ്തു നിങ്ങളുടെ ഹൃദയം മാറ്റും. മനസ്സ് മാറ്റും. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരും. അന്ധകാരം നിറഞ്ഞ നിങ്ങളുടെ ജീവിതത്തിലേക്ക് യേശു ക്രിസ്തു എഴുന്നള്ളി വരും. അവൻ നിങ്ങളെ അനുഗ്രഹിക്കും. അവന്റെ കരം നിങ്ങളുടെ ശിരസ്സിൽ വെയ്ക്കും.

ഇപ്പോൾ നമുക്ക് നമ്മെ തന്നെ സമർപ്പിക്കാം. യേശുവിനോട് വാക്ക് പറയാം. യേശുവേ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി. എന്റെ നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക.

## പത്ത്

ധനവാൻ മരിച്ചു അടക്കപ്പെട്ടു, പക്ഷേ പാതാളത്തിൽ യാതന അനുഭവിക്കുന്നു. ഒരിറ്റു വെള്ളത്തിനുവേണ്ടി അവൻ കേഴുന്നു. ലാസർ ഭൂമിയിൽ ജീവിച്ചപ്പോൾ ദരിദ്രനായിരുന്നു ; വ്രണം നിറഞ്ഞവനായിരുന്നു, രോഗിയായിരുന്നു, അവശനായിരുന്നു.

എന്തുകൊണ്ടാണ് ലാസർ സ്വർഗ്ഗീയശാന്തിയിൽ എത്തിയത്? എന്തുകൊണ്ടാണ് ധനവാൻ അവിടെ എത്താതിരുന്നത് എന്നതിനെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചു. ഈ സംഭവത്തിന്റെ ഒടുവിലത്തെ വിവരണത്തിലേക്ക് വരുമ്പോൾ ധനവാനായ മനുഷ്യൻ അബ്രാഹാം പിതാവിനോട് പറയുകയാണ്:

എന്റെ നാവിനെ തൊട്ട് തണുപ്പിക്കുവാൻ ലാസരിനെ ഇങ്ങോട്ടയയ്ക്കാൻ നിർവാഹം ഇല്ല എന്നാണല്ലോ അബ്രാഹാം പിതാവ് പറഞ്ഞത്.

എന്നാൽ ഭൂമിയിൽ എന്റെ അഞ്ച് സഹോദരന്മാർ എന്നെപ്പോലെ തന്നെ മാനസാന്തരം ഇല്ലാത്തവരാണ്.

എനിക്ക് മാനസാന്തരം ഇല്ലാതിരുന്നത് കൊണ്ടാണ് ഞാനിവിടെ ഈ യാതനാസ്ഥലത്ത് എത്തിച്ചേരേണ്ടി വന്നത്. ഭൂമിയിൽ ജീവിച്ച കാലത്ത് മാനസാന്തരപ്പെട്ടില്ലെങ്കിൽ ഭൂമിയിൽ നിന്ന് കടന്ന് പോയതിനു ശേഷം മാനസാന്തരത്തിന് സാധ്യത ഇല്ല എന്നുള്ളത് ഇവിടെ വന്നപ്പോഴാണ് പിതാവേ ഞാൻ അറിയുന്നത്.

എന്റെ അഞ്ച് സഹോദരന്മാരുടെ അടുക്കലേക്ക് ഈ ലാസരിനെ ഒന്ന് അയച്ച്, അവൻ ഒരു സാക്ഷ്യം പറയട്ടെ, അപ്പോൾ അവർ മാനസാന്തരപ്പെടും.

ധനവാൻ ദൈവരാജ്യത്തിൽ എത്തുന്നതിന് തടസ്സം ആയിരിക്കുന്നത് മാനസാന്തരം ഇല്ലാതിരുന്നത് ആണ് എന്ന് വ്യക്തമായി കർത്താവ് അരുളിച്ചെയ്യുന്നു.

മാനസാന്തരത്തിന് Repent എന്ന് English ൽ പറയുന്ന വാക്കിന് പഴയനിയമത്തിൽ പറയുന്ന എബ്രായപദം 'നാച്ചാം' എന്നാണ് To be eased or comforted. സുഖം ലഭിക്കുക അല്ലെങ്കിൽ സന്തോഷം ലഭിക്കുക എന്നർത്ഥം.

അതാണ് മാനസാന്തരത്തിന്റെ ഫലം എന്ന് പ്രസ്തുത എബ്രായ പദത്തിൽ നിന്ന് മനസ്സിലാക്കാം.

പുതിയനിയമത്തിൽ മാനസാന്തരത്തിനു കൊടുത്തിരിക്കുന്ന ഗ്രീക്കുഭാഷയിലെ metanos എന്ന പദം ഇതിനോടു ചേർത്തു ചിന്തിക്കുമ്പോൾ മാനസാന്തരം എന്നത് എന്താണ് എന്ന് ഗ്രഹിക്കാം.

മനസ്സ് മാറുന്നു. മനസ്സിൽ പരിവർത്തനം വരുന്നു, മാത്രമല്ല മറ്റൊരു മനസ്സ് ലഭിക്കുന്നു. മറ്റൊരു ഹൃദയം ലഭിക്കുന്നു.

അതുമാത്രവും അല്ല നമ്മുടെ ഹൃദയത്തിലേക്ക് വലിയൊരു വിശ്രമവും ആശ്വാസവും ലഭിക്കുന്നു. നമ്മുടെ

ഹൃദയത്തിന് സന്തോഷം ലഭിക്കുന്നു.

സമാധാനം ഇല്ലാത്തേടത്ത് സമാധാനം ഉണ്ടാവുന്നു. ശാന്തി ഇല്ലാത്തേടത്ത് ശാന്തി ഉണ്ടാവുന്നു. കോപിച്ച് വിറയുന്നവർക്ക് ശാന്തത ഉണ്ടാവുന്നു. ദുഷ്ട സ്വഭാവത്തിന് അടിമകളായിരിക്കുന്നവർക്ക് സൽ സ്വഭാവം ലഭിക്കുന്നു. ക്രൂരഹൃദയം ഉള്ളവർക്ക് ആർദ്രത ലഭിക്കുന്നു. സ്നേഹം ഇല്ലാത്തിടത്ത് സ്നേഹം ഉണ്ടാകുന്നു.

തിന്മയും ക്രൗര്യവും ദുഷ്ടതയും അശുദ്ധിയും അഴുക്കു ജീവിതവും വ്യഭിചാര ജീവിതവും ആയി കഴിഞ്ഞു പോകുന്ന മനുഷ്യർക്ക് ശാന്തവും വിശുദ്ധവുമായ സ്നേഹോഷ്മള ജീവിതം ലഭിക്കുന്നു. അതാണ് മാനസാന്തരം.

നമ്മിൽ പലരുടേയും ജീവിതത്തിൽ പ്രകടമായ പാപങ്ങൾ ഉണ്ടായി എന്നു വരികയില്ല. മദ്യപാനമോ വേശ്യാവൃത്തിയോ വ്യഭിചാരജീവിതമോ കൊലപാതകമോ, കവർച്ചയോ മറ്റു ദുഷ്കർമ്മങ്ങളോ കണ്ടു എന്ന് വരികയില്ല.

എങ്കിലും നമ്മുടെ ഹൃദയത്തിൽ വൈരാഗ്യം ഉണ്ട്. നമ്മുടെ ഹൃദയത്തിൽ നീരസം ഉണ്ട്. കൈയ്പ്പുണ്ട്, മുഷിച്ചിൽ ഉണ്ട്, പിണക്കം ഉണ്ട്, പരസ്പര വിദ്വേഷം ഉണ്ട്.

പലരുടേയും ഹൃദയത്തിൽ ചിലരെക്കുറിച്ച് പരാതി ഉണ്ട്. പരിഭവം ഉണ്ട്. ഇതെല്ലാം മാറി കിട്ടുക എന്ന് പറയുന്നത് അത്ഭുതം ആണ്. അത് ക്രിസ്തു മാത്രം തരുന്ന ഒരു സവിശേഷ അനുഭവം ആണ്. നിങ്ങൾ അനേകംപേർ ജീവിതത്തിൽ മാറ്റം വന്നവരും സ്വഭാവത്തിൽ വ്യതിയാനം വന്നവരും ആണ്.

മനുഷ്യൻ പുറമേ ഉള്ളത് കാണുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു. ഹൃദയങ്ങളെ നോക്കുന്ന ദൈവത്തിന്റെ സന്നിധിയിൽ നമുക്ക് ധൈര്യത്തോടെ നിൽക്കാൻ പറ്റുമോ?

"ഞാൻ നിന്നോടു കാര്യം തീർക്കുന്നനാളിൽ നീ ധൈര്യത്തോടെ നിൽക്കുമോ? നിന്റെ കൈകൾ ബലപ്പെട്ടിരിക്കുമോ? യഹോവയായ ഞാൻ അത് അരുളിച്ചെയ്തിരിക്കുന്നു. ഞാൻ നിവർത്തിക്കുകയും ചെയ്യും."

യെഹ. 22:14

സമാധാനം ഒരു മനുഷ്യന് കിട്ടുന്നത് അവന്റെ ജീവിതത്തിൽ മാനസാന്തരം വരുമ്പോഴാണ്. ക്രിസ്തുവാണ് മനുഷ്യന് സമാധാനം തരുന്നത്. അത് ദൈവത്തിന്റെ വചനം മൂലമാണ്.

ഞാൻ George Matheeson എന്ന് പറയുന്ന ഒരു വന്ദ്യ പുരോഹിതനെക്കുറിച്ച് വായിച്ചിട്ടുണ്ട്. George Matheeson എന്ന് പറയുന്ന പട്ടക്കാരനെക്കുറിച്ച് ആളുകൾ പറയാറുള്ളത്. 'An ordained atheist' എന്നാണ്. എന്നുപറഞ്ഞാൽ പട്ടം കിട്ടിയ നിരീശ്വരവാദി എന്ന്.

എന്നാൽ അദ്ദേഹം ഒരവസരത്തിൽ ദൈവത്തിന്റെ തിരുവചനം കേട്ടു. ദൈവത്തിന്റെ തിരുവചനം മുൻവിധിയില്ലാതെ കേട്ടു. ദൈവത്തിന്റെ തിരുവചനം അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിച്ചു. അദ്ദേഹം ഓർത്തു: എന്റെ യൗവ്വനപ്രായം മുഴുവനും ഞാൻ വാസ്തവത്തിൽ ദൈവത്തെ അറിയാതെ ദൈവനിഷേധിയായി ജീവിച്ചു പോയല്ലോ. ധാർമ്മികത്വവും സദാചാരമൂല്യങ്ങളും എന്തെന്ന് അറിയാതെ ഞാൻ ജീവിച്ചു പോയല്ലോ. എന്റെ ജീവിതം നഷ്ടപ്പെട്ടു പോയല്ലോ. അദ്ദേഹം ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു. സത്യമായ മാനസാന്തരത്തിലേക്ക് വന്നു.

പിന്നീട് അദ്ദേഹം എഴുതിയ മനോഹരമായ ഒരു ഗാനം ഉണ്ട് സുപ്രസിദ്ധമായ ഒരു ഗാനം ആണത്.

"O love that will not let me go

I rest my weary soul in Thee
I give back the life I own
That in the ocean depths its flow
May richer, fuller be.

O, love that will not let me go എന്നെ വിട്ടുപോകാത്ത സ്നേഹമേ, പോകാൻ എന്നെ അനുവദിക്കാതെ പിടിച്ചു നിർത്തുന്ന സ്നേഹമേ,

'I rest my weary soul in Thee' ആ ദിവ്യ സ്നേഹത്തിൽ എന്റെ തളർന്ന് ഉലഞ്ഞു പോയ ഉള്ളത്തെ ഞാൻ വിശ്രമത്തിന് ഏൽപ്പിക്കട്ടെ. ആ സ്നേഹത്തിൽ ഞാനൊന്ന് വിശ്രമിക്കട്ടെ.

'I give back the life I own' എന്റെ സ്വന്തമായ ജീവിതത്തെ ഞാൻ നിനക്ക് തിരികെ തരുന്നു. നിത്യനിസ്തുല സ്നേഹമേ നിനക്കെന്റെ ജീവിതത്തെ സമർപ്പിക്കുന്നു.

'That in the ocean depths its flow' എന്റെ ഈ ജീവിതം മഹാസാഗരത്തിന്റെ അടിത്തട്ടിലൂടെ ഇനിയും ഒഴുകട്ടെ.

May richer, fuller be അത് കൂടുതൽ സമ്പന്നമായി കൂടുതൽ നിറവോടെ ഇനിയും ഇനിയും ഒഴുകട്ടെ.

ഈ സ്നേഹത്തിന്റെ നദി നമ്മുടെ ജീവിതത്തെയും കുളിർപ്പിക്കട്ടെ.

ആ സ്നേഹം നിങ്ങൾക്കു കാണാം, ക്രൂശിൽ അവിടെ മാത്രമെ യഥാർത്ഥസ്നേഹം കാണാൻ കിട്ടൂ. ആ സ്നേഹം കുരിശിലെ ത്യാഗമരണത്തിൽ നമുക്ക് കാണാം. ആ സ്നേഹം യേശുക്രിസ്തുവിന്റെ ചങ്കുതുറന്നൊഴുകിയ ചോരയിലും നീരിലും നമുക്ക് കാണാം.

“തൻബലിയാൽ-പാപികളെ -
രക്ഷിച്ചൊരു ദൈവസുതാ -

നിൻബലിയാലെൻ-കഷ്ടതമായ്ച്ചെൻ -
നോവൊഴിക്കണമെ.
ഗോഗുൽത്തായിൽ-തൻ മാർവ്വു തുറന്നോ-രുത്തമനേ
ദാഹം നീക്കി-ട്ടൊഴുകിയ നീരാൽ-ചോരയതാലും"

ഗോഗുൽത്തായിൽ തിരുമാർവ്വു തുറന്നൊഴുകിയ ജീവ രക്തം എന്റെ അന്തർദാഹം മാറ്റും. എന്റെ കഷ്ടത നീക്കും. എന്റെ നോവ് ഒഴിവാക്കിത്തരും. എന്റെ വേദന മാറ്റിത്തരും. ക്രൂശിൽ രാജാധിരാജന്റെ തിരുവിലാവ് പൊട്ടി യൊഴുകിയ ചോരയാലും നീരിനാലും എന്റെ അന്തർദ്ദാഹം മാറട്ടെ. ജീവിതം രൂപാന്തരപ്പെടട്ടെ. മാനസാന്തരത്തിന്റെ സൗഖ്യം അനുഭവിക്കാനിടയാകട്ടെ. കുടുംബജീവിതം അനു ഗ്രഹീതമാകട്ടെ. ഐക്യം പുലരട്ടെ. ശാന്തി വളരട്ടെ. സ്നേഹത്താൽ ഹൃദയം ദീപ്തം ആകട്ടെ.

# പതിനൊന്ന്

"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ."

മാർക്കോസ് 1 : 15

മാനസാന്തരപ്പെടുവിൻ. സുവിശേഷത്തിൽ വിശ്വസിപ്പിൻ. ദൈവസന്നിധിയിലേക്ക് ഹൃദയം സമർപ്പിക്കുക. അതാണ് മാനസാന്തരം. കർത്താവിനായി ജീവിതം വേർതിരിക്കുക അതാണ് മാനസാന്തരം. ക്രിസ്തുവിന് ഹൃദയത്തിൽ ഇടംകൊടുക്കുക. അതാണ് മാനസാന്തരം. നമ്മുടെ ഉള്ളത്തിൽ ഉള്ള പാപങ്ങൾ മാറുക. അതാണ് മാനസാന്തരം. നമ്മുടെ ഹൃദയത്തിൽ മാനുഷികമായി നാം പുലർത്തുന്ന ചിന്താഗതികളും മനോഭാവങ്ങളും മാറ്റുക. അതാണ് മാനസാന്തരം. change the mind. ഹൃദയം മാറുക. മനസ്സ് മാറുക. മനഃപരിവർത്തനം.

നിരാശപ്പെട്ടിരിക്കുന്ന ഹൃദയങ്ങൾ ഉണ്ട്. പലതിനെ ഓർത്ത് ആകുലപ്പെട്ടിരിക്കുന്ന മനസ്സുകൾ ഉണ്ട്. കോപിച്ച് ഗർജ്ജിക്കുന്ന മനുഷ്യരുണ്ട്. കുടുംബം കലക്കുന്ന ആളു

കൾ ഉണ്ട്. മാതാപിതാക്കന്മാരോട് ധിക്കാരമായി പെരുമാറുന്നവരുണ്ട്.

മാതാപിതാക്കളെ ബഹുമാനിക്കുന്നില്ല എന്ന് മാത്രം അല്ല, അനുസരിക്കാതെ അവരെ ഉപദ്രവിക്കുകയും കഠിനമായി പീഡിപ്പിക്കുകയും ചെയ്യുന്നവരുണ്ട്. ഭാര്യയെ ഉപദ്രവിക്കുന്നവരുണ്ട്. ഭർത്താവിനോട് അവിശ്വസ്തത കാണിക്കുന്നവരുണ്ട്. ഭർത്താവിനെ വെറുക്കുന്നവരുണ്ട്. ഭർത്താവിനെ വിട്ടു പോകുന്നവരുണ്ട്.

ജീവിതം തകർന്ന് കിടക്കുന്ന എത്രയോ കുടുംബങ്ങളും എത്രയോ വ്യക്തികളും! എന്നാൽ മാനസാന്തരപ്പെടുമ്പോൾ അവിടെ എല്ലാം സ്വർഗ്ഗസമാധാനം വരും; സ്വർഗ്ഗസന്തോഷം വരും.

അപ്പോസ്തലനായ പൗലോസ് യൂറോപ്പിൽ ചെന്ന് ആദ്യം പ്രസംഗിച്ചത് ഫിലിപ്പിയിലാണ്. ഗ്രീസിലെ ഫിലിപ്പിയിൽ. യൂറോപ്പിലേക്ക് പോകാൻ തന്നെ കാരണം, "കടന്ന് വന്ന് ഞങ്ങളെ സഹായിക്ക" എന്ന് മാസിഡോണിയക്കാരനായ ഒരാൾ വിളിക്കുന്നതായി ഒരു ദർശനം കിട്ടിയതാണ്. മക്കദോന്യ - മാസിഡോണിയ -ഗ്രീസിലാണ്. സെ. പോൾ അഥേനയിൽ-ആതൻസിൽ-ചെന്നു. ആതൻസിൽ അപ്പോസ്തലൻ ചെന്ന് പ്രസംഗിച്ചപ്പോൾ പറയുന്ന ഒരു പ്രസിദ്ധമായ വാക്യം ഉണ്ട്.

> "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു ദൈവം മനുഷ്യരോടു കല്പിക്കുന്നു."
>
> അപ്പൊ. പ്ര 17 : 30

എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടുവാൻ കല്പിക്കുന്നു. അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യ

മാക്കുകയില്ല.

നമുക്കെല്ലാം ഉണ്ട് അറിയായ്മയുടെ കാലങ്ങൾ, അപഥ സഞ്ചാരം നടത്തിയ കാലങ്ങൾ.

അന്ധവിശ്വാസങ്ങളിൽ മുഴുകി കഴിഞ്ഞവർ, അബദ്ധാചാരങ്ങളിൽ കുടുങ്ങി കിടന്നവർ, മൂഢവിശ്വാസങ്ങളിൽ പെട്ടുപോയവർ, പലതരത്തിലുള്ള അനീതിക്കും അധർമ്മത്തിനും ജീവിതം വിട്ടുകൊടുത്തവർ, പലതിന്മകൾക്കും വശംവദരായി പോയവർ, പണം തിന്മയ്ക്ക് വേണ്ടി നശിപ്പിച്ചു കളഞ്ഞവർ, ആരോഗ്യം അശുദ്ധിക്കുവേണ്ടി നഷ്ടപ്പെടുത്തി കളഞ്ഞവർ, ഏതെല്ലാം തരത്തിൽ ജീവിതം തകർത്തവരാണ് അനേകരും.

നമ്മുടെ കഴിഞ്ഞകാലജീവിതത്തിൽ എത്രയോപേര് നാം മൂലം ദു:ഖം അനുഭവിച്ചിട്ടുണ്ടാകും! എത്രയോ നല്ല നല്ല ഹൃദയങ്ങളെ നാം വ്രണപ്പെടുത്തിയിട്ടുണ്ടാകും! നമ്മുടെ കോപാക്രാന്തമായ പെരുമാറ്റം കൊണ്ട് നമ്മുടെ കുടുംബത്തിൽ തന്നെ കലക്കം ഉണ്ടാക്കിക്കാണുകയില്ലേ?

എന്നാൽ ക്രിസ്തു ജീവിതത്തിലേക്ക് വരുമ്പോൾ അവിടം എല്ലാം ശാന്തമായിത്തീരും. ക്രിസ്തു ഹൃദയത്തിലേക്ക് വരുമ്പോൾ കോപം മാറും; വഴക്കുമാറും; കുടുംബത്തിൽ ഐക്യം വരും; സന്തോഷം വരും; ഭീകര പ്രകൃതിമാറും; കുടില ഹൃദയം മാറും; വക്രതയുള്ള ചിന്താഗതികൾ മാറും; മോഷണവും കവർച്ചയും ജീവിതത്തിൽ നിന്ന് മാറിപ്പോകും.

മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പ്പിൻ എന്ന് തിരുവചനം പറയുന്നു.

> "മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരഞ്ഞ്
> മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തികൾ

ചെയ്യേണം."

അപ്പൊ. പ്ര. 26:20

"മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പ്പിൻ."

ലൂക്കോസ്. 3:8

മാനസാന്തരത്തിന്റെ ഫലം നമുക്ക് പ്രായോഗികമായി അനുഭവിക്കണം.

യേശുക്രിസ്തു ജീവിതത്തിൽ പലർക്കും മാറ്റം വരുത്തുന്നുണ്ട്. ഒരു കൂട്ടായ്മയല്ല മാറ്റം വരുത്തുന്നത്, ഒരു വ്യക്തിയുമല്ല മാനസാന്തരം വരുത്തുന്നത്. അത് കർത്താവായ യേശുക്രിസ്തു മാത്രമാണ്. യേശുക്രിസ്തുവിന് മാത്രമേ മനംമാറ്റാൻ കഴിയുകയുള്ളൂ.

സഭ അല്ല മാറേണ്ടത്. സമുദായം അല്ല മാറേണ്ടത്, മാറേണ്ടത് സ്വഭാവമാണ്. മാറേണ്ടത് ഹൃദയമാണ്.

ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങൾ ദൈവത്തോട് പറയണം കർത്താവേ, ഘോരസിംഹത്തെപ്പോലെ അലറുന്ന എന്റെ പ്രകൃതം കുഞ്ഞാട്പോലെ ശാന്തമാക്കിത്തരാൻ നിനക്ക് കഴിയും. കരുണയുള്ള കർത്താവേ, അഹങ്കരിച്ച്, മത്താടുന്ന എന്റെ ജീവിതം സൗമ്യസുന്ദരമാക്കാൻ നിനക്ക് കഴിയും. നാഥാ എന്റെ സ്വഭാവം മാറ്റി തരണമേ.

"അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടുവാൻ ദൈവം മനുഷ്യരോട് കല്പിക്കുന്നു."

അപ്പോസ്തലനായ പൗലോസ് അഥേനയിൽ ചെന്ന് ദൈവത്തിന്റെ വചനം പറയുവാനായി തുടങ്ങുന്നതിന് മുൻപ് നഗരത്തിൽ ബിംബങ്ങൾ നിറഞ്ഞിരിക്കുന്നത് കണ്ട്

മനസ്സിന് ചൂടുപിടിച്ചു എന്ന് നാം വായിക്കുന്നു. അവിടെ പലതരത്തിൽ മത ഭക്തി ഉള്ളവർ ഉണ്ട്. അപ്പോസ്തല നായ പൗലോസ് അവിടെ ചുറ്റിനടന്ന് നോക്കിയപ്പോൾ അനേകം വിഗ്രഹങ്ങൾ കണ്ടു.

ഹെർക്കുലീസ് ദേവന് വിഗ്രഹം ഉണ്ട്. അപ്പോളോ ദേവന് വിഗ്രഹം ഉണ്ട്. സെലിൻ ദേവിക്ക് വിഗ്രഹം ഉണ്ട്. മാഴ്സ് ദേവന് വിഗ്രഹം ഉണ്ട്. വിഗ്രഹങ്ങൾ നിറ ഞ്ഞിരിക്കുന്നു.

അരയോപഗക്കുന്ന് എന്നത് അരിയോപാഗസ് എന്ന് അറിയപ്പെടുന്ന സ്ഥലമാണ്. ആറിസ്സ് ദേവന്റെ സ്ഥാനം എന്നാണ് അതിന്റെ പേര്. അരയോപഗ കുന്നിൽ അപ്പോ സ്തലൻ ചുറ്റി നടന്ന് നോക്കി. അപ്പോൾ കാണാം ഒരു വിഗ്രഹം! അതിൽ പേര് എഴുതി ഇരിക്കുന്നത്. God unknown എന്നാണ്. 'അജ്ഞാതദേവൻ' അറിയപ്പെടാത്ത ദേവൻ.

അതു കണ്ട് അതിനെക്കുറിച്ച് പറയാൻ തുടങ്ങി. അവിടെ ചില തത്വജ്ഞാനികൾ ഉണ്ട്. അഥേന തത്വ ജ്ഞാനികളുടെ നാടാണല്ലൊ, ബുദ്ധി ജീവികളുടെ നാട്. അതിനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയപ്പോഴേക്കും അവിടെ ഉള്ള എപ്പിക്കൂര്യരും സ്റ്റോയിക്കരും അപ്പോ സ്തലനോട് തർക്കിക്കാൻ തുടങ്ങി. എപ്പിക്കൂര്യർ എന്നു പറയുന്നവർ മനുഷ്യജീവിതത്തിന്റെ ആകമാനമായ ലക്ഷ്യം സന്തോഷം എന്ന് ചിന്തിക്കുന്നവരാണ്. സന്തോഷവും സുഖവും വേണം, അതാണ് എപ്പിക്കൂറിയൻ ഫിലോസഫി.

സ്റ്റോയിക്ക് ഫിലോസഫി എന്നത്, മനുഷ്യൻ നല്ല ജ്ഞാനം സമ്പാദിക്കണം എന്ന ചിന്താഗതിയാണ്. അറിവു സമ്പാദിക്കണം, തത്വജ്ഞാനം സമ്പാദിക്കണം, മാന സികമായ ഔന്നത്യത്തിലും ജ്ഞാനസമ്പൂർണ്ണതയിലും എത്തിച്ചേരുകയാണ് ജീവിതലക്ഷ്യം എന്നതാണ് Stoic Phi-

losophy ഈ ബുദ്ധിജീവികൾ അപ്പോസ്തലന്റെ വാക്കുകൾ കേട്ടപ്പോൾ ഒരു നിഗമനത്തിൽ എത്തി.

ഇവനൊരു വിടുവായനാണ് എന്ന്.

"അവൻ പള്ളിയിൽവെച്ചു യെഹൂദന്മാരോടും ദൈവഭക്തൻമാരോടും ചന്തസ്ഥലത്തു ദിവസേന കണ്ടവരോടും സംഭാഷിച്ചുപോന്നു. എപ്പിക്കൂര്യരും സ്റ്റോയിക്കരും ആയ തത്വജ്ഞാനികളിൽ ചിലർ അവനോടു വാദിച്ചു: ഈ വിടുവായൻ എന്തു പറവാൻ പോകുന്നു എന്നു ചിലരും അവൻ യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിക്കകൊണ്ടു: ഇവൻ അന്യദേവതകളെ ഘോഷിക്കുന്നവൻ എന്നു തോന്നുന്നു എന്നു മറ്റു ചിലരും പറഞ്ഞു. പിന്നെ അവനെ പിടിച്ചു അരയോപഗക്കുന്നിന്മേൽ കൊണ്ടുചെന്നു. നീ പ്രസ്താവിക്കുന്ന ഈ നവീനോപദേശം ഇന്നതു എന്നു ഞങ്ങൾക്കു അറിയാമോ? നീ ചില അപൂർവ്വങ്ങളെ ഞങ്ങളുടെ ചെവിയിൽ കടത്തുന്നുവല്ലോ, അതു എന്തു എന്നു അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്നുപറഞ്ഞു."

അപ്പൊ. പ്രാ 17 : 17 - 20.

ഇങ്ങനെ പറഞ്ഞപ്പോൾ അപ്പോസ്തലനായ പൗലോസ് അവരോട് സംസാരിക്കാൻ തുടങ്ങി. അപ്പോസ്തലനായ പൗലോസിൽ നിന്ന് പുതിയ ജ്ഞാനം ലഭിക്കുമോ എന്നാണ് അവർ നോക്കുന്നത്.

എന്നാൽ അപ്പോസ്തലൻ അവരുടെ കവികളുടെ തന്നെ ചില കവിതകൾ ഉദ്ധരിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയാൻ തുടങ്ങി. നിങ്ങൾ 'അജ്ഞാത ദേവന്'

എന്ന് എഴുതിയിരിക്കുന്ന ആ ദൈവം ഉണ്ടല്ലോ, God unknown അറിയപ്പെടാത്ത ദൈവം. ഒരിക്കൽ ഈ ഭൂമിയിൽ വന്ന് ക്രൂശിൽ മരിച്ച ക്രിസ്തുവാണ്.

നിങ്ങൾ മത ഭക്തി ഉള്ളവരാണ്. നിങ്ങൾക്ക് ജീവിതം ഏറ്റവും ശോഭനമായും ശ്രേഷ്ഠമായും നയിക്കാൻ താല്പര്യം ഉണ്ട്. എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്ന ആ ദൈവം, അജ്ഞാതദേവൻ എന്ന് നിങ്ങൾ പറയുന്ന ദൈവം, അജ്ഞാതൻ അല്ല. അവൻ ഇന്നും ജീവിക്കുന്ന ക്രിസ്തു ആണ്.

ക്രിസ്തു നിങ്ങളെ രക്ഷിക്കും നിങ്ങൾക്ക് മാനസാന്തരം തരും. "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടുവാൻ ദൈവം മനുഷ്യരോട് കല്പിക്കുന്നു."

അന്ന് അഥേനയിലെ അരയോപഗക്കുന്നിന്മേൽ മുഴങ്ങിയ സ്വരം, പരിശുദ്ധാത്മാവിന്റെ ആ ദിവ്യസ്വരം ഇപ്പോൾ നിങ്ങളുടെ കാതുകളിൽ മുഴങ്ങട്ടെ. നിങ്ങളുടെ ഹൃദയങ്ങളിൽ മാറ്റൊലിക്കൊള്ളട്ടെ.

കർത്താവെ, അറിയായ്മയുടെ കാലങ്ങൾ പലതും ഉണ്ടായിരുന്നു എന്റെ ജീവിതത്തിൽ. ഞാൻ അറിയാതെ പാപത്തിന് അടിമപ്പെട്ടു ജീവിച്ചുപോയി; തിന്മകൾ സംഭവിച്ചുപോയി. അരുതാത്ത വഴികളിലൂടെ സഞ്ചരിച്ചു പോയി; വെറിക്കൂത്തിനും അശുദ്ധിക്കും ഞാൻ വിധേയപ്പെട്ടു പോയി; ദുശ്ശീലങ്ങൾക്ക് ഞാൻ അടിമയായിപ്പോയി.

കർത്താവേ, എന്റെ ആത്മാവ് ഇന്ന് അന്ധകാരത്തിൽ ആണ്. പാപം എന്നെ ഗ്രസിച്ചിരിക്കുന്നു. എന്റെ കർത്താവേ, എന്നോട് നീ മനസ്സലിയണമെ.

എന്റെ പാപത്തിന്റെ കെട്ടുകൾ എല്ലാം പൊട്ടിച്ച് എനിക്ക് മോചനം തരുവാൻ അവിടന്ന് ക്രൂശിൽ കെട്ട

പ്പെട്ടു എന്ന് ഞാൻ വിശ്വസിക്കുന്നു.

നാഥാ, എന്റെ പാപത്തിന്റെ ബന്ധനം അഴിക്കുവാൻ എന്റെ കോപശീലം മാറ്റുവാൻ, എന്റെ വൈരാഗ്യ സ്വഭാവം മാറ്റുവാൻ, എന്റെ അശുദ്ധ ജീവിതം മാറ്റുവാൻ, നിനക്ക് കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു.

നീ ഇന്ന് എന്റെ ജീവിതത്തിലേക്ക് വന്ന് എന്നെ ഒന്ന് അനുഗ്രഹിക്കണമെ. നാഥാ ഞാൻ ഒരിക്കൽ മാന സാന്തരപ്പെട്ടു എന്ന് ഞാൻ പറഞ്ഞു. ഒരിക്കൽ ജീവിതം സമർപ്പിച്ചു എന്ന് ഞാൻ പറഞ്ഞു. പക്ഷേ എന്റെ ജീവി തത്തിൽ ഇതുവരേയും സാക്ഷാത്തായ സമർപ്പണം വന്നി ല്ല. സാക്ഷാൽ എന്റെ ഹൃദയം ശുദ്ധീകരിക്കപ്പെട്ടില്ല.

എന്റെ ഹൃദയത്തിൽ ഇന്നും ബന്ധനങ്ങൾ ഉണ്ട്. പൈശാചികൻ എന്നെ കെട്ടിയിട്ടിരിക്കുന്നു. ചില ദുഷ്പ്ര വണതകൾ എന്നെ വലയം ചെയ്തിരിക്കുന്നു. ചില ഊരാ ക്കുരുക്കുകളിൽ ഞാൻ പെട്ടുകിടക്കുന്നു. എന്റെ സ്വസ്ഥത നശിച്ചിരിക്കുന്നു. നിരാശ എന്നെ വിഴുങ്ങി ഇരിക്കുന്നു. ഉടയവനെ, നിന്റെ കരുണയ്ക്ക് വേണ്ടി യാചിച്ചുകൊണ്ട് ഞാനിതാ വരുന്നു.

എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, നിന്റെ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്താൽ ഇപ്പോൾ നീ എന്നെ ഒന്ന് കഴുകണമെ. ആ തിരുരക്തത്തിന്റെ ഒരു തുള്ളി എന്റെമേൽ നീ ഒന്ന് തളിക്കണമെ. ഇന്നു മുതൽ യേശു വേ, ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. കർത്താ വേ, ഇന്ന് മുതൽ നാഥാ, ഞാനൊരു പുതിയ സൃഷ്ടി. യേശു പ്രസാദിക്കുന്ന ഒരു പുതിയ ജീവിതം ഇന്നു മുതൽ ഞാൻ നയിക്കും.

## പന്ത്രണ്ട്

“പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയയ്ക്കേണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എനിക്ക് അഞ്ചു സഹോദരന്മാർ ഉണ്ട്. അവരും ഈ യാതനാസ്ഥലത്ത് വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു. അബ്രഹാം അവനോട്: അവർക്ക് മോശയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അതിന്നു അവൻ: അല്ലല്ല, അബ്രാഹാം പിതാവേ, മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അവൻ അവനോട് : അവർ മോശയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു.”

ലൂക്കോസ് 16 : 27 – 30

ധനവാൻ യാതനാസ്ഥലത്തു ചെല്ലാനുള്ള കാരണം: ഒന്ന്: അവൻ വിശ്വസിച്ചില്ല, രണ്ട്: മാനസാന്തരപ്പെട്ടില്ല.

മാനസാന്തരപ്പെടണമെങ്കിൽ ദൈവത്തിൽ വിശ്വാസം വേണം, ദൈവസ്നേഹത്തിൽ വിശ്വാസം വേണം, ദൈവത്തിന്റെ പ്രവൃത്തികളിൽ വിശ്വാസം വേണം. ദൈവം മനുഷ്യനെ രക്ഷിക്കാൻ ചെയ്യുന്ന യത്നങ്ങളിൽ വിശ്വാസം വരണം. വിശ്വാസം കൂടാതെ മാനസാന്തരപ്പെടുക സാധ്യമല്ല. മാനസാന്തരപ്പെടാതെ ദൈവരാജ്യത്തിലെത്തുകയില്ല.

ഒരു രാത്രി കർത്താവായ യേശുക്രിസ്തുവിന്റെ അടുക്കൽ വന്ന യെഹൂദ പ്രമാണിയായ നീക്കോദീമോസിനോട് യേശു പറഞ്ഞു. “പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല” എന്ന്. യോഹ. 3:3

സന്നദ്രീം സംഘത്തിലെ അംഗമായ നിക്കോദീമോസിന് മനസ്സിലായില്ല. ദൈവത്തിൽ നിന്ന് വന്നവനാണ് യേശു എന്ന് നീക്കോദേമോസിനറിയാം. നിക്കോദീമോസിന് വിശ്വാസമുണ്ട്. പുതുതായി ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല എന്ന് പറഞ്ഞത് മനസ്സിലായില്ല.

ഇതെങ്ങനെ സാധിക്കും? മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതെങ്ങനെ എന്നാണവൻ ചോദിക്കുന്നത്.

അവൻ യേശുവിനോടു ചോദിച്ചു.:

> “മനുഷ്യൻ വൃദ്ധനായ ശേഷം ജനിക്കുന്നതെങ്ങനെ”?
>
> യോഹ 3 : 4

ഒരാൾ അമ്മയുടെ ഗർഭത്തിൽ കടന്ന് പിന്നെയും ജനിക്കുകയാണോ? വൃദ്ധനായശേഷം ജനിക്കുന്നതെങ്ങനെ?

യേശുക്രിസ്തു പറഞ്ഞു: “ജഡത്താൽ ജനിച്ചത് ജഡമാകുന്നു, ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു.” ശരീരപ്രകാരം ഒരു ജനനമുണ്ട്. മനുഷ്യൻ അപ്പന്റെയും അമ്മയുടെയും മകനോ മകളോ ആയി ജനിക്കുന്ന ഒരു ജനനമുണ്ട്. അത് ശാരീരിക ജനനമാണ്. എന്നാൽ മനുഷ്യൻ ആത്മീയമായി ജനിക്കണം. മാനസാന്തരമുണ്ടാകണം. ഹൃദയത്തിന്റെ പരിവർത്തനമുണ്ടാകണം.

ലൂക്കോസിന്റെ സുവിശേഷം 16–ാം അദ്ധ്യായത്തിൽ യേശുക്രിസ്തു പറയുന്ന ധനികനായ മനുഷ്യന് മാനസാന്തരമുണ്ടായിരുന്നില്ല. അതുകൊണ്ടാണവൻ യാതനാസ്ഥലത്ത് പോകേണ്ടിവന്നത്. മാനസാന്തരമുണ്ടോ എന്നെങ്ങനെ അറിയാം?

അപ്പോസ്തലനായ പൗലോസ് അപ്പൊ പ്രവൃത്തി 26–ാം അദ്ധ്യായത്തിൽ ഒരു പ്രസംഗം ചെയ്യുന്നുണ്ട്. അഗ്രിപ്പാ രാജാവിന്റെയും ഫെസ്തോസിന്റെയും മുന്നിൽ നിന്നുകൊണ്ട് പൗലോസ് ശ്ലീഹാ ചെയ്യുന്ന പ്രസംഗം വേദപുസ്തകത്തിലെ അത്യന്തം ഹൃദയസ്പർശിയായ ഭാഗമാണ്.

പൗലോസ് ശ്ലീഹാ പറയുന്നു:

> “അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിക്കാതെ ആദ്യം ദമസ്കൊസിലും യെരുശലേമിലും, യെഹൂദ്യദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം എന്ന് പ്രസംഗിച്ചു”
>
> അപ്പൊ പ്ര. 26 : 19–20

മൂന്ന് കാര്യങ്ങളാണ് പ്രസംഗവിഷയം. ഒന്ന്: ദൈവത്തിങ്കലേക്ക് തിരിയേണം, രണ്ട്: മാനസാന്തരപ്പെടേണം, മൂന്ന്: മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം.

മാനസാന്തരപ്പെട്ടു എന്നെങ്ങനെ അറിയാം? മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തികൾ വരും. അതിനെക്കുറിച്ച് തിരുവചനത്തിൽ യോഹന്നാൻ സ്നാപകൻ പറഞ്ഞത് ശ്രദ്ധിക്കുക.

> ". . . . . സർപ്പസന്തതികളെ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് ഓടിപ്പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചു തന്നത് ആർ? മാനസാന്തരത്തിന് യോഗ്യമായ ഫലം കായിപ്പിൻ. അബ്രാഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്ന് ഉള്ളം കൊണ്ട് പറവാൻ തുനിയരുത്. അബ്രാഹാമിന് ഈ കല്ലുകളിൽ നിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും."
>
> ലൂക്കോസ് 3 : 7 - 8

നിങ്ങൾക്ക് പൂർവ്വികമായ പാരമ്പര്യങ്ങളും മേന്മകളും ഉദ്ഘോഷിക്കാനുണ്ട്. എന്നാൽ ജീവിതത്തിൽ, നാശം വിട്ടൊഴിഞ്ഞ് ജീവിക്കണമെങ്കിൽ മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തികൾ വേണം. മാനസാന്തരത്തിന് യോഗ്യമായ ഫലം കായിക്കണം.

ഇതുതന്നെയാണ് കർത്താവ് തന്റെ ആദ്യ പ്രസംഗത്തിൽ പറഞ്ഞത്. കർത്താവിന്റെ ആദ്യത്തെ പ്രസംഗം - ഗിരിപ്രഭാഷണം - മത്തായിയുടെ സുവിശേഷത്തിലാണ് അത് കാണുന്നത്. കർത്താവു പറഞ്ഞു:

> "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ,

> അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു, അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു."
>
> മത്തായി 7 : 15

അകം മാറിയില്ല, പുറമെ ഭാവാഭിനയങ്ങളുണ്ട്. പ്രവാചകനെന്നാണ് പേര്. പക്ഷെ കള്ളപ്രവാചകനാണ്. ആടുകളുടെ വേഷമുണ്ട്. എന്നാൽ അകത്ത് ചെന്നായയാണ്.

> "അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം. മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന് നല്ല ഫലവും കായ്പാൻ കഴികയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും"
>
> മത്തായി 7 : 16 – 20

ഫലം നോക്കി തിരിച്ചറിയാം. മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കുന്നുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു. മാനസാന്തരത്തിന് യോഗ്യമായ ഫലമാണോ കായ്ക്കുന്നത് എന്ന് ശോധന ചെയ്യുക.

ഞാൻ വീണ്ടും ജനനം പ്രാപിച്ചുവോ? എനിക്ക് Born - again experience ഉണ്ടോ? ഞാൻ മാനസാന്തരപ്പെട്ടുവോ? ഇന്ന് ഞാൻ മരിച്ചാൽ ദൈവരാജ്യത്തിൽ

ചെല്ലുമോ?

ദൈവരാജ്യത്തിൽ ചെല്ലണമെങ്കിൽ മാനസാന്തരപ്പെട ണം. മാനസാന്തരം എനിക്കുണ്ടോ? ഞാൻ മാനസാന്തര ത്തിന് യോഗ്യമായ ഫലം കായ്ക്കുന്നുണ്ടോ ? എന്താണ് മാനസാന്തരത്തിന് യോഗ്യമായ ഫലം?

“അവരുടെ ഫലങ്ങളാൽ നിങ്ങൾ അവരെ തിരിച്ചറി യും.” നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു. ചീത്തവൃക്ഷമോ ചീത്തഫലം പുറപ്പെടുവിക്കുന്നു.

നല്ല ഫലമാണോ എന്നിൽ നിന്നും വരുന്നത്? ശാഠ്യ വും, തർക്കവും, വാഗ്വാദവുമാണോ എന്നിൽ നിന്നു വരു ന്നത്.? വഴക്കും പിണക്കവും കോപവും വാശിയും വൈരാ ഗ്യവുമാണോ എന്നിൽ നിന്ന് വരുന്നത്? കലഹസ്വഭാവ മാണോ എന്നിൽനിന്ന് വരുന്നത്? ക്രുദ്ധിക്കുന്ന സ്വഭാവ മാണോ എനിക്കുള്ളത്?

ഞാൻ മാതാപിതാക്കന്മാരെ ആദരിക്കുകയും അനുസ രിക്കുകയും ചെയ്യുന്നുണ്ടോ? ഞാനെന്റെ ജീവിതം ഉഴപ്പി ക്കളയുകയാണോ? സിനിമയും, വെറിക്കൂത്തും ഇന്നെന്റെ ഹരമായി മാറിയിരിക്കയാണോ?

കഞ്ചാവും, പുകവലിയും, മയക്കുമരുന്നും മദ്യപാ നവും ജീവിതത്തിലുണ്ടോ? ഞാൻ ബ്ലൂ ഫിലിമിന്റെ അടിമ യാണോ? ഇന്റർനെറ്റ് ചാറ്റിങ്ങും, ഫെയ്സ്ബുക്ക് ഫ്രണ്ട്ഷിപ്പും മൂലം അശുദ്ധിയുടേയും മ്ലേച്ഛതയുടേയും ഊരാക്കുരു ക്കിൽപ്പെട്ടിരിക്കുകയാണോ?

ക്രൂരമനോഭാവമുണ്ടോ? നിഷ്ഠൂര ഹൃദയമുണ്ടോ? എന്റെ ഹൃദയം ചൊവ്വുള്ളതാണോ? വളവും വക്രതയും വഞ്ചനയും കാപട്യവും സൂത്രവും, കൗശലവുമാണോ എന്റെ ജീവിതത്തിലുള്ളത്?

മറ്റുള്ളവരെ വഞ്ചിക്കയും ചതിക്കയും ചെയ്യുന്ന സ്വഭാവം എനിക്കുണ്ടോ? എന്റെ അവയവം അവയവം പ്രതി എങ്ങനെയിരിക്കുന്നു. ഞാൻ നുണ പറയുന്നുണ്ടോ? ഞാൻ ആരെയെങ്കിലും പരിഹസിക്കുന്നുണ്ടോ? ഞാൻ ആരെക്കുറിച്ചെങ്കിലും കിംവദന്തികൾ പറഞ്ഞു പരത്തുന്നുണ്ടോ?

വാക്കുകൾ മൂലമോ ചെയ്തികൾ മൂലമോ ആരുടെയെങ്കിലും ഹൃദയം നൊമ്പരപ്പെടാനോ വ്രണപ്പെടാനോ ഇടയായിട്ടുണ്ടോ? ആരുടെയെങ്കിലും സമ്പത്ത് അപഹരിച്ചിട്ടുണ്ടോ? കള്ളക്കണക്കെഴുതിയിട്ടുണ്ടോ?

എന്റെ ശരീരത്തെ ഞാൻ അശുദ്ധിക്കു വിട്ടുകൊടുത്തിട്ടുണ്ടോ? എന്റെ പൈസ ഞാൻ തിന്മക്ക് ചെലവഴിച്ചിട്ടുണ്ടോ? അരുതാത്ത വഴിയിൽ ഞാൻ സമ്പാദ്യം നേടിയോ? എന്റെ ദൈവം എനിക്ക് തന്ന ആരോഗ്യം. ഞാൻ തിന്മക്ക് വിട്ടുകൊടുത്തുവോ?

എങ്കിൽ ആകാത്തഫലമാണ് കായ്ക്കുന്നത്. തിരുവചനം പറയുന്നു:

> “പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്കു ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ അതു കൊള്ളരുതാത്തതും ശാപത്തിന്നു അടുത്തതും ആകുന്നു. ചുട്ടുകളകയത്രേ അതിന്റെ അവസാനം.”
>
> എബ്രായർ 6 : 7 – 8

പലപ്പോഴും മഴ പെയ്യുന്നുണ്ട്. ദൈവത്തിന്റെ ശുശ്രൂഷ ലഭിക്കുന്നുണ്ട്. പ്രകൃതി കനിഞ്ഞനുഗ്രഹിക്കുന്നുണ്ട്. പക്ഷെ പിന്നെയും മുള്ളും പറക്കാരയും മുളപ്പിക്കുന്നു. തന്മൂലം

നരകത്തീയിൽ എരിപൊരി കൊള്ളാനിടയാകും. ചുട്ടുകള കയത്രെ അതിന്റെ അവസാനം.

ആകയാൽ മനം തിരിയുക. ക്രിസ്തുവിന്റെ തിരുരക്ത ത്താൽ കഴുകൽ പ്രാപിക്കുക. പാപങ്ങൾ ഏറ്റുപറഞ്ഞുപേ ക്ഷിക്കുക. പുതിയ ജീവിതം നയിക്കുക. അങ്ങനെ ക്രിസ്തു വിന്റെ വരവിൽ നാഥനെ എതിരേൽക്കാൻ ഒരുങ്ങുക. നിത്യ സൗഭാഗ്യം നേടുക.

## പതിമൂന്ന്

“ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്ന് വെളിവാകുന്നു, ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു. ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല. ക്രിസ്തു യേശുവിന്നുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടെ ക്രൂശിച്ചിരിക്കുന്നു.”

ഗലാത്യർ 5 : 19 – 24

ആത്മാവിന്റെ ഫലങ്ങളുണ്ട്. ജഡത്തിന്റെ ഫലങ്ങളുണ്ട്. മാനസാന്തരത്തിന് യോഗ്യമായ ഫലം നാം കായ്ക്കേണ്ടതാണ്.

വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടറിയാം. പുറമെ നമുക്ക് പ്രാർത്ഥനകൾ ചൊല്ലാം; മധുര വാക്കുകൾ പറയാം.

> "ഈ ജനം അടുത്തുവന്ന് വായ് കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽ നിന്ന് ദൂരത്ത് അകറ്റിവെച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി മനഃപാഠമാക്കിയ മാനുഷ കല്പനയത്രേ"
>
> യെശയ്യാ. 29:13

എന്ന് യെശയ്യാ പ്രവാചകൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ലോകത്തു ജീവിക്കുന്ന മനുഷ്യരെക്കുറിച്ച്, ഭക്തിയുണ്ടെന്ന് ഭാവിക്കുന്ന മനുഷ്യരെക്കുറിച്ച് പ്രവാചകൻ മുൻകൂട്ടി പറയുകയാണ്.

അധരങ്ങളിൽ സ്തുതിയുണ്ട്, അധരങ്ങളിൽ നമസ്ക്കാരമുണ്ട്, അധരങ്ങളിൽ സ്തോത്രമുണ്ട്. ചുണ്ടുകളിൽ Praise the Lord ഉണ്ട്. ചുണ്ടുകളിൽ ഹാലേലുയ്യാ ഉണ്ട്. ഹൃദയത്തിൽ ദുരാഗ്രഹമുണ്ട്. ജഡത്തിന്റെ ഫലങ്ങളാണ് ജീവിതത്തിൽ നിന്ന് പുറപ്പെടുന്നത്.

പക്ഷേ പുറമെ ഭാവിക്കുന്നതോ ആത്മാവിന്റെ ഫലങ്ങളുണ്ടെന്നാണ്. അതിനെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് പറയുന്നത്: "ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ" എന്നാണ്. (2 തിമൊ. 3:5)

വേഷത്തിൽ ഭക്തിയുണ്ട് - വേഷഭക്തി, കപടഭക്തി - വളരെ നീണ്ട പ്രാർത്ഥനകളുണ്ട് ഉപവാസമുണ്ട്, നോമ്പു കളുണ്ട്, ചിട്ടപ്പെട്ട ചില അനുഷ്ഠാനങ്ങളുണ്ട്, കർമ്മപരി പാടികളുണ്ട്. അതിലെല്ലാം തൃപ്തിപ്പെട്ട് ഹൃദയത്തിലുള്ള ദുരാഗ്രഹങ്ങളും, പൈശൂന്യങ്ങളും, അഹന്തയും, ക്രോധ സ്വഭാവവും, ആർക്കും വഴങ്ങാത്ത പ്രകൃതിയും, മറ്റുള്ള വരെ ആദരിക്കാത്ത സ്വഭാവവും വെച്ചുകൊണ്ട് പുറമെ ഭക്തി ഭാവിക്കും. പുറമെ നമസ്ക്കാരങ്ങളും പ്രാർത്ഥനക ളും, ചൊല്ലിത്തീർക്കും.

പ്രാർത്ഥനായോഗങ്ങളുണ്ട്; ബൈബിൾ ക്ലാസ്സുകളുണ്ട്; സൺഡെ സ്കൂളുകളുണ്ട്; സുവിശേഷ പ്രസംഗങ്ങളുണ്ട്; മിഷ്യനറി വേലകളുണ്ട്; എന്നാൽ അകമെയോ സകല ദുരാഗ്രഹവും തിങ്ങിനിൽക്കുന്നു.

ജഡത്തിന്റെ ഫലം പുറപ്പെടുവിക്കുന്നവർ, പഴയ മനു ഷ്യന്റെ ഫലം പുറപ്പെടുവിക്കുന്നവർ ആണ്. അങ്ങനെയു ള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല എന്ന് ദൈവ ത്തിന്റെ തിരുവചനം പറയുന്നു.

പഴയ മനുഷ്യനെയാണ് സെ.പോൾ, ജഡം എന്നു പറ യുന്നത്, The old human nature.

പഴയ മനുഷ്യ പ്രകൃതിയിൽ കോപമുണ്ട്. കലഹമു ണ്ട്. പഴയ മനുഷ്യ പ്രകൃതിയിൽ ജഡിക ഇച്ഛകളും മ്ലേച്ഛ മോഹങ്ങളും മലിനമായ ആഗ്രഹങ്ങളുമുണ്ട്. പഴയ മനു ഷ്യപ്രകൃതിയിൽ സ്വാർത്ഥതയും കാപട്യവുമുണ്ട്. പഴയ മനുഷ്യപ്രകൃതിയിൽ ദ്രവ്യാഗ്രഹമുണ്ട്. പഴയ മനുഷ്യപ്ര കൃതിയിൽ മറ്റുള്ളവർ എന്നെ ആദരിക്കണം. എന്നെ മാനിക്കണം, എന്നെ പരിഗണിക്കണം എന്നുള്ള വാഞ്ഛ യുണ്ട്. പഴയ മനുഷ്യപ്രകൃതിയിൽ അസൂയയുണ്ട്. പഴയ മനുഷ്യ പ്രകൃതിയിൽ ജഡത്തിന്റെ രാഗമോഹങ്ങളുണ്ട്. ശരീരത്തിന്റെ ഭോഗേച്ഛകളുണ്ട്. പഴയ മനുഷ്യനെ ക്രൂശിച്ചു

ഒരു പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേല്ക്കുന്നതാണ് വീണ്ടും ജനനം. Born again experience അത് കിട്ടുമ്പോൾ ആത്മാവിന്റെ ഫലം കായ്ക്കുന്നു. അപ്പോൾ പിണക്ക മുള്ളേടത്ത് ഇണക്കം വരുന്നു. ഭാര്യയും ഭർത്താവും ഒന്നായി തീരുന്നു. മാതാപിതാക്കളും മക്കളും ഒരു ഹൃദ യമായിത്തീരുന്നു.

തൊഴുത്തിൽ കുത്തില്ല. കിടമത്സരമില്ല- കുതികാൽ വെട്ടില്ല. അവിടെ പരസ്പരം ഐക്യവും സ്നേഹവും സൗഹാർദ്ദവും മാത്രം.

മാനസാന്തരപ്പെട്ട ഒരു വിശ്വാസിയുടെ പദവിയാണത്. ക്രിസ്തു അകത്തുവരും. ക്രിസ്തു അകത്തുവന്ന് എല്ലാം നിയന്ത്രിക്കും. ഓരോ അവയവങ്ങളുടെയും നിയന്ത്രണം ക്രിസ്തുവിന്റെ കൈകളിലാകും.

യേശുക്രിസ്തുവിന്റെ ക്രൂശിൽ ചൊരിഞ്ഞ തിരുരക്ത ത്താൽ എന്നെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. മേലിൽ എന്റെ മേൽ എനിക്കൊരധികാരവുമില്ല. എന്റെ മേലും എനിക്കു ള്ളതിന്മേലും പൂർണ്ണഅവകാശവും അധികാരവും എന്നെ വില യ്ക്കുവാങ്ങിയ ക്രിസ്തുവിനാണ് എന്ന അംഗീകാരം സമർപ്പ ണത്തിന്റേയും വീണ്ടും ജനനത്തിന്റേയും ആദ്യപടിയാണ്. അപ്പോൾ ആത്മാവിന്റെ ഫലം കായ്ക്കാൻ തുടങ്ങും. തന്മൂലം ക്രിസ്തു നോക്കുന്നേടത്തേക്കേ ഞാൻ നോക്കുകയുള്ളൂ. ക്രിസ്തു നോക്കുന്നതു പോലെ മാത്രമേ ഞാൻ നോക്കു കയുള്ളൂ. അത് self disciplne ആണ്. തന്നെത്താനുള്ള ഒരു അച്ചടക്കമാണ്.

ക്രിസ്തു ചെയ്യുന്നതേ എന്റെ കൈയ് ചെയ്യുകയു ള്ളൂ. ക്രിസ്തു ചെയ്യാത്തത് എന്റെ കൈ ചെയ്യുകയില്ല. ക്രിസ്തു പറയുന്നതേ എന്റെ നാവു പറയൂ. ക്രിസ്തു പറ യാൻ അറയ്ക്കുന്നത് എന്റെ നാവു പറയുകയില്ല.

ക്രിസ്തു രുചിക്കുന്നതേ എന്റെ നാവു രുചിക്കൂ. ക്രിസ്തു കുടിക്കുന്നതേ എന്റെ വായിലൊഴിക്കൂ. ഈ നാവ് ക്രിസ്തുവിന് കൊടുത്തു പോയി. അവൻ രക്തം കൊടുത്ത് ഈ നാവ് വിലയ്ക്കുവാങ്ങിയതാണ്. നാവ് മാത്രമല്ല, എന്റെ ഓരോ അവയവവും അവൻ വിലയ്ക്കു വാങ്ങി.

അപ്പോസ്തലനായ പൗലോസ് പറയുന്നു:

> "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?"
>
> 1 കൊരി 6:19

ബുദ്ധി ക്രിസ്തു വിലയ്ക്കുവാങ്ങി. വേണ്ടാതനം ചിന്തിക്കാൻ പാടില്ല. ചിന്ത ക്രിസ്തുവിന്റെ കൈകളിലായി. ഇനി ആരെക്കുറിച്ചും അരുതാത്തത് ചിന്തിക്കാൻ പാടില്ല. മ്ലേച്ഛമായ മോഹം വരാൻ പാടില്ല. ആരോടും വൈരാഗ്യം വെച്ചുകൊണ്ടിരിക്കാൻ പാടില്ല. ആരോടും പിണക്കം വെച്ചുകൊണ്ടിരിക്കാൻ പാടില്ല.

നാവ് ക്രിസ്തുവിന്റെ കരങ്ങളിലായി. നാവ് ക്രിസ്തുവിന്റെ നാവായിപ്പോയി. ഇനി ക്രിസ്തുവിനെ സ്തുതിക്കാനും, ക്രിസ്തുവിനെ സാക്ഷിക്കാനും, ക്രിസ്തുപ്രസാദിക്കുന്നത് പറയാനും മാത്രമാണ് ഈ നാവ്. ഓരോ അവയവവും ക്രിസ്തുവിന്റെ അവയവങ്ങളായിപ്പോയി കാരണം ക്രിസ്തു വിലയ്ക്കു വാങ്ങിയിരിക്കുന്നു. അത് ക്രിസ്തുവിന്റെ സ്വന്തമായിപ്പോയി.

ഈ ഉറപ്പ് നിങ്ങൾക്കുണ്ടോ? ക്രിസ്തുവിന്റെ കരങ്ങ

ളിലേയ്ക്ക് കൊടുത്തുവോ നിങ്ങൾ? കൊടുത്താലവൻ വാങ്ങും. നിർബന്ധിച്ച് ചോദിച്ച് മേടിക്കയില്ല.

> "ഇപ്പോൾ ഞാനെഴുന്നേല്ക്കും; രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാനതിലാക്കും എന്ന് യഹോവ അരുളിച്ചെയുന്നു."
>
> സങ്കീ. 12:5

കൊടുത്താലവൻ വാങ്ങും. ബാലകൻ കൊടുത്തു. ആ ബാലകന്റെ കൈയിൽ പൊതിയിരുന്ന് വിറയ്ക്കയാണ്. കൈ വിറയ്ക്കുന്നു. ബെത്സയ്ദയിലെ മലഞ്ചെരുവിലാണ്. അയ്യായിരത്തിലധികം ആളുകൾ പന്തിപന്തിയായിരിക്കുന്നു. മൂന്നു ദിവസമായി ആ പട്ടിണി പാവങ്ങൾ ആഹാരം കഴിച്ചിട്ടില്ല. കർത്താവിന്റെ സന്നിധിയിലിരുന്നപ്പോൾ വിശപ്പും ദാഹവും മറന്നുപോയി.

ബെത്സെയിദയുടെ മലഞ്ചെരുവിൽ തടിച്ചുകൂടിയ ജനത്തെ കണ്ടു ശിഷ്യന്മാരെ നോക്കി കർത്താവ് പറഞ്ഞു:

> "ഇവർ മൂന്നു ദിവസമായി എന്നോടു കൂടെ പാർക്കുന്നു. ഇവരെ പട്ടിണിയായി അയച്ചാൽ അവർ വഴിയിൽ വെച്ച് തളർന്നു പോകും. നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ."
>
> മർക്കോ. 6:37, മത്തായി. 14:16,
> ലൂക്കോ. 9:13, മർക്കോ. 8:1–4

ശിഷ്യന്മാർ പരസ്പരം മുഖത്തോടുമുഖം നോക്കി. കർത്താവെന്താ ഈ പറഞ്ഞത്? എവിടെനിന്നാണ് കൊടുക്കുന്നത്? വല്ലതും കയ്യിൽ വേണ്ടേ? ഒന്നുമില്ല – നാട്ടുകാരനായ ഫിലിപ്പോസ് വിഷമിച്ചു. കാരണം ബെത്സെയിദക്കാരനാണ് – എന്റെ നാട്ടിൽ വന്ന് കർത്താവ് പറയുകയും

ചെയ്തു. ഒന്നും കൊടുക്കാൻ എന്റെ കയ്യിൽ ഇല്ലല്ലോ.

അപ്പോൾ ഒരു ബാലകൻ ഇതു കേട്ടു - അവൻ ഓർത്തു എന്റെ കയ്യിൽ അഞ്ച് അപ്പവും രണ്ട് ചെറിയ മീനും പൊതിയ്ക്കകത്തുണ്ട്. എനിക്ക് തിന്നാനായി അമ്മ തന്നയച്ചതാണ്. വിശപ്പും ദാഹവും മറന്നിരുന്നപ്പോൾ തിന്നാൻ മറന്നു. മൂന്നു ദിവസമായി. പഴകിയിട്ടുണ്ട്. ഇത് കൊടുത്താൽ യേശു വാങ്ങുമോ? ഇത് കൊണ്ട് വല്ലതും ആകുമോ? പൊതിയെടുക്കും വീണ്ടും പുറകോട്ടു പിടിക്കും. പിന്നെ യേശുവിന്റെ മുഖത്തേക്കു നോക്കും.

അന്ത്രയോസിന് മനസ്സിലായി: ഇവനെന്തോ യേശുവിന് കൊടുക്കാൻ ആഗ്രഹമുണ്ട്. യേശുവിന്റെ അരികിലേക്ക് അന്ത്രയോസ് അവന്റെ തോളിൽ പിടിച്ചു കൊണ്ട് വന്നു നിർത്തി പറഞ്ഞു: 'ഈ ബാലകന്റെ കയ്യിൽ അഞ്ച് അപ്പവും രണ്ടു മീനുമുണ്ട്. അവിടുത്തേക്ക് തരാൻ ഇവന് സമ്മതാണ്. ഇതുകൊണ്ട് വല്ലതും ആകുമോ?

കർത്താവ് കൈ നീട്ടി.

ആരുകൊടുത്താലും വാങ്ങുന്നവനാണ് യേശു. നിസ്സാരമായ ജീവിതം കൊടുത്തുനോക്കൂ. ഞാൻ 17-ാമത്തെ വയസ്സിൽ ഈ ജീവിതം യേശുവിന് കൊടുത്തതാണ്. യേശു ഏറ്റെടുത്തതാണ്.

പൊതി ബാലകനങ്ങോട്ടു നീട്ടി. യേശു കൈനീട്ടി വാങ്ങി. ബാലകന്റെ കയ്യിലിരുന്ന പൊതി യേശുവിതാ വിടർത്തുന്നു. അഞ്ച് അപ്പവും രണ്ടു മീനും യേശു നുറുക്കുന്നു; വാഴ്ത്തുന്നു. യേശു അത് അനുഗ്രഹിക്കുന്നു.

ശഷ്യന്മാർ അതേറ്റുവാങ്ങി.

ജനം പന്തിപന്തിയായിരിക്കുകയായിരുന്നു. ആർത്തിയോടെയിരിക്കുന്നവരുടെ മുമ്പിൽ കൊണ്ടുവന്നു വിളമ്പി;

ഒരു പ്രാവശ്യം വിളമ്പി, രണ്ടുപ്രാവശ്യം വിളമ്പി, മൂന്നാം പ്രാവശ്യം വിളമ്പി.

മതി മതി എല്ലാവർക്കും വിശപ്പുമാറി – ബാക്കിയുള്ള തെല്ലാം ശേഖരിക്കുവാൻ കർത്താവ് പറഞ്ഞു. എല്ലാം ശേഖരിച്ചു. പന്ത്രണ്ടു കൊട്ട നിറയെയുണ്ട്.

എങ്ങനെയുണ്ടായി? ഇന്ദ്രജാലമൊന്നുമല്ല, സർവ്വശക്തന്റെ കരം തൊട്ടാൽ വർദ്ധിക്കും.

സ്നേഹിതാ, കൊടുത്തു നോക്കൂ. വർദ്ധിക്കുന്നത് കാണാം. കടമെല്ലാം മാറുന്നത് കാണാം. രോഗം സൗഖ്യമാകുന്നതു കാണാം. പഠിത്തം ശരിയാകുന്നത് കാണാം. ജീവിതം അഭിവൃദ്ധിപ്പെടുന്നതു കാണാം.

എല്ലാം നേരെയാകുന്നത് നിങ്ങൾക്ക് കാണാം. എല്ലാ അതിശയങ്ങളും നടക്കും. യേശു വാഴ്ത്തി യേശു നുറുക്കി, ശിഷ്യന്മാർ വിളമ്പി, പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു.

അന്നു വൈകുന്നേരത്തെ ഒരു സംഭവം ഞാൻ ഭാവനയിൽ കാണാറുണ്ട്.

വൈകുന്നേരം ബെത്സെയിദ മലഞ്ചെരുവിലെ ഒരു വീട്ടിൽ അപ്പനും അമ്മയും തമ്മിലുള്ള സംഭാഷണം – മൂന്നു ദിവസമായി നമ്മുടെ മകൻ പോയിട്ട്, അവനെ കണ്ടില്ലല്ലോ. അമ്മ വെപ്രാളപ്പെടുകയാണ്.

'നീയൊന്ന് മിണ്ടാതിരിക്ക് ' ഭർത്താവ് ആശ്വസിപ്പിക്കുന്നു.

എന്റെ കുഞ്ഞിന് ഞാൻ അഞ്ച് അപ്പവും രണ്ടു മീനുമേ കൊടുത്തു വിട്ടുള്ളൂ.

"നീ വിഷമിയ്ക്കാതിരിക്ക്, യേശുവിന്റെ അടുക്കൽ പോയി വചനം കേട്ടാൽ വിശപ്പും ദാഹവും അറിയില്ല."

ഭർത്താവ് പറഞ്ഞു.

അപ്പോഴുണ്ട് മോൻ നല്ല ഉത്സാഹത്തോടെ കടന്നു വരുന്നു. ഒരു ക്ഷീണവുമില്ല. മുഖം പുഞ്ചിരിച്ച് പ്രകാശിച്ച് നില്ക്കുന്നു.

പെട്ടെന്നിതാ പിറകെ പന്ത്രണ്ടു പേർ വരുന്നു. തല യിൽ ഓരോ കുട്ട അപ്പം, മീൻ നുറുക്കുകൾ. പുറകെ പുഞ്ചിരിയോടെ യേശു വരുന്നു.

യേശു അപ്പന്റേയും അമ്മയുടേയും നേരെ കരമു യർത്തി "ഈ ബെത്സയിദ ദേശത്ത് നിങ്ങളുടെ കുടുംബം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ അനുഗ്രഹിക്കപ്പെ ട്ടു. നിങ്ങളുടെ മോനും അനുഗ്രഹിക്കപ്പെട്ടു. കാരണം നിങ്ങളുടെ മോൻ അവന് ഉള്ളത് എനിക്ക് തന്നു. അയ്യാ യിരങ്ങളുടെ വിശപ്പ് മാറി. നിങ്ങൾ ഭാഗ്യശാലികൾ" യേശു അവരെയെല്ലാം അനുഗ്രഹിച്ചു.

അപ്പനും, അമ്മയും മകനും യേശുവിന്റെ കാൽക്കൽ വീണു. കൂടെ ശിഷ്യന്മാരും. എല്ലാവരും ഒന്നുചേർന്ന് യേശുവിനെ സ്തുതിച്ചു. ബെത്സയിദയിൽ സ്തുതിയുടെ ആഘോഷം എന്തുകൊണ്ട്?

ബാലകൻ തന്റെ കയ്യിലുള്ളത് യേശുവിന് കൊടു ത്തു.

ഈ വാക്കുകൾ വായിക്കുന്ന ദൈവജനമേ നിങ്ങൾക്കു ള്ളത് യേശുവിന് കൊടുക്കാമോ? അഞ്ചപ്പവും രണ്ടു മീനും പോലുമില്ല. കർത്താവേ, ഉള്ളത് - ഒരു ചുരുങ്ങിയ ആയുസ്സുമാത്രം; നഷ്ടശിഷ്ടമായൊരു ജീവിതം മാത്രം! ബലഹീനമായൊരു ശരീരം മാത്രം. തകർത്തു കളഞ്ഞൊരു ജീവിതം മാത്രം. പാപം നശിപ്പിച്ചു കളഞ്ഞൊരു ജീവിതം മാത്രം.

ഉടയവനേ ഇന്ന് ഞാനെന്റെ ജീവിതം നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്നെ വാഴ്ത്തണമെ. എന്നെ സ്വീകരിക്കേണമെ. എന്നെ നീയൊന്നു വിശുദ്ധീകരിക്കേണമെ. എന്റെ മേൽ നിന്റെ തൃക്കരം വെക്കണമേ എന്റെ നാഥാ നിന്റെ തിരുഹിതം പോലെ നീയെന്നെ ഉപയോഗിക്കണമെ.

## പതിനാല്

“അതിന്നു അവൻ; അല്ലല്ല, അബ്രാഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴു ന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അവൻ അവനോട്: അവർ മോശയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാ ഞ്ഞാൽ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴു ന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു.”

ലൂക്കോസ് 16 : 30 - 31

ധനവാൻ മരിച്ചു അടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുന്നു. ലാസറും മരിച്ചു. എന്നാൽ മാലാഖമാർ വന്ന് അവനെ പറുദീസയിലേക്ക് കൊണ്ടുപോയി. പരിശു ദ്ധന്മാരുടെ നിരയിലേക്ക് അവനെ എത്തിച്ചു.

ധനവാന് ലാസർ വസിക്കുന്നതായ സ്വർഗീയ സന്നി ധിയിലെത്തുവാൻ കഴിഞ്ഞില്ല. അതിനെന്താണ് കാരണ മെന്ന് നാം ചിന്തിച്ചു വരികയായിരുന്നു.

ധനവാൻ മാനസാന്തരപ്പെട്ടില്ല. അതാണ് അബ്രാഹാം പിതാവ് ധനവാനോട് പറയുന്നത്.

അവർക്ക് മോശയും പ്രവാചകന്മാരുമുണ്ടല്ലോ. അവരുടെ വാക്ക് അവർ കേൾക്കട്ടെ.

ധനവാന്റെ അഞ്ച് സഹോദരന്മാരും ഈ യാതനാസ്ഥലത്ത് വരാതെയിരിക്കാൻ ലാസറിനെ ഒന്നയയ്ക്കേണമെ എന്നാണ് അവന്റെ അപേക്ഷ. അബ്രാഹാം പിതാവ് പറയുന്നു. ലാസറിനെ അയച്ചല്ല ഈ കാര്യം നടക്കേണ്ടത് മോശയും പ്രവാചകന്മാരും ഭൂമിയിലുണ്ടല്ലോ. പ്രവാചകന്മാരുടെ വാക്കു കേൾക്കട്ടെ. ദൈവത്തിന്റെ വചനം പറയുന്ന ദൈവ പുരുഷന്മാരുടെ വചനം കേൾക്കട്ടെ. അങ്ങനെ അവർ മാനസാന്തരപ്പെടട്ടെ എന്നാണ് അബ്രാഹാം പിതാവ് ഉദ്ദേശിച്ചത്.

ഉടനെ പറയുന്നു - അല്ലല്ല, അബ്രാഹാം പിതാവേ ഭൂമിയിലെ പ്രവാചകന്മാർ പറഞ്ഞാൽ മാനസാന്തരപ്പെടുന്നവരല്ല എന്റെ അഞ്ചുസഹോദരന്മാർ.

അവർ മാനസാന്തരപ്പെടണമെങ്കിൽ മരിച്ചവരിൽ ഒരുവൻ എഴുന്നേറ്റുചെന്ന് സാക്ഷ്യം പറയണം.

ഞാനിവിടെ യാതന അനുഭവിക്കുകയാണെന്നും, ലാസർ യാതനാസ്ഥലത്തെത്താതെ പരിശുദ്ധമായ ശാന്തിഭൂമിയിലെത്തിച്ചേർന്നുവെന്നും ഉള്ള വാർത്ത, ലാസർ ചെന്ന് നേരിട്ട് കണ്ടതും അനുഭവിച്ചതുമായ കാര്യങ്ങൾ പറയട്ടെ.

അല്ലല്ല അബ്രാഹാം പിതാവെ, മരിച്ചവരിൽ നിന്ന് ഒരുവൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും. വലിയ അത്ഭുതം കണ്ടാലേ അവർ മാനസാന്തരപ്പെടുകയുള്ളൂ. മരിച്ച ഒരാൾ മടങ്ങി വന്ന് നേരിട്ട് കണ്ട കാര്യങ്ങൾ ആ ആളു തന്നെ പറഞ്ഞാൽ മാത്രമേ അവർ മാനസാന്തരപ്പെടുകയുള്ളൂ,

എന്നാണ് ധനവാൻ പറയുന്നത്.

അബ്രാഹാം പിതാവ് പറഞ്ഞു- അവർ മോശയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല.

മാനസാന്തരപ്പെടുക എന്നു പറയുന്നത്, മനുഷ്യജീവിതത്തിൽ നിശ്ചയമായും സംഭവിക്കേണ്ട ഒരു കാര്യമാണ്.

ദൈനംദിന ജീവിതം, രഹസ്യവും പരസ്യവുമായ ജീവിതം ദൈവം സന്തോഷിക്കുന്നതാണ് എന്ന് അനുഭവിക്കാൻ പറ്റണം. പൈശാചികൻ അവകാശം പറയുന്നതായ ഏതെങ്കിലും പാപം ഇപ്പോഴും വരുന്നുണ്ടോ എന്ന് ചിന്തിക്കണം.

അതില്ലാതെ ഞാൻ മാനസാന്തരപ്പെട്ടു എന്ന് മാത്രം പറയുന്നതിൽ അർത്ഥമില്ല. അത് പ്രയോജനരഹിതമാണ്.

പാപത്തിന്റെ പ്രവൃത്തി വരാത്തപ്പോഴും പാപത്തിന്റെ പ്രകൃതിയുണ്ട്. ചിലപ്പോളത് വാക്കിൽകൂടി വന്നുഎന്ന് വരും. ചിലപ്പോൾ പ്രവൃത്തിയിലൂടെ നിഴലിച്ചു എന്നു വരും. പ്രവൃത്തിയിലോ വാക്കിലോ വരാത്തപ്പോഴും ആ പ്രകൃതി രക്തത്തിൽ ലയിച്ചു കിടപ്പുണ്ട്.

മർക്കോസിന്റെ സുവിശേഷം 7-ാം അധ്യായത്തിൽ നമ്മുടെ കർത്താവ് പറഞ്ഞു. പ്രവൃത്തിയിലോ വാക്കിലോ വരാത്തപ്പോഴും ഹൃദയത്തിൽ ഈ അശുദ്ധി ഒളിഞ്ഞിരിപ്പുണ്ട് എന്ന്. മനുഷ്യന്റെ ഹൃദയത്തിൽനിന്ന് പുറപ്പെടുന്നതാണ് മനുഷ്യനെ അശുദ്ധനാക്കുന്നത്.

> “പുറത്തുനിന്ന് മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴിയുകയില്ല, അവനിൽ നിന്ന്

> പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധമാക്കുന്നത്.”
>
> മാർക്കോസ് 7 : 15

അശുദ്ധമായ ഹൃദയം നമ്മിലുള്ളപ്പോൾ നമ്മിൽ നിന്ന് പുറപ്പെടുന്നത് അശുദ്ധി മാത്രമാണ്. മനുഷ്യന്റെ ഉള്ളിൽ നിന്ന് പുറപ്പെടുന്നതാണ് മനുഷ്യനെ അശുദ്ധമാക്കുന്നത്.

> “മനുഷ്യനിൽ നിന്ന് പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്, അകത്തുനിന്ന്, മനുഷ്യന്റെ ഹൃദയത്തിൽ നിന്നു തന്നെ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്ന് പുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു” എന്നും അവൻ പറഞ്ഞു.
>
> മാർക്കോസ് 7 : 20 - 23
>
> മത്താ. 15:11, 18-20

മുൻപ് അശുദ്ധി പുറപ്പെട്ടിടത്തു നിന്ന്, മുൻപ് ദുർന്നടപ്പിന്റെ ചിന്ത വന്നിരുന്നിടത്തുനിന്ന്, മുൻപ് അസൂയ വന്നിടത്തുനിന്ന്, മുൻപ് വൈരാഗ്യവും, പകയും, വിദ്വേഷവും വന്നിടത്തുനിന്ന്, ആ ഹൃദയത്തിൽ നിന്ന്, ഇപ്പോൾ സ്നേഹം വരുന്നു എന്നതാണ് അത്ഭുതം.

നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രായോഗികമാക്കാവുന്നതാണ് ഇത്. നാം ഒന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചാൽ മതി. കർത്താവേ, ഞാൻ മുൻപ് പാപത്തിന്റെ സ്വഭാവമുള്ളവനായിരുന്നു. എനിക്ക് ആത്മാവിന്റെ ഫലമുളവാക്കാനുള്ള ഭാഗ്യം തരേണമെ. എന്ന് ആത്മാർത്ഥമായി

പ്രാർത്ഥിക്കുമ്പോൾ കർത്താവ് നമുക്കിത് തരും.

പാപസ്വഭാവം മാറിക്കിട്ടുമ്പോഴുണ്ടാകുന്ന നന്ദിയുടെയും സന്തോഷത്തിന്റേയും ആരാധനയാണ് സ്തുതിയും സ്തോത്രവും, ഹാലേലൂയ്യായും. പാപസ്വഭാവം മാറാതെ, സ്തുതി, സ്തുതി എന്നു പറയുന്നതിൽ അർത്ഥമില്ല. പാപത്തിന്റെ സ്വഭാവം മാറാതെ ഹാലേലുയ്യാ, Praise the Lord എന്ന് ചുണ്ടുകൊണ്ട് പറയാം. ആരാധന ചുണ്ടുകൊണ്ടുണ്ട്, ഹൃദയത്തിൽ നിന്നുമുണ്ട്. അനേകം ചടങ്ങുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും അർത്ഥവത്താണെങ്കിൽ പോലും അർത്ഥം ഗ്രഹിക്കാതെയിന്ന് അവയുടെ ബാഹ്യമായ കർമ്മപരിപാടികളിൽ മാത്രം തങ്ങിനില്ക്കുന്നിടത്തോളമുള്ള ഭക്തി മാത്രമേ പലർക്കും വന്നിട്ടുള്ളൂ.

ചില കാര്യങ്ങളിൽ മാറ്റം വന്നിട്ടുണ്ട്. ഞാൻ ഈയിടെ വായിച്ചു, സന്താൾ ആശ്രമത്തിൽ അന്തേവാസികളായ ആളുകൾ ക്രിസ്തുവിനെ ഭജിക്കുവാനും, ക്രിസ്തുവിന്റെ വേലചെയ്യുവാനും, ദൈവസന്നിധിയിൽ തങ്ങളെത്തന്നെ സമർപ്പിച്ചവരായിരുന്നു.

ഒരിക്കൽ അവിടെ ഒരു സംഭവം ഉണ്ടായി. അവിടത്തെ മുറ്റവും, തൊഴുത്തും മറ്റും വൃത്തിയാക്കുന്ന ജോലി ചെയ്യുന്നവർ ഒരാഴ്ചത്തെ അവധി എടുത്തു. ആശ്രമത്തിലെ നിയമമനുസരിച്ച് പിന്നെ ആ ജോലി ചെയ്യേണ്ടത് അവിടെ ആശ്രമവാസികൾ തന്നെയാണ്. അവർ വളരെ ഭക്തിയുള്ളവരാണ്, പ്രാർത്ഥനയുള്ളവരാണ്. പല ജീവിത നിലവാരങ്ങളിൽനിന്ന് വന്നവരാണ്. ആശ്രമവാസികൾ മാറി മാറി, ഓരോ ജോലിയും ചെയ്യും. തൂക്കുക, പാത്രം കഴുകുക, തൊഴുത്തു വൃത്തിയാക്കുക തുടങ്ങി എല്ലാ ജോലികളും, അവർതന്നെ ചെയ്യണം.

എന്നാൽ ഒരു ഉയർന്ന കുലത്തിൽ നിന്നും, ഉയർന്ന സാഹചര്യത്തിൽനിന്നും വന്ന ഒരു സ്ത്രീ തൂത്തു വൃത്തി

യാക്കാൻ മടിച്ചു.

ഉടനെ ഡോക്ടർ സ്റ്റാൻലി ജോൺസ് ചോദിച്ചു. "മാനസാന്തരപ്പെട്ടതല്ലേ - പിന്നെ എന്താണ് മടിക്കുന്നത്. ജീവിതത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യാനുള്ള സമർപ്പണമല്ലേ എടുത്തത്?"

ഉടനെ പറഞ്ഞു: "ഞാൻ അത്രക്ക് മാനസാന്തരപ്പെട്ടി ല്ല." വിനയപൂർവ്വമാണ് പറഞ്ഞത്. എതിർത്ത് പറഞ്ഞതല്ല. ആ ഒരു നിലവാരം വരെ ഞാൻ മാനസാന്തരപ്പെട്ടില്ല. മാനസാന്തരപ്പെട്ടു. ക്രിസ്തുവേണമെന്നുണ്ട്. ക്രിസ്തുവിന് വേണ്ടി പ്രവർത്തിക്കണമെന്നുണ്ട്. പക്ഷേ ഒരു തൂപ്പുകാരി യുടെ നിലവാരത്തിലേക്ക് ഇറങ്ങിച്ചെന്ന് താണു നിന്ന് അധ്വാനിക്കാനുള്ള മാനസാന്തരം വന്നില്ല.

എല്ലാവരും ഒരുപോലെയാണെന്നും ആരും വലിയ വരോ ആരും ചെറിയവരോ അല്ലെന്നും, ഉന്നതരും താണ വരും എന്ന് രണ്ടുവർഗ്ഗമില്ലെന്നും ഞാൻ എല്ലാവരേയും പോലെതന്നെ ജോലി ചെയ്യേണ്ടതാണ് എന്നുമുള്ള ചിന്ത ആ ദൈവദാസിക്കില്ലാതെ പോയി.

യഥാർത്ഥമായ മാനസാന്തരമെന്നു പറയുമ്പോൾ ചോദ്യമില്ല, യാതൊരു ജോലിക്കും മടിയില്ല. യേശുക്രി സ്തുവിന്റെ നാമത്തിൽ ക്രിസ്തുവിനോളം തന്നെത്തന്നെ താഴ്ത്താനുള്ള മനസ്സാണ് മാനസാന്തരം. മാനസാന്തരം വാക്കിലല്ല, പ്രവൃത്തിയിലാണ് വേണ്ടത്.

ധനവാൻ മാനസാന്തരപ്പെട്ടില്ല. അവന്റെ അഞ്ചു സഹോദരന്മാരും മാനസാന്തരപ്പെട്ടില്ല. അതുകൊണ്ട് അവർക്ക് ഏതെല്ലാം നന്മകളുണ്ടായാലും, ഏതെല്ലാം മനോ ഗുണ പ്രവൃത്തികൾ അവർ ചെയ്താലും, ഏതെല്ലാം പ്രാർത്ഥനകൾ ചൊല്ലിയാലും അവർ ദൈവരാജ്യത്തി ലെത്തുകയില്ല. എത്തിയില്ല. യാതനാസ്ഥലത്തേക്കാണ്

പോയത്.

നീതിസൂര്യൻ ഇരുളടഞ്ഞ ഹൃദയത്തിൽ വന്ന് ഉദിച്ചാൽ മതി. പഴയ ഹൃദയത്തിൽ കർത്താവായ യേശു വന്ന് ജനിച്ചാൽ മതി. നമ്മുടെ ജീവിതത്തിൽ ക്രിസ്തു വന്ന് പിറക്കുക എന്നത് എന്തൊരു അനുഭവമാണെന്നോ! അത് വർണനാതീതമായ അനുഭൂതിയാണ്. ഓരോ ദിവസം ചെല്ലുന്തോറും ക്രിസ്തു ഹൃദയത്തിൽ വസിക്കുന്നതിന്റെ സ്നേഹവും സൗഭാഗ്യവും, സന്തോഷവും സമാധാനവും ആശ്വാസവും നമുക്ക് അനുഭവിക്കുവാൻ സാധിക്കും.

ജീവിതത്തിൽ കഷ്ടപ്പാടില്ലെന്നല്ല, ദുരിതങ്ങളോ, രോഗങ്ങളോ, വേദനകളോ ഇല്ലെന്നല്ല. പ്രശ്നങ്ങളും, പ്രതിസന്ധികളും, പ്രതിബന്ധങ്ങളും ഇല്ലെന്നല്ല. എന്നാൽ അതിന്റെയെല്ലാം മധ്യത്തിൽ കർത്താവായ യേശു തരുന്ന ആശ്വാസം അനുഭവിക്കാൻ കഴിയും. യേശുവിന്റെ സാന്നിധ്യം അനുഭവിക്കാൻ കഴിയും.

കർത്താവേ, ഞാൻ പാപിയായോരു മനുഷ്യൻ, പരിശുദ്ധനായ നീ എന്റെ ഹൃദയത്തിൽ പിറക്കുന്നതെന്തൊരു അത്ഭുതം! നീ എന്റെ ഹൃദയത്തിൽ വസിക്കുന്നത് എന്തൊരു അത്ഭുതം.

അറിയുന്തോറും, അറിയുന്തോറും എളിമ വരിക, താഴ്മ വരുന്തോറും ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കാൻ സാധിക്കുക. അതാണ് സ്തുതി അതാണ് ആരാധന.

ഫ്രാൻസിസ് തോംസൺ എന്ന ഒരു യുവാവുണ്ടായിരുന്നു. വൈദ്യശാസ്ത്രം പഠിക്കാൻ പോയി. ധാരാളം പഠിച്ചു. പക്ഷെ ജീവിതത്തിൽ വഴുവഴുപ്പുള്ള വശങ്ങളിലേക്ക് ഇറങ്ങിപ്പോയി. വളരെ ഹീനമായ ജീവിതം നയിച്ചു. അതിനുമുൻപ് അദ്ദേഹം ഒരു സെമിനാരിയിൽ പഠിച്ച് ഒരു വൈദികനാകാനുള്ള അഭ്യസനം കിട്ടിയ ആളാ

ണ്. പക്ഷെ ഒരു ഡോക്ടറാകാനുള്ള ആഗ്രഹം വന്നു. അങ്ങനെ സെമിനാരി പഠനം നിർത്തിയിട്ട് ഡോക്ടറാകാൻ പോയതാണ്.

മെഡിക്കൽ കോളേജിൽ പഠിക്കുമ്പോൾ അദ്ദേഹം വളരെ മോശമായ ജീവിതത്തിലേക്ക് താണുപോയി, ഒരു സുബോധവുമില്ലാത്തവനെപ്പോലെ മദ്യപിച്ചു. ലക്കുകെട്ടു വൃത്തികെട്ട ജീവിതം നയിച്ചു. ക്രമേണ ആരോഗ്യം ക്ഷയിച്ചു. വെറും പേക്കോലമായി മാറി. യൗവ്വനത്തിൽ തന്നെ വളരെ വികൃതവും, പ്രാകൃതമായ അവസ്ഥയിലായി. അദ്ദേഹം ഒരു യാചകനെപ്പോലെയോ ഭ്രാന്തനെപ്പോലെയോ അലഞ്ഞു തിരിഞ്ഞു നടന്നു.

അദ്ദേഹം ചെറുപ്പത്തിലേ കവിത എഴുതാൻ വാസന ഉള്ള ആളായിരുന്നു. അദ്ദേഹം ഇടയ്ക്കിടയ്ക്കെല്ലാം ചിലതെല്ലാം കുറിച്ചു വെയ്ക്കുമായിരുന്നു. അതൊന്നും പിന്നെ എടുത്ത് നോക്കാറുമില്ല. ഒരിക്കൽ അദ്ദേഹം എവിടെയോ ഒരു കടത്തിണ്ണയിൽ കിടന്നുറങ്ങി. അന്ന് അദ്ദേഹം സ്വന്തം ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി എന്തോ ചിലതെല്ലാം കുറിച്ചു വെച്ചു.

ആൽഫ്രെഡ് മെയ്നൽ എന്നൊരാൾ ഈ കുറിപ്പ് കാണുവാൻ ഇടയായി. ഇതെഴുതിയ യുവാവ് എവിടെയാണ് എന്നന്വേഷിച്ച് നടന്നു. തെരുവോരത്തു കൂടി അലഞ്ഞു നടക്കുന്ന ഫ്രാൻസിസ് തോംസനെ കണ്ടു. മെയ്നൽ അദ്ദേഹത്തെ സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി.

മെയ്നലും അദ്ദേഹത്തിന്റെ ഭാര്യയും തോംസനോട് സംസാരിച്ചു. അദ്ദേഹത്തെ അവിടെത്തന്നെ താമസിപ്പിച്ചു. പ്രാർത്ഥിച്ചു. അദ്ദേഹത്തിന് ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞുകൊടുത്തു. ഫ്രാൻസിസ് തോംസൺ മാനസാന്തരപ്പെട്ടു. പല നാളത്തെ മെയ്നലിന്റെയും ഭാര്യയുടെയും പ്രാർത്ഥ

നമൂലം, അവരുടെ സ്നേഹത്തിന്റെ ശുശ്രൂഷ മൂലം, ഈ യൗവനക്കാരന് സുബോധം വന്നു. ആ ചെറുപ്പക്കാരൻ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു.

പിന്നീട് ഫ്രാൻസിസ് തോംസൺ ഒരു കവിത എഴുതി. ആ കവിതയുടെ പേര് - Hound of heaven- സ്വർഗത്തിലെ വേട്ടനായ് എന്നാണ്. കർത്താവായ യേശുക്രിസ്തു ഒരു വേട്ടനായെപ്പോലെ എന്റെ പിന്നാലെ പാഞ്ഞുവന്നു എന്നും എന്നെ വശീകരിച്ചു എന്നും എന്നെ കീഴടക്കിയെന്നു മാണ് ആ കവിതയിലെ വിഷയം.

യേശുക്രിസ്തു ഇപ്പോൾ നിങ്ങളെ കീഴടക്കാൻ നിങ്ങ ളുടെ അരികത്ത് വന്ന് കെഞ്ചുകയാണ്. യേശുക്രിസ്തു നിങ്ങളുടെ അരികത്ത് വന്ന് മുട്ടുകയാണ് - മകനെ, നിന്റെ ഹൃദയത്തിൽ ഞാൻ തലചായിക്കട്ടെ, മകളെ ആത്മാ വിന്റെ ഫലം കായ്ക്കുന്നവളായി ഞാൻ നിന്നെയൊന്ന് രൂപാന്തരപ്പെടുത്തട്ടെ.

നിന്റെ കുടുംബത്തിലേക്ക് ഞാൻ ഐശ്വര്യം പകരട്ടെ - നിന്റെ ജീവിതം ഞാനിന്ന് സൗഭാഗ്യപൂർണമാക്കട്ടെ - നിനക്ക് നല്ല കാലങ്ങൾ ഞാൻ തരട്ടെ.

കരുണയുള്ള കർത്താവ് ഇപ്പോൾ നിങ്ങളെ സ്നേഹ ത്തോടെ വിളിച്ചുകൊണ്ട് നിങ്ങളോട് പറയുകയാണ്. നിങ്ങളുടെ ഹൃദയം എനിക്ക് വേണ്ടി തുറന്നാൽ ഞാന വിടെ വസിക്കും. നിങ്ങളുടെ ഹൃദയത്തിൽ വസിക്കാനാ ണ്. ഞാൻ ക്രൂശിൽ തലചായിച്ചത്. നിന്റെ ഹൃദയത്തിൽ കടന്നു വരാനാണ് ഞാൻ കുരിശിൽ ജീവൻ വെടിഞ്ഞ ത്. നിന്നെ വിശുദ്ധീകരിച്ച് ആത്മാവിന്റെ ഫലം കായ്ക്കു ന്നവനാക്കിത്തീർക്കാനാണ് ഞാൻ എല്ലാകയ്പും വേദ നയും ഏറ്റ് കുരിശിൽ പിടഞ്ഞു മരിച്ചത്.

നിങ്ങളെതന്നെ സമർപ്പിക്കുമോ? ഇപ്പോൾ നിങ്ങൾക്ക്

യേശുവിനോടൊരു വാക്കു പറയാമോ?. നാഥാ ഈ നിമിഷം മുതൽ ഞാൻ ആത്മാവിന്റെ ഫലം കായ്ക്കും. കർത്താവേ നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നെള്ളി വരേണമെ – ഈ നിമിഷം മുതൽ ഒരു അനുഗൃഹീത ജീവിതം നയിക്കും. നാഥാ എന്നെ നീ സ്വീകരിക്കേണമെ.

## പതിനഞ്ച്

“അവൻ അവനോടു; അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കുകയില്ല എന്നു പറഞ്ഞു.”

ലൂക്കൊസ് 16 : 31

മാനസാന്തരമുളവാകണമെങ്കിൽ വിശ്വാസം ആവശ്യമാണ്. വിശ്വാസം കൂടാതെ മാനസാന്തരം ലഭിക്കുകയില്ല. കർത്താവ് പറഞ്ഞ ഈ സംഭവത്തിലെ ധനവാന് മാനസാന്തരമുണ്ടായിരുന്നില്ല. കാരണം അവന് വിശ്വാസമില്ലായിരുന്നു – ദൈവത്തിൽ വിശ്വാസമില്ല, ദൈവരാജ്യത്തിൽ വിശ്വാസമില്ല, ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ വിശ്വാസമില്ല. മനുഷ്യന്റെ ജീവിതത്തിൽ സാക്ഷാലുള്ള ഒരു മാനസാന്തരം വേണമെന്നുള്ള വിശ്വാസമില്ല. ഒരു നിത്യയാതന ഉണ്ട് എന്ന് ബോധ്യമില്ല.

യാതനാ സ്ഥലത്തേക്ക് ഞാൻ പോകുമല്ലോ എന്ന ചിന്തയില്ല, മരണശേഷം എന്ത് എന്നുള്ള ചിന്തയില്ല.

അവൻ വിശ്വാസിയല്ലായിരുന്നു.

മാനസാന്തരപ്പെടണമെങ്കിൽ വിശ്വാസം വേണം. വിശ്വാസമില്ലാത്തതുകൊണ്ടാണ് പലരും ആത്മഹത്യ ചെയ്യണമെന്ന് ചിന്തിക്കുന്നത്. നിരാശമുറ്റിയ ജീവിതം, ദുരിതം നിറഞ്ഞ ജീവിതം. കഷ്ടതയും, യാതനയും, ദു:ഖവും നിറഞ്ഞ ജീവിതം. Tension, Worries and Cares, Frustration Stress എന്നൊക്കെ പറയുമല്ലൊ. ഇതെല്ലാം എന്തുകൊണ്ടാണ് വരുന്നത്? മനുഷ്യമനസ്സിങ്ങനെ ആകുലപ്പെടുന്നത് എന്തുകൊണ്ടാണ്.

എല്ലാവർക്കുമില്ലേ ആകുലം? ആവലാതി ഇല്ലാത്തവരാരുണ്ട്? ചിലർക്ക് ഏറിയിരിക്കും. ചിലർക്ക് കുറഞ്ഞിരിക്കും. ജീവിതത്തിൽ ദുരിതങ്ങളുണ്ട്. ജീവിതം തന്നെ വാസ്തവത്തിൽ ദുരിതപൂരിതമല്ലേ.

സുഭദ്രാകുമാരി ചൗഹാൻ എന്ന ഹിന്ദി കവയിത്രി പാടിയ മനോഹരമായ കവിത

“Ê¶É¶É xÉ nÊxÉªÉÉ ¨É +ÉEò®Ò
®É ®É Eò®Ò ½ºÉxÉÉ ºÉÒJÉÉ
ÊMÉ®Ò ÊMÉ®Ò Eò®Ò SÉ±ÉxÉÉ ºÉÒJÉÉ”

ശിശു ഈ ഭൂമിയിൽ ജനിച്ചിട്ട് കരഞ്ഞു കരഞ്ഞു ചിരിക്കാൻ പഠിച്ചു. വീണു വീണു നടക്കാൻ പഠിച്ചു.

കരഞ്ഞു കരഞ്ഞാണ് ചിരിക്കാൻ പഠിക്കുന്നത്. ശരിയല്ലേ, ജീവിതത്തിൽ കരച്ചിലുണ്ട്. ഒരു കൊച്ചുകുട്ടി ജനിച്ചു എന്നതിന്റെ തെളിവുതന്നേ കരച്ചിലാണ്.

കരഞ്ഞെങ്കിൽ ആരോഗ്യമുണ്ടെന്നർത്ഥം. കരഞ്ഞാണ് ചിരിക്കാൻ പഠിക്കുന്നത്. ആദ്യം കരച്ചിലാണ്. ജീവിതം മുഴുവനും കരച്ചിലല്ലേ? കരച്ചിലിൽ കൂടിയല്ലേ നാമെല്ലാം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ഒന്നുമാറി ഒന്നുമാറി

വേദനകൾ. പ്രതീക്ഷകൾ നശിക്കുന്നു. ആശകൾ അസ്തമിക്കുന്നു. മുന്നോട്ടുള്ള ഗതി മുട്ടിപ്പോകുന്നു. താങ്ങാനാവാത്ത ആപത്തുകൾ നേരിടുന്നു. പ്രതിസന്ധികൾ രൂക്ഷമായി വരുന്നു. എല്ലാവഴിയും അടഞ്ഞു കാണുന്നു. നിരാശ വരുന്നു.

ഒരു ചെറുപ്പക്കാരൻ ഒരു ദിവസം വീട്ടിൽ നിന്നിറങ്ങി. 1772–ൽ ആണ്. രാത്രിയാണ് ഒരു സമാധാനവുമില്ല. അദ്ദേഹം റോഡിലേക്കിറങ്ങിയപ്പോഴാണ് കണ്ടത്. ഭയങ്കര മൂടൽമഞ്ഞ്. വീടിന്റെ മുറ്റത്ത് അത്ര മൂടൽ മഞ്ഞ് ഉണ്ടായിരുന്നില്ല. ഇപ്പോൾ ഭയങ്കര മൂടൽ മഞ്ഞ് . അവിടെനിന്നൊരു പതിനഞ്ച് മിനിട്ട് പോയാൽ തേംസ് നദിയിലെത്താം. ലണ്ടനിലാണ്. മൂടൽ മഞ്ഞ് ഭയങ്കരമായി.

അവിടെയൊരു കുതിരവണ്ടി കിടക്കുന്നുണ്ട്. വണ്ടിക്കാരനെ വിളിച്ചു. എന്നെയൊന്ന് അത്രടം വരെ കൊണ്ടുപോകാമോ? വരാമല്ലോ; മൂടൽ മഞ്ഞുണ്ട്; സാരമില്ല, മാറിക്കൊള്ളും. പോകാം.

കുതിരവണ്ടിയിൽ കയറി നല്ല പരിചിതമായ വഴിയാണ്, രണ്ടുപേർക്കും. പക്ഷെ ഈ മൂടൽ മഞ്ഞുകൊണ്ട് മുന്നോട്ട് നീങ്ങാൻ പറ്റുന്നില്ല. വഴിതെറ്റിപ്പോയി. ഒന്നര മണിക്കൂർ അലഞ്ഞുതിരിഞ്ഞ് പല റോഡിൽ കൂടെ സഞ്ചരിച്ചു. എത്തേണ്ടിടത്ത് എത്തിയില്ല. തേംസ് നദീതീരത്തെത്തിയില്ല. വണ്ടിക്കാരൻ പറഞ്ഞു. എനിക്ക് വഴി തെറ്റിപ്പോയി. എനിക്ക് പിടികിട്ടുന്നില്ല. ഞാനെവിടെയാണെന്നറിയാൻ പാടില്ല. എന്നാൽ എന്നെ ഇവിടെ 'ഇറക്കി വിട്ടേരെ'

ഇറക്കിവിട്ടു. ഇയാൾ മൂടൽമഞ്ഞിൽ തപ്പിത്തടഞ്ഞ് നടക്കുകയാണ്. വഴിയറിയാൻ പാടില്ല. സ്ഥലം മനസ്സിലായില്ല.

ഭയങ്കരമായ മൂടൽമഞ്ഞാണ്, ഒരടിപോലും വെക്കാൻ

പറ്റാത്ത തരത്തിൽ മൂടൽ മഞ്ഞ്. കട്ടിപിടിച്ച മൂടൽമഞ്ഞ്. അപ്പോൾ ചെന്നെവിടെയോ ഒന്നു മുട്ടി. തപ്പിനോക്കിയപ്പോൾ ഒരു കുതിരയുടെ പ്രതിമയാണ്. ഉടനെ ഓർമ്മ വന്നു. കുതിരയുടെ പ്രതിമ അദ്ദേഹത്തിന്റെ വീടിന്റെ തൊട്ടുമുമ്പിലുള്ള റോഡിലാണ്. ഞാനെന്റെ വീടിന്റെ മുമ്പിൽ തന്നെയാണ് എത്തിയത്.

ഭാഗ്യം, വീട്ടിലേക്ക് ചെന്നു. വീട്ടിൽ ചെന്ന് മുറിയിൽ കയറി. അദ്ദേഹം അവിടെ മുട്ടുകുത്തി കരയാൻ തുടങ്ങി. 'യേശുവേ ഞാൻ നിന്നെ വിട്ട് ഓടിപ്പോകാൻ തുടങ്ങിയപ്പോഴും നീ എന്നെ അവസാനം ഇവിടെതന്നെ തിരിച്ചെത്തിച്ചല്ലോ. മരിക്കാനായിട്ട് പോയതാണ്. കർത്താവെ തേംസ് നദിയിൽ ഇന്നു രാത്രി ആരും അറിയാതെ മുങ്ങിച്ചാകാൻ പോയതാണ്. ജീവിതനൈരാശ്യം പൂണ്ട്, ആത്മഹത്യചെയ്‌വാനായിട്ട്. എന്റെ ദൈവമേ നീ എന്നെ അതിന് അനുവദിച്ചില്ലല്ലോ.

എന്തൊരത്ഭുതമിത്! ഇതല്ലേ വാസ്തവത്തിൽ ദൈവസ്നേഹം? ഇതല്ലേ ദൈവത്തിന്റെ കരുണ? മരിക്കാനെന്നെ അനുവദിച്ചില്ലല്ലോ. ഞാൻ തേംസ് നദീതീരത്തുകൂടിയൊക്കെ ആ കുതിരവണ്ടിയിൽ പോയിക്കാണും. പക്ഷെ അത് തിരിച്ചറിയാതെ നാഥാ, നീ എന്നെ ഇവിടെ തിരിച്ചെത്തിച്ചല്ലോ. എന്റെ കർത്താവേ എനിക്കിത് മനസ്സിലാകുന്നില്ല.

ആ ചെറുപ്പക്കാരൻ അവിടെ മുട്ടിന്മേൽ കിടന്ന് ഏങ്ങലടിച്ച് കരയാൻ തുടങ്ങി. കരഞ്ഞ് കരഞ്ഞ് അദ്ദേഹം എഴുതാൻ തുടങ്ങി. ആദ്യമത് പാടുകയാണ് ചെയ്തത്. പിന്നീടത് എഴുതി.

"God moves in mysterious ways
His wonders to perform.''

ദൈവം തന്റെ അത്ഭുതങ്ങൾ നിവർത്തിക്കുന്നതിന് എത്രയോ അഗോചരമായ വഴികൾ സ്വീകരിക്കുന്നു.

"God plants His first steps in the sea
and rides upon the storm.''

ദൈവം തന്റെ പാദങ്ങൾ സമുദ്രത്തിന്റെ മീതെ വെച്ചു പോകുന്നതിന് തയ്യാറാകുന്നു. And rides upon the storm. ദൈവം കൊടുങ്കാറ്റുകളുടെ മീതെ സവാരി ചെയ്യുന്നു.

എഴുതിയത് സുപ്രസിദ്ധ ഗാനരചയിതാവായ വില്യം കൂപ്പർ. വില്യം കൂപ്പറുടെ പ്രസിദ്ധമായ ഗാനം അങ്ങനെയാണ് ഉണ്ടായത്.

നിരാശപ്പെട്ടുകൊണ്ടിരിക്കുന്നവരാരെല്ലാം ഈ വാക്കുകൾ വായിക്കുന്നുണ്ടായിരിക്കും. ഭാരത്തോടിരിക്കുന്നവരാരെല്ലാം ഈ വാക്കുകളെ വായിക്കുന്നുണ്ട്? ജീവിതത്തിന്റെ പല വേദനാവിഷയങ്ങളിൽ പെട്ട് നട്ടം തിരിയുന്നവരാരെല്ലാം ഈ വാക്കുകളെ വായിക്കുന്നുണ്ട്?

ഞാൻ ജീവിക്കേണ്ട, മരിച്ചാൽ മതി എന്നോർത്തവരില്ലേ? ആത്മഹത്യ ചെയ്യാൻ ശ്രമിച്ചവരില്ലേ? ആത്മഹത്യ ചെയ്യാൻ പല മാർഗ്ഗങ്ങൾ തേടിയവരില്ലേ? ആത്മഹത്യാ ശ്രമങ്ങൾ എല്ലാം വ്യർത്ഥമായതിൽ മനം നൊന്തവരില്ലേ?

നിങ്ങൾ ഇപ്പോൾ ഈ വാക്ക് വായിക്കാനിടയായത്, ദൈവം നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടാണ്. കർത്താവായ യേശുക്രിസ്തു നിങ്ങളെ കരുതുന്നതുകൊണ്ടാണ്. ദൈവം നിങ്ങളെ പേർചൊല്ലി വിളിക്കുകയാണ്.

നിരാശപ്പെടേണ്ട. ദൈവം അഗോചരമായ വഴികളിലൂടെ അത്ഭുതം പ്രവർത്തിക്കാൻ പോകയാണ്. അറിയപ്പെടാത്ത വഴികളിലൂടെ അതിശയം പ്രവർത്തിക്കാൻ പോകയാണ്.

മനസ്സ് മടുത്ത് നിരാശ പൂണ്ട് സകലവും എനിക്ക്

പ്രതികൂലമാണെന്ന് പറഞ്ഞ് കരഞ്ഞു കൊണ്ടിരിക്കുന്നവരെ എല്ലാം അനുകൂലമായ വഴികളിലേക്ക് തിരിച്ചു വിട്ട് സമുദ്രത്തിലെ ഓളങ്ങളുടെ മീതെയും ചുഴലിക്കാറ്റുകളുടെ മീതെയും നടകൊണ്ട് നിങ്ങളെ രക്ഷിക്കാൻ നിത്യനായ ദൈവം നിങ്ങളുടെ അരികിലേക്ക് വരുന്നു. മൂടൽ മഞ്ഞിൽ കൂടെയായിരിക്കാം പക്ഷെ ദൈവം വരുന്നത്. സമുദ്രത്തിലെ തിരമാലകളുടെ മീതെയായിരിക്കാം ദൈവം വരുന്നത്.

കൊടുങ്കാറ്റുകളുടെ മീതെയായിരിക്കാം ദൈവം നട കൊള്ളുന്നത്. ആർക്കറിയാം! ദൈവം പ്രവർത്തിക്കുന്നു.

നിങ്ങൾ വിശ്വസിക്കൂ. നിങ്ങളെ സ്നേഹിക്കുന്ന ഒരു ക്രിസ്തു ഉണ്ട്. ആളാം പ്രതി കരുതുന്ന ഒരു ക്രിസ്തു ഉണ്ട്. നിങ്ങളുടെ ഹൃദയനൊമ്പരങ്ങൾ അറിയുന്ന ഒരു ക്രിസ്തു ഉണ്ട്. നിങ്ങളുടെ വേദനകൾ കാണുന്ന ഒരു ക്രിസ്തു ഉണ്ട്. നിങ്ങളുടെ കണ്ണുനീര് തുടയ്ക്കുവാൻ അവന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ നേരെ നീട്ടുന്നുണ്ട്. നിങ്ങളുടെ വേദനകൾ ഒപ്പിയെടുക്കാൻ അവന്റെ തൃക്കരം നിങ്ങളുടെ നേരെ നീട്ടുന്നുണ്ട്.

ജീവനുള്ള ക്രിസ്തു ഇപ്പോൾ നിങ്ങളുടെ അടുക്കലേക്ക് വരികയാണ്. മാനസാന്തരമെന്നും, വിശ്വാസമെന്നും പറയുമ്പോൾ പലപ്പോഴും ദൈവമക്കൾ പോലും തെറ്റിദ്ധരിക്കാറുണ്ട്. ഓരോരുത്തർക്കും മാനസാന്തരത്തെക്കുറിച്ച് ഓരോ കാഴ്ചപ്പാടുകളാണ്. വിശ്വാസത്തെക്കുറിച്ചും പല കാഴ്ചപ്പാടുകളാണ്.

മനോഹരമായ ഒരു ഭാവനയുണ്ട്.

സൂര്യനും ചന്ദ്രനും തമ്മിൽ തർക്കമുണ്ടായി പോലും. സൂര്യഭഗവാനും ചന്ദ്രനും തമ്മിൽ ഒരു വാഗ്വാദം. ഭയങ്കര വാദപ്രതിവാദമാണ്.

സൂര്യൻ പറഞ്ഞു: ഈ ഭൂമിയിലുള്ള മരത്തിന്റെ ഇലകളെല്ലാം പച്ചനിറമാണ്. ചന്ദ്രൻ പറഞ്ഞു: ഞാൻ സമ്മതിക്കയില്ല. ഇലകൾക്കൊന്നും പച്ചനിറമല്ല. നല്ല വെള്ളിനിറമാണ്.

സൂര്യൻ പറഞ്ഞു: എനിക്കറിയാൻ പാടില്ലേ ഇലകൾക്ക് പച്ചനിറമാണെന്ന്?

സൂര്യൻ പറഞ്ഞു: ഈ ഭൂമിയിൽ മനുഷ്യരെല്ലാം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അവരെല്ലാം എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കയാണ്. സകലരും ചലിച്ചുകൊണ്ടിരിക്കുകയാണ്.

ചന്ദ്രൻ പറഞ്ഞു: ഇതും തെറ്റാണ്. എല്ലാവരും ഉറങ്ങുകയാണ്.

സൂര്യൻ പറഞ്ഞു: ഈ ഭൂമിയിൽ എന്തു ബഹളമാണ്! എന്തൊരു ഒച്ചപ്പാടാണ്! എന്തൊരു ശബ്ദകോലാഹലമാണ്!

ചന്ദ്രൻ പറഞ്ഞു: അതും തെറ്റാണ്. അവിടെ ബഹളമൊന്നുമില്ല. എല്ലാവരും നിശ്ശബ്ദരാണ്. ഒരു ഒച്ചയനക്കമില്ല.

തർക്കം ചൂടുപിടിച്ചു. അപ്പോൾ ബഹളം കേട്ട് ഒരാൾ ഓടി വന്നു – കാറ്റ് – വായുഭഗവാൻ. എന്താ ഇവിടെ ബഹളം? എന്താണ് തർക്കം? കുറേ നേരമായല്ലോ തുടങ്ങിയിട്ട്.

സൂര്യൻ പറഞ്ഞു: ഇവന് ഞാൻ പറഞ്ഞാൽ മനസ്സിലാകുന്നില്ല. ഭൂമിയിലെ ഇലകൾക്ക് പച്ചനിറമല്ലേ? ഭൂമിയിലെപ്പോഴും ശബ്ദകോലാഹലമല്ലേ? ഭൂമിയിലെപ്പോഴും മനുഷ്യർ ചലിച്ചുകൊണ്ടിരിക്കയല്ലേ?

ചന്ദ്രൻ പറഞ്ഞു: ഭൂമിയിലെ ഇലകൾക്കെല്ലാം വെള്ളി നിറമാണ്. മനുഷ്യർ ഉറങ്ങുകയാണ്. ഒരു ശബ്ദവുമില്ല എന്ന്.

ഉടനെ വായു പറഞ്ഞു: നിങ്ങൾ രണ്ടു പേരും പറഞ്ഞത് ശരിയാണ്. സൂര്യൻ പറഞ്ഞത് ശരിയാണ്. പക്ഷേ സൂര്യൻ ഒരു ഭാഗമേ പറഞ്ഞുള്ളൂ. ചന്ദ്രൻ പറഞ്ഞത് ശരിയാണ്. ചന്ദ്രൻ വേറൊരു ഭാഗമേ കണ്ടുള്ളൂ. എന്നാൽ ഞാൻ രാവും പകലും കണ്ടുകൊണ്ടിരിക്കയല്ലേ?

രാത്രി മനുഷ്യർ ഉറങ്ങുകയാണ്. ചന്ദ്രൻ പറഞ്ഞത് ശരിയാണ്. രാത്രി മനുഷ്യൻ ചലിക്കുന്നില്ല. എല്ലാം നിശ്ച ലമാണ്. രാത്രി ആരവാരമില്ല. രാത്രി ചന്ദ്രന്റെ വെള്ളി വെളിച്ചം തട്ടി ഇലകളെല്ലാം വെള്ളി നിറമാവുകയാണ്. സൂര്യൻ പറഞ്ഞതും ശരിയാണ്. പകൽ ഇല പച്ചയാണ്. മനുഷ്യർ ചലിച്ചു കൊണ്ടിരിക്കുന്നു. മാത്രമല്ല, വലിയ ഒച്ചപ്പാടും കോലാഹലവുമുണ്ട്. സൂര്യൻ പറഞ്ഞതും ശരി യാണ്.

പക്ഷേ ആകാശത്ത് മേഘം കരിനിഴൽ വീശിയാൽ ഇലകൾക്ക് കറുപ്പുനിറമാണ്. വെള്ളിയുമല്ല പച്ചയുമല്ല. നിങ്ങൾ രണ്ടു പേരും പറഞ്ഞത് ഭാഗികമായി ശരിയാണ് എല്ലാം ഞാൻ കാണുന്നു. കാറ്റുപറഞ്ഞു. ഞാൻ എപ്പോഴും കാണുന്നു.

ഈ കാറ്റ് പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. മനു ഷ്യർ ഓരോ തരത്തിൽ, ഓരോവിധത്തിൽ ചിന്തിക്കുന്നു. മനുഷ്യൻ മാനസാന്തരത്തെക്കുറിച്ച് ഇന്നവിധത്തിലേ ആകാവൂ എന്ന് ചിന്തിക്കുന്നു. വിശ്വാസത്തെക്കുറിച്ച് ഇന്ന വിധത്തിലേ ആകാവൂ. എന്ന് ചിന്തിക്കുന്നു. ചില സമ്പ്ര ദായങ്ങളിൽ ഇതിനെ കെട്ടി നിർത്താൻ ശ്രമിക്കുന്നു.

അവരവർക്കിഷ്ടപ്പെട്ടതും അവരവരുടെ അഭിപ്രായ

ത്തോട് യോജിക്കുന്നതുമായ ചില സമ്പ്രദായങ്ങളിലേക്കി തിനെ ബന്ധിപ്പിച്ചു നിർത്താൻ ആഗ്രഹിക്കുന്നു. അങ്ങനെ യാണ് വിശ്വാസങ്ങൾ ഉളവായത്. Doctrine, Doctrinal phylosophies എല്ലാം ഉണ്ടായത്; ഓരോ സഭകളുണ്ടായത്; സമുദായങ്ങളുണ്ടായത്.

സച്ചിദാനന്ദസ്വരൂപനായ സർവ്വ ജഗന്നിയന്താവിന്, എല്ലാം കാണാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് എല്ലാം കണ്ടുകൊണ്ടിരിക്കുന്നു. എല്ലായിടത്തും വ്യാപിച്ചുകൊണ്ടി രിക്കുന്നു. ഭാഗികമായ യാഥാർത്ഥ്യങ്ങൾ, അർദ്ധസത്യ ങ്ങൾ എന്നിവയുടെ യഥാർത്ഥമായ അവസ്ഥ മനുഷ്യന് മനസ്സിലാക്കികൊടുക്കുവാൻ പരിശുദ്ധാത്മാവ് ശ്രമിച്ചുകൊ ണ്ടിരിക്കുന്നു. അതാണ് ദൈവത്തിന്റെ തിരുവചനം. ദൈവ ത്തിന്റെ ഈ വചനത്തിലേക്ക് നാം നോക്കുമ്പോഴാണ് സത്യമായ മാനസാന്തരമെന്തെന്നറിയുന്നത്.

അങ്ങനെ പലതരത്തിലുള്ള അഭിപ്രായങ്ങൾ, പല തരത്തിലുള്ള ചിന്താഗതികൾ. ഓരോ തരത്തിലുള്ളതായ അഭിപ്രായഗതികൾ പുലർത്തുന്നവരുണ്ട്. അവരവരുടെ ചില ശരികളിൽ മുറുകെ പിടിച്ചുകൊണ്ട് മറ്റുശരികളെ അംഗീ കരിപ്പാൻ തയ്യാറാകാത്തവർ. എല്ലാത്തിലും ഭാഗികമായ യാഥാർത്ഥ്യങ്ങളും, ഭാഗികമായ അനുഭവസമ്പത്തും ഉണ്ടെന്നു കാണാൻ കണ്ണില്ലാത്തവർ ജീവനുള്ള ക്രിസ്തു നടുനായകമണിയായി പരിലസിക്കുന്നു എന്ന കാഴ്ചപ്പാ ടില്ലാത്തവർ. ക്രിസ്തു കേന്ദ്രീകൃതമാകാതെ ചില തത്വങ്ങ ളിലേക്കും, ആശയങ്ങളിലേക്കും ഉപദേശങ്ങളിലേക്കുമെല്ലാം വഴുതിപോകുന്ന മനോഭാവം പുലർത്തുന്നവർ. ഇങ്ങനെ യുള്ളവർ ആത്മീയ രംഗത്തുപോലുമുണ്ട്.

മാനസാന്തരം, ആത്മനിറവ് എന്നിവയെല്ലാം വ്യാഖ്യാ നിച്ചു തരുന്നത് പരിശുദ്ധാത്മാവാണ്. ഞാൻ കാണുന്നതേ ശരിയുള്ളൂ. മറ്റാരു പറയുന്നതും ശരിയല്ല, എന്നുള്ള

ചിന്താഗതിയെല്ലാം അപകടമാണ്.

കർത്താവേ, എല്ലാവരും എന്റെ യേശുവിനെ ഒന്നു കാണണമേ. യേശു എങ്ങനെ എന്നു കാണാൻ, യേശു ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ അർത്ഥമെന്ത് എന്ന് കാണാൻ, യേശു ക്രിസ്തു തിരുരക്തം ചിന്തിയതിന്റെ വിലയെന്തെന്നു കാണാൻ, കണ്ണുകാഴ്ച എല്ലാവർക്കും നൽകേണമെ. ഇതേ നമുക്ക് പ്രാർത്ഥിക്കാനുള്ളൂ.

നാമാരും പൂർണരായിട്ടില്ല.

കർത്താവേ എനിക്ക് അജ്ഞാതമായ എത്രയോ കാര്യങ്ങൾ ഇനിയുമുണ്ട്. ആത്മമണ്ഡലത്തിന്റെ മഹാരഹസ്യങ്ങൾ ഈ നിസ്സാരമനുഷ്യന്റെ കൊച്ചു ബുദ്ധിയിൽ ഒതുങ്ങുമോ? നിങ്ങൾ കർത്താവിന്റെ പരിശുദ്ധാത്മാവിന്റെ വചനത്തിനൊത്ത് നീങ്ങുവാൻ തുടങ്ങൂ.

> "കാറ്റ് ഇഷ്ടമുള്ളേടത്ത് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. അത് എവിടെ നിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല."
>
> യോഹ. 3:8

എങ്ങനെ വിശ്വസിക്കുവാൻ കഴിയും? എനിക്ക് വിശ്വാസം വരുന്നില്ല. എന്ന് അമ്പരപ്പോടെ പറയുന്നവരുണ്ട്.

വേറാരും കേൾക്കാതെ വേറാരും കാണാതെ ക്രിസ്തുവിന്റെ പാദത്തിൽ മുട്ടുമടക്കി തനിയെയിരുന്നുകൊണ്ട് ക്രിസ്തുവിനോട് പറയണം: കർത്താവേ എനിക്ക് എന്റെ ബുദ്ധി ഒന്ന് തെളിച്ചുതരണമേ. എന്റെ ബുദ്ധിയിൽ ചില കരിനിഴലുകൾ വീശിയിരിക്കയാണ്.

എന്റെ കർത്താവേ നീ എനിക്കൊരു വെളിവു തന്നാലേ പറ്റൂ.

കർത്താവ് നിങ്ങളുടെ ബുദ്ധി തെളിച്ചു തരും. ആത്മാവിന്റെ കണ്ണുകാഴ്ച തരും. ആത്മലോകം നിങ്ങൾക്കു തുറന്നു തരും. നിങ്ങൾക്കൊന്നും മനസ്സിലാകുന്നില്ല. എങ്കിലും സാരമില്ല. നിങ്ങൾ പേടിക്കേണ്ട.

നിങ്ങൾ ഒന്നുമാത്രം ഓർക്കൂ. ഒരു സനാതന സത്യമുണ്ട്. അതെക്കാലത്തെയും സത്യമാണ്. അതാണ് സ്നേഹമായ ക്രിസ്തു.

സ്നേഹം വെളിപ്പെടുത്തിയ ഒരു സ്ഥലമുണ്ട്, അതാണ് ഗോഗുൽത്തായിലെ കുരിശ്. സ്നേഹത്തിന് നിദർശനമായി ക്രൂശിൽ മരിച്ച ക്രിസ്തുവുണ്ട്. അതാണ് നമ്മുടെ ലക്ഷ്യസ്ഥാനം. വേറൊരിടത്തേക്കും നിങ്ങൾ നോക്കണ്ട. ഒരു കൂട്ടായ്മയിലേക്കും നിങ്ങൾ നോക്കണ്ട. ഒരു സഭയിലേക്കും നിങ്ങൾ നോക്കേണ്ട. ഒരു വ്യക്തിയിലേക്കും നിങ്ങൾ നോക്കണ്ട.

വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക. എബ്രാ. 12:2

> "തന്റെ മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷം അവൻ ഓർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും, ദൈവസിംഹാസനത്തിന്റെ വലതുഭാഗത്തിരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചുമടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ."
>
> എബ്രാ. 12:2-4

മടുപ്പുണ്ടാകയില്ല, നിരാശ വരികയില്ല, ആകുലങ്ങ ളെല്ലാം പുഞ്ചിരിയോടെ നേരിട്ടുകൊണ്ട് നിങ്ങൾക്ക് സമാ ധാനമായി മുന്നോട്ടു പോകാൻ കഴിയും. നിങ്ങളുടെ കര ത്തിൽ യേശു കയറിപ്പിടിക്കും. യേശു നിങ്ങളെ നയി ക്കും. നിങ്ങളുടെ കണ്ണുനീര് യേശു തുടച്ചുതരും.

നിങ്ങളുടെ ഹൃദയത്തിലെ നൊമ്പരങ്ങൾ യേശു മാറ്റി ത്തരും. നിങ്ങൾക്കവൻ ശാന്തിതരും. നിങ്ങളുടെ ജീവിത ത്തിന്റെ പാപാവസ്ഥ കർത്താവ് മാറ്റിത്തരും. നിങ്ങൾക്ക് മാനസാന്തരം തരും, നിങ്ങൾക്ക് വിശ്വാസം തരും. പുതിയ അനുഭവങ്ങൾ നിങ്ങൾക്കുതരും. നിങ്ങൾക്ക് ബോധ്യമാ കും. ക്രിസ്തു എന്നിൽ പ്രവർത്തിച്ചു; യേശുക്രിസ്തു എന്നിൽ വാഴുന്നു എന്ന്.

നിങ്ങൾ ദൈവത്തെ സ്തുതിക്കാൻ തുടങ്ങും. അപ്പോ ഴാണ് ആരാധന തുടങ്ങുന്നത്. അപ്പോഴാണ് "ഈ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാ കുന്നു'' എന്ന് പ്രകീർത്തിക്കുന്നത്. അപ്പോഴാണ് "സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞു പോകാത്ത നല്ല ഉന്നതിയും സദാ നേരവും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ" എന്ന പ്രാർത്ഥ നയുടെ അർത്ഥഗാംഭീര്യം നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നത്.

അപ്പോഴാണ് "നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ ഞാൻ നിർത്തരുതേ" എന്ന പിതാക്കന്മാരുടെ പാരമ്പര്യത്തിലേക്ക് നിങ്ങൾക്ക് ഉയർന്നെത്താൻ കഴിയുന്ന ത്. അപ്പോഴാണ് നിങ്ങൾ നാവെടുത്ത് കർത്താവിനെ സ്തുതിക്കുന്നത്. അപ്പോഴാണ് നിങ്ങളുടെ ഹൃദയത്തിലേക്ക് സ്വർഗ്ഗം ഇറങ്ങിവരുന്നത്. അപ്പോഴാണ് സ്വർഗ്ഗത്തിന്റെ അധി പതി നിങ്ങളുടെ ജീവിതത്തിന്റെ ചുക്കാൻ ഏറ്റെടുക്കുന്ന ത്. അപ്പോഴാണ് നിങ്ങളുടെ ജീവിതം ഭാസുരമാകുന്നത്.

നിങ്ങളുടെ ജീവിതം അനേകർക്ക് പ്രയോജനപ്രദമായിത്തീരുന്നത്.

അങ്ങനെ ആത്മാവിന്റെ ഫലം കായിക്കുന്നവരാകുവിൻ. നമുക്ക് സമർപ്പിക്കാം. ക്രിസ്തുവിനെ ഹൃദയത്തിലേക്കേറ്റു എതിരേൽക്കാം. യേശുവിനെ ഹൃദയത്തിലേക്ക് സ്വീകരിച്ചുകൊണ്ട് ഇപ്പോൾ തന്നെ ക്രിസ്തുവിനോട് വാക്കു പറഞ്ഞ് സമർപ്പിക്കൂ. യേശുവേ ഇന്നുമുതൽ ഞാൻ നിന്റെ വക. നമുക്ക് പ്രാർത്ഥിക്കാം.

'കരുണയുള്ള കർത്താവേ ജീവനുള്ള ദൈവമേ ഞങ്ങൾക്ക് സത്യമാനസാന്തരം തരാനും, അവിശ്വാസികളായ ഞങ്ങളുടെ ഹൃദയത്തിലേക്ക് വിശ്വാസം പകരാനും അവിടുന്ന് എഴുന്നെള്ളി വന്നതിനായി നന്ദിയോടെ സ്തോത്രം. അവിടത്തെ ആർദ്ര കരുണ ഞങ്ങളെ സന്ദർശിച്ചതിനായി സ്തോത്രം.

കർത്താവേ പൈശാചികബാധകൾ മാറ്റണമെ. രോഗബന്ധനങ്ങൾ അഴിക്കണമെ. സാത്താന്റെ ബന്ധനങ്ങളെ തകർക്കണമെ. കുടുംബങ്ങളിലേക്ക് സമാധാനവും ശാന്തിയും അയയ്ക്കേണമെ. അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുക്കണമെ.

## പതിനാറ്

ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടവർ, ഈ ഭൂമിയിലുള്ള ആളുകളെക്കുറിച്ച് കരുതലുള്ളവരാണ്. അവർ പാതാള സ്ഥലത്താണെങ്കിൽ പോലും യാതനാ സ്ഥലത്ത് എന്റെ പ്രിയപ്പെട്ടവർ വരരുത് എന്ന് ആഗ്രഹിക്കുകയാണ്.

എന്റെ സഹോദരന്മാർ അഞ്ചുപേരും ഇന്നത്തെ സ്ഥിതിയിൽ ജീവിക്കയാണെങ്കിൽ ഈ യാതനാസ്ഥല ത്തെത്തിപ്പോകും. ഈ യാതനാസ്ഥലത്തേക്ക് തന്നെയാണ് അവർ വരാൻ പോകുന്നത്. കാരണം അവർക്ക് മാനസാ ന്തരമില്ല എന്നത് ആ ധനവാനായ മനുഷ്യൻ മനസ്സിലാ ക്കി.

ആത്മാവിന് മനസ്സിലാക്കാനുള്ള കഴിവുണ്ട്. ശരീരം വിട്ടുകഴിഞ്ഞാലും ബോധമുണ്ട്, ബുദ്ധിയുണ്ട്, ഓർമ്മയു ണ്ട്. ഈ ഭൂമിയിലുള്ളവരെക്കുറിച്ച് ഓർമ്മയുണ്ട്. ഭൂമി യിൽ അവരെങ്ങനെ ജീവിക്കുന്നു എന്നതിനെക്കുറിച്ച് ഗ്രാഹ്യമുണ്ട്. അവർ മാനസാന്തരമില്ലാത്തവരാണ് എന്ന വേദനയുണ്ട്.

ഈ നിലയിൽ അവർ ജീവിച്ചാൽ നിത്യയാതനയിൽ അവരെത്തിച്ചേരുമെന്നുള്ള വാസ്തവമായ മനോബോധ്യം പരേതർക്കുണ്ട്. നിത്യശുഭതീരത്ത് എത്തുന്നില്ലെങ്കിൽ അതെത്രയോ ഗൗരവമായ കാര്യമാണ്!

ദൈവരാജ്യത്തിന്റെ മനോമോഹനത്വം അവർ കാണുന്നുണ്ട്. അബ്രാഹാം പിതാവിന്റെ മടിയിൽ ലാസർ സ്വസ്ഥമായും സുഖമായും ഇരിക്കുന്നത് ഈ ധനവാൻ കാണുന്നുണ്ട്.

എന്നാൽ ആ സൗഭാഗ്യം എനിക്ക് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടല്ലോ എന്നുള്ള സങ്കടവും, ദു:ഖവും, നിരാശയും എല്ലാം ഹൃദയത്തിൽ നിറഞ്ഞു നില്ക്കുന്നു. പ്രിയപ്പെട്ടവർക്ക് ആ അനർത്ഥം സംഭവിക്കരുതെന്ന അദമ്യമായ ആഗ്രഹം ആ ധനവാന്റെ ഹൃദയത്തിൽ ഉണ്ട്.

അതുകൊണ്ടാണ് പറയുന്നത്, "എനിക്ക് അഞ്ചു സഹോദരന്മാരുണ്ട്. അവരും ഈ യാതനാസ്ഥലത്ത് വരാതെയിരിപ്പാൻ ഈ ലാസറിനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്ന് ഞാനപേക്ഷിക്കുന്നു." ലാസർ ചെന്ന് അവരോട് സാക്ഷ്യം പറയട്ടെ.

ലാസർ ഇന്നനുഭവിക്കുന്നതായ സൗഭാഗ്യം നിത്യസൗഭാഗ്യമാണെന്നും ഞാനീ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടതിനുശേഷം ഞാനനുഭവിക്കുന്നതായ ഘോരദുരിതം, നിത്യമാണെന്നും ഈ ധനവാൻ മനസ്സിലാക്കുകയും സഹോദരന്മാർക്കുവേണ്ടി ഒരു സാക്ഷ്യം പറയാൻ ഈ ലാസറിനെ അയക്കേണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

ലാസർ കണ്ടതായ കാര്യങ്ങളെക്കുറിച്ച് ഒരു സാക്ഷ്യം പറയാൻ ലാസറിനെ ഭൂമിയിലേക്കയക്കണം എന്നാണ് ധനവാൻ പറയുന്നത്.

എന്നാൽ അബ്രാഹാം പിതാവ് പറയുകയാണ്. ഇങ്ങനെ

മരിച്ചവരിൽ നിന്നൊരാൾ എഴുന്നേറ്റ് ചെന്ന് അവിടെ സാക്ഷ്യം കൊടുക്കേണ്ട ആവശ്യമില്ല. അവിടെ അവർക്കാവശ്യമുള്ള വചനം കൊടുക്കുവാൻ പ്രവാചകന്മാരുണ്ട്. കാലകാലങ്ങളിൽ ദൈവം നിയോഗിച്ചിട്ടുള്ള പ്രവാചകന്മാരുണ്ട്. ദൈവം നിയമിക്കയും, നിയോഗിക്കയും, അധികാരപ്പെടുത്തുകയും ചെയ്ത ദൈവത്തിന്റെ ദ്രവതന്മാരുണ്ട്. മോശയും പ്രവാചകന്മാരുമുണ്ടല്ലോ. അവരുടെ വാക്കാണ് അവർ കേൾക്കേണ്ടത്.

ഈ ഭൂമിയിൽ വെച്ചു തന്നെ അവർക്ക് പ്രവാചകന്മാരുടെ നാവിൽക്കൂടി വരുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവാചകന്മാരുടെ നാവിൽകൂടി പറയുന്നത് കേൾക്കുകയും മനം തിരിയുകയും ചെയ്യാം.

ഉടനെ ധനവാൻ പറയുകയാണ്. അവർ ഭൂമിയിലുള്ള ആരു പറഞ്ഞാലും മാനസാന്തരപ്പെടുന്നവരല്ല. മരിച്ചവരിൽ നിന്നൊരാൾ എഴുന്നേറ്റു ചെന്ന് പറഞ്ഞാൽ ആ സാക്ഷ്യം അവർ വിശ്വസിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യും.

ഉടനെ അബ്രാഹാം പിതാവ് പറയുകയാണ് : അല്ലല്ല, ഭൂമിയിലുള്ള പ്രവാചകന്മാരുടെ വാക്ക് കേൾക്കാനവർക്ക് മനസ്സില്ലെങ്കിൽ മരിച്ചവരിൽ നിന്നൊരാൾ എഴുന്നേറ്റു ചെന്നാലും അവർ മാനസാന്തരപ്പെടുകയില്ല, വിശ്വസിക്കയില്ല. മാനസാന്തരം വിശ്വാസത്താലാണ്.

നമ്മുടെ കരുണയുള്ള കർത്താവ് മരണാനന്തര ജീവിതത്തിന്റെ മർമ്മം പ്രസ്താവിക്കുകയാണ്. സ്വർഗ്ഗരാജ്യത്തിലെത്തണമെങ്കിൽ മാനസാന്തരം കൂടിയേ കഴിയൂ. ജീവിതപരിവർത്തനം സംഭവിച്ചേ പറ്റൂ. ഹൃദയം മാറിയേ പറ്റൂ, ഹൃദയം മാറാതെ, സ്വഭാവം മാറാതെ, മന:പരിവർത്തനമുളവാകാതെ ഒരു കാരണവശാലും, സ്വർഗ്ഗരാജ്യ

ത്തിലെത്തുകയില്ല.

മാനസാന്തരമെന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് പുതിയ സൃഷ്ടി ആകുക എന്നാണ്. പഴയ സ്വഭാവം മാറുന്നു - പഴയ പ്രകൃതം മാറുന്നു. പഴയ കോപ പ്രകൃതി മാറുന്നു. പഴയ പിണക്കം മാറുന്നു. പഴയ വൈരാഗ്യം മാറുന്നു. പഴയ അശുദ്ധി മാറുന്നു. പഴയ പ്രവണതകൾ മാറുന്നു. ജീവിതലാക്കുകൾ മാറുന്നു. ജീവിതത്തിന്റെ ലാക്കും, ലക്ഷ്യവും ഒരു പുതിയ ദിശയിലേക്ക് തിരിയുന്നു. Self-centered ആയ മനുഷ്യൻ Christ centered ആയി മാറുന്നു.

മാനസാന്തരമെന്നത്, വിശ്വാസത്താലാണ് സാധിക്കുന്നത്. ഒരാൾ വിശ്വസിക്കാതെ ഞാൻ മാനസാന്തരപ്പെട്ടു എന്നു പറയുന്നതിൽ അർത്ഥമില്ല. വിശ്വാസം മൂലംമാത്രമേ മാനസാന്തരമുള്ളൂ. അതാണ് അവർക്ക് മോശയും പ്രവാചകന്മാരുമുണ്ടല്ലോ. അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്ന് അബ്രാഹാം പിതാവ് പറഞ്ഞത്.

അതിന്ന് അവൻ: അല്ലല്ല , അബ്രാഹാം പിതാവെ, മരിച്ചവരിൽ നിന്ന് ഒരുത്തൻ എഴുന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്ന് പറഞ്ഞു. അവൻ അവനോട്, അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കുകേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു. മാനസാന്തരം വിശ്വാസത്താലാണ്. വിശ്വാസം വചനം മൂലമാണ് ലഭിക്കുന്നത്. അതുകൊണ്ട് നാം തിരുവചനം കേൾക്കണം. വചനം കേട്ട് വചനം വിശ്വസിച്ച് മാനസാന്തരപ്പെടണം.

> “കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസിക്കാത്തവനെ

> എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടി
> ല്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസം
> ഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?"
>
> റോമർ. 10:13–15

നാമെല്ലാം പറയും: എനിക്ക് വിശ്വാസമുണ്ടെന്ന്.

യാക്കോബിന്റെ ലേഖനത്തിന്റെ 2-ാം അദ്ധ്യായത്തിൽ പറയുന്നു: പിശാചുക്കൾ ദൈവത്തെ വിശ്വസിക്ക മാത്രമല്ല, വിറെക്കുകയും ചെയ്യുന്നു എന്ന്. എന്നാൽ പിന്നെ എന്തുകൊണ്ടാണ് പിശാചുക്കൾക്ക് അനുഗ്രഹം കിട്ടാത്തത്? അവർ ദൈവത്തെ വിശ്വസിക്കുന്നുണ്ട്. സർവ്വശക്തിയെ അംഗീകരിക്കുന്നുമുണ്ട്.

പക്ഷെ അവർ വിശ്വസിക്കുന്നതിനനുസരിച്ച് ദൈവത്തെ അനുസരിക്കുന്നില്ല. വിശ്വാസമുണ്ടെങ്കിൽ അനുസരണമുണ്ട്; വിശ്വാസത്തിനനുസൃതമായ പ്രവൃത്തിയുണ്ടാകും. ജീവിതത്തിലതിന്റെ മാറ്റം വരാതിരിക്കയില്ല.

വിശ്വാസമുണ്ട് എന്ന് പറയുകയും, സ്വഭാവം മാറാതിരിക്കുകയും ചെയ്താൽ, ആ വിശ്വാസം വ്യർത്ഥമാണെന്നാണ് യാക്കോബ് ശ്ലീഹാ പറയുന്നത്.

ജീവിതത്തിൽ പ്രവൃത്തിയിലൂടെ വിശ്വാസം തെളിയിക്കണം. ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ് വിശ്വാസവും പ്രവൃത്തിയും. ഒരു വശം വിശ്വാസമാണെങ്കിൽ മറുവശത്ത് പ്രവൃത്തിയുണ്ട്.

ഞാൻ വിശ്വസിക്കുന്നു എന്നു പറകയും വിശ്വാസത്തിന്റെ നിദർശനമായ പ്രവൃത്തി വരാതിരിക്കയും ചെയ്യുന്നുവെങ്കിൽ ആ വിശ്വാസം നിർജ്ജീവമാണ്.

'വ്യർത്ഥമനുഷ്യാ' എന്നാണ് യാക്കോബ് അങ്ങിനെ

യുള്ളവരെ വിളിക്കുന്നത്. യാക്കോബിന്റെ ലേഖനത്തിൽ വ്യക്തമായി അക്കാര്യം ദൈവത്തിന്റെ പരിശുദ്ധാത്മാവ് പറയുന്നുണ്ട്.

> "സഹോദരന്മാരേ, ഒരുത്തൻ തനിക്ക് വിശ്വാസം ഉണ്ട് എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ, സഹോദരിയോ, നഗ്നരും, അഹോവൃത്തിക്കു വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോട് : സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുയും ചെയ്വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്കു ആവശ്യമുള്ളതു അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു."
>
> യാക്കോബ് 2 : 14-17

> "എന്നാൽ ഒരുത്തൻ: നിനക്കുവിശ്വാസം ഉണ്ട്. എനിക്ക് പ്രവൃത്തികൾ ഉണ്ട് എന്ന് പറയുമായിരിക്കും. നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചു തരിക; ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചു തരാം. ദൈവം ഏകൻ എന്ന് നീ വിശ്വസിക്കുന്നുവോ, കൊള്ളാം, പിശാചുകളും അങ്ങനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നു. വ്യർത്ഥമനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ?"
>
> യാക്കോബ് 2:18-20

സഹോദരങ്ങളെ, വിശ്വാസം പ്രവൃത്തികളിൽ കൂടി വെളിപ്പെടണം. ഞാൻ വിശ്വസിക്കുന്നു എന്നു പറകയും, ക്രിസ്തുവിന്റെ വചനത്തെ അനുസരിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ വാസ്തവത്തിൽ അത് അവിശ്വാസമാണ്. അത് കൊടിയ വഞ്ചനയാണ്. തന്നെത്തന്നെ വഞ്ചിക്കുന്നു എന്നാണ് തിരുവചനം പറയുന്നത്.

വിശ്വാസത്തിൽ നിന്നുത്ഭവിക്കാത്തതൊക്കെയും പാപമത്രേ എന്ന് യാക്കോബ് പറയുന്നു. വിശ്വാസം - ഒരു വലിയ ദാനമാണ്, അത് വലിയൊരു കൃപയാണ്.

മരുഭൂമിയിൽ കൂടി യിസ്രായേൽ മക്കൾ പോയപ്പോൾ അവരെ അഗ്നിസർപ്പങ്ങൾ കടിച്ചു. അഗ്നി സർപ്പത്തിന്റെ കടിയേറ്റ് അവർ ഓരോരുത്തരായി മരിച്ച് വീഴുകയാണ്. അപ്പോൾ മോശ ദൈവത്തോട് നിലവിളിച്ചു. കർത്താവേ നീ കൂട്ടിക്കൊണ്ടുവന്ന ജനം അഗ്നിസർപ്പത്തിന്റെ വിഷമേറ്റ് മരിക്കുന്നല്ലോ ഇവരെ എങ്ങനെ രക്ഷിക്കേണ്ടു? എന്താണീ വലിയ പ്രശ്നത്തിന് പരിഹാരം? അപ്പോൾ ദൈവം ഒരു പരിഹാരം കാണിച്ചുകൊടുത്തു.

പിച്ചളകൊണ്ട് ഒരു പാമ്പിനെ ഉണ്ടാക്കുക. വലിയൊരു കൊടി മരം നാട്ടുക. ആ കൊടിമരത്തിന്റെ മുകളിൽ ഈ പാമ്പിനെ നാട്ടി നിർത്തുക. യിസ്രായേൽ പാളയത്തിൽ എവിടെ നിന്ന് നോക്കിയാലും ഈ താമ്രസർപ്പത്തെ കാണത്തക്കവിധം ഉയരത്തിൽ നാട്ടിനിർത്തുക. എന്നിട്ട് ജനത്തോട് പറയുക.

ഈ പാമ്പിനെ ഉയർത്തിയിരിക്കുന്നത് ദൈവത്തിന്റെ വചനപ്രകാരമാണ്. നിങ്ങൾ അഗ്നിസർപ്പത്തിന്റെ കടിയേറ്റാലുടനെ ഈ താമ്രസർപ്പത്തിലേക്ക് നോക്കിയാൽ മതി. നിങ്ങൾ രക്ഷപ്പെടും.

കേട്ടാൽ ഇത് പലർക്കും വിശ്വസിക്കാൻ പറ്റാത്ത

കാര്യമാണ്. ശരീരത്തിൽ, രക്തത്തിൽ വിഷം കലർന്ന് ശരീരത്തിലെ വിവിധ ഭാഗങ്ങളിലേക്ക് ഈ രക്തം പര്യ യനം ചെയ്യുമ്പോൾ ശരീരത്തിലെ എല്ലാ കോശങ്ങളിലും വിഷം വ്യാപിക്കുന്നു. ശരീരത്തിൽ വ്യാപിച്ച വിഷം അങ്ങ് ദൂരെ നോക്കിയാൽ എങ്ങനെ മാറാനാണ്? വിഷത്തിന്റെ ബാധ എങ്ങനെ ഈ ശരീരത്തിൽ നിന്ന് ഒഴിഞ്ഞുപോകാ നാണ്?

എന്തെങ്കിലുമൊരു മരുന്ന് inject ചെയ്താൽ മാറി യെന്ന് പറയാം. അല്ല ഒരു മരുന്ന് കുടിച്ചാൽ മാറിയെന്ന് പറയാം. ഇതൊന്നും കൂടാതെ അങ്ങു ദൂരെയുള്ള ഒരു പിച്ചള സർപ്പത്തിലേക്ക് നോക്കുമ്പോഴേക്കും ഈ വിഷം ശരീരത്തിൽ നിന്ന് മാറുമെന്ന് പറയുന്നത് എങ്ങനെ അംഗീ കരിക്കാൻ പറ്റും? മനുഷ്യബുദ്ധിക്ക് വിധേയമല്ലത്. മനു ഷ്യന്റെ യുക്തി ചിന്തയ്ക്ക് ചേർന്നതല്ലത്.

ഭാവനയിൽ കാണൂ: ഒരാൾ വിഷത്തിന്റെ ബാധയേറ്റ് ശരീരം ക്ഷീണിക്കുകയും തളരുകയും ബോധം കെടാൻ തുടങ്ങുകയും ചെയ്യുമ്പോൾ താമ്രസർപ്പത്തിലേക്ക് നോക്കി. നോക്കിയവർ ഉന്മേഷം പ്രാപിച്ചു. വിഷത്തിന്റെ ബാധ മാറി.

ഈ കൊടിമരത്തിന്റെ മുകളിൽ സർപ്പത്തെ നാട്ടു വാൻ പറഞ്ഞത് നിത്യനായ ദൈവമാണ്. അതിന്റെ പിന്നിൽ ദൈവത്തിന്റെ വചനമുണ്ട്. ഈ വചന പ്രകാരമാണ് അവിടെ പിച്ചള സർപ്പത്തെ നാട്ടിയത്.

ആ വചനം ദൈവത്തിൽനിന്നു ലഭിച്ചതുകൊണ്ട്, വിഷ മേറ്റവർ വചനം വിശ്വസിച്ചു. വചനം വിശ്വസിച്ചപ്പോൾ വചനത്തിന്റെ പ്രവൃത്തിയിൽ വിശ്വസിച്ചു. അപ്പോൾ അവ രങ്ങോട്ടു നോക്കി. നോക്കിയപ്പോൾ അവരുടെ വിഷബാ ധമാറി.

സങ്കൽപ്പിക്കൂ, ഏതെങ്കിലും ഒരു കൂടാരത്തിൽ ഒരാൾ തർക്കിക്കയാണ്. എനിക്ക് മനസ്സിലാകുന്നില്ല, ഈ മോശ എന്താണ് പറയുന്നതെന്ന്, എങ്ങിനെ എന്റെ ശരീരത്തിൽ നിന്ന് ഈ വിഷം മാറും? ഞാനിത് അംഗീകരിക്കുകയില്ല മോശ ഒരുപക്ഷെ ഒരു പഴഞ്ചനായതുകൊണ്ടായിരിക്കും ഇതുപോലെ പറയുന്നത്. മോശയ്ക്ക് ഇന്നത്തെ ശാസ്ത്രബോധം ഇല്ലാത്തതുകൊണ്ടായിരിക്കും ഇത് പറയുന്നത്.

ആധുനിക തലമുറയുടെ ബുദ്ധികൗശലമോ, ആധുനിക സമൂഹത്തിന്റെ ശാസ്ത്രബോധമോ ഈ കിഴവനായ മോശയ്ക്ക് ഇല്ലാത്തതുകൊണ്ടായിരിക്കും മോശ ഇത് പറയുന്നത്. പക്ഷെ എന്നെപ്പോലെ യുക്തിബോധമുള്ള ഒരാളിത് വിശ്വസിക്കാൻ പോകുന്നില്ല. അങ്ങനെ പറയുമ്പോൾ ആ യുവാവിതാ താണുതാണു പോകുന്നു. അവൻ ക്ഷീണിച്ചു ക്ഷീണിച്ചു പോകുന്നു. അവൻ തളർന്നു വീഴുന്നു.

അപ്പോൾ ഒരാൾ കടന്നു വരുന്നു; സ്നേഹിതാ നീ മരിക്കേണ്ട ആവശ്യമില്ല. നിനക്ക് രക്ഷപ്പെടാൻ നിത്യനായ ദൈവം ഒരു കാര്യപരിപാടി സജ്ജീകരിച്ചിരിക്കുന്നു. ആ പിച്ചള സർപ്പത്തിലേക്ക് നോക്കിയാൽ മതി, ദൈവമാണ് അത് തയ്യാറാക്കിയത്. ദൈവത്തിന്റെ വചനപ്രകാരമാണ് പ്രവാചകനത് ചെയ്തിരിക്കുന്നത്. മോശ സ്വന്തഇഷ്ടപ്രകാരം ചെയ്തതല്ല. ദൈവത്തിന്റെ വചനപ്രകാരമാണ് പിച്ചള കൊണ്ടൊരു സർപ്പത്തെ ഉണ്ടാക്കി അവിടെ നാട്ടിയിരിക്കുന്നത്.

ദൈവത്തെ നീ വിശ്വസിക്കൂ. ആ സർപ്പത്തെ നോക്കാൻ പറഞ്ഞ ദൈവത്തിന്റെ വചനത്തെ നീ വിശ്വസിക്കൂ – നീ നോക്കൂ – അവൻ അവിടെ കിടന്ന കിടപ്പിൽ പയ്യെ കണ്ണ് ചെരിച്ചൊന്നു നോക്കി. ഹാ! പെട്ടെന്ന്

അവന്റെ കണ്ണ് തെളിയുന്നു. എന്തൊരത്ഭുതം! പെട്ടെന്ന് അവന്റെ ശരീരത്തിലേക്ക് ജീവൻ പകരുന്നു. ശരീരത്തിൽ ചൂട് പകരുന്നു. അവൻ ഊർജ്ജ്വസ്വലതയുള്ളവനായി ത്തീരുന്നു. പെട്ടെന്ന് ഉന്മേഷം പ്രാപിക്കുന്നു.

അവൻ എഴുന്നേറ്റു. ഇനി അവനവിടെ നില്ക്കാൻ തോന്നുന്നില്ല. അടുത്ത കൂടാരത്തിലേക്കവൻ ഓടുകയാ ണ്. ആദ്യം പറഞ്ഞയാൾ വേറൊരു കൂടാരത്തിലേക്കോടു കയാണ്. അവിടെയതാ ക്ഷീണിതരായി വേറെ ചിലർ കിട ക്കുന്നു. അയ്യോ നിങ്ങൾ മരിക്കേണ്ട ആവശ്യമില്ല - വേഗം നോക്കൂ- അങ്ങോട്ടുനോക്കിയാൽ നിങ്ങൾക്കും രക്ഷപ്പെടാം. വിഷത്തിന്റെ ബാധയേറ്റ്, നിങ്ങളാരും നശി ക്കേണ്ട ആവശ്യമില്ല. ചെന്ന് ഓരോ കൂടാരങ്ങളിൽ പറ യുന്നു. നോക്കിയവർ നോക്കിയവർ രക്ഷപ്പെടുന്നു. യുക്തി ചിന്തയ്ക്ക് സ്ഥാനമില്ല. വചനത്തിൽ എന്താണ് പറയു ന്നത്?

> “മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തി യതുപോലെ മനുഷ്യപുത്രനെയും ഉയർത്തേ ണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ.”
>
> യോഹ. 3 : 14

ഇന്ന് നിങ്ങളുടെ ജീവിതത്തിൽ പൈശാചികനാകുന്ന ഘോരസർപ്പത്തിന്റെ കടിയേറ്റ്, പാപത്തിന്റെ വിഷം വ്യാപിച്ച് ആത്മാവ് മരിച്ച്, നാശത്തിലേക്ക് നീങ്ങിക്കൊ ണ്ടിരിക്കുമ്പോൾ നിങ്ങൾ വിശ്വസിക്ക മാത്രം ചെയ്യൂ. ഗോഗുൽത്തായിൽ നാട്ടിയിരിക്കുന്ന ക്രിസ്തുവിനെ നോക്കൂ.

> “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസി ക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീ വൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ

നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

യോഹ 3 : 16

ദൈവം എന്നെ സ്നേഹിച്ചു. ദൈവം നിങ്ങളെ സ്നേഹിക്കുന്നു. അതുകൊണ്ട് നമുക്ക് രക്ഷയ്ക്ക് മാർഗ്ഗമുണ്ട്. ക്രിസ്തു നമുക്കുവേണ്ടി യാഗമായിതീർന്നിരിക്കുന്നു. പാമ്പിന്റെ കടിയേറ്റ് - ഏദൻ തോട്ടത്തിലെ പഴയ പാമ്പിന്റെ ദംശനമേറ്റ്, പിടയുന്നവർ ഇനി നശിക്കേണ്ട ആവശ്യമില്ല.

നിങ്ങൾക്ക് നവോന്മേഷം പകർന്നുതരാൻ യേശു ക്രിസ്തു ജീവിക്കുന്നു; അവന്റെ രക്തം ചിന്തിയിരിക്കുന്നു. മരുഭൂമിയിൽ ഉയർത്തപ്പെട്ട പിച്ചള സർപ്പത്തെപ്പോലെ നമ്മുടെ കരുണയുള്ള കർത്താവ് നമുക്കുവേണ്ടി പാളയത്തിന്റെ മധ്യത്തിൽ ഉയർത്തപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ മദ്ധ്യത്തിൽ യേശു ഉയർത്തപ്പെട്ടിരിക്കുന്നു - BC യുടെയും AD യുടെയും മദ്ധ്യത്തിൽ യേശു ഉയർത്തപ്പെട്ടിരിക്കുന്നു. ആകാശത്തിനും, ഭൂമിക്കും മദ്ധ്യേ യേശു ഉയർത്തപ്പെട്ടിരിക്കുന്നു. രണ്ട് കൊലയാളികളുടെ മദ്ധ്യത്തിൽ യേശു ഉയർത്തപ്പെട്ടിരിക്കുന്നു. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ യേശു ക്രൂശിക്കപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിനെ നോക്കുവിൻ. അതുകൊണ്ടാണ് പൗലോസ് അപ്പോസ്തൊലൻ പറയുന്നത്: "ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" എന്ന്. 1 കൊരി. 1:23. അതുകൊണ്ടാണ് അപ്പൊസ്തൊലൻ പിന്നെയും പറയുന്നത് "വിശ്വാസത്തിന്റെ നായകനും, പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക" എന്ന്. എബ്രാ. 12:2

പാപത്തിന്റെ ബാധയേറ്റവർ ജീവിതം താറുമാറാക്കുകയാണ്. അവർ ജീവിതം നശിച്ച് നിരാശയിലേക്കാണ്ടുപോകുകയാണ്. അങ്ങനെയുള്ളവർ ഇപ്പോൾ നോക്കുവിൻ

-യേശു ക്രിസ്തുവിന്റെ കുരിശിലേക്ക്

> “അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല.”
>
> സങ്കീ. 34–5

നിങ്ങളുടെ നിത്യലജ്ജ അവൻ മാറ്റിത്തരും. നിത്യനിന്ദ അവൻ മാറ്റിത്തരും. നിങ്ങൾക്കവൻ ശാന്തിതരും. എണ്ണിയാൽ തീരാത്ത പാപങ്ങൾ ക്രിസ്തു നിങ്ങൾക്ക് ക്ഷമിച്ചു തരും. ജീവിതത്തിൽ വന്നുപോയ സകല അനർത്ഥവും കർത്താവ് മാറ്റിത്തരും. എല്ലാം കഴുകി വെടിപ്പാക്കി വിശുദ്ധീകരിച്ച് പുതിയ സൃഷ്ടിയായി നിങ്ങൾക്ക് മാറാം.

ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കാം. അവനെ നോക്കാം. അവനെ വിശ്വസിക്കാം. തിരുരക്തം സകലപാപവും പോക്കി ശുദ്ധീകരിക്കുന്നു എന്ന് വിശ്വസിച്ചുകൊണ്ട് സത്യമാനസാന്തരത്തിലേക്ക് നമുക്ക് വരാം. അവനോട് വാക്കു പറയാം. നാഥാ, ഈ കാലമത്രയും പാഴായിപ്പോയി. ഇന്നിതാ ഞാൻ എന്നെത്തന്നെ തൃക്കരങ്ങളിലേക്ക് സമർപ്പിക്കുന്നു.

## പതിനേഴ്

> "വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. അതിനാലല്ലോ പൂർവ്വന്മാർക്കു സാക്ഷ്യം ലഭിച്ചത്."
>
> എബ്രായർ 11 – 1

എന്താണ് വിശ്വാസം? ഒരു കാര്യം ആശിക്കുന്നു. ആ കാര്യത്തിൽ ഉറപ്പ് കിട്ടുന്നു. കണ്ടില്ല, എങ്കിലും ആ കാര്യത്തിൽ നല്ല നിശ്ചയം ലഭിക്കുന്നു - വിശ്വാസമെന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു.

ബഹിരാകാശയാത്ര ചെയ്ത റഷ്യൻ ഗഗനചാരിയായ യൂറിഗഗാറിൻ ഇരുപത്തേഴാമത്തെ വയസ്സിലാണ് ബഹിരാകാശയാത്ര നടത്തിയത്. ബഹിരാകാശത്തിലൂടെ ലോകത്തെ ചുറ്റിക്കറങ്ങിക്കണ്ട്, അദ്ദേഹം മടങ്ങി വന്നിട്ട് പറഞ്ഞു:

"ഞാൻ ഈ ഭൂമിയിലെല്ലാടവും നോക്കിയിട്ടുണ്ട്. അവിടെയെങ്ങും ഒരു ദൈവത്തെ കണ്ടില്ല. ഞാൻ ബഹി

രാകാശത്ത് കടന്നു ചെന്നു നോക്കി, അവിടെയും ഞാൻ ദൈവത്തെ കണ്ടില്ല. ഈ ഭൂമിയിലുമില്ല, ബഹിരാകാശത്തും ദൈവമില്ല.”

ഗഗാറിൻ ദൈവവിശ്വാസിയായിരുന്നില്ല. ഗഗാറിൻ നിരീശ്വരനായിരുന്നു. പരിഹസിക്കയാണ് ചെയ്തത്. ബാഹ്യാകാശത്തെല്ലായിടത്തും ഞാൻ ദൈവത്തെ നോക്കിയെന്ന് ഹാസ്യാത്മകമായാണ് പറഞ്ഞത്.

അദ്ദേഹം പറഞ്ഞതിനെ പ്രശംസിച്ച ആളുകളുണ്ട്. അദ്ദേഹം പറഞ്ഞതിനെ വളരെ സങ്കടത്തോടെ കേട്ട ആളുകളുമുണ്ട്. ഇരുപത്തേഴാമത്തെ വയസ്സിലാണത് പറഞ്ഞത്. ഏഴുകൊല്ലം കഴിഞ്ഞു. മുപ്പത്തിനാലാമത്തെ വയസ്സിൽ പെട്ടെന്ന് ഒരു മഹാരോഗം ബാധിച്ചു. ഈ ഭൂമിയിൽ നിന്ന് കടന്നുപോകേണ്ടി വന്നു. കടന്നു പോകുന്നതിന് മുൻപ് വളരെ നിരാശയോടെ അദ്ദേഹം പറഞ്ഞു: “അയ്യോ എന്റെ ജീവിതം നഷ്ടപ്പെട്ടു പോയല്ലോ.”

ദൈവത്തെ വിശ്വസിക്കാൻ കഴിയുന്നത് ഒരു ഭാഗ്യമാണ്. ചന്ദ്രനിൽ പോയി, എഴുപത്തിരണ്ടു മണിക്കൂർ ചന്ദ്രനിൽ ചെലവഴിച്ച ചാൾസ് ഡ്യൂക്ക് എന്ന ഒരു ബഹിരാകാശ സഞ്ചാരിയുണ്ട്. ചന്ദ്രനിലേക്ക് യാത്രചെയ്തു. 72 മണിക്കൂർ ചന്ദ്രനിൽ ചെലവഴിച്ചു. അദ്ദേഹം മടങ്ങിവന്നു. 1980ൽ അദ്ദേഹം ഡൽഹിയിൽ “ലോകസമാധാനവും മതവീക്ഷണവും” എന്നുള്ളതിനെക്കുറിച്ചുള്ള ഒരു കോൺഫറൻസിൽ പറഞ്ഞു:

“ഞാൻ ജീവിതത്തിൽ വളരെ ദു:ഖമനുഭവിച്ചു. എനിക്ക് നേടാവുന്നതിൽ ഏറ്റവും വലിയ നേട്ടമാണ് ഞാൻ നേടിയതെന്ന് അഭിമാനിച്ചു. പക്ഷെ എനിക്ക് സമാധാനം കിട്ടിയില്ല. ഏറ്റവും വലിയ ഭാഗ്യമായിപ്പോയി എന്നു ഞാൻ കരുതി. എനിക്കവിടെ ചന്ദ്രനിൽ കഴിച്ച എഴുപത്തിരണ്ട് മണിക്കൂർ എന്ന് പറയുന്നത് എന്റെ ജീവിതത്തിൽ ലഭി

ക്കാവുന്ന ഏറ്റവും വലിയ നേട്ടമാണെന്ന് ഞാൻ കരുതി. ലോകം മുഴുവൻ എന്നെ പ്രശംസിച്ചു. ചെന്നേടത്തെല്ലാം എനിക്ക് പാരിതോഷികങ്ങൾ കിട്ടി. അവാർഡുകൾ കിട്ടി. എന്നെ എല്ലാവരും ആദരിച്ചു.

പക്ഷേ എനിക്ക് ഉള്ളത്തിൽ സമാധാനമുണ്ടായിരുന്നില്ല. എന്റെ കുടുംബജീവിതം തകർന്നുപോയി. എന്റെ ഭാര്യ വലിയ നിരാശയിലായി. അവൾ കടുത്ത ദു:ഖത്തിലായി. എന്റെ ബഹിരാകാശ യാത്ര കഴിഞ്ഞ് തിരികെ വന്നതിനു ശേഷം ഏഴു വർഷം അവൾ എന്റെ കൂടെ ജീവിച്ചു. അവൾ കൊടിയ നിരാശയിലായപ്പോൾ ഭാഗ്യവശാൽ യേശുക്രിസ്തുവിന്റെ തിരുവചനം കേൾക്കാനിടയായി. അവളുടെ ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു.

എന്തൊരു വലിയ സമാധാനം! എന്തൊരു വലിയ ശാന്തി! – എന്തൊരു മാറ്റം അവൾക്ക്! അതുമൂലം ഞാനും ചിന്തിച്ചു. ദൈവത്തിന്റെ തിരുവചനം ശ്രദ്ധിക്കണമല്ലോ എന്ന്. ഞാൻ ഈ വചനം കേട്ടു. എന്തെന്നില്ലാത്ത സമാധാനം എനിക്ക് ലഭിച്ചു. വലിയ ശാന്തി എനിക്ക് ലഭിച്ചു. ഞാനിന്നൊരു ഭാഗ്യവാനാണ്. ഞാനൊരു വലിയ നേട്ടമാണിപ്പോൾ നേടിയിരിക്കുന്നത്. ക്രിസ്തുവിനെ എനിക്ക് ലഭിച്ചിരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കാനൊരു ഭാഗ്യം എനിക്ക് കിട്ടിയിരിക്കുന്നു.”

ചന്ദ്രനിൽ കാലുകുത്തിയ മനുഷ്യൻ, എഴുപത്തിരണ്ടു മണിക്കൂർ ചന്ദ്രനിൽ ചെലവഴിച്ച ചാൾസ് ഡ്യൂക്ക് പറയുകയാണ്: ഞാനിന്നൊരു ഭാഗ്യവാനാണ് എന്ന്. എന്താണ് ഭാഗ്യം? ക്രിസ്തുവിനെ ലഭിച്ചു. ക്രിസ്തുവിൽ വിശ്വസിക്കാൻ കഴിഞ്ഞു.

നിങ്ങൾ കേട്ടിട്ടുണ്ടോ ജോൺഗ്ലെൻ എന്ന മറ്റൊരു ബഹീരാകാശ സഞ്ചാരിയെക്കുറിച്ച്? അദ്ദേഹവും ചന്ദ്രനിൽപോയി. ജോൺ ഗ്ലെൻ ചന്ദ്രനിൽ പോയി മടങ്ങി

വന്നപ്പോൾ അദ്ദേഹത്തോട് ചില സ്നേഹിതന്മാർ ചോദിച്ചു. അങ്ങേക്ക് ചന്ദ്രനിൽ പോകാൻ പേടിയുണ്ടായിരുന്നുവോ? ഞങ്ങൾ അങ്ങേയ്ക്കു വേണ്ടി പ്രാർത്ഥിച്ചു. അങ്ങേയ്ക്ക് ചന്ദ്രനിൽ പോയി മടങ്ങി വരുമെന്ന് നല്ല ഉറപ്പുണ്ടായിരുന്നുവോ?

അദ്ദേഹം പറഞ്ഞു: അല്ല, എനിക്ക് പേടിക്കേണ്ട ആവശ്യമില്ല. ഞാനീ ഭൂമിയിലാണെങ്കിലും ബഹിരാകാശത്താണെങ്കിലും ചന്ദ്രനിലാണെങ്കിലും ഞാൻ ക്രിസ്തുവിന്റെ കരങ്ങളിലാണ് എന്ന് എനിക്ക് ഉറപ്പാണ്.

നീൽ ആംസ്ട്രോങ്ങ് ആണ് ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയത്. 1969-ൽ അദ്ദേഹം ചന്ദ്രനിൽ കാലുകുത്തിയിട്ട് ഒരു കൊടി നാട്ടി. എന്നിട്ട് ആദ്യം പറഞ്ഞ വാക്ക് "Praise the Lord.'' “ദൈവത്തിനു സ്തോത്രം” എന്നാണ്.

ആംസ്ട്രോങ്ങിനുശേഷം 1971-ൽ ചന്ദ്രനിൽ കാലുകുത്തിയ ഇർവിൻ ചന്ദ്രനിൽ ചവിട്ടിയ ഉടനെ വേദപുസ്തകം വിടർത്തി 8-ാം സങ്കീർത്തനം വായിച്ചു.

> “നിന്റെ വിരലുകളുടെ പണിയായ ആകാശത്തേയും നീ ഉണ്ടാക്കിയ ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തു മാത്രം? നീ അവനെ ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു.”
>
> സങ്കീ. 8:3-5

ചന്ദ്രനിൽ കൊണ്ടുപോയ ആദ്യത്തെ പുസ്തകം വിശുദ്ധ വേദപുസ്തകമാണ്.

ആഫ്രിക്കയിലെ മിഷനറി പ്രവർത്തകനായിരുന്ന ഡേവിഡ് ലിവിങ്സ്റ്റൺ ആഫ്രിക്കയിൽ സുവിശേഷവേല യ്ക്കായി പോയി. ഇംഗ്ലണ്ടിൽ ഏറ്റവും പ്രതാപശാലി യായും ഔന്നത്യമാർന്ന പ്രഭുകുടുംബത്തിലെ അംഗമായും പ്രശോഭിതനായിരിക്കേണ്ടയാൾ, ആഫ്രിക്കയിലെ കിരാത ന്മാരുടെ ഇടയിലേക്ക് യേശുക്രിസ്തുവിന്റെ സുവിശേഷ മറിയിപ്പാൻ പോയി.

ലിവിംങ്സ്റ്റന്റെ ത്യാഗവും സ്നേഹവുമെല്ലാം പല രേയും ചിന്തിപ്പിച്ചു. അന്ന് അദ്ദേഹത്തിന്റെ നാട്ടിൽ-ഇംഗ്ല ണ്ടിൽ-സ്റ്റാൻലി എന്ന ഒരു യുവാവുണ്ടായിരുന്നു. അയാൾ നിരീശ്വരവാദിയായിരുന്നു. ലിവിംങ്സ്റ്റൺ ഒരു മഹാ വിഡ്ഢിത്തമാണ് കാണിക്കുന്നത് എന്നാണ് സ്റ്റാൻലി വിചാരിച്ചത്. സ്റ്റാൻലി ആഫ്രിക്കയിൽ ചെന്നു. സ്റ്റാൻലി ലിവിംങ്സ്റ്റന്റെ കൂടെ കുറെ നാൾ താമസിച്ചു. നാളു കൾക്കുശേഷം സ്റ്റാൻലി പറയുന്നു:

ഞാൻ വാസ്തവമായി ക്രിസ്തുവിനെ ലിവിംങ്സ്റ്റന്റെ ജീവിതത്തിൽ കണ്ടു. സ്നേഹം, ത്യാഗം, ദയ, പരോപ കാര തല്പരത, കഷ്ടത സഹിപ്പാനുള്ള മനസ്സ്, ഇതെല്ലാം സാധാരണ മനുഷ്യരിൽ കാണുന്നതല്ല. ക്രിസ്തുവിന്റെ ക്രൂശിലെ ത്യാഗോജ്ജ്വലമായ സ്നേഹത്തിന്റെ പ്രതിഫല നമാണ് ഇദ്ദേഹത്തിന്റെ ജീവിതത്തിൽ ഞാൻ കണ്ടത്."

സ്റ്റാൻലി ലിവിംങ്സ്റ്റന്റെ ജീവിതം കണ്ട് ഒരു ക്രിസ്തു വിശ്വാസിയായി എന്നുമാത്രമല്ല, ലിവിംങ്സ്റ്റന്റെ ഒരു സഹ പ്രവർത്തകനായി മാറി.

ലിവിംങ്സ്റ്റൺ പിന്നീട് ആഫ്രിക്കയിൽ, ദൈവവേല ചെയ്ത കാലത്തെല്ലാം സ്റ്റാൻലി കൂടെയുണ്ടായിരുന്നു.

ലിവിംങ്സ്റ്റന്റെ ജീവിതം കണ്ട് സ്റ്റാൻലിക്ക് ക്രിസ്തു വിനെ കണ്ടെത്താനിടയായല്ലോ. എന്റെ ജീവിതം കൊണ്ട്

ഞാൻ നേടേണ്ടത് നേടിയോ? എന്ന് നാം ചിന്തിക്കേണ്ടതാണ്.

എന്റെ ജീവിതം കൊണ്ട് ക്രിസ്തുവിനെ കാണിച്ചുകൊടുക്കുവാൻ എനിക്ക് കഴിഞ്ഞുവോ? ഞാൻ പ്രസംഗിച്ചു. ഞാൻ ദൈവത്തിന്റെ വേല ചെയ്തു. ഞാൻ വർഷങ്ങൾക്കുമുമ്പ് മാനസാന്തരപ്പെട്ടു. പക്ഷേ എന്റെ ജീവിതത്തിൽ യേശുക്രിസ്തുവിനെ പ്രതിഫലിപ്പിക്കുവാൻ എനിക്ക് കഴിഞ്ഞുവോ? എന്ന് ഞാനും ചിന്തിക്കുകയാണ്.

നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിലുള്ള വിശ്വാസം ജ്വലിച്ചു നില്ക്കട്ടെ. യേശുക്രിസ്തുവിലുള്ള വിശ്വാസം നിങ്ങളെ നയിക്കട്ടെ.

വിശ്വാസം, യേശുക്രിസ്തു എനിക്ക് മതിയായവൻ എന്ന വിശ്വാസം, എന്റെ കഷ്ടതയിൽ എന്നെ താങ്ങുവാൻ, എന്റെ ദുരിതങ്ങളിൽ എന്നെ പോറ്റുവാൻ, ഞാൻ എതിർപ്പുകളുടെ മധ്യത്തിൽ പതറിപ്പോകുമ്പോൾ എനിക്ക് താങ്ങും തണലുമായി നില്പാൻ, യേശുക്രിസ്തു എനിക്ക് മതിയായവനാണ്, എന്നുള്ള വലിയ ബോധ്യം നിങ്ങളെ ഭരിക്കട്ടെ.

ജീവിതത്തിൽ പ്രതിസന്ധികളില്ലേ? പ്രതികൂല്യങ്ങളില്ലേ? ദുരിതങ്ങളും യാതനകളും വേദനകളുമില്ലേ? ഏതെല്ലാം പ്രതിസന്ധികളിലൂടെയാണ് നാം ഓരോ ദിവസവും കടന്നുപോകുന്നത്! ഈ ലോകജീവിതം ദുരിതം നിറഞ്ഞതല്ലേ? യാതനാഭരിതമല്ലേ? എത്രയോ കൊടുങ്കാറ്റുകളേറ്റാണ് വാടിയും തളർന്നും, ആടിയും ഉലഞ്ഞും ഈ ജീവിത പടക് നീങ്ങിക്കൊണ്ടിരിക്കുന്നത്!

എന്നാൽ പറയട്ടെ, ഈ ലോകജീവിതത്തിൽ ചാരാൻ കൊള്ളാവുന്ന ഒരു വ്യക്തിയുണ്ട്. അത് കർത്താവായ യേശുക്രിസ്തുമാത്രമാണ്. യേശുക്രിസ്തുവിൽ ചാരിയാൽ

അവൻ ഉലഞ്ഞുപോകില്ല. അവൻ ആടിപോകില്ല. അവൻ വാടിപ്പോകില്ല, അവൻ തളർന്നു പോകില്ല.

യേശുവിൽ നിങ്ങൾ ചാരുവിൻ. നമുക്ക് ചാരുവാനായി യേശുവിന്റെ തിരുമാർവ് തുറന്നിരിക്കുന്നു. യേശുവിന്റെ തൃക്കൈകൾ നീട്ടിയിരിക്കുന്നു. അവനെ നിങ്ങൾ കൈക്കൊള്ളുമെങ്കിൽ അവൻ നിങ്ങൾക്ക് സമാധാനം തരും. അവൻ നിങ്ങൾക്കാശ്വാസം തരും. അവൻ നിങ്ങൾക്ക് തണലായി നില്ക്കും. അവൻ നിങ്ങൾക്ക് സഹായിയായി നില്ക്കും. നിങ്ങളുടെ ക്ലേശങ്ങളിൽ അവൻ നിങ്ങളെ സഹായിക്കും. രോഗശയ്യയിൽ അവൻ നിങ്ങളുടെ അരികത്ത് വന്നിരിക്കും.

41-ാം സങ്കീർത്തനത്തിൽ പറയും പ്രകാരം, രോഗശയ്യയിൽ ദൈവം നമ്മെ താങ്ങും. രോഗശയ്യയിൽ താങ്ങുന്നവൻ, രോഗക്കിടക്കമാറ്റി വിരിക്കുന്നവൻ, രോഗകിടക്ക സൗഖ്യത്തിന്റെ കിടക്കയായി മാറ്റുന്നവൻ, വിശ്രമത്തിന്റെ കിടക്കയായി മാറ്റുന്നവൻ, കരുണയുള്ള കർത്താവ് വേദനകൾ മാറ്റിത്തരികയും ആറ്റിത്തരികയും ചെയ്യും. ജീവനുള്ള ക്രിസ്തു നമ്മുടെ ദൈനംദിന ജീവിതത്തിലേക്ക് കടന്നുവരുവാൻ നിങ്ങൾ അവനുവേണ്ടി ജീവിതം വിട്ടുകൊടുത്താൽ അതുമഹാഭാഗ്യമായിരിക്കും. ആ അനുഭവമാണ് വിശ്വാസത്താൽ ഉള്ള മാനസാന്തരം.

വിശ്വാസം ലഭിച്ചുവോ? മാനസാന്തരത്തിലേക്ക് നയിക്കാം. എങ്ങനെയാണീ വിശ്വാസം ലഭിക്കുന്നത്? റോമർക്കെഴുതിയ ലേഖനത്തിൽ അപ്പോസ്തലൻ പറയുന്നുണ്ട്. എങ്ങനെ ഈ വിശ്വാസം ലഭിക്കും?

> “ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.”
>
> റോമർ 10 : 17

ക്രിസ്തുവിന്റെ വചനം കേൾക്കുന്നു. വചനം കേൾക്കുമ്പോൾ വിശ്വാസം വരുന്നു. വചനം ശക്തിയാണ്. വചനം ജീവനാണ്.

ജീവന്റെ വചനം നാം കേൾക്കുന്നു. വചനം നാം സ്വീകരിക്കുന്നു. വചനം ഉൾക്കൊള്ളുമ്പോൾ നമുക്ക് വിശ്വാസം വരുന്നു. വിശ്വാസവീരന്മാർ ചരിത്രത്തിലെ രജത താരങ്ങളാണ്.

നമുക്കും വിശ്വാസവീരന്മാർ ആകരുതോ? ആ ഭാഗ്യം നമുക്കും നേടരുതോ?

ഏതൊരു ദേശത്തിന്റേയും, ഏതൊരുഭവനത്തിന്റേയും നട്ടെല്ല് പ്രാർത്ഥനാ ജീവിതമാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രാർത്ഥനാജീവിതം ഉണ്ടെങ്കിൽ നിങ്ങളുടെ കുടുംബജീവിതം അനുഗ്രഹിക്കപ്പെടും. നിങ്ങളുടെ വ്യക്തി ജീവിതം പ്രശോഭിതമാകും. ഒന്നേ വേണ്ടൂ. ക്രിസ്തുവിന്റെ വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രാർത്ഥനാ ജീവിതം തുടങ്ങണം. പുറമെ കാണിക്കാനല്ല, ആരെയും ബോധ്യപ്പെടുത്താനുമല്ല.

വ്യക്തിപരമായി ക്രിസ്തുവിനോടൊരു ബന്ധം പുലർത്തണം. അത് നിരന്തരബന്ധമായിരിക്കണം. വന്നും പോയുമുള്ള ബന്ധമല്ല. വിട്ടുപിരിയാൻ പാടില്ലാത്ത സ്നേഹബന്ധം. അത് പ്രാർത്ഥനയും വചന പാരായണവും വചന ക്കേൾവിയും മൂലം നേടിയെടുക്കാം. അങ്ങനെ ഭൂമിയിൽ സ്വർഗ്ഗം രചിക്കാം.

അതാണ് പറഞ്ഞത്. അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും?

> “ക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.”
>
> റോമർ 10:13

രക്ഷവേണമെങ്കിൽ ക്രിസ്തുവിന്റെ നാമത്തെ വിളിച്ച പേക്ഷിക്കണം.

വിശ്വാസത്താൽ മാനസാന്തരം പ്രാപിച്ച് ഈ ഭൂമിയിൽ ജീവിക്കുന്നവർക്കുമാത്രമേ മരണശേഷം നിത്യജീവൻ പ്രാപിക്കാൻ സാധിക്കുകയുള്ളൂ. നമുക്കാർക്കും എത്തിച്ചേരാൻ കഴിയാത്ത സ്വർഗ്ഗത്തിൽ ക്രിസ്തുവിന്റെ രക്തത്തിൽ ആശ്രയിച്ചു മാത്രമേ പ്രവേശിപ്പാൻ സാധിക്കുകയുള്ളൂ.

ദൈവരാജ്യത്തിലേക്ക് കയറാൻ കുറേ നല്ല പ്രവൃത്തികൾ മാത്രം ചെയ്താൽ പോരാ. ക്രിസ്തു എന്ന ഒരു വ്യക്തിയിലാശ്രയിച്ചെങ്കിൽ മാത്രമെ അങ്ങോട്ടു കയറാൻ ഒക്കുകയുള്ളൂ.

> "മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൽ കീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല."
>
> അപ്പോ. പ്രവൃത്തി. 4:12

ക്രിസ്തുവിൽ വിശ്വസിക്കയും ക്രിസ്തുവിൽ ആശ്രയിക്കയും ക്രിസ്തുവിന്റെ ക്രൂശുമരണത്തെ വിശ്വസിച്ച് ക്രിസ്തുക്രൂശിൽ മരിച്ചതുപോലെ എന്റെ പഴയ മനുഷ്യൻ മരിച്ചു എന്നുള്ള നിർണ്ണയത്തോടെ പുതിയ മനുഷ്യനായി ജീവിക്കുകയും ചെയ്തെങ്കിൽ മാത്രമെ ദൈവരാജ്യത്തിലെത്തുകയുള്ളൂ. അതായത് ഒരു പുതിയ സൃഷ്ടിയായിത്തീരുകയാണാവശ്യം.

പ്രായോഗികമായ, വശം പറയട്ടെ. നമ്മുടെ ബുദ്ധിയിൽ ആത്മീയ പരിജ്ഞാനം ഒതുങ്ങുകയില്ല. ബുദ്ധിയിൽ മനസ്സിലാക്കുവാൻ സാധിക്കുകയില്ല.

C.S. ലൂയിസ് ബുദ്ധികൊണ്ട് വളരെയധികം പഠിച്ചു. പഠിച്ചപ്പോൾ മനസ്സിലായത് ആത്മീയം മുഴുവൻ മണ്ടത്ത

രമാണെന്ന്. ക്രിസ്തുവിലുള്ള ഭക്തിയും ക്രിസ്തു വിശ്വാസവുമൊക്കെ കേവലം വിഡ്ഢിത്തമെന്നദ്ദേഹം ചിന്തിച്ചു. മനുഷ്യൻ ബുദ്ധി ജീവിയാണ്. മനുഷ്യൻ യുക്തി ബോധമുള്ളവനാണ്. അവനെന്തിന് ദൈവവിശ്വാസം പുലർത്തുന്നു.? എന്നാണ് C.S. ലൂയിസ് ചിന്തിച്ചത്.

പക്ഷേ C.S. ലൂയിസ് ജീവിതത്തിൽ കൂടുതൽ ബൈബിൾ വായിക്കാനും, തിരുവചനം ഗ്രഹിക്കാനും ശ്രമിച്ചു അപ്പോൾ കൂടുതൽ വെളിവ് കിട്ടി. C.S. ലൂയിസ് എഴുതിയ Christ, Christianity and Faith - എന്ന ഗ്രന്ഥം വായിച്ചാൽ നീരീശ്വരനെങ്ങനെ വിശ്വാസിയായി മാറി എന്ന് കാണാൻ സാധിക്കും.

ഇംഗ്ലീഷ് സാഹിത്യത്തിലെ സുപ്രസിദ്ധ നോവലിസ്റ്റാണ് റോബർട്ട് ലൂയിസ് സ്റ്റീവൻസൺ. അദ്ദേഹം എഴുതിയ Kidnapped, Treasure Island മുതലായവ പ്രശസ്ത നോവലുകളാണ്.

അദ്ദേഹം ഒരു നല്ല പ്രായം വരെ നിരീശ്വരനായിരുന്നു. അദ്ദേഹം പില്ക്കാലത്ത് ക്രിസ്തുവിന്റെ തിരുവചനം വായിക്കയും തിരുവചനം കേൾക്കുകയും ധ്യാനിക്കുകയും ചെയ്തു. ക്രിസ്തുവിനെ തിരിച്ചറിഞ്ഞു. ക്രിസ്തുവിനായി ജീവിതം സമർപ്പിച്ചു.

നിസ്സാരമനുഷ്യന്റെ ബുദ്ധിയിലൊതുങ്ങുമോ ക്രിസ്തുവിന്റെ അത്ഭുതവ്യക്തിത്വം? കരുണയുള്ള കർത്താവ് നമ്മുടെ ഹൃദയത്തിൽ വസിക്കാനാഗ്രഹിച്ചു കൊണ്ട് തന്റെ ഹൃദയം നമുക്ക് വേണ്ടി തുറന്ന് നമ്മെ ക്ഷണിക്കുന്നു. നോഹ ദൈവത്തെ വിശ്വസിച്ചു. അതുകൊണ്ട് ദൈവത്തിന്റെ വചനം കൈക്കൊണ്ടു. വചനപ്രകാരം നോഹക്ക് ആ തലമുറയിൽ നീതിമാനായിരിക്കാൻ ഭാഗ്യം ലഭിച്ചു. അബ്രാഹാം ദൈവത്തെ വിശ്വസിച്ചു. ഉള്ളതിനെ ഇല്ലായ്മയിൽ നിന്നുളവാക്കിയ നിത്യനായ ദൈവത്തെ അബ്രാഹാം

വിശ്വസിച്ചു. അത് അബ്രാഹാമിന് നീതിയായി കണക്കിട്ടു.

മോശ ദൈവത്തെ വിശ്വസിച്ചു. അതുകൊണ്ട് അറുനൂറായിരത്തെ വിമോചിപ്പിക്കുവാൻ മോശയ്ക്ക് സാധിച്ചു. സത്യാരാധന എന്ത് എന്ന് മോശ അറിഞ്ഞു. ഒരു വലിയ സമൂഹത്തെ അറിയിക്കുകയും ചെയ്തു.

ഇന്ന് നിങ്ങൾ ക്രിസ്തുവിനെ വിശ്വസിക്കൂ.

അപ്പോൾ നിങ്ങളുടെ ഹൃദയം മാറും, സ്വഭാവം മാറും, ക്രിസ്തുവിന്റെ സ്വഭാവം പ്രാപിക്കാനുള്ള ദാഹം നിങ്ങൾക്ക് വരും. നിങ്ങളുടെ ജീവിത വീക്ഷണം മാറും. നിങ്ങളുടെ ജീവിതത്തിന്റെ ഉൾത്തളങ്ങളിലേക്ക് സമാധാനം ഇരച്ചുകയറും. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് വരും. നിങ്ങളെ നയിക്കാൻ ഉടമസ്ഥനുണ്ടെന്ന് നിങ്ങൾക്ക് ബോധ്യമാകും. യേശുക്രിസ്തു നിങ്ങളുടെ ഉടയവനായിവരും.

നിങ്ങൾക്ക് രക്ഷകർത്താവുണ്ടെന്ന് മനസ്സിലാകും. നമ്മുടെ പാപത്തിനു വേണ്ടി ശിക്ഷയേറ്റ് കുരിശിൽ മരിച്ചവൻ, കുറ്റമില്ലാത്ത രക്തം ചിന്തിയവൻ, ഇപ്പോൾ അരികത്തു വന്നിരിക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കൂ.

അവൻ നിങ്ങളെ സ്നേഹത്തോടെ നോക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കൂ.

യേശു ക്രിസ്തുവിനോട് നിങ്ങളുടെ ഉള്ള് തുറന്ന് പറയുവിൻ.

നാഥാ, ഇന്നുവരെ പാപത്തിന്റെയും സാത്താന്റെയും അടിമത്വത്തിൽ ഞാൻ ജീവിച്ചുപോയി. അനേകമനേകം തിന്മകളിൽ ഞാൻ മുഴുകിപ്പോയി. ഇന്ന് നാഥാ, ഞാനിതാ പാപത്തോടു യാത്ര പറഞ്ഞ്, സാത്താനേയും അവന്റെ സകലസൈന്യത്തേയും ഉപേക്ഷിച്ച് മിശിഹാതമ്പുരാനെ

ഞാനെന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. ഇന്നുമുതൽ ഞാൻ യേശുക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും.

ക്രിസ്തുവിനെ വിശ്വസിച്ചും ക്രിസ്തുവിനെ സ്വീകരിച്ചും ക്രിസ്തുവിനെ സ്നേഹിച്ചും ക്രിസ്തുവിനെ ആരാധിച്ചും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി നോക്കിപ്പാർത്തും കൊണ്ട് ക്രിസ്തു തരുന്ന പാപക്ഷമയും, ക്രിസ്തുതരുന്ന നിത്യജീവനും അനുഭവിച്ചുകൊണ്ട് ഞാനൊരുപുതിയ ജീവിതം നയിക്കും.

## പതിനെട്ട്

ഒന്ന് : "മനുഷ്യൻ പ്രാണനെ വിട്ടാൽ അവൻ എവിടെ?"

ഇയ്യോബ് 14 : 10

രണ്ട് : "മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമൊ?"

ഇയ്യോബ് 14 : 14

മൂന്ന് : "ജീവിച്ചിരുന്നു മരണം കാണാതിരിക്കുന്ന മനുഷ്യൻ ആർ?"

സങ്കീ. 89:48

നാല് : "തന്റെ പ്രാണനെ പാതാളത്തിന്റെ കയ്യിൽനിന്നു വിടുവിക്കുന്നവൻ ആരുള്ളൂ?"

സങ്കീ. 89:48

അഞ്ച് : "മൃതന്മാർ എഴുന്നേറ്റുനിന്നെ സ്തുതിക്കുമോ?"

സങ്കീ. 88:10

ആറ് : “നീ മരിച്ചവർക്കു അത്ഭുതങ്ങൾ കാണിച്ചുകൊടുക്കുമോ?”

സങ്കീ. 88:10

ഏഴ് : “ഈ മരണത്തിനു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും?”

റോമർ. 7:24

കാതലായ ഏഴു ചോദ്യങ്ങളാണ് നാം മരണാനന്തരാവസ്ഥയോടുള്ള ബന്ധത്തിൽ ചിന്തിച്ചുവരുന്നത്. ഇയ്യോബിന്റെ പുസ്തകത്തിലും സങ്കീർത്തനപുസ്തകത്തിലും ആവർത്തിച്ചുവരുന്നതായ ഈ ചോദ്യങ്ങൾ മരണാനന്തരാവസ്ഥയോടു ബന്ധപ്പെടുത്തി കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചിന്തിക്കുകയും, പഠിക്കുകയും, ധ്യാനിക്കുകയും ചെയ്തുവരികയാണ്.

ലാസറിന്റെയും ധനവാന്റെയും സംഭവകഥ മരണാനന്തരജീവിതത്തിലേക്ക് വെളിച്ചം വീശുന്നതാണ്.

ലാസർ മരിച്ചു. അവനെ ദൂതന്മാർ ആബ്രാഹാമിന്റെ മടിയിലേക്ക് – പറുദീസയിൽ പരിശുദ്ധന്മാരുടെ നിരയിലേക്ക് കൊണ്ടുപോയി. ധനവാൻ മരിച്ചു അടക്കപ്പെട്ടു. പക്ഷെ പാതാളത്തിൽ യാതനാസ്ഥലത്തേക്ക് അയയ്ക്കപ്പെട്ടു.

ധനവാനും ലാസറും മരിക്കുന്നതുവരെയും ഈ ഭൂമിയിൽ ഒരേ ദേശത്ത് താമസിച്ചുവന്നു. എന്നും പരസ്പരം കാണുമാറ് അടുത്ത് താമസിച്ചു. ധനവാൻ വീടിനകത്താണ്. ലാസർ വീടിന് പുറത്ത് ഗേറ്റിന് വെളിയിലാണ്.

എന്നാൽ ഒരേ നാട്ടിൽ ജീവിച്ചവർ; പരസ്പരം മുഖപരിചയം ഉള്ളവർ; മരണം കഴിഞ്ഞപ്പോൾ രണ്ടിടത്തായിപ്പോയി – രണ്ടുലോകത്തിലായിപ്പോയി. ധനവാൻ ഇവിടെ

പട്ടും ധൂമ്രവസ്ത്രവും ധരിക്കുന്നവനായിരുന്നു. ദിനംപ്രതി ആഡംബരത്തോടെ സുഖിച്ച് ജീവിക്കുന്നവനായിരുന്നു.

എന്നാൽ ദരിദ്രനായ ലാസർ രോഗിയായിരുന്നു. അവശനായിരുന്നു. ദു:ഖിതനായിരുന്നു, വ്രണം നിറഞ്ഞവനായിരുന്നു. ലാസർ മരിച്ചപ്പോൾ അവൻ സന്തോഷത്തിന്റെ പറുദീസയിലേക്ക് ആനയിക്കപ്പെട്ടു. സ്വർഗ്ഗീയദൂതന്മാർ അവനുവേണ്ടി ഭൂമിയിലേക്ക് ഇറങ്ങി വന്നു. അവന്റെ ആത്മാവ് പരിശുദ്ധന്മാരുടെ നിരയിലെത്തി.

എന്നാൽ ധനവാൻ മരിച്ചപ്പോൾ നല്ല ശവമടക്കെല്ലാം കിട്ടി. നല്ല ആഡംബര സമന്വിതമായ ഒരു ശവസംസ്ക്കാരചടങ്ങെല്ലാം നടന്നു. മനോഹരമായ ശവസംസ്ക്കാര ശുശ്രൂഷകൾ നടന്നു കാണും. അടക്കപ്പെട്ടു എന്നാണ് തിരുവചനത്തിൽ നാം വായിക്കുന്നത്. ധനവാനും മരിച്ചു അടക്കപ്പെട്ടു. പക്ഷെ ആത്മാവ് പാതാളത്തിലേക്ക് പോയി.

മരിച്ചതിനുശേഷം പരസ്പരം കാണാൻ പറ്റും. പക്ഷെ രണ്ടിടത്താണെന്നേയുള്ളൂ. ധനവാൻ യാതനാസ്ഥലത്താണെങ്കിലും മേലോട്ടു നോക്കി. അബ്രാഹാം പിതാവിനെ തിരിച്ചറിഞ്ഞു. അബ്രാഹാം പിതാവിന്റെ മടിയിലുള്ള ലാസറിനെയും തിരിച്ചറിഞ്ഞു.

അവന് തിരിച്ചറിവിന്റെ സുബോധം അപ്പോഴും ഉണ്ട്. അവന് സ്വർഗ്ഗീയ പറുദീസയിലുള്ള അബ്രാഹാം പിതാവിനോട് സംഭാഷണം ചെയ്യാൻ സാധിക്കുന്നുണ്ട്.

മരണത്തിന്ശേഷം ആത്മാവിന് അപേക്ഷിക്കാം. ആത്മാവിന് പ്രാർത്ഥിക്കാം. പക്ഷെ, നിഷ്ഫലമാണന്നേയുള്ളൂ. അത് സമയം കഴിഞ്ഞുള്ള പ്രാർത്ഥനയാണ്. Late prayers - വൈകിയ തിരിച്ചറിവ്, വൈകിയ പ്രാർത്ഥന നിഷ്ഫലമാണ്.

ലാസർ വസിക്കുന്ന പരിശുദ്ധന്മാരുടെ സമൂഹത്തിൽ

ആ ധനവാന് കടന്നു ചെല്ലാൻ സാധ്യമല്ല. അബ്രാഹാം പിതാവ് പറയുന്നുണ്ട്: "ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയൊരു പിളർപ്പുണ്ടാക്കിയിരിക്കുന്നു. ഇവിടെ നിന്ന് നിങ്ങളുടെ അടുക്കൽ കടന്നു വരുവാൻ ഇച്ഛിക്കുന്ന വർക്ക് കഴിവില്ല. അവിടെ നിന്ന് ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല."

വലിയൊരു പിളർപ്പ്. ഭൂമിയിൽ വച്ച് ആ പിളർപ്പ് ഇല്ല. ഭൂമിയിൽ ഒരുമിച്ച് സഞ്ചരിക്കാം. ഒരുമിച്ച് ജോലിചെയ്യാം. ഒരുമിച്ച് സംസാരിക്കാം. ഈ ഭൂമിയിൽ പരസ്പര സമ്പർക്കമാകാം. എന്നാൽ മരണമെന്ന തിരശ്ശീലയ്ക്ക് അപ്പുറത്തേക്ക് കടന്നു കഴിഞ്ഞാൽ ഒരിടത്തു നിന്ന് മറ്റൊരിടത്തേയ്ക്ക് പകരാൻ സാധ്യമല്ല.

മാത്രവുമല്ല, ഈ ഭൂമിയിലുള്ളവരെക്കുറിച്ചുള്ളതായ അറിവ് ഭൂമിയിൽ നിന്ന് കടന്നുപോയതിനു ശേഷവും വാങ്ങിപ്പോയ ആത്മാക്കൾക്കുണ്ട്. ധനവാനായ മനുഷ്യന് അവൻ യാതനാസ്ഥലത്താണെങ്കിൽ പോലും അവന്റെ സഹോദരന്മാരെക്കുറിച്ച് ചിന്ത ഉണ്ട്. അവർ ഈ യാതനാ സ്ഥലത്ത് വരരുത് എന്ന് അവന് ആഗ്രഹമുണ്ട്.

നമ്മുടെ പ്രിയപ്പെട്ടവർ പലരും കടന്നുപോയിട്ടില്ലേ? ഭർത്താവോ ഭാര്യയോ കടന്നുപോയവർ ഈ വാക്കുകളെ വായിക്കുന്നുണ്ടാകും.

വാങ്ങിപ്പോയവർക്ക്, ജീവിച്ചിരിക്കുന്നവരെക്കുറിച്ച് കരുതലുണ്ട്.

നമ്മെക്കുറിച്ച് ചിന്ത ഉള്ളവരായി പരേതാത്മാക്കൾ കഴിയുന്നു. ആ ചിന്ത നമുക്കുണ്ടോ? ഇല്ല, എന്നുള്ളതാണ് സത്യം. എങ്കിൽ അത് നമ്മെ മാനസാന്തരത്തിലേക്ക് നയിക്കും.

അപ്പനങ്ങു കടന്നുപോയി. പക്ഷേ അപ്പൻ നേടിയെടു

ത്ത ചില സമ്പാദ്യങ്ങളും സത്പേരുകളും ഉണ്ട്. അതിനെയെല്ലാം ഏറ്റെടുത്ത് പുലർത്താൻ മക്കൾ കടപ്പെട്ടവരാണ്. മക്കൾ അവയെല്ലാം നശിപ്പിച്ച് കളഞ്ഞാൽ അപ്പൻ പരലോകത്തിരുന്നുകൊണ്ട് ദുഃഖിക്കുകയായിരിക്കും

അബ്രാഹാം പിതാവേ, എന്റെ അടുക്കലേക്കല്ലേ ഇപ്പോൾ ലാസറിനെ അയയ്ക്കാൻ പറ്റാത്തത്? എന്നാൽ ഭൂമിയിൽ എന്റെ അഞ്ച് സഹോദരന്മാരുണ്ട്. അവർ ഈ യാതനാസ്ഥലത്ത് വരാതിരിക്കാൻ അവർക്കുവേണ്ടി ലാസർ ചെന്ന് ഒരു സാക്ഷ്യം പറയണമേ എന്ന് ഈ ധനവാൻ അപേക്ഷിക്കയാണ്.

ഭൂമിയിൽ ജീവിക്കുന്ന കാലത്ത് സാക്ഷ്യം പറയുന്നതിനും കേൾക്കുന്നതിനും വിലകൊടുത്തവനായിരിക്കുകയില്ല ഈ ധനവാൻ. കർത്താവിന്റെ വചനശുശ്രൂഷകർക്കും പ്രാധാന്യമൊന്നും അവൻ കല്പിച്ചുകാണുകയില്ല. വില കല്പിച്ചിരുന്നെങ്കിൽ അവൻ ഈ യാതനാസ്ഥലത്ത് വരേണ്ടി വരികയില്ലായിരുന്നുവല്ലോ.

ദൈവത്തിന്റെ വചനത്തിന് വിലകൊടുത്തിരിക്കുന്നുവെങ്കിൽ അവൻ വിശ്വസിച്ച് മാനസാന്തരപ്പെടുമായിരുന്നു; യാതനാസ്ഥലം ഒഴിവാകുമായിരുന്നു.

എങ്കിൽ നാം ഒന്ന് ചിന്തിക്കൂ. നമ്മുടെ പ്രിയപ്പെട്ടവർ നമ്മെ ഓർത്ത് കരയുന്നുണ്ടാവില്ലേ?

> “അബ്രാഹാം അവനോട്; അവർക്ക് മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ. അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്ന് പറഞ്ഞു.”
>
> ലൂക്കൊസ് 16 : 29

പരലോകത്തു നിന്ന്, ഭൂമിയിലേക്ക് ആരെയും അയച്ച് ശുശ്രൂഷ ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നില്ല.

ഭൂമിയിലെ ശുശ്രൂഷ നടത്താൻ അതാതുകാലത്ത് ഭൂമിയിൽ പ്രവാചകന്മാർ ഉണ്ട്. അവരാണ് ആ വേല ചെയ്യേണ്ടത്.

അവരുടെ വചനം കേട്ട് അനുസരിക്കുവാൻ നാം തയ്യാറാകേണ്ടതാണ്.

ഒരു അത്ഭുതം നടക്കാൻ വേണ്ടി നാം കാത്തിരിക്കുകയല്ല വേണ്ടത്. മരിച്ചവരെ ഉയിർപ്പിക്കുന്നതു കണ്ടാൽ ഞാൻ വിശ്വസിക്കാമെന്ന് പറയുന്നവരുണ്ട്. ഒരു മഹാവ്യാധി മാറുന്നതു കണ്ടാൽ ഞാൻ വിശ്വസിക്കാമെന്ന് പറയുന്നവരുണ്ട്. ദൈവം എനിക്ക് നേരിട്ട് പ്രത്യക്ഷപ്പെടട്ടെ എന്നാൽ ഞാൻ ദൈവത്തിൽ വിശ്വസിക്കാം എന്ന് പറയുന്നവരുണ്ട്. ഇതെല്ലാം വ്യർത്ഥമായ വാദഗതികളാണ്. അതൊന്നും സത്യമായ പ്രസ്താവനകളല്ല. അതെല്ലാം കുയുക്തികളാണ്. വെറുതെ തർക്കത്തിന് വേണ്ടിയുള്ളതായ വാഗ്വാദങ്ങളാണ് അതെല്ലാം പ്രയോജനരഹിതമാണ്.

പരേതാത്മാക്കളെ ഭൂമിയിലേക്ക് കൊണ്ടു വരുവാൻ സാധ്യമല്ല. പരേതാത്മാക്കളുമായുള്ള സംസർഗ്ഗവും സംഭാഷണവും പൈശാചികമാണ്.

ശമുവേൽ പ്രവാചകന്റെ കാലത്ത് അങ്ങനെയുണ്ടായല്ലോ. ഒരു വെളിച്ചപാടത്തിയുടെ അടുക്കലേക്ക് ശൗൽ രാജാവ് ചെന്ന്, ശമുവേൽ പ്രവാചകൻ വാങ്ങിപ്പോയതിനുശേഷം, പ്രവാചകന്റെ ആത്മാവിനെ ഒന്ന് വരുത്തിത്തരേണമെന്ന് വെളിച്ചപ്പാടത്തിയോട് പറഞ്ഞതായിട്ടും വെളിച്ചപ്പാടത്തി പ്രവാചകന്റെ ആത്മാവിനെ വരുത്തിക്കൊടുത്തതായിട്ടും തിരുവചനത്തിൽ പറയുന്നുണ്ട്. 1 ശമു. 28:8 –14

"ശൗൽ വേഷം മാറി വേറെ വസ്ത്രം ധരിച്ചു രണ്ടാളെയും കൂട്ടി പോയി രാത്രിയിൽ ആ

സ്ത്രീയുടെ അടുക്കലെത്തി: വെളിച്ചപ്പാടാത്മാവുകൊണ്ട് നീ എനിക്കായി പ്രശ്നം നോക്കുകയും ഞാൻ പറയുന്നവനെ വരുത്തിത്തരികയും ചെയ്യേണം എന്നു പറഞ്ഞു. സ്ത്രീ അവനോടു : ശൗൽ ചെയ്തിട്ടുള്ളതു, അവൻ വെളിച്ചപ്പാടന്മാരെയും മന്ത്രവാദികളെയും ദേശത്തുനിന്ന് ഛേദിച്ചുകളഞ്ഞതു തന്നേ നീ അറിയുന്നുവല്ലോ; എന്നെ കൊല്ലിപ്പാൻ നീ എന്റെ ജീവന്നു കണിവെക്കുന്നതു എന്തിന്നു എന്നു പറഞ്ഞു. യഹോവയാണ ഈ കാര്യം കൊണ്ടു നിനക്കു ഒരു ദോഷവും ഭവിക്കയില്ല എന്നു ശൗൽ യഹോവയുടെ നാമത്തിൽ അവളോടു സത്യം ചെയ്തു പറഞ്ഞു. ഞാൻ ആരെ വരുത്തിത്തരേണ്ടു എന്നു സ്ത്രീ ചോദിച്ചതിന്നു: ശമുവേലിനെ വരുത്തിത്തരേണം എന്ന് അവൻ പറഞ്ഞു. സ്ത്രീ ശമുവേലിനെ കണ്ടപ്പോൾ അവൾ ഉച്ചത്തിൽ നിലവിളിച്ചു, ശൗലിനോടു : നീ എന്നെ ചതിച്ചതെന്ത്? നീ ശൗൽ ആകുന്നുവല്ലോ എന്നു പറഞ്ഞു. രാജാവ് അവളോട് : ഭയപ്പെടേണ്ട, നീ കാണുന്നത് എന്ത് എന്ന് ചോദിച്ചതിന് : ഒരു ദേവൻ ഭൂമിയിൽ നിന്നു കയറിവരുന്നതു ഞാൻ കാണുന്നു എന്നു സ്ത്രീ ശൗലിനോടു പറഞ്ഞു. അവൻ അവളോടു : അവന്റെ രൂപം എന്ത് എന്ന് ചോദിച്ചതിന് അവൾ : ഒരു വൃദ്ധൻ കയറി വരുന്നു: അവൻ ഒരു അങ്കിയും ധരിച്ചിരിക്കുന്നു എന്നു പറഞ്ഞു.”

1 ശമുവേൽ 28 : 8 – 14

അവിടെ ശമുവേൽ കയറി വരുന്നത് ആ വെളിച്ചപ്പാ

ടത്തി കാണുന്നതായി പറഞ്ഞിരിക്കയാണ്. അതിനെയാണ് ശൗലിന് കാണിച്ചു കൊടുക്കുന്നതായി പറയുന്നത്.

അതെന്താണ്? ശൗൽ ദൈവത്തെ ദു:ഖിപ്പിച്ച് പിശാചിന് ഇടം കൊടുത്തിരിക്കയാണ്.

അവിടെ കയറി വന്നത് സാക്ഷാൽ ശമുവേലിന്റെ ആത്മാവല്ല. അതൊരു പൈശാചിക ദുരാത്മാവാണ്.

ഓർത്തുകൊള്ളുക. മരിച്ച ആത്മാക്കളെ കൊണ്ടുവരുന്നത് ദുരാത്മാക്കളുടെ വേലയാണ്.

പരേതാത്മാക്കൾ ശരിയായതാണല്ലോ പറയുന്നതെന്ന് ചിന്തിക്കുന്നവരുണ്ട്.

സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ എന്ന് തിരുവചനത്തിൽ പറയുന്നു.

2 കൊരി. 11:14-15

ഈ ഭൂമിയിൽ നിന്ന് വാങ്ങിപ്പോയ ശേഷം കാര്യങ്ങൾ ഗ്രഹിച്ചു എന്നുള്ളതുകൊണ്ട് പ്രയോജനമില്ല. ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ കാര്യങ്ങൾ നമുക്ക് ഗ്രഹിക്കാം.

ഇന്ന് നമുക്ക് വചനം കേട്ട് മാനസാന്തരപ്പെടാം. ഇന്ന് നമുക്ക് അനുതപിക്കാം. നമ്മുടെ ജീവിതം ക്രിസ്തുവിനു കൊടുക്കാം. നമുക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനെ ഇന്ന് നാഥനായി നമ്മുടെ ഹൃദയത്തിലേക്ക് സ്വീകരിക്കാം. കർത്താവിനോട് നമുക്ക് വാക്കു പറയാം.

കർത്താവേ ഇത്രയും കാലം ഞാൻ സത്യം ഗ്രഹിച്ചില്ല. ഒരു മരണമുണ്ടെന്നുപോലും ചിന്തിക്കാതെ തോന്നിയതുപോലെ ജീവിച്ചു.

കർത്താവേ, ഒരു ദിവസം ഈ ഭൂമിയിൽ നിന്ന് ഞാൻ കടന്നുപോകുമെന്ന് ചിന്തിക്കാതെ, എന്റെ ആത്മാവിനെക്കുറിച്ച് കരുതാതെ, നാഥാ ഞാൻ ഈ ലോകത്തിന്റെ ഇമ്പങ്ങളുടെ പുറകെ ഓടിപ്പോയി. വെറിക്കൂത്തിലും മദ്യപാനത്തിലും ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലും നടന്ന് ജാതികളുടെ ഇഷ്ടം നിവർത്തിച്ച് ഞാൻ കാലം പോക്കി. ദൈവമേ നീ എന്നോട് ക്ഷമിക്കണമെ. കർത്താവേ എന്റെ പാപത്തിന്റെ ശിക്ഷ വഹിച്ച് ക്രൂശിൽ മരിച്ച രക്ഷകാ ഇന്ന് ഇപ്പോൾ തന്നെ നിന്റെ തൃക്കരം എന്റെ മേൽ വെയ്ക്കണമെ. എന്നെ കഴുകണമെ. എന്നെ വെടിപ്പാക്കണമെ.

സത്യമാനസാന്തരത്തിന്റെ മഹാഭാഗ്യം എനിക്ക് നൽകണമെ. നിന്നെസ്വീകരിച്ചു കൊണ്ട് വിശുദ്ധ ജീവിതം നയിപ്പാൻ എനിക്ക് ഭാഗ്യം നല്കണമെ.

## പത്തൊമ്പത്

“അതിന്നു അവൻ : എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു; എനിക്ക് അഞ്ചു സഹോദരന്മാർ ഉണ്ട്; അവരും ഈ യാതനാസ്ഥലത്തു വരാതിരിപ്പാൻ അവൻ അവരോടു സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു.”

ലൂക്കോസ് 16 : 27 – 28

“അബ്രാഹാം അവനോടു : അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അതിന്നു അവൻ; അല്ലല്ല, അബ്രാഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു.”

ലൂക്കൊസ് 16 : 29 – 30

ഭൂമിയിൽ നടക്കുന്ന കാര്യങ്ങൾ ആത്മലോകത്ത് ഇരുന്നുകൊണ്ട് പരേതാത്മാക്കൾ കാണുന്നുണ്ട്.

അബ്രാഹാം പിതാവ് നൂറ്റിഎഴുപത്തഞ്ചു വർഷം ഭൂമിയിൽ ജീവിച്ചാണ് മരിച്ചത്. അബ്രാഹാമിന് ശേഷമുള്ള യിസഹാക്ക് നൂറ്റിഎൺപതു വർഷം ഭൂമിയിൽ ജീവിച്ച് കടന്നുപോയി. യിസഹാക്കിന് ശേഷം യാക്കോബ് നൂറ്റിനാല്പത്തേഴു വർഷം ഭൂമിയിൽ ജീവിച്ച് കടന്നുപോയി. അതിന്റെ ശേഷം യാക്കോബിന്റെ മകനായ യൗസേഫ് നൂറ്റിപ്പത്തു വയസ്സുള്ളവനായി ഈ ഭൂമിയിൽ നിന്നും കടന്നുപോയി.

അബ്രാഹാം, യിസഹാക്ക്, യാക്കോബ്, യൗസേഫ് അങ്ങനെ നാലു തലമുറക്കാലം കഴിഞ്ഞു. ചുരുക്കി പറഞ്ഞാൽ, ഒരു നാനൂറിലേറെ വർഷം കഴിഞ്ഞു - നാലുതലമുറക്കാലം.

അതിനുശേഷം നാനൂറ്റിമുപ്പത് വർഷം കഴിഞ്ഞു. അപ്പോഴാണ് മോശെ ജനിക്കുന്നത്. എന്ന് പറഞ്ഞാൽ അബ്രാഹാം മരിച്ചതിനുശേഷം ഏതാണ്ട് എണ്ണൂറോളം വർഷം കഴിഞ്ഞാണ് മോശെ ഈ ഭൂമിയിൽ ജനിക്കുന്നത്. അബ്രാഹാം ജീവിച്ചിരിക്കുമ്പോൾ മോശെ ഈ ഭൂമിയിലില്ല.

പക്ഷെ അബ്രാഹാം പിതാവ് അപ്പുറം ലോകത്തിരുന്നുകൊണ്ട് മോശെയുടെ ശുശ്രൂഷ കണ്ടു.

അതുകൊണ്ട് അബ്രാഹാം ജീവിച്ചതിനുശേഷം എത്രയോ വർഷങ്ങൾ കഴിഞ്ഞു ജനിച്ച മോശയുടെ ശുശ്രൂഷയെക്കുറിച്ച് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്,

> “അബ്രാഹാം അവനോട് : അവർക്ക് മോശയും പ്രവാചകന്മാരും ഉണ്ടല്ലോ; അവ

> രുടെ വാക്ക് അവർ കേൾക്കട്ടെ എന്ന് പറഞ്ഞു.”
>
> ലൂക്കൊസ് 16 : 29

ഫലപ്രദമായ സ്വർഗ്ഗീയ അരുളപ്പാടുകൾ പ്രസ്താവിക്കുന്ന മോശയും പ്രവാചകന്മാരും ഭൂമിയിൽ ഉണ്ട് എന്ന് ആബ്രാഹാം പിതാവ് അറിഞ്ഞു. ഭൂമിയിൽ വെച്ച് അറിഞ്ഞില്ല. അബ്രാഹാം പിതാവ് മരിച്ചതിന് ശേഷമാണ് മോശെ ജനിക്കുന്നത്. ഭൂമിയിൽ വെച്ച് അവൻ മോശെയെ കണ്ടില്ല. പക്ഷെ അപ്പുറം ലോകത്തിരുന്നുകൊണ്ട് അബ്രാഹാം ഭൂമിയിൽ നടക്കുന്ന കാര്യങ്ങൾ കണ്ടു. മോശയെ കണ്ടു. മോശയുടെ അനുഗൃഹീതമായ ശുശ്രൂഷ കണ്ടു.

പരിശുദ്ധന്മാർ അപ്പുറം ലോകത്തിരുന്നു കൊണ്ട് ഈ ഭൂമിയിൽ നാം ചെയ്യുന്ന ശുശ്രൂഷകൾ കാണുന്നുണ്ട്.

നമ്മുടെ ജീവിതത്തെ കോരിത്തരിപ്പിക്കുന്ന വസ്തുതയല്ലേ അത്? നാം നിസ്സാരതയിൽ ചെയ്യുന്ന ആത്മീയ പ്രവർത്തനങ്ങൾ, നാം ചെയ്യുന്ന മനോഗുണപ്രവൃത്തികൾ, നാം നേടിയെടുക്കുന്ന സുകൃതങ്ങൾ പുണ്യങ്ങൾ, എല്ലാം കണ്ട് നമ്മുടെ പിതാക്കന്മാർ സന്തോഷിക്കയല്ലേ?

യാക്കോബിന്റെ ഭാര്യയായ റാഹേൽ മരിച്ചപ്പോൾ അവളെ വഴിയോരത്ത് അടക്കി.

ഹേരോദാ രാജാവ് കുഞ്ഞുങ്ങളെ കൊന്നപ്പോൾ റാഹേൽ മക്കളെയോർത്ത് കരയുന്നതായി പ്രവാചകൻ പറയുന്നു.

> “റാമയിൽ ഒരു ശബ്ദം കേട്ടു, കരച്ചലും വലിയ നിലവിളിയും തന്നെ, റാഹേൽ മക്കളെച്ചൊല്ലി കരഞ്ഞു; അവർ ഇല്ലായ്കയാൽ

ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതി
രുന്നു."

മത്തായി 2 : 17

ഇത് യിരെമ്യാ പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തത് അന്നു നിവൃത്തിയായി.

ഹേരോദാരാജാവ് രണ്ടു വയസ്സും അതിന് താഴെയുമുള്ള ആൺകുട്ടികളെയൊക്കെയും ബെത്ലഹേമിലും അതിലെ എല്ലാ അതിരുകളിലും ആളയച്ചു കൊല്ലിച്ചപ്പോൾ നൂറ്റാണ്ടുകൾക്കു മുൻപ് മരിച്ചുപോയ റാഹേൽ അപ്പുറം ലോകത്തിരുന്ന് മക്കളെ ഓർത്ത് കരയുകയാണ്.

റാഹേൽ മക്കളെച്ചൊല്ലി കരഞ്ഞു. അങ്ങനെ കരയുന്ന കാര്യം ശിശുഹത്യയ്ക്ക് അറുന്നൂറ്റമ്പത് വർഷം മുൻപ് യിരെമ്യപ്രവാചകൻ ദർശിക്കുന്നു.

അപ്പോസ്തലനായ പൗലോസ് എബ്രായർ ലേഖനം 11-ാം അദ്ധ്യായത്തിൽ പഴയ നിയമ വിശുദ്ധന്മാരുടെ ഒരു നീണ്ട പട്ടിക പറയുന്നു. നോഹ, ഹാനോക്ക്, ഹാബേൽ, അബ്രാഹാം, യിസഹാക്ക്, യാക്കോബ്, യൗസേഫ്, ശിംശോൻ, ഗിദയോൻ, യിപ്താഹ് എന്നിങ്ങനെയുള്ള അനേകമനേകം വിശ്വാസവീരന്മാരുടെ പട്ടികയിൽ മോശെയെക്കുറിച്ചും യോശുവയെകുറിച്ചുമെല്ലാം പറഞ്ഞിട്ട് പന്ത്രണ്ടാം അധ്യായം തുടങ്ങുമ്പോൾ അപ്പോസ്തൊലൻ പറയുകയാണ്. "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നു" എന്ന്.

സെന്റ് പോളിന് എത്രയോ വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്നു ഈ വിശ്വാസവീരന്മാർ! വ്യത്യസ്തകാലയളവുകളിൽ ജീവിച്ചിരുന്ന ഈ വിശ്വാസികളെല്ലാം നമുക്ക് ചുറ്റും നിൽക്കുകയാണ്. അവർ നമ്മെ കാണുകയും നാം സ്ഥിരതയോടെ ഓടുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

പരിശുദ്ധന്മാരുടെ സമൂഹത്തിന്റെ മധ്യത്തിലാണ് നാമിന്ന് നിൽക്കുന്നത്. വാങ്ങിപ്പോയവരും, ജീവനോടിരിക്കുന്നവരുമായ വിശുദ്ധന്മാരുടെ സമൂഹം!

അവർ ഓട്ടം ഓടി ജയിച്ചവരാണ്. ലോകം അവർക്ക് യോഗ്യമല്ല എന്നെണ്ണിക്കൊണ്ട് മുന്നോട്ട് ഓടിയവരാണ്. അവർ വിശ്വാസത്തിന്റെ നായകനും, പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ട് ഓടിയവരാണ്.

ചുറ്റുംസാക്ഷികളുടെ സമൂഹം നിൽക്കുന്നെങ്കിലും അവരെയല്ല നോക്കേണ്ടത്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെയാണ് നോക്കേണ്ടത് എന്ന് സെന്റ് പോൾ ഊന്നിപ്പറയുന്നു.

തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം അവൻ ഓർത്തു - യേശു ഓർത്തു - അനേകം പാപികൾ രക്ഷപ്പെടുന്ന മഹാസന്തോഷം ഓർത്തു. അനേകം നിസ്സഹായർ, സമാധാനം അനുഭവിക്കുന്ന മഹാഭാഗ്യം കർത്താവ് കണ്ടു. നരകയോഗ്യരായ അനേകർ സ്വർഗ്ഗ രാജ്യത്തിലെത്തുന്ന സന്തോഷം ക്രിസ്തു കണ്ടു. തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം അവൻ ഓർത്തു. അപമാനം അലക്ഷ്യമാക്കി. ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലതുഭാഗത്തിരിക്കയും ചെയ്തു.

അപമാനം കർത്താവ് അലക്ഷ്യമാക്കി: കന്നത്ത് അടിയേറ്റിട്ടും, മുഖത്ത് തുപ്പലേറ്റിട്ടും, ശിരസ്സിൽ മുൾമുടി വച്ചിട്ടും, കൈകാലുകൾ ആണിയടിച്ച് തകർത്തിട്ടും നമ്മുടെ കരുണയുള്ള കർത്താവ് പരിഭവിച്ചില്ല, പതറിയില്ല; ദു:ഖിച്ചില്ല, നിരാശപ്പെട്ടില്ല, നീരസപ്പെട്ടില്ല. അപ്പോളെല്ലാം, “പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമെ” എന്ന് പ്രാർത്ഥിക്കയാണ് ചെയ്തത്.

ജീവനുള്ള ക്രിസ്തുവിനെ നോക്കി മുന്നോട്ട് ഓടുക. ആ കാൽ ചുവടുകളെ പിൻതുടരുക. "നമുക്ക് പിൻതുടരുവാൻ അവൻ ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു" എന്ന് അപ്പോസ്തൊലനായ പത്രോസ് പറഞ്ഞു.

അപ്പോസ്തൊലനായ പത്രോസ് എഴുതിയ ഒന്നാം ലേഖനം 2-ാം അധ്യായം 21-ാം വാക്യം മുതൽ വായിക്കുമ്പോൾ കാണാം :

> "നിങ്ങൾ അവന്റെ കാൽച്ചുവട് പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും, കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തത്"

നൂറ്റാണ്ടുകൾക്കു മുൻപ് യെശയ്യാ പ്രവാചകൻ പ്രവചിച്ചു യെശയ്യാ അൻപത്തിമൂന്നിൽ "അവന്റെ താഴ്ചയിൽ അവന് ന്യായം കിട്ടാതെ പോയി" എന്ന്.

ഈ തലമുറയിൽ നമുക്ക് ന്യായം കിട്ടിയെന്ന് വരികയില്ല. ജനം നമ്മെ തെറ്റിദ്ധരിക്കും. പലരും നമ്മെ പരിഹസിക്കുകയും പുച്ഛിക്കുകയും ആക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യും. പലതരത്തിലുള്ളതായ എതിർപ്പുകളും പോരാട്ടങ്ങളും നമുക്ക് ഈ ആത്മീയ ജീവിതത്തിൽ നേരിടേണ്ടി വന്നേക്കാം.

പക്ഷെ, ഒന്നുണ്ട്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ട് നാം മുന്നോട്ട് ഓടുമെങ്കിൽ യേശുക്രിസ്തു നമുക്ക് താങ്ങും തണലുമായി നിൽക്കും. നിത്യ ശോഭനതീരത്തേക്ക് പരി

ശുദ്ധന്മാരുടെ നിരയിലേക്ക്, നമ്മുടെ നാഥൻ നമ്മെ ആന യിക്കും.

> "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു"
>
> റോമർ 8:18

എല്ലാം നിസ്സാരമെന്ന് പറയാൻ എളുപ്പമാണ്. പ്രസംഗിക്കാൻ എളുപ്പമാണ്. പക്ഷെ കഷ്ടപ്പാടുകൾ വരുമ്പോൾ, ഞെരുക്കങ്ങൾ വരുമ്പോൾ, കുടുംബത്തിൽ തന്നെ പ്രതിസന്ധികൾ വരുമ്പോൾ, സ്വന്തം മക്കളിൽ നിന്ന് വൈരാഗ്യം വരുമ്പോൾ, സ്വന്തം ഭാര്യ ശപിച്ച് മാറ്റുമ്പോൾ, സ്വന്തം ഭർത്താവ് കഠിനമായി മർദ്ദിച്ച് അകറ്റുമ്പോൾ, മാതാപിതാക്കൾ വെറുപ്പോടെയും അറെപ്പോടെയും വീക്ഷിക്കുമ്പോൾ - അപ്പോൾ നാം വിശ്വാസവീര്യത്തോടെ നിൽക്കുമോ? ചിന്തിക്കേണ്ടതാണ്.

പരിശുദ്ധാത്മാവിന്റെ തിരുവചനമാകുന്ന വാള് കൈയിലേന്തിക്കൊണ്ട് സന്തോഷത്തോടെ പുഞ്ചിരിയോടെ പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ നമുക്ക് കഴിയുമോ? അതാണ് ക്രിസ്തീയ ജീവിതം.

യോഹന്നാന്റെ സുവിശേഷം 8-ാം അധ്യായം 56-ാം വാക്യം വായിക്കുമ്പോൾ അവിടെ ഇതിനോടനുബന്ധപ്പെട്ട് ഒരു വാക്യം കാണാം. നമ്മുടെ കർത്താവ് പറയുകയാണ്.

"നിങ്ങളുടെ പിതാവായ അബ്രാഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു. അവൻ കണ്ട് സന്തോഷിച്ചുമിരിക്കുന്നു." അബ്രാഹാം പിതാവ് യേശുക്രിസ്തുവിന്റെ ദിവസം കാണും എന്ന് വിശ്വസിച്ചു. ഉല്ലസിച്ചു എന്നാണ് പറയുന്നത്.

അബ്രാഹാം പിതാവിന്റെ കാലം കഴിഞ്ഞ്, നൂറ്റാണ്ടുകൾ പിന്നിട്ടപ്പോഴാണ് ക്രിസ്തു ജനിക്കുന്നത്.

ഇതു കേട്ടപ്പോൾ യെരുശലേം ദേവാലയത്തിലെ പള്ളിപ്രമാണിമാർക്ക് പുച്ഛം തോന്നി.

നിനക്ക് അമ്പതു വയസ്സുപോലും ആയിട്ടില്ല. നീ അബ്രാഹാമിനെ കണ്ടിട്ടുണ്ടോ? എത്രയോ വർഷം മുൻപ് കടന്നുപോയ അബ്രാഹാമിനെ നീ കണ്ടിട്ടുണ്ടോ?

യേശു അവരോട് "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. അബ്രാഹാം ജനിച്ചതിനുമുമ്പെ ഞാൻ ഉണ്ട് എന്ന് പറഞ്ഞു"

അവർ യേശുവിനെ എറിയാൻ കല്ലെടുത്തു. യേശുവോ മറഞ്ഞു ദേവാലയം വിട്ടുപോയി.

ജീവന്റെ തിരുവചനം വരുമ്പോൾ എറിയാൻ കല്ലെടുക്കുന്ന ഒരു സമൂഹത്തിന്റെ മധ്യത്തിലാണ് നാം നിൽക്കുന്നത്. എറിയാൻ കല്ലെടുക്കും, ചെളിവാരി എറിയും. ബന്ധിക്കും. ഉപദ്രവിക്കും. നിഷ്ഠൂരമായി പീഡിപ്പിക്കും.

അപ്പോസ്തൊലനായ പത്രോസിനെ പിടിച്ച് കാരാഗൃഹത്തിൽ ഇട്ടല്ലോ. അപ്പോസ്തലപ്രവൃത്തികൾ 11-ാം അധ്യായം നിങ്ങൾ വായിക്കുമ്പോൾ കാണാം. അപ്പോസ്തൊലനായ പത്രോസിനെ കാരാഗൃഹത്തിലിട്ടു. ക്രിസ്തുവിന്റെ അനുയായികൾക്ക് കഠിനപീഡകളും ഉപദ്രവങ്ങളും വരും. പതറാതെ നിന്ന് നിത്യജീവനെ മുറുകെ പിടിച്ച് ഓട്ടം ഓടി തികയ്ക്കണം.

ജീവിതം ക്രിസ്തുവിനായി സമർപ്പിക്കേണ്ട കാലം ഇനി വൈകാൻ പാടില്ല.

ലോകത്തെ കീഴ്മേൽ മറിക്കുന്നതിന് മുൻപ് നമുക്ക് നമ്മുടെ ജീവിതത്തെ കീഴ്മേൽ മറിക്കാം. നമ്മുടെ സ്വഭാ

വത്തെ കീഴ്മേൽ മറിക്കുന്ന ക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിലേക്ക് എതിരേൽക്കാം.

നമ്മെത്തന്നെ ക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിൽ സമർപ്പിച്ചുകൊണ്ട് പറയാം. വാങ്ങിപ്പോയവരും ജീവനോടിരിക്കുന്നവരുമായ വിശുദ്ധന്മാരുടെ നിരയിൽ നിന്നുകൊണ്ട് ഞാൻ നിന്നെ സ്തുതിക്കും. ഞാൻ നിന്നെ ആരാധിക്കും. ഞാൻ നിന്നെ മഹത്വപ്പെടുത്തും. നിന്റെ വേല ചെയ്യും. ഞാൻ നിന്റെ രണ്ടാമത്തെ വരവിനായി പ്രത്യാശയോടെ കാത്തിരിക്കും.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാൻ ആകുന്നതെങ്ങനെ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടു തോണിയിൽ?

(Contd..)

31. എലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. W AY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ ?
46. അത് സഹിക്കാകുന്നവൻ ആർ ?
47. എന്നെ ആർ വിടുവിക്കും ?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH - ENGLIGH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : **6.30** A M |
| ശനി | സൂര്യ ടിവി | : **6.30** A M |
| ഞായർ | ജീവൻ ടിവി | : **6.30** A M |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

റിട്ട. പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.00 A M – 2.00 P M | മേച്ചങ്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30P M – 5.00P M | |
| മൂന്നാം ഞായറാഴ്ച | 12.30P M – 5.00P M | |
| എല്ലാ തിങ്കളാഴ്ചയും | 6.00P M – 8.00P M | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00A M – 1.00P M | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00P M – 8.00P M | |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30P M – 9.00P M | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |